## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി

### വടക്കേക്കര ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

### വികസന സെമിനാർ

'96 ഡിസംബർ 1

S N M ഹൈസ്കൂൾ, മൂത്തകുന്നം

66-4

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

**വികസന സെമിനാർ**

'96 ഡിസംബർ 1

S N M ഹൈസ്കൂൾ, മൂത്തകുന്നം

## വടക്കേക്കര ഗ്രാമപഞ്ചായത്ത്
## ഭരണപരവും പൊതുവായതുമായ വിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിന്റെ പേര് | : വടക്കേക്കര ഗ്രാമപഞ്ചായത്ത് |
| 2 | റവന്യൂ വില്ലേജുകളുടെ പേര് | : മൂത്തകുന്നം, വടക്കേക്കര |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : വടക്കേക്കര സൗത്ത്<br>വടക്കേക്കര നോർത്ത് |
| 4 | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | : പറവൂർ |
| 5 | ജില്ലാപഞ്ചായത്ത് ഡിവിഷൻ | : ചേന്ദമംഗലം |
| 6 | താലൂക്ക് | : പറവൂർ |
| 7 | ജില്ല | : എറണാകുളം |
| 8 | അസംബ്ലിമണ്ഡലം | : വടക്കേക്കര |
| 9 | പാർലമെന്റ്മണ്ഡലം | : മുകുന്ദപുരം |
| 10 | വിസ്തീർണം | : 9.32 ച. കി. മീ. |
| 11 | അതിരുകൾ | : വടക്ക് കൊടുങ്ങല്ലൂർ കായൽ<br>തെക്ക് ചിററാററുകര പഞ്ചായത്ത്<br>കിഴക്ക് ചേന്ദമംഗലം പഞ്ചായത്ത്<br>പടിഞ്ഞാറ് കൊച്ചിക്കായൽ<br>(പള്ളിപ്പുറം) |
| 12 | ജനസംഖ്യ | : 31475 (കാനേഷുമാരി 1991) |
| 13 | വാർഡുകളുടെ എണ്ണം | : 12 |
| 14 | പ്രസിഡന്റ് | : ശ്രീമതി സദിനി ഗോപി |
| 15 | വൈസ് പ്രസിഡന്റ് | : ശ്രീ. പി ഡി രാജീവ് |

# വടക്കേക്കര ഗ്രാമപഞ്ചായത്ത്



വടക്കേക്കര,
29—11—1996.

സുഹൃത്തുക്കളേ,

വളരെ ചുരുങ്ങിയ സമയംകൊണ്ടാണ് ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടി വന്നത്. 1996 ജൂലായ് മാസത്തിലാണ് ജനകീയ ആസൂത്രണ പദ്ധതിക്ക് കേരള സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും അംഗീകാരം നൽകിയത്. നാളിതുവരെയുള്ള വികസന സങ്കൽപങ്ങളിൽ നിന്നു വ്യത്യസ്തമായി സമൂഹത്തിന്റെ ഏററവും താഴെ തട്ടിലുള്ളവരുടേ തടക്കം മുഴുവൻ ജനവിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധ്യമാകുന്ന വിധത്തിലുള്ള ഒരു ബഹുജന പ്രസ്ഥാനമാക്കി ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ മാററാൻ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്. ഈ സന്ദർഭത്തിൽ വളരെ വിപുലമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തി ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുകയും സഹകരിക്കുകയും ചെയ്ത സർവശ്രീ എം വി സുബ്രഹ്മണ്യൻ, എം വി അനിരുദ്ധൻ, പി ആർ സുഗതൻ, ടി സി സുധീർ, ടി കെ രഞ്ചൻ, ടി കെ ജോഷി, ജയസിംഗ്, ടി ഡി രാജപ്പൻ, വി എസ് വിനു, പി എ കൃഷ്ണൻ, പി കെ വാസവൻ, ടി പി സലിം, പി എച്ച് സാബു, കെ ബി വാസവൻ, കെ ടി സൈനപ്പൻ, സി സുനിൽകുമാർ, എം കെ ശശികലൻമാസ്ററർ തുടങ്ങി ഒട്ടനവധിപേർ ഇതുമായി സഹകരിച്ചിട്ടുണ്ട്. കൂടാതെ പാന പര്യടനത്തിലും, ചരിത്ര പഠനത്തിലും സഹായിച്ച ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരേയും, സ്ഥാപനങ്ങളേയും അതിന്റെ ഭാരവാഹികളേയും കൃതജ്ഞതാപൂർവം സ്മരിക്കുന്നു. വിലയേറിയ നിർദേശങ്ങളും അഭിപ്രായങ്ങളും നൽകി സമ്പുഷ്ടമാക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് സെമിനാർ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

സ്നേഹപൂർവം,

കെ എം അംബ്രോസ്
കോ-ഓർഡിനേററർ &
ജില്ലാതല പരിശീലകൻ

സദിനി ഗോപി
പ്രസിഡൻറ്
വടക്കേക്കര ഗ്രാമ പഞ്ചായത്ത്

ണംചെയ്ത് വടക്കേക്കര ഗ്രാമപഞ്ചായത്ത് നടത്തിയ ഗ്രാമസഭാ ചർച്ചകളിലൂടെ സ്വരൂപിച്ചെടുത്ത ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുമുൻപ് അക്കാര്യത്തിൽ ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നു വിശദീകരിക്കേണ്ടതുണ്ട്.

## ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ

### ജില്ലാതല പരിശീലന ക്യാമ്പ് ഒന്നാംഘട്ടം

1996 സെപ്തംബർ 5, 6, 7 തീയതികളിൽ ആലുവ ഫെല്ലോഷിപ്പ് ഹാളിൽ വച്ചുനടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽനിന്നും പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സദിനി ഗോപി, ബ്ലോക്ക് മെമ്പർമാരായ സർവശ്രീ ടി ആർ ബോസ്, എസ് വാസു, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ സർവശ്രീ കെ പി ഗോപിനാഥ്, കെ എം അംബ്രോസ്, വത്സല ശശിധരൻ, വർഗീസ് മാണിയാറ, കുമാരി എം ജി മിനി എന്നിവരും പൊതുപ്രവർത്തകനായ ശ്രീ. പി പി അനിരുദ്ധനും (കേരള ശാസ്ത്ര-സാഹിത്യ പരിഷത്ത്) ഉദ്യോഗസ്ഥ പ്രതിനിധിയായി ശ്രീ. കെ വി പ്രകാശനും പങ്കെടുത്തു.

### പഞ്ചായത്ത്തല പരിശീലനം

1996 സെപ്തംബർ 12-ാം തീയതി മൂത്തകുന്നം 51-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘം ഹാളിൽവച്ച് കൂടിയ പഞ്ചായത്ത്തല ഏകദിന പരിശീലന പരിപാടിയിൽ 12 വാർഡുകളിൽനിന്നുമായി ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ 54 പേർ പങ്കെടുത്തു. ഇവരിൽ 13 പേർ വനിതകളായിരുന്നു.

### വിശേഷാൽ ഗ്രാമസഭ

15-9-96 മുതൽ 2-10-96 വരെയുള്ള ഒഴിവുദിവസങ്ങളിൽ 12 വാർഡുകളിലായി പ്രത്യേക ഗ്രാമസഭകൾ കൃത്യസമയത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

ഓരോ ഗ്രാമസഭ നടന്ന തീയതിയും പങ്കെടുത്തവരുടെ എണ്ണവും താഴെ കൊടുക്കുന്നു.

| തീയതി | വാർഡ് | ആൺ | പെൺ | ആകെ | SC/ST | |
|---|---|---|---|---|---|---|
| | | | | | ആൺ | പെൺ |
| 2-10-96 | 1 | 98 | 9 | 107 | 10 | 5 |
| 21-9-96 | 2 | 68 | 34 | 102 | 20 | 15 |
| 22-9-96 | 3 | 103 | 40 | 143 | 11 | 4 |
| 15-9-96 | 4 | 77 | 6 | 83 | 14 | 3 |
| 22-9-96 | 5 | 79 | 51 | 130 | 13 | 8 |
| 2-10-96 | 6 | 178 | 19 | 197 | 23 | 4 |
| 2-10-96 | 7 | 152 | 58 | 210 | 19 | 10 |
| 21-9-96 | 8 | 122 | 83 | 205 | 24 | 17 |
| 29-9-96 | 9 | 113 | 90 | 203 | 19 | 11 |
| 2-10-96 | 10 | 128 | 67 | 195 | 27 | 13 |
| 20-9-96 | 11 | 322 | 80 | 402 | 39 | 25 |
| 15-9-96 | 12 | 61 | 33 | 94 | 6 | 3 |

വില്ലേജ് ആഫീസ് ജീവനക്കാർ 4, V E O 3, കൃഷി ആഫീസ് 2, അലോപ്പതി 1, മൃഗസംരക്ഷണം 1, വിദ്യാഭ്യാസ തലത്തിൽനിന്നും 25, പഞ്ചായത്ത് ജീവനക്കാർ 14 എന്നീ ക്രമത്തിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു.

ജനാധികാര കലാജാഥ 5 വാർഡുകളിൽ പരിപാടികൾ അവതരിപ്പിച്ചു.

**ജില്ലാതല പരിശീലനക്യാമ്പ് രണ്ടാംഘട്ടം**

1996 ഒക്ടോബർ 23, 24, 25 തീയതികളിൽ പറവൂർ ടൗൺഹാളിൽവച്ച് നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്ത എല്ലാവരും പങ്കെടുത്തിരുന്നു. തുടർന്ന് പഞ്ചായത്തുതല ഏകദിന പരിശീലനം '96 ഒക്ടോബർ 30-ാംതീയതി പഞ്ചായത്ത് ലൈബ്രറി ഹാളിൽവച്ച് നടത്തി.

**പഠനപര്യടനം**

1996 നവംബർ 2ന് ഒരു സംഘം സന്നദ്ധ പ്രവർത്തകർ പഞ്ചായത്തിന്റെ നെടുകെ യാത്ര നടത്തി ഭൂപ്രകൃതിയെസംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച രേഖപ്പെടുത്തി. അന്നേദിവസംതന്നെ പഞ്ചായത്തിന്റെ ചരിത്രം പഠിക്കുന്നതിന് മൂന്ന് ഗ്രൂപ്പുകൾ പഞ്ചായത്തിന്റെ 12 വാർഡുകളിലും സന്ദർശിച്ച് പഴമക്കാരെക്കണ്ട് സംഭാഷണംനടത്തി ശേഖരിച്ച വിവരങ്ങൾ ചേർത്ത് വടക്കേക്കരയുടെ ഏകദേശ ചരിത്രം ക്രോഡീകരിച്ചു.

6—11—96 മുതൽ 12—11—96 വരെ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ DRP, LRP എന്നീ തലങ്ങളിലെ പ്രവർത്തകരും ഗ്രാമസഭ വിഷയഗ്രൂപ്പുകളിലെ കൺവീനർമാരുംചേർന്ന് വാർഡ്തല റിപ്പോർട്ട് ക്രോഡീകരണം നടത്തി.

13-11-96ന് രാവിലെ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽവച്ച് വിവിധ ഡിപ്പാർട്ടുമെന്റ് മേധാവികളുടെ യോഗംചേർന്നു. നടപ്പുപദ്ധതികളുടെ അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കി.

ഉച്ചയ്ക്ക് 2 മണിക്ക് മൂത്തകുന്നം GLPB സ്കൂളിൽവച്ച് വികസന സെമിനാറിന്റെ സ്വാഗതസംഘം രൂപീകരിച്ചു.

15—11—96 മുതൽ 21—11—96 വരെ തീയതികളിൽ വികസന റിപ്പോർട്ട് എഴുതിത്തയ്യാറാക്കി 22—11—96 മുതൽ പ്രിന്റ് ചെയ്യുന്നതിനായി പ്രസ്സിൽ കൊടുക്കുകയുംചെയ്തു.

1—12—96 വികസന സെമിനാർ നടക്കുന്നു.

## വടക്കേക്കര പഞ്ചായത്ത് സംവിധാനത്തിന്റെ ചരിത്രം

1946 നുമുൻപ് എന്തായിരുന്നു പഞ്ചായത്ത് സംവിധാനത്തിന്റെ ചരിത്രമെന്ന് അറിയുവാൻ രേഖകൾ ലഭ്യമല്ല. 2-4-1122 (1946) ലാണ് ഈ പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കി വില്ലേജ് അപ്‌ലിഫ്റ്റ് കമ്മിററി എന്നൊന്ന് രൂപീകരിക്കപ്പെട്ടു പ്രവർത്തനമാരംഭിക്കുന്നത്. അതൊരു നോമിനേറ്റഡ് കമ്മിററി ആയിരുന്നു.

അന്ന് എട്ടര ചതുരശ്ര മൈൽ വിസ്തീർണവും മുപ്പത്തയ്യായിരത്തിലേറെ ജനസംഖ്യയുമുള്ള, മുനമ്പം പള്ളിപ്പുറം പ്രദേശങ്ങളടക്കം പറവൂർ പാലത്തിന്റെ വടക്കേ ഭാഗത്തുള്ള മുഴവൻ കരകളുമടങ്ങിയതായിരുന്നു ഈ കമ്മിററിയുടെ ഭരണാധിപത്യത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ. രാജ്യത്താകെ 18 അപ്‌ലിഫ്റ്റ് സെന്ററുകളുണ്ടായിരുന്നതിൽ ഒന്നായിരുന്നു ഈ കമ്മിററിയുടെ കീഴിലുള്ള വടക്കേക്കര സെന്റർ.

ഈ വലിയ പ്രദേശത്തിന്റെ ആവശ്യങ്ങൾ വില്ലേജ് അപ്‌ലിഫ്റ്റ് ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതുമാത്രമായിരുന്നു കമ്മിററിയുടെ പ്രവർത്തനം. നടപടിക്കുള്ള അധികാരം ആ ഓഫീസർക്കായിരുന്നു.

രണ്ടു പ്രധാന റോഡുകളുണ്ടായിരുന്നു ഈ വലിയ പ്രദേശത്ത്. ഒന്നു പറവൂർ കര്യാപ്പിള്ളിറോഡും മറെറാന്ന് പറവൂർ മുനമ്പം (കുഞ്ഞിത്തൈ) റോഡും.

ആദ്യം കമ്മിററിക്ക് ആഫീസുണ്ടായിരുന്നില്ല. ആദ്യത്തെ അഞ്ചു കമ്മിററികളും സ്ഥിരം പ്രസിഡന്റായിരുന്ന ഡോ. ടി അനന്തൻപിള്ളയുടെ വീടായ ശ്രീവിലാസത്തുവച്ചാണ് കൂടിക്കൊണ്ടിരുന്നത്. പിന്നെ താൽക്കാലിക ആഫീസിൽ വച്ചും. അതെ

വിടെ ആയിരുന്നെന്ന സൂചനയില്ല. ഇന്നത്തെ ആഫീസ് അപ്‌ലിഫ്‌റ്റ് കമ്മിററി യുടെ കാലത്തുതന്നെ ഉണ്ടായതാണ്.

കമ്മിററിയുടെ തീരുമാനപ്രകാരം മുനമ്പത്തുനിന്ന് ഒരു വനിതാമെമ്പർ, ലിററിൽ ഫ്ളവർ കോൺവെൻറ് ടീച്ചറായിരുന്ന മിസ് ആഗ്നസ് മെയിൻ എന്ന മുനമ്പത്തു കാരി നോമിനേററു ചെയ്യപ്പെടുന്നുണ്ട്.

വലിയൊരു മേഖലയായിരുന്നതുകൊണ്ട് ഈ സെൻററിനെ (അങ്ങനെയാണ് മുഴുവൻ പ്രയോഗവും) അഞ്ചുയൂണിയനുകളായി (മുനമ്പം, മാല്യങ്കര, കൊട്ടുവള്ളിക്കാട് മൂത്തകുന്നം, ചെട്ടിക്കാട് ഉൾപ്പെടുന്ന) വിഭജിക്കണമെന്ന നിർദേശം കമ്മിററി മുന്നോട്ടുവയ്ക്കുന്നുണ്ട്.

24_5_1948ൽ വില്ലേജ് അപ്‌ലിഫ്‌റ്റ് കമ്മിററിയുടെ എല്ലാ റെക്കോഡുകളും, ലൈബ്രറി പുസ്തകങ്ങളും, രണ്ടു ബാറററിയുള്ള റേഡിയോ അടക്കമുള്ളവയടക്കം പ്രസി ഡൻറ് സ്ഥാനം ശ്രീ. അനന്തൻപിള്ള ടി അപ്പുക്കുട്ടമേനോന് കൈമാറിയതായി രേഖ പ്പെടുത്തിയിരിക്കുന്നു. ഇത് ROC No. 515/47 VW 24—5—1098ലെ വില്ലേജ് അപ്‌ലിഫ്‌റ്റ് ആഫീസറുടെ ഓർഡർപ്രകാരമാണ്. അതിൽ വില്ലേജ് യൂണിയൻ പ്രസിഡൻറ് എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. അപ്‌ലിഫ്‌റ്റ് കമ്മിററി എപ്പോഴാണ് വില്ലേജ് യൂണിയനായി മാറുന്നതെന്നറിയാൻ നിർവാഹമില്ല.

പൊതുമരാമത്ത്, സാംസ്കാരിക_വിദ്യാഭ്യാസ പ്രശ്നങ്ങൾ, ആരോഗ്യപ്രശ്ന ങ്ങൾ എന്നിവയിൽ കമ്മിററി തീരുമാനമെടുത്തതായി കാണുന്നു. രണ്ടുകൊല്ലത്തിനിട യിൽ പതിനഞ്ച് തീരുമാനങ്ങൾ കമ്മിററി എടുത്തിട്ടുണ്ട്.

കമ്മിററിയുടെ ആദ്യതീരുമാനം കുഞ്ഞിത്തൈയിലെ ശ്രീ. കെ കെ ഗോപാലൻ പുത്തൻപുരയ്ക്കൽ എന്നയാളെ ഗ്രാമോദ്ധാരണക്കമ്മിററിയുടെ സ്ഥിരം സെക്രട്ടറി യാക്കിക്കൊണ്ടുള്ള തീരുമാനമാണ്.

പത്താമത്തു യോഗത്തിൽ 1947 ആഗസ്‌ററ് 15ന് തിരുവിതാംകൂർ ഒരു സ്വതന്ത്ര സ്റ്റേററാക്കിക്കൊണ്ടുള്ള മഹാരാജൻ തിരുമനസിൻെറ പ്രഖ്യാപനത്തെ സ്വാഗതം ചെ യ്തതായി കാണുന്നു.

22—7—1953ൽ കൂടിയ വടക്കേക്കര പഞ്ചായത്ത് കമ്മിററിയുടെ തുടർന്നുള്ള രേഖകളാണ് പിന്നെ പരിശോധനയ്ക്കായി ലഭിച്ചത്. ഇരിങ്ങാലക്കുട പഞ്ചായത്ത് ഇൻസ്‌പെക്ടറുടെ കീഴിലായിരുന്നു വടക്കേക്കര പഞ്ചായത്ത്. ആദ്യയോഗത്തിൽ ഇൻസ്പെക്ടർ ഹാജരായി ശ്രീ. ജോർജ് (ജോസഫ്)നെ പ്രസിഡൻറായി തെരഞ്ഞെടു ക്കുന്ന വോട്ടിംഗിൽ പങ്കെടുത്തു. പ്രസിഡൻറ് ശ്രീ. ചിലങ്ങര ജോർജ് BA BL ആണെന്നു തുടർന്നുള്ള മിനിട്ട്സിൽനിന്നു കാണുന്നു.

ഇതൊരു തെരഞ്ഞെടുക്കപ്പെട്ട കമ്മിററിയാണ്. 12 പേരാണ് തെരഞ്ഞെടുക്കപ്പെ ട്ടിട്ടുള്ളത്.

1953 അവസാനകാലത്ത് പഞ്ചായത്തിനെ രണ്ടാക്കി ചിററാററുകര പഞ്ചാ യത്ത് പുതുതായി ഉണ്ടാക്കി. വടക്കേക്കര പഞ്ചായത്തിന് 14 വാർഡുകളും ചിററാററു കരക്ക് 4 വാർഡുകളും. മുനമ്പം_പള്ളിപ്പുറം പ്രദേശങ്ങൾ അപ്പോഴും വടക്കേക്കര പഞ്ചായത്തതിർത്തിയിൽതന്നെ.

പള്ളിപ്പുറം പഞ്ചായത്ത് നിലവിൽ വന്നതോടെ മുനമ്പം_പള്ളിപ്പുറം പ്രദേശ ങ്ങൾ വടക്കേക്കര പഞ്ചായത്തിൽനിന്നും മാററപ്പെട്ടു. ഇപ്പോൾ മുറവൻതുരുത്ത്, തുരുത്തിപ്പുറം, കട്ടത്തുരുത്ത്, മടപ്ലാതുരുത്ത് 4, മടപ്ലാതുരുത്ത് 5, മൂത്തകുന്നം, കൊട്ടു വള്ളിക്കാട്, മാല്യങ്കര, ചെട്ടിക്കാട്, കുഞ്ഞിത്തൈ, വാവക്കാട്, മടപ്ലാതുരുത്ത് 12 എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 12 വാർഡുകളാണ് ഉള്ളത്.

# വടക്കേക്കര-ഗ്രാമചരിത്രം

## 1. ആമുഖം

കേവലമായ അന്വേഷണ കൗതുകത്തിന്റെ ഉല്പന്നമല്ല ചരിത്രം. എങ്ങനെയാണ് സമൂഹം സമകാലീന അവസ്ഥയിലേക്ക് വികസിച്ചത് എന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ഭൂതകാലപഠനം വരുംകാല സമൂഹത്തെ രൂപപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായിരിക്കണം. അതായത് ഭൂത-വർത്തമാന-ഭാവികളുടെ തുടർച്ചയെ ബോധപരമായി ബന്ധിപ്പിക്കുന്ന ചരടാണ് ചരിത്രപഠനം. ജനകീയാസൂത്രണത്തിന്റെ (വെറും ആസൂത്രണത്തിന്റെയല്ല) പുതിയ പശ്ചാത്തലത്തിൽ ചരിത്രത്തെ സംബന്ധിച്ച ഈ അവബോധനത്തിന് കൂടുതൽ പ്രസക്തിയുണ്ട്. ചരിത്ര നിർമ്മാതാക്കൾ വ്യക്തികളല്ലെന്നും സാമൂഹ്യ പ്രയോഗങ്ങളുടെ സംഘനിർമ്മിതിയാണ് ചരിത്രമെന്നുമുള്ള തിരിച്ചറിവ് ജനകീയാസൂത്രണത്തിന്റെ അടിത്തറയായി വർത്തിക്കുന്നു.

ചരിത്രപഠനത്തിന് രണ്ടു വശങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഒന്നാമത്തേത് അന്വേഷണ സാമഗ്രികളാണ്. രണ്ടാമത്തേത് നിർമ്മാണ സാമഗ്രികളും. വ്യത്യസ്ത ചരിത്രഘട്ടങ്ങളെ നിർണയിക്കാനുതകുന്ന ശാസ്ത്രീയ ഉപകരണങ്ങളാണ് അന്വേഷണ സാമഗ്രികളിൽപെടുന്നത്. ചിലപ്പോൾ കാർബൺ (14) ടെസ്റ്റുപോലുള്ള അന്വേഷണ ക്രിയകൾ വേണ്ടിവന്നേക്കാം. അതെല്ലാം ആദ്യം പറഞ്ഞ കൂട്ടത്തിലാണുപെടുക. കിട്ടാവുന്ന എല്ലാ തെളിവുകളും രണ്ടാമത്തെ കൂട്ടത്തിൽ പെടുന്നു. ശിലാരേഖകൾ, പ്രമാണങ്ങൾ, കുടക്കല്ലുകൾ, പഴയ കെട്ടിട മാതൃകകൾ, നാണയങ്ങൾ, പ്രായം ചെന്നവരുടെ വായ്മൊഴികൾ ഇതെല്ലാം നിർമ്മാണ സാമഗ്രികളിൽ പെടുന്നവയാണ്.

ഇപ്പറഞ്ഞ രണ്ടു സംഗതികളിൽനിന്നും വ്യത്യസ്തമായി, ആദ്യം പറഞ്ഞുവച്ച ചരിത്ര സമീപനമാണ് കാതലായിട്ടുള്ളത്. കാര്യമായ തെളിവു സാമഗ്രികളൊന്നും നമ്മുടെ പ്രദേശത്തുനിന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. ചില കെട്ടിടങ്ങളുടെ പഴക്കം, പ്രായം ചെന്നവരുടെ ഓർമ്മയിൽ തെളിയുന്ന ചില രേഖാചിത്രങ്ങൾ, അപൂർവം ചില രേഖകൾ എന്നിവയൊക്കെയാണ് നമ്മുടെ അന്വേഷണത്തിന് ആധാരമായിട്ടുള്ളത്. ഇതിനർത്ഥം അത്രവലിയ പഴക്കമൊന്നുമില്ലാത്ത ഒരു പ്രദേശമാണ് നമ്മുടെ നിരീക്ഷണത്തിനു വിധേയമായിരിക്കുന്നത് എന്നാണ്. അതുകൊണ്ട് സങ്കീർണമായ അന്വേഷണ സാമഗ്രികൾ ആവശ്യമായിവരുന്നില്ല. ഇവിടെ അന്വേഷണ സാമഗ്രികളും നിർമ്മാണ സാമഗ്രികളും ഏറെക്കുറെ ഒന്നായിത്തീരുന്നു. പ്രായംചെന്നവരുടെ വായ്മൊഴികൾ, ചുരുക്കം ചില രേഖകളും നമ്മുടെ നിർമ്മാണ സാമഗ്രികളിൽ പെടുന്നു എന്നു മുകളിൽ ചൂണ്ടിക്കാണിച്ചുവല്ലോ. ഇതു നമ്മുടെ പരിമിതിയാണ്. ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള അന്വേഷണ ഫലങ്ങളാണ് താഴെ കുറിക്കുന്നത്.

## 2. പേര്-ഭൂപരമായ സവിശേഷതകൾ

മേല്പറഞ്ഞ തെളിവുകളിൽ നിന്നൊക്കെ ഊറിക്കൂടി വരുന്ന നമ്മുടെ വടക്കേക്കര പ്രദേശത്തിന്റെ ഭൂപരവും സാംസ്കാരികവും സാമൂഹ്യവുമായ ഒരേകദേശ ചിത്രം എങ്ങനെയായിരിക്കുമെന്ന് നോക്കാം.

പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ വടക്കു പടിഞ്ഞാറേ മൂലയിൽ കൊടുങ്ങല്ലൂർ അഴിമുഖത്തോട് അടുത്തുകിടക്കുന്ന പ്രദേശമാണ് വടക്കേക്കര. ഇന്നു പറവൂർ

പാലം സ്ഥിതിചെയ്യുന്ന പെരിയാറിന്റെ കൈവഴിയായി ഒഴുകുന്ന തോടിന്റെ വടക്കേക്കരയിൽ സ്ഥിതി ചെയ്യുന്ന പ്രദേശം എന്ന നിലയിലാണ് വടക്കേക്കര എന്ന പേരു് ഉത്ഭവിച്ചത് എന്ന് ശ്രീ. വി വി കെ വാലത്ത് തന്റെ 'സ്ഥലനാമ ചരിത്രം' എന്ന ഗ്രന്ഥത്തിൽ പറയുന്ന അങ്ങനെ വരുമ്പോൾ ഇന്നത്തെ പട്ടണം, നീണ്ടൂർ, ആളംതുരുത്ത്, മാച്ചാംതുരുത്ത്, പൂയപ്പിള്ളി തുടങ്ങി പറവൂർ തോടിന്റെ വടക്കോട്ട് മൂത്തകുന്നം വരെയുള്ള എല്ലാ പ്രദേശങ്ങളും ഈ സ്ഥലപ്പേരിൽ അറിയപ്പെടേണ്ടതായിരുന്നു. ചില പഴമക്കാരോട് സംസാരിച്ചതിൽ ഇന്നത്തെ പറവൂർ തോട് കാച്ചക്കുടി വടക്കോട്ടുമാറിയാണ് ഒഴുകിയിരുന്നതെന്ന് പറഞ്ഞുകേൾക്കുന്നുണ്ട്. അതെങ്ങനെ ആയിരുന്നാലും ഇന്ന് വടക്കേക്കര എന്ന പേരിൽ ഒരു പ്രദേശവും അറിയപ്പെടുന്നില്ല അതൊരു ഗ്രാമപഞ്ചായത്തിന്റെ പേരാണ്. മൂത്തകുന്നം, വടക്കേക്കര എന്നീ വില്ലേജുകൾ അതിൽ ഉൾപ്പെടുന്നു. മുറവൻതുരുത്ത്, ഒറവൻതുരുത്ത്, കട്ടത്തുരുത്ത്, മടപ്ളാതുരുത്ത്, ഗോതുരുത്ത്, തേക്കേത്തുരുത്ത്, തുരുത്തിപ്പുറം, പാല്യത്തുരുത്ത്, വാവക്കാട്, ചെട്ടിക്കാട്, കൊട്ടുവള്ളിക്കാട്, മൂത്തകുന്നം, മാല്യങ്കര കുഞ്ഞിത്തൈ തുടങ്ങിയ കുറേയേറെ തുരുത്തുകൾ പണ്ടുമുതലേ ഈ പേരിൽ അറിയപ്പെട്ടിരുന്നിരിക്കണം. തുരുത്ത്, കാട് എന്നീ പ്രത്യക്ഷ അത്ഥമുള്ള പദങ്ങളോട് ചേർന്നുവരുന്ന വാക്കുകളുടെ നിഷ്പത്തി എങ്ങനെയാണെന്ന് അറിയാൻ ഒരു തെളിവുകളുമില്ല.

ഈ ദ്വീപ സമൂഹങ്ങളിൽ ജനാധിവാസമുണ്ടായത് വളരെ അകലെയൊന്നുമുള്ള ഒരു കാലത്തല്ല ശ്രീ. വി വി കെ വാലത്ത് തന്റെ പുസ്തകത്തിൽ ചേർത്തിരിക്കുന്ന ഒരു പ്രമാണം അതിനു തെളിവാണ്..

"അവിടെ ജനജീവിതം സുകരമായതു് 19-ാം ശതകത്തിൽ മാത്രമാണ്. ജനങ്ങൾ ഗവണ്മെന്റിനു സമർപ്പിച്ച നിവേദനത്തിൽനിന്നു് അക്കാര്യം മനസ്സിലാകുന്നു." ടി സ്ഥലം അടിയങ്ങളുടെ പഴവന്മാർ കാടുവെട്ടിത്തെളിച്ചതും പറവൂർ സ്വരൂപത്തിങ്കൽ പതിഞ്ഞു രാജഭോഗം കൊടുത്ത് അനുഭവിച്ചുവന്നതും ഇടക്കാലത്തു ഡച്ചുകാർ എങ്ങനെയോ വശപ്പെടുത്തുകയും അതുമുതൽ പറവൂർ സ്വരൂപത്തിങ്കൽ കൊടുത്തുപോന്ന രാജഭോഗം ഡച്ചുകാർക്കും കൊടുത്തുവരവേ 934-ാമാണ്ടു കർക്കിടക മാസം 1-ാം തീയതി സക്കാർ സംസ്ഥാനത്തിൽനിന്നു് 3 ലക്ഷം രൂപ കൊടുത്ത് ഉടമ്പടിമൂലം ഒഴിഞ്ഞു വാങ്ങിട്ടുള്ളതും ആ ഉടമ്പടിയിൽ നൂതനമായി യാതൊരു ചോദ്യവും ചെയ്യക്കൂടാ എന്നു ഡച്ചുകാർ പറഞ്ഞിട്ടുള്ളതും അതിനെ തിരുവിതാംകൂർ ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളതുമാകുന്നു" (കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ പേജ് 214)

ഏകദേശം രണ്ടു നൂററാണ്ടുകൾക്കിപ്പുറത്തുമാത്രമാണ് ഇവിടെ ജനവാസം ഉറപ്പിക്കപ്പെട്ടതെന്നതിനു് മററു തെളിവുകളുമുണ്ട്. ഈ പ്രദേശത്തെ ഏററവും പഴക്കമുള്ള സ്ഥാപനം 1882ൽ ആണ് സ്ഥാപിക്കപ്പെട്ടതെന്നതാണതു്. എന്നാൽ ഇതിനുചുററുമുള്ള പ്രദേശങ്ങൾ ചരിത്രപ്രസിദ്ധങ്ങളാണുതാനും. വടക്ക് കൊടുങ്ങല്ലൂർ, തെക്ക് പറവൂർ പട്ടണം, കിഴക്ക് ചേന്ദമംഗലം, പടിഞ്ഞാറ് പള്ളിപ്പുറം എന്നീ പ്രദേശങ്ങളാണതു്. ഇതിൽ 1341ൽ ആണ് വൈപ്പിൻ ദ്വീപ് കടലൊഴിഞ്ഞു കരയായിത്തീർന്നതെന്നു് ചരിത്ര സാക്ഷ്യങ്ങളുണ്ട്. അതു മുതൽ പുതിയൊരാണ്ടു പിറപ്പുമുണ്ട്. എന്നിട്ടുപോലും വടക്കേക്കരയെക്കുറിച്ച് ഒരു പുസ്തകത്തിലും ഒരു പരാമർശവും കാണുന്നില്ല. എന്നാൽ പറവൂർ, ചേന്ദമംഗലം, കൊടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളെക്കുറിച്ച് ധാരാളം പരാമർശങ്ങളുണ്ടുതാനും. ഇതിൽനിന്നു് നമുക്കു് സ്വരൂപിക്കാവുന്ന നിഗമനമിതാണ്. ഏകദേശം രണ്ടു നൂററാണ്ടുകൾക്കു മുൻപുവരെ ചതുപ്പുനിലങ്ങളും കാട്ടുമരങ്ങളും നിറഞ്ഞ, ചെറിയ ചെറിയ തുരുത്തുകളായി ഒററപ്പെട്ട്, ഈ പ്രദേശം വളരെക്കാലം ജനവാസമില്ലാതെ കിടന്നിരുന്നിരിക്കണം.

വടക്കേക്കരയുടെ പഴക്കത്തെ സംബന്ധിച്ച് ആകെ ചൂണ്ടിക്കാട്ടാനുള്ളത് സെന്റ് തോമസ് മാല്യങ്കരയിൽ കപ്പലിറങ്ങിയ ഐതിഹ്യമാണ്. ഇന്ന് സെന്റ് തോമസിന്റെ സ്മാരകമായിരിക്കുന്ന പള്ളി അവിടെ സ്ഥാപിച്ചിട്ട് അൻപതു കൊല്ലക്കാലമായിട്ടില്ല. അതിനു മുൻപ് ഈ ഐതിഹ്യവുമായി ബന്ധപ്പെട്ട് യാതൊന്നും അവിടെ ഉണ്ടായിരുന്നില്ല അതുമാത്രമല്ല. പള്ളി പണിതിരിക്കുന്ന സ്ഥലം അടുത്ത കാലത്തു നികത്തിയെടുത്തതുമാണ്.

## 3. ജനാധിവാസം, സാമൂഹ്യഘടന

1805ലാണല്ലോ ടിപ്പു മരണമടയുന്നതു്. 1788നും 1805നും ഇടയ്ക്കുള്ള ഘട്ടത്തിലാണ് ടിപ്പുവിന്റെ തിരുവിതാംകൂർ ആക്രമണം. ആ ഘട്ടത്തിൽ വടക്കേക്കര പ്രദേശത്തു ജനവാസം തുടങ്ങിയിട്ടുണ്ടാകണം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കര്യാപ്പിള്ളി (കുറിയ പള്ളി-വാലത്ത്) പ്രധാന യുദ്ധ കേന്ദ്രമായിരുന്നത്രേ. ഇവിടെ കര്യാപ്പിള്ളിക്കോട്ടയും ഒരു ഗുഹയും ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. ഈ പ്രദേശം മുഴവൻ പറവൂർ രാജാവിന്റെ അധീനതയിലായിരുന്നു എന്നും വാലത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചുററു

പാട്ടമുള്ള പ്രദേശങ്ങളിൽനിന്ന് വടക്കേക്കര പ്രദേശത്തേക്ക് കുടിയേററം നടന്ന് ജനാധിവാസം ഉറപ്പിക്കപ്പെട്ടിട്ടുള്ള കാലത്തായിരിക്കണം ടിപ്പുവിന്റെ ആക്രമണം നടന്നിട്ടുള്ളത്. എങ്ങനെയായിരുന്നാലും രണ്ടുനൂററാണ്ടിനപ്പുറത്തേക്ക പോകുന്ന ഒരു ചരിത്രം ഈ പ്രദേശത്തിനില്ല.

വൈപ്പിൻ ദ്വീപ് കടൽ മാറി കരയാകുന്നത് 1341ൽ ആണെന്ന് ചരിത്രരേഖകൾ പറയുന്നുണ്ടല്ലോ. അക്കാലത്തിനു മുൻപേ തന്നെ വടക്കേക്കരയുടെ ഭൂപരമായ അസ്തിത്വം രൂപപ്പെട്ടിട്ടുണ്ടായിരിക്കാം. എന്നിരുന്നാലും ഇവിടെ ജനവാസം തുടങ്ങിയിട്ട് അധികകാലമായില്ലെന്ന ശ്രീ. വാലത്തിന്റെ അഭിപ്രായം സ്വീകാര്യമായിരിക്കുന്നു.

പ്രായമായവരുടെ ഓർമ്മയിൽ തെളിയുന്ന ചിത്രങ്ങളിൽനിന്ന് വടക്കേക്കരയിൽ ജനവാസം തുടങ്ങിയ കാലഘട്ടം മുതൽ 19-ാം നൂററാണ്ടിന്റെ അവസാനകാലത്തും 20-ാം നൂററാണ്ടിന്റെ ആദ്യപാദത്തിലും ഇവിടെ നിലനിന്നുപോന്ന സാമൂഹ്യഘടനയെക്കുറിച്ചുള്ള ഒരു ഏകദേശരൂപം ഇങ്ങനെ മെനഞ്ഞെടുക്കാൻ കഴിയും.

മററല്ലാ പ്രദേശങ്ങളിലുമെന്നപോലെ ഓല കൊണ്ടും ചെററകൊണ്ടും ഉണ്ടാക്കിയെടുത്ത വീടുകൾ. ഏതെങ്കിലും തോട്ടരികുകളിലാണവ സ്ഥിതി ചെയ്തിരുന്നത്. അങ്ങിങ്ങു കാണപ്പെടുന്ന ആ വീടുകളിൽ നിവസിച്ചിരുന്ന സ്ത്രീപുരുഷന്മാർ ഒററമുണ്ടുമാത്രം ധരിച്ചിരുന്നവരായിരുന്നു. പുരുഷന്മാർ വശത്തേക്ക് ചരിച്ചിട്ട കുടുമയുള്ളവരായിരുന്നു. അവർ കടുക്കൻ ധരിച്ചിരുന്നു. (ഒരു ചെവിയാഭരണമാണ് കടുക്കൻ) സ്ത്രീകൾക്കും കാതിലും കഴുത്തിലും ആഭരണങ്ങളുണ്ടായിരുന്നു. എന്നാൽ താഴ്ന്ന ജാതി വിഭാഗങ്ങൾക്ക് അതൊന്നും അനുവദിക്കപ്പെട്ടിരുന്നില്ല.

നായന്മാരൊഴിച്ചുള്ള ഉയർന്ന ജാതിക്കാരൊന്നും ഇവിടെ സ്ഥിരതാമസമുറപ്പിച്ചിരുന്നതായി അറിവില്ല. എങ്കിലും മാല്യങ്കര, മടപ്ലാതുരുത്ത്, വാവക്കാട് എന്നീ കരകളിൽ നമ്പൂതിരി ഭവനങ്ങളുണ്ടായിരുന്നതായി കേട്ടുകേൾവിയുണ്ട്. മററപ്പിള്ളിമന എന്നൊരു മന വാവക്കാട്ടുണ്ടായിരുന്നു എന്നും അവരാണ് ഇന്നു കാണുന്ന ശാസ്താക്ഷേത്രം പണി കഴിപ്പിച്ചതെന്നും പഴമക്കാർ പറയുന്നു. ഇന്ന് മററപ്പിള്ളി എന്ന വീട്ടുപേരു് നിലവിലുണ്ട്. ശാസ്താക്ഷേത്രം നമ്പൂതിരിമാർ ഉണ്ടാക്കി എന്നുപറയുന്നതിൽ സത്യമുണ്ടോ എന്നറിഞ്ഞുകൂടാ. അവർ ശാസ്താ ആരാധകരായിരുന്നിരിക്കാൻ വഴിയില്ല.

ഓരോ തുരുത്തും ഒററയ്ക്കൊററയ്ക്ക് സ്വതന്ത്രമായാണ് കഴിഞ്ഞിരുന്നതെന്നുവേണം കരുതുവാൻ. പരസ്പരം ബന്ധപ്പെടുന്നതിന് വഞ്ചി ഉപയോഗിച്ചിരുന്നു. മൂത്തകുന്നം കേന്ദ്രീകരിച്ച് പണ്ടു തീവെട്ടിക്കൊള്ളക്കാർ ഉണ്ടായിരുന്നത്രേ. അവർ കൊള്ള ചെയ്ത വസ്തുക്കൾ കുഴിച്ചിട്ടിരുന്നിടത്തുനിന്ന് കണ്ടുകിട്ടിയിട്ടുള്ളവർ പലരും മൂത്തകുന്നത്തു പിന്നീട് പണക്കാരായി എന്നു പറയുന്നു. ഏതായാലും തുരുത്തുകൾ പലപ്പോഴും കൊള്ളക്കാരുടെ കേന്ദ്രങ്ങളായിട്ടുണ്ട്.

ജനങ്ങളിൽ ഭൂരിപക്ഷവും ഈഴവരായിരുന്നു. ഇവരിൽ പ്രമാണിമാരായവർ ഭൂസ്വത്തു സ്വന്തമായുണ്ടായിരുന്നവരോ പാട്ടത്തിനു കൈവശം വച്ചനുഭവിച്ചിരുന്നവരോ ആയിരുന്നു. ഈ പ്രമാണിമാരായിരുന്നു ഓരോ കരയിലേയും നീതിന്യായസംവിധായകരും തർക്കപരിഹാരകരുമൊക്കെയായി നിലനിന്നിരുന്നത്.

ഈഴവർ കഴിഞ്ഞാൽ ക്രിസ്തീയ വിഭാഗക്കാരായിരുന്നു കൂടുതൽ ഉണ്ടായിരുന്നത്. ഇന്ന് എല്ലാ അവാന്തര വിഭാഗങ്ങളും കൂടി 1200 ഓളം ക്രിസ്തീയ കുടുംബങ്ങളുണ്ട്. ലത്തീൻ ക്രിസ്ത്യൻ, സിറിയൻ ക്രിസ്ത്യൻ എന്നീ വിഭാഗക്കാരാണ് അവരിൽ കൂടുതൽ. പിന്നെ ചില യാക്കോബായ സുറിയാനി കുടുംബങ്ങളുമുണ്ട്. ഈയടുത്തകാലത്തായി യഹോവാസാക്ഷികളും അവരുടെ ആരാധനാലയങ്ങളും ഉയർന്നുവന്നിട്ടുണ്ട്. കുഞ്ഞിത്തൈ, മടപ്ലാതുരുത്ത്, ചെട്ടിക്കാട് കരകളിൽ പണ്ടുമുതലേ ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാർ അധിവസിച്ചുവരുന്നു. എണ്ണത്തിൽ കുറവായ ഇവക്ക് സ്വന്തമായി ആരാധനാലയങ്ങളോ, ആരാധനാക്രമങ്ങളോ നിലവിലുണ്ടായിരുന്നതായി അറിവില്ല. ഏതാണ്ട് 50-60 കുടുംബങ്ങളിൽ കൂടുതൽ ഇപ്പോഴില്ല.

കുഞ്ഞിത്തൈ, മുറവൻതുരുത്ത് ഭാഗങ്ങളിൽ മുസ്ലിം മതവിശ്വാസികളുണ്ട്. ഇപ്പോൾ അവർ കുഞ്ഞിത്തൈയിൽ മുപ്പതിൽതാഴെ കുടുംബങ്ങളുണ്ട്.

മൂപ്പന്മാർ (കുഡുംബികൾ) ഇപ്പോൾ കുഞ്ഞിത്തൈ കരയിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. മുൻപ് മാല്യങ്കരയിൽ ഇവർ ഉണ്ടായിരുന്നതായും അവരെ അവിടെനിന്ന് അടിച്ചോടിച്ചതായും പറയപ്പെടുന്നുണ്ട്. ഒരു കാലത്ത് കുഞ്ഞിത്തൈയിൽ ഇവർ പ്രബലന്മാരായിരുന്നത്രേ. ഉണ്ണാമൻപറമ്പ്, വാവലാൻപറമ്പ്, സുന്ദരൻപറമ്പ് എന്നിങ്ങനെ ചില മൂപ്പന്മാരുടെ പേരുകളിൽ അറിയപ്പെടുന്ന പറമ്പുകൾ ഇപ്പോഴും കുഞ്ഞിത്തൈയിലുണ്ട്. ഇവരുടെ ഭൂസ്വത്തുക്കൾ പുതിയകാവിലെ നായർ കുടുംബങ്ങളിലേക്ക് എത്തിച്ചേർന്നതായും പറയപ്പെടുന്നുണ്ട്.

അധഃസ്ഥിത സമൂഹങ്ങൾ എല്ലാ കരകളിലുമായി പരന്നുകിടക്കുന്നു. ഇവരിൽ തെങ്ങുകയററക്കാർ

(കണക്കന്മാർ–വേട്ടുവർ). കർഷകത്തൊഴിലാളികൾ (പുലയർ) എന്നിവരാണ് കൂടുതൽ. ഒററയൊററയായി ചില ഉള്ളാട കുടുംബങ്ങളും, പറവർ, വേലർ തുടങ്ങിയ മററു ചില അവാന്തര വിഭാഗങ്ങളും നേരത്തേ മുതൽ ഇവിടെ നിലനിന്നുപോന്നിട്ടുണ്ട്. ഇന്നിപ്പോൾ ഏകദേശം മുന്നൂറിൽ താഴെ കുടുംബങ്ങളാണ് ഇവർ ഉള്ളത്. അധഃസ്ഥിതരുടെ പരന്നുകിടക്കുന്ന ഈ വിഭജനം എല്ലാ കരകളിലും വിപുലമായി നടന്നുവന്നിരുന്ന കാർഷികവൃത്തിയെ ആണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ നൂറാണ്ടിലെങ്കിലും വിശാലമായ പാടങ്ങളും തെങ്ങിൻതോപ്പുകളും എല്ലാ കരകളിലുമുണ്ടായിരുന്നു എന്നു് അനുമാനിക്കാവുന്നതാണ്.

ആശാരി, കൊല്ലൻ എന്നീ വിഭാഗക്കാർ എല്ലാ കരകളിലും താരതമ്യേന ഒന്നും രണ്ടും കുടുംബങ്ങളായി ഉണ്ടായിരുന്നു. ഇവരില്ലെങ്കിൽ ഇവർ സ്ഥിരമായി കൂട്ടമായി താമസിക്കുന്നിടത്തുനിന്നു് കരകളിലേക്ക് വിളിച്ചുകൊണ്ടുപോയി താമസിച്ച പണിയെടുപ്പിച്ചിരുന്നു. അല്ലെങ്കിൽ കുടിപാർപ്പിച്ചിരുന്നു. ഇന്നത്തെപ്പോലെ വലിയ കെട്ടിടങ്ങൾക്കു സ്ഥാനമില്ലാതിരുന്ന ഒരു സമൂഹത്തിൽ പണിയായുധങ്ങൾ, ഗാർഹിക–കാർഷികാവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ തുടങ്ങിയവ ഉണ്ടാക്കുകയായിരുന്നിരിക്കണം അവരുടെ തൊഴിൽ.

മാല്യങ്കര, കുഞ്ഞിത്തൈ, കൊട്ടുവള്ളിക്കാട് കരകളിൽ കായൽ നിരപ്പിനോട് ചേർന്നു് പണ്ടുമുതലേ അരയ–വാല സമുദായക്കാർ താമസിച്ചുപോന്നു. മത്സ്യബന്ധനമാണ് ഇവരുടെ തൊഴിൽ. മററുകരകളിൽ ഇവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നതായി അറിവില്ല.

ഇതുകൂടാതെ ഈഴവരുടെ ജനനമരണ ആവശ്യങ്ങളിൽ ആദ്യാവസാനക്കാരായിരുന്ന കുറുപ്പന്മാർ എല്ലാ കരകളിലുമുണ്ടായിരുന്നു. അവരില്ലാത്ത കരകളിൽ മററു പ്രദേശങ്ങളിൽനിന്നു് വരുത്തി കുടിപാർപ്പിക്കും. വാവക്കാടുണ്ടായിരുന്ന ചാത്തുണ്ണിക്കുറുപ്പന്റെ കുടുംബത്തെ പൂപ്പത്തിയിൽനിന്നു കൊണ്ടുവന്നു താമസിപ്പിച്ചതാണത്രേ.

വിരലിലെണ്ണാവുന്ന നായർ കുടുംബങ്ങൾ വടക്കേക്കര പ്രദേശത്തുണ്ടായിരുന്നുവെങ്കിലും (ഇപ്പോഴുമുണ്ട്) അവർ മൊത്തം സാമൂഹ്യ ആധിപത്യം കൈയടക്കിയിരുന്നതായി കരുതാൻ തെളിവുകളൊന്നുമില്ല. ഓരോ കരയിലേയും ഈഴവ പ്രമാണിമാരായിരുന്നു എല്ലാ കാര്യങ്ങളുടേയും മേലാളന്മാർ. ഇവരിൽ ചിലർക്ക് രാജാവിൽനിന്നു് തണ്ടാൻ ബഹുമതി ലഭിച്ചവരായി ഉണ്ടായിരുന്നു. മാല്യങ്കരയിലെ കൃഷ്ണൻതണ്ടാൻ, ആണ്ടിത്തണ്ടാൻ തുടങ്ങിയവർ അക്കൂട്ടത്തിൽപെടുന്നവരാണ്. വാവക്കാടുണ്ടായിരുന്ന ചെറുപിള്ളി കിട്ടപ്പൻ ഒരു പേരെടുത്ത നാട്ടുപ്രമാണിയായിരുന്നത്രേ. ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരങ്ങളായിരുന്നു ഇവർക്കുണ്ടായിരുന്നത്.

ജാത്യാചാരങ്ങൾ ജീവിതധർമ്മംപോലെ എല്ലാവരും തെററാതെ ആചരിച്ചുപോന്നിരുന്നു. മതപരമായ കാര്യങ്ങളിലും ഇതിൽ മാററമൊന്നുമില്ല. ജാതി പീഡനങ്ങൾ നിമിത്തം ക്രിസ്തുമതത്തിലേക്ക് പരിവർത്തനങ്ങൾ നടത്തിയിരുന്നുവെങ്കിലും അതിന്റെ പേരിൽ കലഹങ്ങളോ ലഹളകളോ ഉണ്ടായിട്ടില്ല. താരതമ്യേന ഈഴവരിലും താഴ്ന്ന ജാതിവിഭാഗങ്ങളാണു പെട്ടെന്നു മതംമാററത്തിനു വിധേയരായിട്ടുള്ളവർ. ഈഴവരിലും മതംമാററമുണ്ടായിട്ടുള്ളതിന് ധാരാളം ഉദാഹരണങ്ങളുണ്ട്.

മുകളിൽ പറഞ്ഞ സാമൂഹ്യവിഭാഗങ്ങളിൽ രണ്ടു കൂട്ടരുടെ നിഷ്പത്തിയെ സംബന്ധിച്ച ചില പ്രശ്നങ്ങൾകൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ആംഗ്ലോ–ഇന്ത്യൻ വിഭാഗക്കാരെ സംബന്ധിക്കുന്നതാണൊന്നു്. പൊതുവിൽ ആംഗ്ലോ–ഇന്ത്യൻ വംശജർ പോർച്ചുഗീസുകാരുടെ വംശപരമ്പരയിൽപെട്ടവർ എന്നാണ് ഗണിച്ചുപോരുന്നത്. ഇവരിൽ കുഞ്ഞിത്തൈയിൽ താമസിച്ചുപോരുന്ന റോച്ച, കരിച്ചേരി, ഡിസൂസ തുടങ്ങിയ വിഭാഗക്കാരൊക്കെ ആ പിൻതുടച്ചക്കാർതന്നെയായിരിക്കാമെങ്കിലും 1930 ൽ തുടങ്ങിയ കുഞ്ഞിത്തൈ പൊതുജന സഹകരണ സംഘത്തിന്റെ മെമ്പർഷിപ്പ് രേഖയിൽ ഈ വിഭാഗത്തിൽപെട്ട ചില മെമ്പർമാർ ജാതി എഴുതിയിരിക്കുന്നത് ഈസ്റ്റ് ഇന്ത്യൻ എന്നാണ്. ഇന്തോനേഷ്യൻ ദ്വീപസമൂഹവും ഈസ്ററ് ഇന്ത്യൻ പരിധിയിൽവരും. അവിടത്തെ സ്ത്രീകളുടെ ഔദ്യോഗിക വേഷം മുണ്ടും കവായയുമാണത്രെ. ഈ വേഷംതന്നെയാണ് കുഞ്ഞിത്തൈയിലെ ചില ആംഗ്ലോ–ഇന്ത്യക്കാർ ഈയടുത്ത കാലംവരെ ധരിച്ചുപോന്നിരുന്നത്.

സൗത്ത് സീ ഐലൻറ് എന്ന ദ്വീപസമൂഹത്തിൽ നിന്നു് അടിമപ്പണിക്ക് ആളുകളെ കൂട്ടമായി കൊണ്ടുപോയിരുന്നതായി രേഖകളുണ്ട്. ചേമ്പേഴ്സ് നിഘണ്ടുവിൽ ''കണക്ക'' എന്ന പദത്തിന് ഈ അടിമവ്യാപാരത്തിന്റെ അർത്ഥം കല്പിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ 'കണക്ക' സമുദായവുമായി ഇതിനെന്തെങ്കിലും ബന്ധമുണ്ടോ എന്നന്വേഷിക്കേണ്ടതാണ്. ഇവർക്കിടയിൽ 'അടിമ' എന്ന പേരുകൾ ഒരുപാടുണ്ടായിരുന്നു. മലബാറിലെ തെങ്ങുകയററക്കാരെ മൊത്തത്തിൽ അടിമയെന്നു് അഭിസംബോധന ചെയ്തിരുന്നതും ഇവിടെ ഓർക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സംഗതികൾ ചരിത്രകാരന്മാരുടെ ശ്രദ്ധക്ക് വിഷയീഭവിക്കും എന്നു് പ്രതീക്ഷിക്കാം.

## 4. തൊഴിൽ

കുലത്തൊഴിൽ എന്നാൽ ജാത്യാധിഷ്ഠിതമായ തൊഴിൽ എന്നാണല്ലോ അർത്ഥം. ഒരു മാററവുമില്ലാതെ നമ്മുടെ പ്രദേശത്തും കുലത്തൊഴിൽ നിലനിന്നു പോന്നിട്ടുണ്ട്. ആദ്യഘട്ടങ്ങളിൽ കാർഷികവൃത്തിയായിരുന്നു പ്രധാന തൊഴിലെന്നു് കാണാം. പാടങ്ങളിലും പറമ്പുകളിലും ശാരീരികാധ്വാനത്തിലേർപ്പെട്ടിരുന്നതു് പുലയർ തന്നെയായിരുന്നു; നാളികേരം മുകളിൽനിന്നു താഴെയിറക്കിയിരുന്നതു തെങ്ങുകയററക്കാരായിരുന്ന കണക്കന്മാരും. അതുമായി ബന്ധപ്പെട്ട മററുതൊഴിലുകളും അവരുമായി ഒരുതരത്തിലും കണ്ണി ചേർത്തിരുന്നില്ല. ഭൂമി കൈവശംവച്ചിരുന്നവർ അതിൽനിന്നുള്ള ആദായമെടുത്തു് കഴിഞ്ഞുകൂടുകയല്ലാതെ തൊഴിലിൽ ഏർപ്പെട്ടിരുന്നില്ല.

മാറിവന്ന സാഹചര്യത്തിൽ നാളികേരയുല്പാദനം ഒരു വ്യാവസായിക ആവശ്യമായി ഉയർന്നുവരികയും കൊപ്ര, കയർ എന്നിവ വ്യാവസായികോല്പന്നങ്ങളായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ഈഴവരും ക്രിസ്ത്യാനികളുമായിരുന്നു. കൊപ്രവെട്ടുക, മടൽതല്ലുക, കയർപിരിക്കുക ഇതെല്ലാം അവരാണ് ചെയ്തിരുന്നത്. ഇതുകൂടാതെ കള്ളുൽപാദനം, ചക്കരയുൽപാദനം എന്നിവ വിപുലമായി അവർ നടത്തിയിരുന്നു. കള്ളു് കുടങ്ങളിലാക്കി വഞ്ചിയിൽവച്ച് തോടുകളിലൂടെ സഞ്ചരിച്ചു വിൽപന നടത്തിയിരുന്നു. കള്ളിൽനിന്നു് ചാരായം ഉല്പാദിപ്പിച്ചിരുന്നു. ചാരായത്തിനു് മുൻപ് 'താവറം' എന്നൊരു പേരുണ്ടായിരുന്നു. ഈഴവരിൽ ചിലർ നെയ്ത്തുവേലകളിൽ ഏർപ്പെട്ടിരുന്നു.

ആററുതീരത്തു് താമസിച്ചിരുന്ന വാലന്മാരുടെ തൊഴിൽ ആയിരുന്നു മത്സ്യബന്ധനം. വൻതോതിൽ ചെമ്മീൻപരിപ്പു കയററുമതി ഇവിടങ്ങളിൽനിന്നുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഉണക്കമീൻ അതുപോലൊരു കയററുമതി ഉല്പന്നമായിരുന്നു.

കുറുപ്പന്മാരുടെ തൊഴിൽ ഈഴവരുടെ ജനനമരണാടിയന്തിരങ്ങൾക്കുള്ള സഹായം ചെയ്യലായിരുന്നു. ക്രമേണ അതു് മുടിവെട്ടുജോലിയിലേക്കു് തിരിയുന്നുണ്ട്.

ക്രിസ്ത്യാനികൾക്കു് പൊതുവിൽ തൊഴിലിൽ വിലക്കുകളില്ലായിരുന്നുവെങ്കിലും അധഃസ്ഥിതരുടെ തൊഴിലുകളിലേക്കോ ചെത്തുതൊഴിലിലേക്കോ അവർ കടന്നുകയറിയിട്ടില്ല. കക്കവാരൽ, കയർപിരി, തേങ്ങപൊതി, എണ്ണയാട്ടു് തുടങ്ങിയ തൊഴിലുകളിൽ അവർ ഏർപ്പെട്ടുപോന്നു. ചില ആംഗ്ലോ–ഇന്ത്യാക്കാർ പരമ്പരാഗതമായ വള്ളപ്പണി(വള്ളം ഉണ്ടാക്കൽ, റിപ്പയർ)യിലാണ് ഏർപ്പെട്ടുപോന്നിരുന്നത്.

മുസ്ലിംകുടുംബക്കാർ ചെറിയ ചെറിയ കച്ചവടങ്ങൾ നടത്തിയിരുന്നവരാണ്. കുടുമ്പിസമുദായക്കാർ പുതിയകാവിലെ നായർ കുടുംബങ്ങളുമായി ബന്ധപ്പെട്ടും മത്സ്യബന്ധനത്തിലേർപ്പെട്ടുമാണ് ജീവിച്ചുപോന്നിരുന്നത്. ഇവരിൽ ചിലർ പരമ്പരാഗതമായി തന്നെ പപ്പടനിർമ്മാണത്തിൽ വിദഗ്ധരായിരുന്നു.

തൊഴിലിന്റെ വിവിധ രൂപങ്ങൾ പരിശോധിക്കുമ്പോൾ, ഈ പ്രദേശത്തെ ഭൂവിതരണം ഒരു പ്രധാന പ്രശ്നമായി പരിശോധിക്കേണ്ടതുണ്ട്. പ്രദേശം മുഴവൻ പറവൂർ രാജാവിന്റേതായിരുന്നു എന്നു പറഞ്ഞുവല്ലോ. ഇത് പല കാലഘട്ടങ്ങളിലായി പാട്ടത്തിനു നല്കിയതായി കാണുന്നുണ്ട്. 1788ൽ തിരുവിതാംകൂർ സംസ്ഥാനം ഡച്ചുകാർക്ക് മൂന്നുലക്ഷം രൂപ കൊടുത്ത് സ്ഥലം വിലയ്ക്കുവാങ്ങി. 1809ൽ ഈ വസ്തുക്കൾ ജയിംസ് താട്ടെ എന്ന പ്രഭു 21 കൊല്ലത്തേക്ക് പാട്ടത്തിനു വാങ്ങി. 1831ൽ 10 കൊല്ലത്തേക്ക് സാമുവൽ വർഗീസ് എന്ന ജന്മിയും പാട്ടത്തിനു വാങ്ങി. ആ പാട്ടം 20 കൊല്ലത്തേക്ക് പുതുക്കിക്കൊടുത്തു. അടുത്ത 15 കൊല്ലം വർഗീസിന്റെ മകൻ പാട്ടത്തിനെടുത്തു. 1869ൽ സർക്കാർ ഏറെറടുത്തു. മുനമ്പം പള്ളിപ്പുറം എന്നീ പ്രദേശങ്ങളോടൊപ്പം തൈവയ്പ്പ് എന്ന നിലയിൽ കണക്കാക്കിപ്പോന്ന മൂത്തകുന്നം, മാല്യങ്കര, ചെട്ടിക്കാട്, കൊട്ടുവള്ളിക്കാട് എന്നീ പ്രദേശങ്ങളുടെ കാര്യമാണ് മുകളിൽ പറഞ്ഞത്. മററു കരപ്രദേശങ്ങളുടെ കാര്യം അറിവില്ല. ഏതായാലും മൊത്തത്തിൽ പറവൂർ തമ്പുരാന്റെയും പിന്നീട് ആ രാജവംശ പരമ്പരയിൽപെട്ട ജന്മിമാരുടെയും കൈകളിൽ വടക്കേക്കരയിലെ ഭൂമി എത്തിച്ചേർന്നു. പിന്നീട് ചില പ്രാദേശിക പ്രമാണിമാർ ഇവരുടെ കൈകളിൽനിന്നു് ഭൂമി പാട്ടത്തിനെടുത്തിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ സ്വന്തമായിത്തന്നെ ഭൂമി വിലയ്ക്കു വാങ്ങിയവരുമുണ്ടായിരുന്നു. (വാവക്കാട്ടെ ചെറുപിള്ളിക്കാരുടെ കാരണവർ കള്ളക്കച്ചവടക്കാരനായി വാവക്കാട് എത്തിയ ആളും കച്ചവടത്തിൽനിന്നു് പണമുണ്ടാക്കി ഒരുപാട് ഭൂമി വാങ്ങിക്കൂട്ടിയ ആളുമായിരുന്നു) പല ഘട്ടങ്ങളിലായി നടന്ന ഭൂപരിഷ്കരണ നിയമങ്ങളിൽ 1970ലെ ഭൂപരിഷ്കരണം സവിശേഷ പ്രാധാന്യമർഹിക്കുന്നതാണ്. പാട്ടഭൂമിയുടെ കൈവശക്കാരെ ആ നിയമം യഥാർത്ഥ ഭൂഉടമസ്ഥരാക്കി എന്നതാണ് ഒരു സവിശേഷത. സാധാരണ മനുഷ്യരെ കുടിയിറക്കിൽനിന്നു് രക്ഷപ്പെടുത്തുക മാത്രമല്ല ഒരു തുണ്ടു ഭൂമിയുടെയെങ്കിലും അധിപരാക്കി എന്നതാണ് മറെറാരു സവിശേഷത. ഭൂമിയുടെ ഒരു പുനർവിതരണമാണ് ആ നിയമം നടപ്പാക്കിയത്. വൻതോതിൽ ഭൂമി കൈവശം വച്ചിരുന്നവരിൽനിന്ന് ഭൂമി പല തട്ടുകളിലായി വിഭജിക്കപ്പെട്ടു. ആ വിഭജനത്തിന്റെ

ഇന്നത്തെ അവസ്ഥ, ഭൂഉടമസ്ഥതയുടെ സ്ഥിതിവിവരക്കണക്കുകളുമായി ബന്ധപ്പെടുത്തി പരിശോധിക്കുകയും കൃഷിഭൂമി യഥാർത്ഥത്തിൽ എത്തിച്ചേരേണ്ടവരുടെ കൈകളിലേക്ക് എത്തിച്ചേർന്നിട്ടുണ്ടോ എന്ന് പഠിക്കുകയും ചെയ്യേണ്ടതുണ്ട്.

## 5. പണവ്യവസ്ഥ

തിരുവിതാംകൂറിന്റേയും ബ്രിട്ടീഷ് സർക്കാരിന്റേയും നാണയങ്ങൾ ഒരേസമയത്തു് പ്രചരിച്ചിരുന്നു. ഒരു ബ്രിട്ടീഷ് രൂപയ്ക്ക് 28 ചക്രവും $28\frac{1}{2}$ തിരുവിതാംകൂർ ചക്രവുമായിരുന്നു മൂല്യം. അതായത് തിരുവിതാംകൂർ ചക്രത്തിന് $\frac{1}{2}$ ചക്രം മൂല്യം രൂപയുടെ കണക്കിൽ കുറവായിരുന്നു. ഒരു ചക്രത്തിന് പതിനാറുകാശ്. ചെറിയ നാണയമായിരുന്നു കാശ്. പണമിടപാടുകളിൽ ബ്രിട്ടീഷ് രൂപയായിരുന്നു ഉപയോഗിച്ചിരുന്നത്. പണിയാളർക്ക് കൂലി പണമായി കൊടുത്തിരുന്നില്ല. ഇന്നത്തെ പൈസയുടെ കണക്ക് നിലവിൽ വരുന്നതിനുമുൻപ് കാലണ, അരയണ, ഒരണ, രണ്ടണ, കാൽരൂപ, അരരൂപ, ഒരു രൂപ തുട്ടുകൾ നിലവിലുണ്ടായിരുന്നു. കാലണ വട്ടത്തിൽ നടുക്കു തുളയുള്ളതും തുളയില്ലാത്തതും എന്നിങ്ങനെ രണ്ടുതരം. അരയണ രണ്ടണ തുട്ടുകൾ ചതുര രൂപങ്ങളായിരുന്നു. ഒരണ, കാൽരൂപ, അരരൂപ ഇവയും വട്ടത്തിലുള്ളവയായിരുന്നു. ഒരു രൂപക്കു് പതിനാറണ. ഒരണയ്ക്കു് ആറു പൈസ. ഇതായിരുന്നു കണക്ക്. ഒററ നോട്ട്, രണ്ടിന്റെ നോട്ട്, അഞ്ച്, പത്ത്, നൂറ് എന്നീ നോട്ടുകളും പ്രാബല്യത്തിലിരുന്നു. ഇതെല്ലാം 47നു ശേഷമുള്ള ഇന്ത്യൻ സർക്കാരിന്റെ നാണയങ്ങളാണ്. അറുപതുകളുടെ ആദ്യ വർഷങ്ങളിലാണ് ഇന്നു് പ്രചാരത്തിലുള്ള നയാപൈസക്കണക്ക് ഉണ്ടാകുന്നത്.

## 6. ആചാരങ്ങൾ

പൊതുവിൽ ഒററമുണ്ടുമാത്രം ധരിച്ചിരുന്ന കാലഘട്ടം പിന്നിട്ട് നവോത്ഥാനത്തിന്റെ ഫലമായി ഈഴവ സ്ത്രീകൾ റൗക്കയും പുരുഷന്മാർ ഷർട്ടും ധരിച്ചുതുടങ്ങി. താഴെയുള്ള ജാതിവിഭാഗങ്ങൾക്ക് ഈ വേഷങ്ങൾ അനുവദിച്ചിരുന്നില്ല. കുടുമയും കടുക്കനും പതുക്കെ പതുക്കെ ഇല്ലാതാകുന്നുണ്ട്. കുടുമമുറിച്ചതിന്റെ പേരിൽ വീട്ടിൽനിന്നിറക്കിവിട്ട സംഭവങ്ങളുമുണ്ടായിട്ടുണ്ടത്രേ. സ്വർണാഭരണങ്ങൾ പണിയിച്ച് ഇടുന്നതിന് കഴിവുള്ളവർ അതു് ചെയ്തിരുന്നു. കുഞ്ഞിത്തൈയിലെ കുഡുംബി സ്ത്രീകൾ നിറമുള്ള ചേലമാറിനു മുകളിൽവച്ച് പലവട്ടം ചുററിയെടുത്ത് തോളിനുമുകളിൽ വച്ചുകെട്ടുന്ന വേഷം ധരിച്ചവരായിരുന്നു. ഇപ്പോഴും അപൂർവമായി ആ രീതി തുടരുന്നവരെ കാണാം. ആംഗ്ലോ-ഇന്ത്യൻ സ്ത്രീകൾ കള്ളിമുണ്ടും കവായയും ധരിക്കുന്നവരാണെന്നു നേരത്തെ പറഞ്ഞല്ലോ. ഇപ്പോഴും ആ വേഷക്കാരെ അപൂർവമായി കാണാം. കാൽമുട്ടുവരെ ഇറക്കമുള്ള, കൈമുട്ടിറങ്ങിക്കിടക്കുന്ന കൈയുള്ള കോളറില്ലാത്ത ഷർട്ടാണ് കവായ. ക്രിസ്ത്യാനി സ്ത്രീകൾ പിന്നിൽ വിശറിപോലെ ഞെറിഞ്ഞ മുണ്ടും ചട്ടയും ധരിക്കുന്നവരായിരുന്നു. മുണ്ടും കുപ്പായവും ധരിച്ച് തലയിൽ തട്ടവുമിട്ടു നടക്കുന്ന മുസ്ലിം സ്ത്രീകളും ഇപ്പോൾ അപൂർവമായുണ്ട്. മുസ്ലിം സ്ത്രീകളും ക്രിസ്ത്യൻ സ്ത്രീകളും ആഭരണങ്ങൾ ഉപയോഗിച്ചിരുന്നു. കാതിൽ അണിയുന്ന വലിയ വളകളെ തോട-മേക്കാമോതിരമെന്നാണ് വിളിക്കുക.

സ്ത്രീകൾ കാതുതുളച്ച് നീട്ടി വളർത്തിയിടുന്നത് ആചാരമാക്കിയിരുന്നു. നടന്നുപോകുമ്പോൾ വളർന്നു നീണ്ട കാതുകൾ കിടന്ന് ആടിക്കൊണ്ടിരിക്കും. മാറു മറയ്ക്കുന്നതിനു 'ആഞ്ചാൻ' ഉപയോഗിക്കുന്ന സ്ത്രീകളുമുണ്ടായിരുന്നു. കഴുത്തിൽ വട്ടത്തിൽ കെട്ടിയിടുന്ന തോർത്താണ് ആഞ്ചാൻ.

തെരണ്ടുകല്യാണം ഈഴവക്ക് ഒഴിവാക്കാനാവാത്ത ഒരു ചടങ്ങായിരുന്നു. പെൺകുട്ടികൾ ഋതുമതികളാകുമ്പോഴാണതു നടത്തുക. സമ്പന്നന്മാരുടെ വീട്ടിൽ ഒരേ പന്തലിൽ അയലങ്ങളിലെ പെൺകുട്ടികളുടേയും കെട്ടുകല്യാണം നടത്തിയിരുന്നു. ഏതെങ്കിലും ഒരു വരനെ വിളിച്ചുകൊണ്ടുവന്ന് പെൺകുട്ടിയുടെ കഴുത്തിൽ നൂലിൽ കോർത്ത താലി കെട്ടിക്കുന്ന ചടങ്ങാണത്. വരന് വീണ്ടും മറേറതെങ്കിലും വധുവിന്റെ വരനാകുന്നതിനു തടസ്സമില്ല. ഒരേ സമയത്താകരുതെന്നുമാത്രം. രണ്ടുദിവസം വധുവിന്റെ വീട്ടിൽ കഴിഞ്ഞുകൂടുന്ന വരനെ അവന്റെ വീട്ടുകാർ വിളിച്ചുകൊണ്ടുപോകുന്നതോടെ ചടങ്ങവസാനിക്കുന്നു. ആർഭാടപൂർണമാണീ ചടങ്ങ്. കസവു വസ്ത്രങ്ങളുമണിഞ്ഞ്, അരയിൽ 'പൊന്നും നാരായം പിച്ചാത്തി'യണിഞ്ഞാണ് വരൻ ചടങ്ങിനു ഹാജരാകേണ്ടത്. ചക്കരച്ചോറും മീനുമാണ് വിളമ്പുന്ന വിഭവങ്ങൾ. ഇതെല്ലാം പെൺവീട്ടുകാർ ഒരുക്കിക്കൊള്ളണം.

ഈഴവരുടെ വിവാഹച്ചടങ്ങിന് കുറുപ്പത്തിയുടെ അമ്മാനാട്ടം ഒരു ചടങ്ങായിരുന്നു. ഏറെ അഭ്യാസം ആവശ്യമായിരുന്ന ഈ കലാവിശേഷം ഇപ്പോൾ അറിയുന്നവർ ആരും അവശേഷിക്കുന്നില്ല.

താഴ്ന്ന ജാതിക്കാർ ഈഴവരുടെ വീടുകളിൽ പ്രവേശിക്കാൻ പാടില്ല. തൊഴിൽ സമയത്ത് ആഹാരം നൽകിയിരുന്നത് മുററത്തു കുഴിച്ച കുഴികളിൽ വാഴയില വച്ച് അതിൽ ചൂടൻകഞ്ഞി വിളമ്പിയായിരുന്നു.

## 7. ഗതാഗതം

തോടുകളും തുറകളും നിറഞ്ഞതായിരുന്ന (ഇപ്പോഴും ഏറെക്കുറെ അവ നിലനിൽക്കുന്നുണ്ട്) തുരുത്തുകളുടെ ഉൾഭാഗങ്ങൾ. അതുകൊണ്ട് സഞ്ചാരത്തിനും ചരക്ക കൈമാററത്തിനും വഞ്ചികളും വള്ളങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. സമ്പന്നർക്ക് മനോഹരമായി ഒരുക്കിയ സഞ്ചാര വള്ളങ്ങളുണ്ടായിരുന്നു. കടത്തുവഞ്ചികൾ സർവസാധാരണം. കുഞ്ഞിത്തൈയിലെ ചില ആംഗ്ലോ-ഇന്ത്യൻ കുടുംബങ്ങൾ പരമ്പരാഗതമായി വഞ്ചിപ്പണിയിൽ വൈദഗ്ദ്ധ്യം നേടിയവരും ഇപ്പോഴും തുടർന്നുപോരുന്നവരുമാണ്. പൊതുവഴികൾ രൂപപ്പെട്ടിരുന്നില്ല. 1950 ൽ ആണ് മൂത്തകുന്നം മാല്യങ്കര റോഡ് ഉണ്ടാകുന്നത്. അതിനു വളരെയൊന്നും മുൻപല്ല പഴയ മൂത്തകുന്നം-മടപ്ലാതുരുത്ത് പാലം ഉണ്ടാകുന്നത്. കര്യാപ്പിള്ളി വരെ ബസ് സർവീസ് ഉണ്ടായിരുന്നത് മൂത്തകുന്നം കടവിലേക്ക നീണ്ടിട്ടും അധികകാലമായിട്ടില്ല. ആദ്യമായി പറവൂർ-കര്യാപ്പിള്ളി റോഡിൽ ബസ് സർവീസ് നടത്തിയത് മടപ്ലാതുരുത്തിലെ അപ്പുക്കുട്ടമേനോൻ ആണ്. പറവൂരിൽനിന്ന് കര്യാപ്പിള്ളി വരെയുള്ള റോഡ് സ്വന്തമായി ഉണ്ടാക്കി അവിടെ ബസ് സർവീസ് നടത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. ബസ് സർവീസ് തുടങ്ങുന്നത് 1949 ലാണ്. ആദ്യത്തെ ബസ്സിന്റെ പേര് ഐ ടി (ഇൻലാൻറ് ട്രാൻസ്പോർട്ട്) എന്നായിരുന്നു കര്യാപ്പിള്ളി ഷാപ്പുകടവിൽനിന്ന് കോട്ടപ്പുറത്തേക്ക് വാഹനങ്ങൾ കയററിയിറക്കുന്ന ഒരു L C M സർവീസ് ഉണ്ടായിരുന്നു. അപ്പുക്കുട്ടമേനോൻ തന്നെയാണ് അതും ആരംഭിച്ചത്.

ഇന്ന് ദേശീയപാത ഇതിലേയാണ് കടന്നുപോകുന്നത്. മോട്ടോർ ഗതാഗതത്തിന്റെ ആധിക്യം മണിക്കൂറിനു മണിക്കൂറിനു ഗതാഗതക്കുരുക്കുകളുണ്ടാക്കുന്നുണ്ടെങ്കിലും എവിടെപ്പോകുന്നതിനും തടസ്സമില്ലാത്ത പൊതുപാതകൾ ഇവിടെ രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

പണ്ട് നമ്മുടെ പ്രദേശം കൊച്ചിയോടടുത്തു കിടന്നിരുന്നതുകൊണ്ട് ജലഗതാഗത മേഖലകളിൽ ചരക്കകടത്തുമായി ബന്ധപ്പെട്ട് ചൗക്കകളുണ്ടായിരുന്നു. അനധികൃത ചരക്ക കടത്തലിനെ നിരുത്സാഹപ്പെടുത്താനും ചരക്കനികുതി വസൂലാക്കാനുമുള്ള കേന്ദ്രങ്ങളായിരുന്നു ചൗക്കകൾ. മടപ്ലാതുരുത്ത്, മൂത്തകുന്നം, കുഞ്ഞിത്തൈ, കൊട്ടുവള്ളിക്കാട്, മാല്യങ്കര, തുരുത്തിപ്പുറം തുടങ്ങിയ കരകളിലെല്ലാം ചൗക്കകൾ ഉണ്ടായിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരും അവിടങ്ങളിൽ സ്ഥിരമായുണ്ടായിരുന്നു.

ആണ്ടോടാണ്ട് ഉണ്ടായിക്കൊണ്ടിരുന്ന വെള്ളപ്പൊക്കം തുരുത്തുകളുടെ ഭൂപരമായ അതിർത്തികളെ നിരന്തരം മാററിമറിച്ചുകാണണം. തുരുത്തുകളായിരുന്നതുകൊണ്ട് ചക്രങ്ങളുള്ള കാളവണ്ടികളോ കുതിരവണ്ടികളോ ഇവിടെ ഉണ്ടായില്ല. പകരം ബോട്ട് സർവീസ് ആണ് വികസിച്ചു വന്നത്. കോട്ടപ്പുറത്തുനിന്നും മൂത്തകുന്നം-കുഞ്ഞിത്തൈ വഴി എറണാകുളത്തിനു ബോട്ട് സർവീസുണ്ടായിരുന്നു. ആധുനിക റോഡുഗതാഗതം വികസിച്ചു വരുന്നതുവരെ ബോട്ട് സർവീസായിരുന്നു നമ്മുടെ ദീർഘദൂര സഞ്ചാരത്തിനാധാരം.

പ്രദേശത്തെ വിവിധ തുരുത്തുകളെ പരസ്പരം ബന്ധിപ്പിച്ച വലിയ ഉയർന്ന മരപ്പാലങ്ങൾ പണിതത് പഞ്ചായത്തു സംവിധാനം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന വില്ലേജ് അപ്പ് ലിഫ്ററ് കമ്മിററിയാണ്. മടപ്ലാതുരുത്തിൽ നാരായണൻ മാസ്റ്ററുടെ വീടിനു കിഴക്കുവശത്ത് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വേർതിരിയുന്നിടത്ത് ഒരു കൈത്തിക്കല്ലുണ്ടായിരുന്നതുകൊണ്ടും എക്സൈസ്കാരുടെ നിരന്തര സഞ്ചാരമുണ്ടായിരുന്നതുകൊണ്ടും ആരും വേലികെട്ടാതെ ഒരു പൊതുവഴിയുണ്ടായിരുന്നതായി പറഞ്ഞുകേൾക്കുന്നു. പറവൂരിൽനിന്നു കുഞ്ഞിത്തൈ കടവിലേക്ക് വരുന്ന ഒരു രാജപാതയുണ്ടായിരുന്നു. പള്ളിപ്പുറത്തുള്ള പോസ്റ്റാഫീസിലേക്ക് പോകാൻ അഞ്ചലോട്ടക്കാരൻ മണിയും കിലുക്കി വന്നിരുന്നത് ഈ പാതയിലൂടെയായിരുന്നു. കുഞ്ഞിത്തൈ, മാച്ചാംതുരുത്ത് കരകളെ ബന്ധിപ്പിക്കുന്ന കോൺക്രീററു പാലത്തിനു വളരെക്കാലത്തെ പഴക്കമുണ്ട്.

## 8. നവോത്ഥാനം

കേരളീയ നവോത്ഥാനത്തിന്റെ അലയൊലികളാരംഭിക്കുന്നത് ശ്രീനാരായണഗുരുവിന്റെ വചനങ്ങളിൽനിന്നായിരുന്നുവല്ലോ. പലപ്രാവശ്യം ഗുരു വടക്കേക്കരയിൽ എത്തുന്നുണ്ട്. 1894ൽ ആണ് ആദ്യ സന്ദർശനം. 1902ൽ ഗുരു മൂത്തകുന്നം ക്ഷേത്രത്തിൽ ശങ്കരനാരായണ പ്രതിഷ്ഠ നടത്തുന്നു. 1905ൽ വടക്കേക്കരയിലും പരിസരത്തുമുള്ള ആളുകളെ വിളിച്ചുവരുത്തി സ്വാമിയുടെ അദ്ധ്യക്ഷതയിൽ യോഗംകൂടുകയും താലികെട്ട്, പുലകുളി, വിവാഹം, തിരണ്ടുകല്യാണം തുടങ്ങിയ ആചാരങ്ങളിൽ മാററം വരുത്തുന്നതിനുപദേശിക്കുകയും ചെയ്തതായി H M D P സഭയുടെ ശതാബ്ദി സ്മരണികയിൽ കാണുന്നു. ഗുരുവിനൊപ്പം പുലയനുംവന്ന് സമ്മേളനംകൂടി. ശ്രീനാരായണ ഗുരു പറവൂർ വടക്കേക്കര പ്രദേശത്ത് അറിയപ്പെടുന്നതിനു മുൻപ് ചട്ടമ്പിസ്വാമികൾക്ക് ഇവിടെ പരിചയമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആരാധക

നായിരുന്ന ഒരു നാരായണൻനായർ മടപ്ലാത്തുരുത്തിൽ ഉണ്ടായിരുന്നത്രേ നാരായണൻ നായരുടെ ഭാര്യക്ക് രോഗംവന്നപ്പോൾ ആചാരങ്ങളെയെല്ലാം ലംഘിച്ച് അന്ന് അദ്ദേഹം പ്രസിദ്ധനായിരുന്ന ചെറായി കൊളവേലി കൃഷ്ണൻ വൈദ്യർ എന്ന ഈഴവനെ വരുത്തി ചികിത്സിച്ചു. വൈദ്യരും, നായരുടെ വീട്ടിൽ യാദൃശ്ചികമായി വന്നുചേർന്ന ചട്ടമ്പിയുമായി ചികിത്സാ സംബന്ധമായ ഒരു സംവാദം നടക്കുകയും കൃഷ്ണൻ വൈദ്യർ പരാജയപ്പെടുകയുംചെയ്തു. കൃഷ്ണൻവൈദ്യർ ചട്ടമ്പിയുടെ ആരാധകനായി. ചട്ടമ്പിയാണ് തന്റെ സതീർത്ഥ്യനായിരുന്ന ശ്രീനാരായണഗുരുവിനെ കൊളവേലിക്കും കൂട്ടുകാർക്കും പരിചയപ്പെടുത്തിക്കൊടുത്തതത്രേ. അങ്ങനെയാണ് ഗുരു ഈ പ്രദേശങ്ങളിൽ പരിചിതനാകുന്നത്.

ശ്രീനാരായണഗുരുവിന്റെ സതീർത്ഥ്യനായിരുന്ന വാരണപ്പിള്ളി നാരായണൻ വൈദ്യർ മൂത്തകുന്നത്തു വന്ന് വൈദ്യരംഗത്തു പരിശീലനം നേടിയിരുന്നത്രേ.

മുൻപഞ്ചായത്തു പ്രസിഡന്റ് ശ്രീ. വാസവന് ആ പേരിട്ടത് നാരായണഗുരു ആയിരുന്നു എന്നു കേട്ടിട്ടുണ്ട്. തുരുത്തിപ്പുറത്തുള്ള ശ്രീ. നാരായണൻ ചെട്ടിപ്പറമ്പിൽ (77) ശ്രീനാരായണ ഗുരുവിനോടൊത്ത്, അദ്ദേഹം വടക്കുംപുറത്തു വന്നപ്പോൾ ഏഴ ദിവസം താമസിച്ചിട്ടുണ്ട്. വടക്കുംപുറത്തുവച്ചുതന്നെ ഇദ്ദേഹം വള്ളത്തോളിനെ നേരിട്ടുകണ്ടു സംസാരിക്കുകയും ചെയ്തിട്ടുണ്ടത്രേ.

സഹോദരൻ അയ്യപ്പൻ നിരന്തരമായി വടക്കേക്കരയുടെ എല്ലാ കരകളിലും ബന്ധപ്പെട്ടിരുന്നതായും യോഗങ്ങൾ നടത്തിയിരുന്നതായും പഴയ ആളുകൾ പറയുന്നു. കുമാരനാശാൻ, ടി കെ മാധവൻ തുടങ്ങിയ മഹാത്മാക്കളും വടക്കേക്കര സന്ദർശിക്കുകയും ഈ പ്രദേശത്തെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുകയും ചെയ്തതായി രേഖകൾപറയുന്നു ഗുരുവിന്റെ പ്രശാന്തഗംഭീരമായ നവോത്ഥാന ചിന്തകൾ സഹോദരൻ അയ്യപ്പന്റെ പ്രഭാഷണ കൊടുങ്കാറ്റുകളിലൂടെയാണ് ഇവിടെ ചീറിയടിച്ചത്. വടക്കേക്കരയുടെ ഏതാണ്ടെല്ലാ കരകളിലും സഹോദരൻ പര്യടനം നടത്തി. ഈ എല്ലാ കരകളിലുംവെച്ച്, യാഥാസ്ഥിതികന്മാരായ പ്രമാണിമാരോ അവരുടെ ശിങ്കിടികളോ സഹോദരനെ അധിക്ഷേപിച്ചിട്ടുണ്ട്. പ്രഭാഷണം ഇടയ്ക്കുവച്ച് നിറുത്തി അദ്ദേഹത്തിനു മടങ്ങിപ്പോകേണ്ടതായി വന്നിട്ടുണ്ട്. കട്ടത്തുരുത്തിൽവച്ച് സഹോദരനുനേരെ ആക്രമണമുണ്ടായി. കുഞ്ഞിത്തൈയിൽവച്ച് നാരാത്ര കിട്ടൻ എന്നയാൾ അദ്ദേഹത്തിനു നേരെ വധഭീഷണി മുഴക്കുകയുണ്ടായി. വാവക്കാട്ടുവച്ച് ചെറുപിള്ളി കിട്ടപ്പൻ എന്ന പ്രമാണി അദ്ദേഹത്തിന്റെ മേൽ ചാണകവെള്ളം ഒഴിക്കുകയുണ്ടായി. ചെട്ടിക്കാട്ടിൽനിന്ന് കൊട്ടുവള്ളിക്കാട്ടിലേക്ക് വരികയായിരുന്ന അയ്യപ്പനെ ചാണകവെള്ളവും അണ്ടിനെയ്യും കലർത്തിയ മിശ്രിതംകൊണ്ട് കുളിപ്പിക്കാൻ നടത്തിയ ശ്രമത്തെ കുറിച്ചിറ കുമാരനാണ് പുളിയാമ്പിള്ളി തോടിനടുത്തുവച്ച് ധീരമായി തടുത്തത്. മാല്യങ്കരയിൽ ഓടാശേരി കൊച്ചുകുഞ്ഞുവിനെ സമുദായഭ്രഷ്ടനാക്കി. ചെട്ടിക്കാട് ബാലകൃഷ്ണൻ ഭ്രഷ്ട് കല്പിക്കപ്പെട്ട് നാടുവിട്ടുപോയി. വാവക്കാട് മരണാടിയന്തിരത്തിനു വിലക്കുകല്പിച്ചു. കട്ടത്തുരുത്തിൽ കെ എ ബാലന്റെ സഹോദരിയുടെ വിവാഹത്തിന് പ്രമാണിമാർ സദ്യ ബഹിഷ്കരിച്ചിറങ്ങിപ്പോയി. ഗുരു അന്തരിച്ച ദിവസം കറുത്ത ബാഡ്ജ് ധരിച്ചതിന് വിദ്യാർത്ഥികളെ സ്കൂളിൽനിന്നും പുറത്താക്കി. കൊട്ടുവള്ളിക്കാട്ടിലെ കൊച്ചുവാവ എന്ന മന്ത്രവാദി അയ്യപ്പന്റെമേൽ പുളിയുറുമ്പിൻകൂടും ചാരവും കുടഞ്ഞു. മാല്യങ്കരയിൽ ഈരേഴത്തു കുഞ്ഞിറ്റിയുടെ വീട്ടിൽ പന്തിഭോജനം നടന്നു. കുഞ്ഞിത്തൈയിൽ പന്തിഭോജനം നടത്തിയ അഞ്ചുപേർക്ക് വിലക്ക്. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ! ഈ പീഡനങ്ങൾക്കെല്ലാം ഇടയിലൂടെ മുഴക്കയ്യൻ ഷർട്ടുമിട്ട് ഒരു സിംഹത്തെ പോലെ തലയുയർത്തിപ്പിടിച്ച് അക്ഷോഭ്യനായി, എന്നാൽ നിശ്ചയ ദാർഢ്യത്തോടെ നടന്നുനീങ്ങുന്ന സഹോദരൻ അയ്യപ്പൻ എന്ന യുവാവിനെ, ധീരത പുരുഷാവതാരമെടുത്ത ആ രൂപത്തെ നമുക്കു സങ്കല്പിക്കാനാകും. ഒരു കാലഘട്ടത്തിൽ ഇളകിമറിഞ്ഞ വടക്കേക്കരയുടെ ചിത്രമാണു നാം കാണുന്നത്. വലിയൊരു ഇളകിമറിയലിനുശേഷം വടക്കേക്കര മറ്റു പ്രദേശങ്ങളെപ്പോലെതന്നെ ശാന്തമായി. അപ്പോഴെയ്ക്കും നമ്മുടെ സമൂഹത്തിന്റെ രൂപവും ഭാവവും ആകെ മാറിപ്പോയിരുന്നു. ചെറുപ്പക്കാരുടെ കുടുമ മുറിഞ്ഞു വീണിരുന്നു. ഈഴവനും പുലയനും തോളിൽ കയ്യിട്ടു നടക്കാൻ തുടങ്ങിയിരുന്നു. വിദ്യാഭ്യാസം എല്ലാവരുടേയും അവകാശമായി മാറിക്കഴിഞ്ഞിരുന്നു. വഴി നടക്കാനുള്ള അവകാശം, ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള അവകാശം ഇതെല്ലാം കാലക്രമേണ എല്ലാ ആളുകളുടേയും അനിഷേധ്യ സ്വാതന്ത്ര്യത്തിന്റെ കൊടിയടയാളങ്ങളായി. ചുരുക്കത്തിൽ മനുഷ്യനെ മനുഷ്യനു തിരിച്ചറിയാൻ കഴിയാറായി. ഇതിനെല്ലാം കാരണഭൂതനായ സഹോദരൻ അയ്യപ്പനെ, എച്ച് എം ഡി പി സഭ തള്ളിപ്പറയുകയും ബഹിഷ്കരിക്കുകയും ചെയ്തു എന്ന വസ്തുത ഒരു ചരിത്ര സംഭവമായി നിലനിന്നുകൊള്ളട്ടെ. ’61 ൽ മന്ത്രിയായിരുന്ന അയ്യപ്പന് സഭ തന്നെ സ്വീകരണം കൊടുക്കുകയും അവിടെ ഷെയിം വിളികൾ മുഴങ്ങുകയുമുണ്ടായി. പിന്നീട് മാല്യങ്കര

കോളേജിനു തറക്കല്ലിടാനും സഹോദരൻതന്നെ ക്ഷണിക്കപ്പെട്ടു എന്നത് നമുക്കിടയിൽ നടന്ന നവോത്ഥാനത്തിന്റെ ആഴത്തെ വെളിപ്പെടുത്തുന്നു.

വടക്കേക്കര എന്ന ഗ്രാമത്തിൽ നടന്ന നവോത്ഥാനത്തിന്റെ നഖചിത്രമാണ് മുകളിൽ കൊടുത്തത്. എന്നാൽ നവോത്ഥാനത്തിന്റെ കരസ്പർശം ആരിലൊക്കെയാണോ ചെന്നെത്തേണ്ടിയിരുന്നത് അവരിൽ വേണ്ടതരത്തിൽ അത് എത്തിച്ചേർന്നിട്ടുണ്ടോ എന്നു കൂടി പരിശോധിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ഏററവും അടിത്തട്ടിൽ കിടന്നിരുന്ന അധഃസ്ഥിത സമൂഹങ്ങളുടെ സാമൂഹ്യ സ്ഥാനത്തിൽ ഇന്നും കാര്യമായ മാററമൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത നിലനിൽക്കുന്നു. അംബേദ്കറുടെയും അയ്യങ്കാളിയുടെയും വാക്കുകൾ അവർ ശ്രവിക്കാൻ തുടങ്ങിയിട്ട് നാളുകളധികമൊന്നുമായിട്ടില്ല.

ഈ വിഭാഗക്കാരുടെ ഉന്നമനത്തിനുതകുന്ന പദ്ധതികളുടെ ആവിഷ്കാരമായിരിക്കും വരാൻപോകുന്ന ആസൂത്രണ പദ്ധതികളെ അർത്ഥവത്താക്കാൻ പോകുന്നത്. ഇതു വടക്കേക്കരയുടെ മാത്രം കാര്യമല്ലെന്നുകൂടി ഇവിടെ സൂചിപ്പിച്ചു വയ്ക്കട്ടെ.

## 9. ദേശീയപ്രക്ഷോഭം

കേരളത്തിന്റെ മൊത്തം ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമായിക്കാണാവുന്ന ഒരു വസ്തുതയുണ്ട്. നവോത്ഥാനത്തിന്റെ തുടർച്ച എന്ന നിലയിലാണ് ദേശീയപ്രക്ഷോഭം ഇവിടെ രൂപംകൊണ്ടത് എന്നതാണത്. എന്നാൽ മനുഷ്യനേയും മനുഷ്യനേയും വേർതിരിച്ചുനിറുത്തുന്ന സാമൂഹ്യാസമത്വങ്ങളുടെ വേലിക്കെട്ടുകൾ തൊട്ടറിഞ്ഞുപോന്ന കേരളീയമനസ്സിന് ദേശീയസമരത്തിന്റെ ആവശ്യകത ബ്രിട്ടീഷ് വിരുദ്ധവികാരത്തിന്റെ അന്തഃസത്ത ആഴത്തിലുൾക്കൊള്ളാനായില്ല. ആദ്യത്തേത് സാമൂഹ്യമായ മൃഗാവസ്ഥയെ അതിജീവിക്കുന്നതിന്റെ പ്രശ്നമായിരുന്നു അതിനെ മറികടക്കേണ്ടത് മനുഷ്യനെന്നനിലയിലുള്ള ജീവിതാസ്തിത്വത്തിന്റെ പ്രശ്നമായിരുന്നു രണ്ടാമത്തേത് അതിലും അൽപം അകലെ നിൽക്കുന്ന അധികാരത്തിന്റെ രാഷ്ട്രീയത്തിന്റെ വിഷയമായിരുന്നു. അതുകൊണ്ട് നവോത്ഥാനഘട്ടത്തിലുണ്ടായിരുന്ന വീറും വികാരവും ദേശീയ പ്രക്ഷോഭത്തെ മൊത്തത്തിലെടുത്താൽ ഉണ്ടായിരുന്നില്ലെന്നു കാണാം. ഇതു വടക്കേക്കരയെ സംബന്ധിച്ചും സത്യമായിരിക്കുന്നു.

രണ്ടാം ലോകയുദ്ധത്തിന്റെ തൊട്ടുമുന്നിലുള്ള കാലഘട്ടത്തിലാണ് സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ചൂടുപിടിച്ച പ്രവർത്തനങ്ങൾ നടക്കുന്നതെന്നു കാണാം. മൂത്തകുന്നം എച്ച് എം ഡി പി സഭയുടെ മാനേജരായിരുന്ന ശ്രീ. പി കെ കുമാരൻ M A B L ന്റെ മുൻകയ്യിൽ ഒട്ടനവധി പ്രകടനങ്ങൾ മൂത്തകുന്നത്തുനിന്ന് പറവൂർക്ക് നടന്നിട്ടുണ്ട്. പറയാട്ടുകാരനായ ശ്രീ. ഐ ദാസ് മൂത്തകുന്നത്തെ വിദ്യാർത്ഥിയായിരുന്നു. മടപ്ലാതുരുത്തുകാരനായിരുന്നെങ്കിലും പല്ലംതുരുത്തിൽ സ്ഥിരതാമസമാക്കിയിരുന്ന ശ്രീ. പി കെ കുമാരൻ MABL, ദാസുമായി നിരന്തരസമ്പർക്കത്തിലായിരുന്നു. ശ്രീ. കുമാരൻ വക്കീൽ സ്റ്റേററ് കോൺഗ്രസിന്റെ പത്താമത്തെ ഭാരവാഹിയായി (അറസ്ററ് നടക്കുന്ന ഘട്ടത്തിൽ ഭാരവാഹിത്വം ഓരോ ആളിലേക്കും കൈമാറിയിരുന്നു) രിക്കുകയും അറസ്റ്റു വരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഐ ദാസിന്റെ നേതൃത്വത്തിൽ 1939ൽ മൂത്തകുന്നത്തുനിന്നു പുറപ്പെട്ട ഒരു ജാഥ ഇടയ്ക്കുവച്ചു തടയപ്പെട്ടു ഇദ്ദേഹത്തെ കട്ടത്തുരുത്തിൽവച്ച് തോട്ടിൽ ഇറക്കിനിറുത്തി പ്രസംഗിപ്പിച്ച സംഭവം ശ്രീ. കെ എ ബാലൻ വിവരിക്കുകയുണ്ടായി. അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ സി പിക്കെതിരെ കോൺഗ്രസ് സമരം പ്രഖ്യാപിച്ച ഘട്ടത്തിൽ കുഞ്ഞിത്തൈയിലെ ഇക്കോരൻകുഞ്ഞി മകൻ കുമാരൻ തിരുവനന്തപുരത്തുവച്ചു നടന്ന കോൺഗ്രസ് സമ്മേളനത്തിൽ നമ്മുടെ പ്രദേശത്തെ പ്രതിനിധീകരിച്ചു പങ്കെടുത്തിട്ടുണ്ട്.

മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. മാധവൻ മാസ്റ്റർ കോൺഗ്രസിന്റെ വട്ടിയൂർക്കാവ് സമ്മേളനത്തിൽ പങ്കെടുത്തിട്ടുള്ളയാളും സ്റ്റേററ് കോൺഗ്രസിന്റെ വടക്കേക്കര ഭാഗത്തെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ളയാളുമാണ്.

മൂത്തകുന്നം സഭയുടെ സെക്രട്ടറിയായിരുന്നുകൊണ്ട് ശ്രീ. കുമാരൻ വക്കീൽ നടത്തിയിരുന്ന കോൺഗ്രസ് പ്രവർത്തനങ്ങൾ സി പിയെ ചൊടിപ്പിച്ചതായും സ്കൂൾ അംഗീകാരംതന്നെ പിൻവലിക്കാനുള്ള സാഹചര്യമുണ്ടായതായും പറയുന്നു. സി പിക്ക് മൂത്തകുന്നത്തുവച്ച് ഗംഭീരമായ ഒരു സ്വീകരണം നൽകിയാണ് ആ അവസ്ഥ ഒഴിവാക്കിയത്.

മൂത്തകുന്നം സ്കൂളിൽ 1934 മുതൽ അധ്യാപകനായി പ്രവർത്തിച്ചു പോരികയും ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്യുകയും ചെയ്ത നാരായണൻമാസ്റ്റർ സ്കൂളിനുമുന്നിൽ ഉത്തരവാദ പ്രക്ഷോഭണവുമായി ബന്ധപ്പെട്ട് ഐ ദാസ് നിരാഹാരമിരുന്ന കാര്യം പറയുകയുണ്ടായി.

അക്കാലത്ത് കാശ്മീരിൽവച്ച് നെഹ്റുവിന് പരിക്കേററ സംഭവവുമായി ബന്ധപ്പെട്ട് ഐസക് തോമസിന്റെയും മററും നേതൃത്വത്തിൽ പറവൂർ സ്കൂളിൽനിന്ന് ഒരു ജാഥ മൂത്തകുന്നം സ്കൂളിലെത്തുകയും

മൂത്തകുന്നം സ്കൂളിലെ എം സി പ്രഭാകരൻ തുടങ്ങിയവർകൂടി പങ്കെടുത്ത പ്രകടനം പിന്നീട് മാല്യങ്കര കടത്തും കടന്ന് പള്ളിപ്പുറം സെന്റ് മേരീസ് സ്കൂളിലെത്തുകയുമുണ്ടായി. അവിടെയുള്ള കുട്ടികളേയും പങ്കെടുപ്പിച്ച പ്രകടനം പള്ളിപ്പുറം ബോട്ട്ജെട്ടിയിലെത്തി. അവിടെ വന്നടുത്ത ബോട്ടിൽനിന്ന് ആളുകളെയെല്ലാം ഇറക്കി, നാന്നൂറോളം വരുന്ന കുട്ടികൾ ബോട്ടിൽ കുഞ്ഞിത്തൈയിൽ വന്നിറങ്ങി. അവിടെ നിന്ന് അവർ ജാഥയായി വീണ്ടും പറവൂർ സ്കൂളിലെത്തിയപ്പോൾ ഭീകരമായ ലാത്തിച്ചാർജ് നടക്കുകയും ആകാശത്തേക്ക് നിറയൊഴിക്കുകയും കുട്ടികൾ പിരിഞ്ഞുപോവുകയും ചെയ്തതായി പറയുന്നുണ്ട്.

ഉത്തരവാദ പ്രക്ഷോഭണകാലത്ത് (1936 ൽ) പറവൂരിൽ നടന്ന പിക്കറ്റിങ്ങിൽ ചെട്ടിക്കാട് പടമാടൻ കുഞ്ഞുവറുത്, പുളിക്കൽ മാധവൻ, കവിരാജൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു. 1938ൽ പട്ടംതാണുപിള്ള ടി എം വർഗീസ്, സി കേശവൻ എന്നിവർക്ക് മൂത്തകുന്നത്തു സ്വീകരണം നല്കിയതായി കുഞ്ഞമ്മാട്ട കുമാരൻ വിവരിച്ചു. കൊട്ടുവള്ളിക്കാട്ടിലുള്ള കുററിച്ചിറ കുമാരൻ, നെയ്ശേരി രാമകൃഷ്ണൻ എന്നിവർ ഉത്തരവാദ പ്രക്ഷോഭണവുമായി ബന്ധപ്പെട്ട് ജാഥകളിൽ പങ്കെടുത്തിട്ടുണ്ട്. പൗരധ്വനി പത്രം രഹസ്യമായി ഇവിടങ്ങളിൽ പ്രചരിച്ചിരുന്നു. 1936 ൽ പട്ടംതാണുപിള്ളയ്ക്ക് മാല്യങ്കരയിലെ പൗരസേന പണക്കിഴി നല്കി സ്വീകരിച്ചിട്ടുണ്ട്. തോട്ടാപ്പിള്ളി കുമാരൻ, ഓടാശേരി കുമാരൻ തുടങ്ങിയവർ മാല്യങ്കരയിലെ കോൺഗ്രസ് പ്രവർത്തനങ്ങളിൽ പങ്കെടുത്തവരായിരുന്നു.

സുപ്രധാനമായി എടുത്തുകാണിക്കേണ്ട മറെറാന്നുള്ളത് കുഞ്ഞിത്തൈയിലെ പെരിങ്ങാല വാവച്ചൻ മകൻ ഫ്രാൻസിസ് എന്ന വാറുട്ടി ഐ എൻ എ യിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നതാണ്. ക്യാപ്ററൻ ലക്ഷ്മിയുമൊത്ത് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച പറയുമ്പോൾ വൃദ്ധനായിരുന്നപ്പോൾ പോലും അദ്ദേഹത്തിനു വലിയ വീറും വാശിയുമായിരുന്നത്രേ ഇന്നദ്ദേഹം ജീവിച്ചിരുപ്പില്ല അവസാനകാലത്ത് കുഞ്ഞിത്തൈത്ത വിട്ടുപോവുകയും ചെയ്തു.

1948 ൽ നടന്നതായി പറയപ്പെടുന്ന പൊതു തെരഞ്ഞെടുപ്പിൽ വടക്കേക്കര നിയോജക മണ്ഡലം (അന്ന ഗോതുരുത്തും വടക്കേക്കരയിലായിരുന്നു.) ത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായി ശ്രീ. ഇ കെ മാധവനും കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി ശ്രീ. ശിവൻ പിള്ളയും സ്വതന്ത്രനായി ശങ്കരനാരായണൻ മാസ്റ്ററും മത്സരിച്ചു ശ്രീ. ഇ കെ മാധവൻ ഭൂരിപക്ഷം കിട്ടി വിജയിച്ചു

ഒതുമ്പുകാട്ട് കൊച്ചുഗോവിന്ദപിള്ളയുടെ മരുമകൻ അപ്പുക്കുട്ടമേനോൻ കോൺഗ്രസിന്റെ സജീവപ്രവർത്തകനായിരുന്നു.

പൊതുവിൽ, വിദ്യാഭ്യാസം നേടിയിരുന്നവരാണ് ഇത്തരം സമരങ്ങളുടെയെല്ലാം ഇടസ്ഥ് ചാടിവീഴുകയും പ്രവർത്തിക്കുകയുമൊക്കെ ചെയ്തിരുന്നതെന്ന് കാണാം. സാധാരണക്കാർ, ഇത്തരം രംഗത്തേക്ക് വ്യാപകമായി കടന്നുവരുന്നത് കമ്മ്യൂണിസ്റ്റു പാർട്ടി ഇവിടങ്ങളിൽ വേരുപിടിച്ചപ്പോഴാണ്. പാലിയം സമരത്തിൽ അങ്ങനെ വിപുലമായ ജനപങ്കാളിത്തം ഉണ്ടായിരുന്നതായി പറയുന്നുണ്ട്. മൂത്തകുന്നത്തെ എം സി പ്രഭാകരൻ, അയ്യപ്പസിംഗ്, സി കെ നാരായണൻ (കൊച്ചുപാപ്പൻ) എന്നിവർ സമരവളണ്ടിയർമാരായിരുന്നു ഇവിടെനിന്നും പോയ ജാഥക്കുവേണ്ടി ഗാനം രചിച്ചത് ശ്രീ. കെ കെ നാരായണൻ മാസ്റ്റർ ആയിരുന്നു.

മൂത്തകുന്നത്തുനിന്ന് പാലിയം സമരപ്രദേശത്തേക്കു പോയ ഒരു ജാഥയെ ആറങ്കാവിൽവച്ച് അഭിസംബോധന ചെയ്തുകൊണ്ട് മടപ്ലാതുരുത്തിലെ ശ്രീ. ശങ്കരനാരായണൻമാസ്റ്റർ സംസാരിച്ചതായി അദ്ദേഹം പറഞ്ഞു. മൂത്തകുന്നത്തെ മണിയനാശാനും ദേശീയ സമരത്തിലെ പങ്കാളിയായിരുന്നു.

ബ്രിട്ടീഷ് വിരുദ്ധ സമരകാലത്ത് പ്രചാരത്തിലിരുന്ന രണ്ടു പാട്ടുകൾ താഴെകൊടുക്കുന്നു.

''കൊടുക്കല്ലേ കരമൊരു ചില്ലി നൽകല്ലേ
ജനകീയ മന്ത്രി പറയട്ടെ കരം കൊടുക്കാൻ''
—കുഞ്ഞമ്മാട്ട കുമാരൻ (വാവക്കാട്) പാടിക്കേട്ടത്
''രാജാവിനെക്കണ്ടു സങ്കടങ്ങളുണർത്തുവാൻ
രാജധാനിവരെ ഞങ്ങൾ പോയി വരട്ടെ''
— മാധവൻ മാസ്റ്റർ പാടിക്കേട്ടത്

## 10. വിദ്യാഭ്യാസം

പഴയ ഗുരുകുല വിദ്യാഭ്യാസത്തിന്റെ പരിഷ്കാരവുമായി ബന്ധപ്പെട്ടായിരിക്കണം, എല്ലാ കരകളിലും ആശാൻ കളരികൾ നിലവിൽ വന്നിരുന്നു. അക്ഷരമാല, പ്രാഥമിക സംസ്കൃതപാഠങ്ങൾ എന്നിവയാണ് അവിടെ പഠിപ്പിച്ചിരുന്നത്. ഈഴവർ, അരയന്മാർ, ക്രിസ്ത്യാനികൾ എന്നിവർ സംസ്കൃതപഠനത്തിലേർപ്പെട്ടിരുന്നെങ്കിലും മററു താഴ്ന്ന ജാതിക്കാർ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരുന്നതേയില്ല. ആശാൻ ഓലയിൽ നാരായം കൊണ്ട് എഴുതിയാണ് പാഠങ്ങൾ പകർന്നു കൊടുത്തിരുന്നത്. ശ്രീനാരായണ സന്ദേശങ്ങൾ വ്യാപകമായി പ്രചാരത്തിലാകുന്നതിനു മുൻപു തന്നെ ഈ വിദ്യാഭ്യാസക്രമം ഇവിടെ സാമാന്യം നല്ല രീതിയിൽ പ്രചരിച്ചിരുന്നതായിട്ടാണ് അറിവ്.

ഗുരുവിന്റെ സമകാലികനായിരുന്ന പത്മപാദ തീർത്ഥർ (അദ്ദേഹത്തിന്റെ യൗവനക്കാലത്തായിരുന്നു സംഭവം. അന്നത്തെ പേരു് അറിയില്ല. അവധൂതനായതു് പിന്നീടാണ്) കുഞ്ഞിത്തൈയിലെ ക്രിസ്തീയ ഗൃഹമായിരുന്ന തറയിൽ വീട്ടിൽവന്നു് സംസ്കൃത വിദ്യാഭ്യാസം നൽകിയിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇദ്ദേഹം പുതിയകാവ് ആക്കപ്പിള്ളി കുടുംബക്കാരനും ശ്രീനാരായണ ഗുരുവിനോടൊപ്പം സാമൂഹ്യ പ്രവർത്തനത്തിലേർപ്പെട്ട അവധൂതനുമായിരുന്നു.

വാവക്കാട് വള്ളാട്ടുതറ അമ്പലത്തിനടുത്തുണ്ടായിരുന്ന ആശാൻ പള്ളിക്കൂടത്തിലാണ് ശ്രീ. കുഞ്ഞമ്മാട്ടു കുമാരൻ പഠിച്ചിരുന്നതത്രേ. ഇന്നദ്ദേഹത്തിനു് 82 വയസുണ്ട്. രണ്ടുപെൺകുട്ടികളടക്കം നാൽപതോളം പേർ അവിടെ വിദ്യാർത്ഥികളായുണ്ടായിരുന്നു.

കുഞ്ഞിത്തൈയിലെ മാക്കിയാശാൻ എന്ന അരയ സമുദായക്കാരൻ വിശ്രുതനായ ഒരു സംസ്കൃത വിദ്വാനായിരുന്നു. ഇദ്ദേഹം പണ്ഡിററ് കറുപ്പനോടൊപ്പം പഠിച്ചിട്ടുള്ളയാളാണ്. ഒരു കളരിയാശാനായിരുന്നു. കുഞ്ഞിത്തൈയിലെ പാളട്ടി ആശാൻ എന്ന ആംഗ്ലോ-ഇന്ത്യൻ മാച്ചാംതുരുത്തിലെ ചെമ്മനാട്ടു് കപ്പേളയിൽ ഒരുപാടു നാൾ ഒരു കളരി നടത്തിയിരുന്നു. ഇങ്ങനെ എല്ലാ കരകളിലും കളരികളുണ്ടായിരുന്നു. വിദ്യാഭ്യാസത്തിന്റെ, അക്ഷരത്തിന്റെ ആദ്യ മുത്തുകൾ പകർന്നുകൊടുത്തിരുന്ന ഈ കളരികൾ ആധുനിക രീതിയിലുള്ള വിദ്യാലയങ്ങൾ പ്രചാരത്തിൽ വന്നതിനുശേഷവും ഏറെക്കാലം തുടർന്നു പോന്നു. ഇവിടെ പ്രാഥമിക വിദ്യാഭ്യാസം നിർവഹിക്കുക എന്നതായി പിന്നീടുള്ള ക്രമം. സംസ്കൃത പഠനങ്ങളെല്ലാം ആശാൻ കളരികളിൽനിന്നു് ഇടയ്ക്കെവിടെയോ വച്ചു നഷ്ടമായി. പല കളരികളും പിന്നീട് ആധുനിക വിദ്യാഭ്യാസകേന്ദ്രങ്ങളായ ചരിത്രവുമുണ്ട്.

വടക്കേക്കരയിൽ ആധുനിക വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പുതിയകാവിൽ ഒരു സർക്കാർ മിഡിൽ സ്കൂളും, ചേന്ദമംഗലം, ഗോതുരുത്തു് എന്നിവിടങ്ങളിൽ ഹൈസ്കൂളുമുണ്ടായിരുന്നു. പിന്നെയുള്ളതു് പറവൂർ ടൗണിലെ ഹൈസ്കൂളാണ്.

ആദ്യമായി നമ്മുടെ പ്രദേശത്ത് വിദ്യാലയമുണ്ടാകുന്നത് മൂത്തകുന്നത്തു തന്നെയാണ്. 1897ൽ സ്ഥാപിക്കപ്പെട്ട എൽ പി ബി എസ് ആണ് ആദ്യത്തെ സ്ഥാപനം. തൊട്ടടുത്തു പാലത്തിനരികിൽ ഇപ്പോൾ നിലകൊള്ളുന്ന എൽ പി ജി എസ് സ്ഥാപിച്ചത് 1912 ൽ ആണ്. 1922 ൽ ഇന്നു് ഹൈസ്കൂളായി നിലകൊള്ളുന്ന എസ് എൻ എം ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചു. ഇത് 1934 ൽ ഇംഗ്ലീഷ് ഹൈസ്കൂളായി വികസിച്ചു.

ആദ്യം പറഞ്ഞ രണ്ടു സ്കൂളുകളും സർക്കാർ സ്കൂളുകളാണെങ്കിലും അവയുടെ സർവതോമുഖമായ പ്രവർത്തനങ്ങളെയും കയ്യയച്ചു സഹായിച്ചിരുന്നത് മൂത്തകുന്നം എച്ച് എം ഡി പി സഭയായിരുന്നു. മൂന്നാമത്തേത് സഭ നേരിട്ടു സ്ഥാപിച്ചതുമാണ്.

1909ൽ വാവക്കാട് ഉറുമാപ്പറമ്പിൽ കുഞ്ഞു മുൻകൈയെടുത്തു സ്ഥാപിച്ചതാണ് വാവക്കാട് എം പി സ്കൂൾ. രണ്ടു കൊല്ലത്തിനുശേഷം വാവക്കാടുതന്നെ ഒരു എം പി ഗേൾസ് സ്കൂളും സ്ഥാപിച്ചു. ഇതിൽ ഒരെണ്ണം കാലക്രമേണ ഇല്ലാതെ ആയെങ്കിലും ഇന്നു് വാവക്കാട് നിലനിന്നു പോരുന്ന എൽ പി സ്കൂൾ, അവശേഷിച്ച നിലനിന്ന അപര സ്കൂളാണ്. ക്ഷേമാഭിവർദ്ധിനിസഭയുടെ നേതൃത്വത്തിലാണ് ഈ രണ്ടു സ്കൂളുകളും പ്രവർത്തിച്ചിരുന്നതു്.

ഇതിനുശേഷം തുടങ്ങിയതാണ് ക്രിസ്തീയസഭക്കാർ നടത്തിപ്പോരുന്ന തുരുത്തിപ്പുറം സെൻറ്പീററർ സ്കൂൾ. അതിനുതൊട്ടടുത്തുതന്നെയുള്ള എസ് എൻ വി എൽ പി സ്കൂൾ 1932ൽ ആണ് തുടങ്ങിയത്. ചെറിയചാണാശേരി കുഞ്ഞുക്കോരുവിന്റെ നേതൃത്വത്തിൽ തുടങ്ങിയ ആ സ്കൂൾ വളരെ പ്രയാസപ്പെട്ടാണ് നിലനിറുത്തിപ്പോന്നത്. പിന്നീടത് H M D P സഭയ്ക്കു വിട്ടുകൊടുക്കുകയും സഭ കാലാന്തരത്തിൽ അതു സർക്കാരിലേക്കു വിട്ടുകൊടുക്കുകയും ചെയ്തു.

ഇപ്പോൾ മാല്യങ്കര, കുഞ്ഞിത്തൈ, കൊട്ടുവള്ളിക്കാട്, മൂത്തകുന്നം, തുരുത്തിപ്പുറം, വാവക്കാട് എന്നീ കരകളിൽ പ്രൈമറി സ്കൂളുകളും കൊട്ടുവള്ളിക്കാട്, മൂത്തകുന്നം എന്നീ കരകളിൽ ഹൈസ്കൂളുകളും നിലവിലുണ്ട്. മാല്യങ്കരയിൽ കോളേജ്, മൂത്തകുന്നത്ത് ബി എഡ് കോളേജ്, ട്രെയിനിംഗ് സ്കൂൾ, I T C എന്നീ സ്ഥാപനങ്ങളും നിലവിലുണ്ട്. എല്ലാ കരകളിലും അംഗൻവാടികൾ പ്രവർത്തിച്ചുപോരുന്നുണ്ട്.

ആദ്യമായി കരയിൽ ഡിഗ്രി പാസായത് മടപ്ലാതുരുത്തിലെ പി കെ കുമാരൻ BA BL, പി കെ കുമാരൻ MA BL എന്നിവരായിരുന്നു എന്നാണറിവ്. ഇവർ രണ്ടുപേരും പുല്ലാറക്കാട്ടു് കുടുംബക്കാരായിരുന്നു. പി കെ കുമാരൻ MA BL എച്ച് എം ഡി പി സഭയുടെ മാനേജരായി പ്രവർത്തിച്ചിട്ടുള്ളയാളാണ്. 1933ൽ ഡിഗ്രി പാസായ ശങ്കരനാരായണൻമാസ്റ്റർക്ക് മടപ്ലാതുരുത്തിൽ വലിയ സ്വീകരണം കൊടുത്തത് അദ്ദേഹം വിവരിക്കുകയുണ്ടായി. പിന്നീട് ഒട്ടുവളരെ പ്രശസ്തന്മാർ ഉന്നതവിദ്യാഭ്യാസം ലഭിച്ചവരായി ഈ പ്രദേശത്തുനിന്നു് ഉയർന്നു വന്നിട്ടുണ്ട്. ജസ്റ്റിസ് നരേന്ദ്രൻ, പ്രശസ്ത അഭിഭാഷകനായ ടി വി പ്രഭാകരൻ എന്നിവർ ഇന്നും നമ്മുടെ കരയുടെ ഖ്യാതി നിലനിറുത്തിക്കൊണ്ടു

ജീവിക്കുന്നു. കുഞ്ഞിത്തൈയിലെ ചില്ലങ്ങര ജോർജ്ജ് വക്കീൽ പ്രദേശത്തെ ആദ്യത്തെ പഞ്ചായത്തു പ്രസിഡൻറായിരുന്ന് ദീർഘകാലം പ്രവർത്തിച്ചയാളാണ്. ഇന്നദ്ദേഹം ജീവിച്ചിരിപ്പില്ല. PSC നിലവിൽവന്ന ശേഷം ആദ്യമായി ഈ പ്രദേശത്തു ജോലി ലഭിച്ചത് മടപ്ലാതുരുത്തിലെ കൊച്ചുതൊമ്മൻ മാസ്ററർക്ക് ആയിരുന്നു.

വിദ്യാഭ്യാസ പ്രശ്നത്തിലും ഈഴവർക്ക താഴെയുള്ളവരുടെ നില അങ്ങേയററം പരുങ്ങലിലാണ്. കുടുംബികരം, പട്ടികജാതി-പട്ടികവർഗക്കാർ, വാലന്മാർ തുടങ്ങിയവർക്കിടയിൽ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയാണ് നിലനിൽക്കുന്നത്. ഈഴവർക്കിടയിലും ക്രിസ്ത്യാനികരക്കിടയിലും പൊതുവിദ്യാഭ്യാസത്തിൻെറ പ്രാധാന്യം പ്രായേണ അംഗീകരിക്കപ്പെട്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് നാലു ലൈബ്രറികരം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൂത്തകുന്നം ആശാൻ മെമ്മോറിയൽ വായനശാല 1930 ലും വാവക്കാട് ഗുരുദേവ മെമ്മോറിയൽ വായനശാല 1956ലും തുരുത്തിപ്പുറം നാഷണൽലൈബ്രറി 1950ലും പ്രവർത്തനമാരംഭിച്ചു. കൊട്ടുവള്ളിക്കാട് 50 വർഷങ്ങരംക്കുമുൻപ് 2 വായനശാലകരം പ്രവർത്തിച്ചിരുന്നു. ഇപ്പോരം നിർജീവാവസ്ഥയിലാണ്. 1929-35കാലയളവിൽ മാല്യങ്കരയിൽ ചിത്രോദയം എന്ന പേരിൽ ഒരു വായനശാല പ്രവർത്തിച്ചിരുന്നു. ഇപ്പോഴില്ല.

മേൽപ്പറഞ്ഞവ കൂടാതെ പഞ്ചായത്ത് ആഫീസിൽ പ്രവർത്തിച്ചുപോരുന്ന ദിനരാജ് മെമ്മോറിയൽ ലൈബ്രറിയുമുണ്ട്.

സർട്ടിഫിക്കററും ഡിഗ്രിയും നൽകുന്നില്ല എന്ന പരിമിതികരംക്കപ്പുറത്ത് വായനശാലകരം അനൗദ്യോഗികമായി നല്കിപ്പോന്ന വിദ്യാഭ്യാസം നവോത്ഥാനത്തിൻെറ തുടിപ്പിനെ ഒരളവോളമെങ്കിലും കാത്തുസൂക്ഷിച്ചുപോന്നിട്ടുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഘടകങ്ങരം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സജീവമായി പ്രവർത്തിച്ചുപോരുന്നു.

## 11. കല-സാഹിത്യം

വടക്കേക്കര പ്രദേശത്തിൻെറതു മാത്രമായി എന്തെങ്കിലും കലാരൂപങ്ങരം നിലനിന്നുപോന്നതായി ഒരു തെളിവുമില്ല. എന്നിരുന്നാലും പൊതുവിൽ പ്രചരിച്ചുപോന്ന കലാരൂപങ്ങളിൽ പ്രാവീണ്യം നേടിയവർ ഇവിടെ ഏറെയുണ്ടായിരുന്നു. അത്തരം കലകളും നന്നായി പ്രചരിച്ചുപോന്നു.

ഈഴവരുടെ വിവാഹച്ചടങ്ങിൻെറ ഭാഗമായി നടന്നിരുന്ന 'അമ്മാനാട്ട'ത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലോ. പാട്ടുംപാടി അഞ്ച് അമ്മാനക്കായകരം കൊണ്ട് കറുപ്പത്തികരം നടത്തിയിരുന്ന ആ അഭ്യാസം നല്ല വൈദഗ്ധ്യം ആവശ്യപ്പെട്ടിരുന്ന ഒരു കലാരൂപമായിരുന്നു. അതറിയാവുന്നവർ ഇന്ന് ആരും അവശേഷിക്കുന്നില്ല.

ചെണ്ടകൊട്ടിൽ ഈ പ്രദേശത്തു പ്രാവീണ്യം നേടിയിരുന്നവർ കുറവന്മാരായിരുന്നു. അപ്പുക്കുറവൻ, അദ്ദേഹത്തിൻെറ സഹോദരർ, മക്കരം തുടങ്ങിയവർ എല്ലാം പ്രഗത്ഭമായി ഇതു് കൈകാര്യം ചെയ്തിരുന്നവരാണ്. അപ്പുക്കുറവൻെറ കണ്ണുകെട്ടി കത്തികൊണ്ടുനടത്തുന്ന തായമ്പക പ്രസിദ്ധമായിരുന്നു. അപ്പുക്കുറവനും ഭാര്യ അമ്മിണിക്കുറത്തിയുംകൂടി കർക്കിടക രാവുകളിൽ പുള്ളോപ്പാട്ടും പാടിയിരുന്നു. അവരുടെ നന്തുണി ഇപ്പോഴും പലരും ഓർക്കുന്നുണ്ട്.

കുഞ്ഞിത്തൈ പ്രദേശത്തെ വാലസമുദായക്കാർക്കിടയിൽ നല്ലൊരു ഉടുക്കുകൊട്ടു സംഘം ഇപ്പോഴും നിലനിന്നുപോരുന്നുണ്ട്. പണ്ടുമുതലേ ഇവർക്കിടയിൽ ഈ കല പ്രചരിച്ചുപോരുന്നു. 'പണ്ട് പരമശിവൻ പാർവതിയെ വിവാഹം ചെയ്തിട്ടങ്ങൊരുദിനം....' മണ്ഡലക്കാലത്തു് പ്രദേശത്തെങ്ങും ഇവരുടെ പ്രാഗത്ഭ്യം മുഴങ്ങിക്കേരംക്കാറുണ്ട്.

മാല്യങ്കരയിലും, കട്ടത്തുരുത്തിലും പ്രസിദ്ധരായ നാദസ്വരവിദ്വാന്മാർ ഉണ്ടായിരുന്നത്രേ ഇന്നാരും ആ പാരമ്പര്യം തുടർന്നു കാണുന്നില്ല.

മൂത്തകുന്നം പീപ്പിരംസ് ആർട്ട്സ് ക്ലബ്ബ് നാടക അവതരണ രംഗത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. തുടർന്നു് കേരള ആർട്ട്സ് എന്ന കലാ സംഘടനയും പ്രവർത്തിച്ചിരുന്നു. ഇന്നു് പറവൂർ സ്ഥിരതാമസമാക്കിയിട്ടുള്ള മൂത്തകുന്നത്തുകാരൻ രാജൻ പുഞ്ചരി (റിട്ട. തഹസിൽദാർ) എഴുതിയ നാടകങ്ങളാണ് കേരള ആർട്ട്സ് കൂടുതലും അവതരിപ്പിച്ചിരുന്നത്. രാജൻ മൂത്തകുന്നം ബാലസാഹിത്യകാരനും കവിയുമാണ്.

കുഞ്ഞിത്തൈയിലും വാവക്കാട്ടും നാടകത്തിൽ വിദഗ്ധരായവർ ഏറെയുണ്ടായിരുന്നു. ജോർജ് ചടയംമുറി (സീനിയർ) എഴുതിയ കരുണ, മഗ്ദലന മറിയം നാടകങ്ങരം വടക്കേക്കരയ്ക്കുപുറത്തും അഭിനയിച്ചു പോന്നിരുന്നു. ചടയംമുറി ഒരു നോവലിസ്റ്റും സത്യനാദം പത്രത്തിൻെറ സബ് എഡിററും കൂടിയായിരുന്നു. അദ്ദേഹത്തിൻെറ നോവലിൻെറ പേരു് കുടുംബകഥാ.

വാവക്കാട് ചിണ്ടൻ ആശാൻ, സുബ്രഹ്മണ്യൻ ആശാൻ, വേലായുധൻ ആശാൻ തുടങ്ങി ഒട്ടുവളരെ

നാടകക്കളരി ആശാന്മാരുണ്ടായിരുന്നു. കോവിലൻ ചരിതം, നല്ലതങ്കാൾ, വള്ളിയമ്മാൾ ചരിതം തുടങ്ങിയ തമിഴ് നാടകങ്ങൾ ഇവിടെ പഠിച്ച് അവതരിപ്പിച്ചിരുന്നു. പാട്ടുകാരൻ ഗോപാലൻ സംഗീതത്തിലും, പാപ്പൂട്ടി, കൃഷ്ണൻ എന്നീ ആശാന്മാർ മൃദംഗത്തിലും പ്രവീണരായിരുന്നു.

ചവിട്ടുനാടകം ഗോതുരുത്തിലെ ക്രിസ്ത്യാനികൾക്കിടയിൽനിന്ന് ഈ പ്രദേശത്തേക്കും വ്യാപിച്ചിരുന്നു. ഈയടുത്തകാലത്ത് അതു പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഈയടുത്തദിവസം അന്തരിച്ച ചവിട്ടുനാടക ആചാര്യൻ ജോർജ്കുട്ടി ആശാൻ ഗോതുരുത്തുകാരൻ ആയിരുന്നു. തട്ടുതകർപ്പൻ ശൈലിയിലുള്ള ഈ കലാരൂപത്തിൻെറ ഏററവും പ്രസിദ്ധ സാഹിത്യം കാറൽമാൻ ചരിതമാണ്.

മാല്യങ്കരയിൽ ഈരേഴത്ത് വാസുദേവൻ എന്ന കവിയുടെ ഉദ്ബോധനം എന്ന കവിത പ്രസിദ്ധീകൃതമായിട്ടുണ്ട്. അതുപോലെ പാല്യത്തുരുത്തിലെ ബാലകൃഷ്ണനും കവിതമുള്ളയാളായിരുന്നു.

പുലയന്മാർക്കിടയിൽ പ്രചരിച്ചുപോന്ന ചില സുന്ദരകലാരൂപങ്ങളുണ്ട്. പരിചമുട്ട്, കോൽക്കളി, ചോട്ടുകളി തുടങ്ങിയവ. തുരുത്തിപ്പുറത്തെ പേങ്ങൻ ആശാൻ ഇവയിൽ വിദഗ്ധനായിരുന്നു. അക്ഷരാഭ്യാസമില്ലാതിരുന്ന ഇദ്ദേഹം 'ഭീമൻകളി' എന്നൊരു രൂപകം ഉണ്ടാക്കിയിട്ടുണ്ട്. അതിൻെറ സംഭാഷണങ്ങൾ പറഞ്ഞു പറഞ്ഞു രൂപപ്പെടുത്തി, അക്ഷരം അറിവുള്ളവരെക്കൊണ്ടു പകർത്തിയെഴുതിച്ചാണ് പിന്നീട് അതു കലാരൂപമാക്കി വികസിപ്പിച്ചെടുത്തത്. ഈ നാടകം പല ഭാഗങ്ങളിലും അവതരിപ്പിച്ച് കാണികളുടെ പ്രശംസ പിടിച്ചുപററിയതായി പറയപ്പെടുന്നു.

**മുരുക്കുംതറ മദ്ദളംപോലെ**

കട്ടത്തുരുത്തിലെ മദ്ദള വിദ്വാൻ മുരുക്കുംതറ മദ്ദളവുമായി വഴിയിലൂടെ നടന്നുപോവുകയാണ്. രാജഭടന്മാർ പിടികൂടി. ഇതെന്ത് എന്നു ചോദ്യം. മദ്ദളം എന്നു മറുപടി. വായിക്കു എന്ന് ആജ്ഞ. മദ്ദളത്തിന്മേൽ തിരുതകൃതിയായ കൊട്ട്. അവസാനിപ്പിക്കാൻ സമ്മതിക്കുന്നില്ല. മുന്നോട്ടും പിന്നോട്ടും നടന്നു കൊട്ട്. അവസാനം മുന്നോട്ടു നടന്നുള്ള കൊട്ടിൻെറ ഭാഗമായി മുന്നോട്ടുതന്നെ ഓട്ടം. പട്ടാളക്കാരിൽനിന്നും രക്ഷനേടി. അങ്ങനെ ഒരു ശൈലിയും രൂപപ്പെട്ടു.

മൂത്തകുന്നത്ത് കഥകളി വിദ്വാന്മാർ ഉണ്ടായിരുന്നു. പഴയാട്ടി ഇട്ട്യാതി കഥകളിപ്പാട്ടുകാരനായിരുന്നു. തറയിൽ മാമി വൈദ്യർ, കളവമ്പാറ പ്രഭു തുടങ്ങിയ നിരവധിപേർ ചേർന്ന് കംസനാടകം അവതരിപ്പിച്ചിരുന്നു. കറപ്പനാശാനാണ് ചേങ്ങല കൊട്ടിയിരുന്നത്.

കായികകലയിൽ വൈദഗ്ധ്യം പ്രകടിപ്പിച്ചവരും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. അക്കാലത്തെ പ്രധാനമായ കായികവിനോദം തലപ്പന്തുകളിയായിരുന്നു. ഇന്ന് നാടൻപന്തുകളി എന്ന പേരിൽ ഇടയ്ക്കൊക്കെ അതു മുഖം കാണിക്കാറുണ്ട് - ടി വി യിലും മററും. ഏതാണ്ട്, ക്രിക്കററിൻെറ വിദേശ സഹോദരൻ എന്നു പറയാവുന്ന ഒരു കളിയാണത്. നൂലുകൊണ്ടുണ്ടാക്കിയ വലിയ പന്ത്, കുത്തിനിറുത്തുന്ന കോൽ ഇതൊക്കെ ആ കളിയിലെ ഉപകരണങ്ങളാണ്. അളുവാൻ പൈലി ഈ കളിയിലെ എന്നത്തേയും റെക്കോർഡ് ഹോൾഡറാണ്. കുഞ്ഞിത്തൈക്കാരനായ ഇദ്ദേഹം പറവൂർ കോടതിയുടെ മുകളിലൂടെ തലപ്പന്ത് അടിച്ചു തെറിപ്പിച്ചിട്ടുണ്ടത്രേ. ഇന്ന് ഈ കല അന്യംനിന്നു പോയിരിക്കുന്നു.

ഓണക്കാലത്ത് സ്ത്രീകളും പുരുഷന്മാരും ഒത്തുചേർന്നു കളിക്കുന്ന ഓണക്കളി (കൈകൊട്ടിക്കളി) ഒരു ഉത്സവകലയായിരുന്നു. പുരാണം പിടിച്ചു പാട്ടുണ്ടാക്കി എതിരുകളി നടത്തിയിരുന്നു. രസകരമായ ശൈലികളിൽ നീണ്ടുപോകുന്നതായിരുന്നു പാട്ടുകൾ. പാലാഴിമഥനം കഥ ഇത്തരത്തിലൊന്നാണ്.

കായിക-കലാ-സാഹിത്യ രംഗത്ത് സമ്പന്നമായ ചരിത്രമുള്ള ഒരു ജനതയാണ് വടക്കേക്കരക്കാർ. ഇന്നത്തേതുപോലെ കച്ചവടക്കണ്ണുള്ള മത്സരങ്ങൾ ഉണ്ടായിരുന്നില്ല എന്നു മാത്രം.

## 12. സമരങ്ങൾ-പ്രക്ഷോഭങ്ങൾ

1887ൽ വടക്കേക്കര പ്രദേശത്ത് ആദ്യമായി ഒരു സമരം നടന്നതിൻെറ ചരിത്രം മൂത്തകുന്നം HMDP സഭയുടെ ശതാബ്ദി സ്മരണികയിൽ വിവരിക്കുന്നുണ്ട്. മുനമ്പം-പള്ളിപ്പുറം പ്രദേശങ്ങളും അവയോടു ചേർന്ന തൈവെയ്പുകൾ എന്ന നിലയിലുള്ള മൂത്തകുന്നം, മാല്യങ്കര, ചെട്ടിക്കാട്, കൊട്ടുവള്ളിക്കാട് പ്രദേശങ്ങളും ദീർഘനാളത്തേക്ക് തിരുവിതാംകൂർ സർക്കാർ പാട്ടത്തിനു കൊടുത്തിരുന്നു. പാട്ടം തീർന്നപ്പോൾ ഭൂമി സർക്കാരിലേക്ക് തിരികെ ചേർത്തെങ്കിലും പാട്ടക്കാരുടെ അതേ കണക്കിലുള്ള ഉയർന്ന നികുതി സർക്കാരും പിരിക്കാൻ തുടങ്ങി. മററു പ്രദേശങ്ങളിലെ നികുതിയുമായി ഈ പ്രദേശത്തെ നികുതി ഏകീകരിക്കണമെന്നതായിരുന്നു സമരത്തിനടിസ്ഥാനമായ സംഗതി. ഏതാണ്ട് രണ്ടായിരത്തിൽ താഴെ രൂപ ഈ സമരത്തിനായി ചെലവഴിച്ചുവത്രേ. അന്ന് 1887ൽ അതെത്രവലിയ തുകയാണെന്നു ആലോചിച്ചുനോക്കുക. സമരം വിജയം കൈവരിച്ചതായി മേൽപ്പറഞ്ഞ രേഖയിൽ പറയുന്നു. കാർഷികമേഖലയിൽ നടന്ന ആദ്യത്തെ സമരമായി ഇതിനെ സ്മരണിക ഉയർത്തിക്കാട്ടുന്നു; അതും സർക്കാരിനെതിരെ.

പിന്നെയുണ്ടാകുന്നത് നവോത്ഥാന ഘട്ടത്തിലെ സമരങ്ങളും തുടർന്ന് ദേശീയ സമരങ്ങളുടെ ഭാഗമായി വന്ന സമരങ്ങളുമാണ്. അവയുടെ ചരിത്രം നമ്മൾ വേറെ വേറെയായി പരിശോധിച്ചു കഴിഞ്ഞതാണ്.

പാലിയം സത്യാഗ്രഹമാണ് അടുത്തതായി ഉണ്ടാകുന്ന ബഹുജനസമരം (1948) അതിൽ പങ്കെടുത്തു കൊണ്ട് ആറങ്കാവ് പ്രദേശത്ത് ശങ്കരനാരായണൻ മാസ്റ്റർ സംസാരിച്ചതിനെക്കുറിച്ച് നാം സൂചിപ്പിച്ചു കഴിഞ്ഞു. കമ്മ്യൂണിസ്റ്റു പ്രവർത്തകരുടെ മുൻകയ്യിൽ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന ഒരു സമരമാണത്. മുൻകാലങ്ങളിൽ നടന്ന നവോത്ഥാന ശ്രമങ്ങളുടെ ഒരു തുടർച്ചയുണ്ട് ആ സമരത്തിന്. ഒരു ശിവരാത്രി ദിവസമാണ് സമരം മൂർദ്ധന്യത്തിലെത്തുന്നത്. പാലിയം സമരം കൊച്ചിയിലാണ് നടന്നതെങ്കിലും തിരുവിതാംകൂറുകാർ വിപുലമായി സമരത്തിൽ പങ്കെടുത്തിരുന്നു. പി. ഗംഗാധരൻ എഴുതിയ 'പാലിയം സമരം' എന്ന സമരചരിത്ര പുസ്തകത്തിൽ അണ്ടിപ്പിള്ളിക്കാവ് പാലിയം സമരസമിതി കൂടുന്നതിനുള്ള സങ്കേതമായിരുന്നെന്നു പറഞ്ഞിട്ടുണ്ട്. എ കെ ജി യെ സമരത്തിന്റെ ഭാഗമായി അണ്ടിപ്പിള്ളിക്കാവിൽവച്ച് സ്വീകരിച്ചിട്ടുണ്ട്. അന്തിക്കാട്, തൃശ്ശൂർ, ഇരിങ്ങാലക്കുട, ചാലക്കുടി എന്നിവിടങ്ങളിൽ നിന്നുള്ള ജാഥ മൂത്തകുന്നംവഴിയാണ് പാലിയത്തേക്ക നീങ്ങിയത്. പള്ളിപ്പുറത്തുനിന്നും മാല്യങ്കര, മൂത്തകുന്നം വഴിയും സമരജാഥകൾ നീങ്ങി.

സമരവുമായി ബന്ധപ്പെട്ട് മൂത്തകുന്നത്ത് ഒരു ചികിത്സാകേന്ദ്രം ഒരുക്കിയിരുന്നതായി പി ഗംഗാധരൻ തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്.

കൽക്കത്ത തീസിസിന്റെ അടിസ്ഥാനത്തിൽ നടന്ന ഇടപ്പള്ളി പോലീസ് സ്റ്റേഷനാക്രമണവും അതിനോടു ബന്ധപ്പെട്ട സംഭവങ്ങളുമാണ് പിന്നെ വിവരിക്കാനുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉശിരൻ പ്രവർത്തകനായിരുന്ന പാലിയത്തുരുത്തുകാരൻ കെ യു ദാസ് രക്തസാക്ഷിയാകുന്നത് അതോടു ബന്ധപ്പെട്ടാണ്. അദ്ദേഹത്തെ പോലീസുകാർ പിടിച്ച് നിഷ്ഠുരണം മർദ്ദിച്ചു കൊല്ലുകയായിരുന്നു.

തുടർന്നങ്ങോട്ടു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വളർച്ചയും പാർട്ടി നേതൃത്വത്തിൽ നടന്ന ട്രേഡ് യൂണിയൻ സമരങ്ങളുമാണ് നാം കാണുന്നത്. ഇവയിൽ സർവപ്രധാനമായിരിക്കുന്നത് പട്ടംതാണുപിള്ളയുടെ 1954 ലെ മിനിമംകൂലി പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വാവക്കാട് നടന്ന കയർ തൊഴിലാളി സമരം, മാല്യങ്കരയിൽ നടന്ന കർഷക തൊഴിലാളി സമരം, കുഞ്ഞിത്തൈയിൽ നടന്ന കയർ തൊഴിലാളി സമരം തുടങ്ങിയവയാണ്. 1970 ൽ നടന്ന പത്തുസെൻറ് സമരം, 1971 ൽ നടന്ന മിച്ചഭൂമി സമരം, ചെത്തുതൊഴിലാളി സമരം തുടങ്ങിയവയും ഒട്ടും അപ്രധാനമല്ല.

1954 ൽ നടന്ന തറയിൽ കയർ സമരത്തെ നയിച്ചിരുന്നത് എൻ കെ മാധവൻ, ടി എ പ്രഭാകരൻ (പള്ളിപ്പുറം), കെ എ ബാലൻ, കെ എസ് ഭാസ്കരൻ തുടങ്ങിയവരായിരുന്നു. കാപ്പുങ്ങൽ സുഭദ്ര, തറക്കണ്ടത്തിൽ രാമചന്ദ്രൻ തുടങ്ങിയ കുഞ്ഞിത്തൈക്കാരും അഴകി എന്ന മാല്യങ്കരക്കാരിയും ധീരരായ സമരസഖാക്കളെത്രെ. തറയിൽ കയർ ഗോഡൗണിൽനിന്നും ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടേയും നൂറുകണക്കിന് പോലീസുകാരുടേയും നേതൃത്വത്തിൽ മുതലാളിയുടെ ശിങ്കിടികൾ കയർ കയററിക്കൊണ്ടുപോകുന്ന സന്ദർഭത്തിൽ മാല്യങ്കരയിലെ അഴകി കയറുംകെട്ട് തലയിൽനിന്നും വലിച്ച് താഴെയിടുന്നു. കയറിന്റെ മുകളിൽ കാപ്പുങ്ങൽ സുഭദ്ര ചാടി കമിഴ്ന്നു വീഴുന്നു. ജനങ്ങൾ ആവേശഭരിതരായി. ഈ സമരത്തിന്റെ വിജയം പൊതുവിൽ വടക്കേക്കരയിലെ ജനങ്ങളുടെ കമ്മ്യൂണിസ്റ്റ് പക്ഷപാതത്തെ ത്വരിപ്പിച്ചിട്ടുണ്ട്.

ഈ സമരത്തിന്റെ ആവേശത്തിലാണ് കുഞ്ഞിത്തൈയിലെ മരക്കാപറമ്പിൽ അബുവിന്റെ കീഴിൽ പണിയെടുത്തിരുന്ന തൊഴിലാളികൾ സമരരംഗത്തേക്കിറങ്ങുന്നത്. ഇരുപത്തിഒന്നുപേരെ പ്രതികളാക്കി നടപടിയുണ്ടായി. കുററം സമ്മതിച്ച ഒരാളെ ശിക്ഷിച്ചതൊഴികെ (മാളിയേക്കൽ കുമാരനെ) മററുള്ള എല്ലാ പ്രതികളേയും പട്ടംതാണുപിള്ള സർക്കാർ കുററവിമുക്തരാക്കി. കൂലി കൂടുതൽ ലഭിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും തൊഴിലാളി മുന്നേററമുണ്ടാക്കുന്നതിൽ ആ സമരം വിജയിക്കുകതന്നെ ചെയ്തു.

164 ദിവസം നീണ്ടുനിന്ന മാല്യങ്കര താണിപ്പിള്ളി വാസുവിന്റെ വീട്ടുപടിക്കൽനടന്ന കർഷകത്തൊഴിലാളിസമരം പരാജയത്തിന്റെ കയ്പ് അനുഭവിച്ച ഒന്നായിരുന്നു. കുത്തിയിരുപ്പു സമരത്തെ തടയാൻ നടത്തപ്പെട്ട പീഢനങ്ങൾ, കുഴി കുഴിച്ചിടുക, പോലീസിന്റേയും ഗുണ്ടകളുടേയും മർദ്ദനങ്ങൾ, കള്ളക്കേസുകൾ, മണ്ണിറക്കുകാരെക്കൊണ്ട് കാർഷികപണി ചെയ്യിക്കുക ഇതൊക്കെ നേരിട്ടവരാണ് അതിൽ പങ്കെടുത്ത തൊഴിലാളികൾ. സ: വിശ്വംഭരൻ, പേങ്ങൻ, കാവു സഖാവ്, ടി കെ ഉത്തമൻ, കൊച്ചുപെണ്ണ് (ഇന്നത്തെ പഞ്ചായത്ത് ഡയറക്ടർ ശ്രീ. അപ്പുട്ടിയുടെ അമ്മ), ടി ഒ ആണ്ടി, ലക്ഷ്മി ശങ്കരൻ, കൊച്ചുപെണ്ണ് കൊച്ചാൽ, അഴകി പേങ്ങൻ, സോമൻ പൂമാലിൽ, കളങ്ങര നാരായണൻ, കെ കെ കൊച്ചപ്പൻ, കൊച്ചാഞ്ചിദംബരൻ, ടി സി ഗോപാലൻ, പുരുഷൻ തുടങ്ങി

എത്രയെത്ര ആളുകളാണ് പീഡനങ്ങൾ ഏററുവാങ്ങിയതെന്നതിനു കണക്കില്ല.

കളങ്ങര കൃഷ്ണൻ കാർത്തികേയൻെറ റാട്ടുകയർ തൊഴിലാളികൾ കൂലി കൂട്ടുതലിനുവേണ്ടി നടത്തിയ സമരവും സാങ്കേതികാർത്ഥത്തിൽ പരാജയപ്പെടുക തന്നെ ചെയ്തു. തൊഴിലാളികളെ പിരിച്ചുവിടുകയും റാട്ടുകൾ പൊളിച്ചു കളയുകയും ചെയ്തു. ലേബർ കോടതിയിൽ കേസുണ്ടായി. തൊഴിലാളികൾക്കനുകൂലമായി വിധി വരികയും തൊഴിലുടമയുടെ മേൽ ജപ്തി നടപടി ഉണ്ടാവുകയും ചെയ്തു. പക്ഷേ തൊഴിൽ നഷ്ടപ്പെട്ട നീലകണ്ഠൻ, കളങ്ങര കൃഷ്ണൻ, കമലാക്ഷൻ, ടി കെ ഉത്തമൻ, വിശ്വംഭരൻ, വി വി ബോസ്, പി കെ കുട്ടൻ, കളങ്ങര ശ്രീധരൻ, പി കെ വിശ്വനാഥൻ തുടങ്ങിയവർ ആ സമരത്തിൽ പങ്കെടുത്തവരിൽ ചിലരാണ്. പള്ളിപ്പുറത്തുനിന്ന് പ്രഭാകരൻ എന്നൊരാളും ആ സമരത്തിൽ പങ്കെടുത്തിരുന്നു. ചെട്ടിക്കാട്ടിലും കയർത്തൊഴിലാളി സമരം നടന്നതായി അറിവുണ്ടെങ്കിലും വിശദാംശങ്ങൾ വ്യക്തമല്ല.

ഒരു പ്രദേശത്ത് സമരം നടക്കുമ്പോൾ മററു കരയിലെ തൊഴിലാളികളൊക്കെ ഉൽപന്നങ്ങൾ ശേഖരിച്ചു കൊടുത്തും മററും അതിൽ പങ്കാളികളാകുന്ന രീതി വ്യാപകമായി ഉണ്ടായി.

1970ലെ പത്തുസെൻറ് സമരം പുതിയ തലമുറയൊഴിച്ചു മററുള്ളവരുടെയെല്ലാം ഓർമ്മയിൽ തങ്ങിനിൽക്കുന്നതാണ്. കുടികിടപ്പു ഭൂമിയുടെ വിതരണത്തെ ആ സമരം വളരെവേഗം ത്വരിതപ്പെടുത്തുകയുണ്ടായി. പാവപ്പെട്ട കുടികിടപ്പുകാരെ ഇറക്കിവിടുന്നതിൽനിന്നും നിയമംമൂലമുള്ള നിരോധനവും, അവരെ ഭൂവുടമകളാക്കുന്നതിൽ വിജയിക്കുക എന്നതു നേടിയെടുത്തതുമായ ആ സമരം ദൂരവ്യാപകമായ ഫലങ്ങളാണ് കേരളത്തിലെ കാർഷിക ഘടനയിലും സാമൂഹ്യഘടനയിലൊക്കെത്തന്നെയുമുണ്ടാക്കിയത്.

1971ലെ മിച്ചഭൂമിസമരവും അതുപോലെതന്നെ കാർഷികബന്ധങ്ങളെ ഉലച്ച ഒന്നാണ്. പത്തുസെൻറു സമരത്തിൻെറ വേദി വടക്കേക്കര പ്രദേശങ്ങൾ മൊത്തത്തിലായിരുന്നുവെങ്കിൽ കുഞ്ഞിത്തൈയിലെ ആഞ്ഞേപ്പറമ്പിൽ ആയിരുന്നു ഈ സമരത്തിൻെറ വേദി. മഴുവന്നൂർക്കാരുടെ സ്ഥലമായിരുന്നു അത്. ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ തുടങ്ങിയവർ പങ്കെടുത്ത ആ സമരം തെങ്ങുകയറിക്കൊണ്ട് അക്ഷരാർത്ഥത്തിൽ ഉദ്ഘാടനംചെയ്തത് ചെട്ടിക്കാട്ടിലെ തെങ്ങുകയററത്തൊഴിലാളിയായ സുകുമാരനാണ്.

## 13. മത-സാമൂഹ്യ സംഘടനകൾ

വടക്കേക്കരയിലെ ഏററവും പഴക്കംചെന്ന സ്ഥാപനം മൂത്തകുന്നം HMDP സഭയാണ്. 1882ൽ ആന്ധ്രക്കാരനായ ഒരു വെങ്കിടഗിരി ശാസ്ത്രികളുടെ നിർദ്ദേശാനുഗ്രഹങ്ങളോടെ ഉണ്ടായ സഭ ഇന്നു് വടക്കേക്കര പ്രദേശത്തിൻെറ മൊത്തം സാമൂഹ്യ സാമ്പത്തിക ഘടനയെ നിർണയിക്കുന്നതിനു കെൽപ്പുനേടിയ സംഘടനയാണ്. ഇതിൻെറ കീഴിലുണ്ടായ ക്ഷേത്രത്തിൽ 1902ൽ ഗുരുദേവൻ ശങ്കരനാരായണ പ്രതിഷ്ഠനടത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഊന്നൽ നൽകിയാണതു പ്രവർത്തിച്ചുപോരുന്നത്. അതിൻെറ ചരിത്രത്തിൽവീണ കറുത്തപുള്ളിയാണ് സഹോദരൻ അയ്യപ്പനനേരെ തൊടുത്തുവിട്ട ബഹിഷ്കരണം.

1887ൽ സ്ഥാപിക്കപ്പെട്ടതാണ് കൊട്ടുവള്ളിക്കാട് HMY സഭ. മൂത്തകുന്നം സഭയുടെ ആധിപത്യം ആദ്യകാലത്ത് അംഗീകരിക്കപ്പെട്ടിരുന്നെങ്കിലും കാലപ്പഴക്കത്തിൽ അതു് നഷ്ടപ്പെട്ടു. 1889ൽ കൊട്ടുവള്ളിക്കാട് ക്ഷേത്രവും ഉണ്ടായി.

103 കൊല്ലം പഴക്കമുള്ള ക്രിസ്തീയ വിശ്വാസികളുടെ പള്ളിയാണ് മറെറാരു സ്ഥാപനം. ചൂളപ്പറമ്പ് തറവാട്ടുകാർ 1893ൽ സ്ഥാപിച്ച സെൻറ് ജോർജ് പള്ളിയിലെ ആദ്യത്തെ വികാരി വാവക്കാട് കരക്കാരനായിരുന്ന തിയോഫീലിസ് അച്ചനായിരുന്നു. ഇദ്ദേഹം പാണ്ടിപ്പിള്ളി കുടുംബക്കാരനായിരുന്നതിനാൽ പാണ്ടിപ്പിള്ളി അച്ചൻ എന്നായിരുന്നു വിളിച്ചുപോന്നിരുന്നതു്. റോമിൽപോയി പോപ്പിൻെറ അനുഗ്രഹങ്ങൾ വാങ്ങിയിട്ടുണ്ട്. ഒരു ഡിസംബർ 26 നാണ് അദ്ദേഹം മരണമടഞ്ഞത്. പള്ളിയിൽ ഓർമ്മപ്പെരുന്നാൾ നടന്നുവരുന്നു.

1894 ൽ വാവക്കാട് സ്ഥാപിക്കപ്പെട്ട ക്ഷേമാഭിവർദ്ധിനി സഭയാണടുത്തത്. ഈ സഭയുടെ നേതൃത്വത്തിൽ 1909ലും 1911ലും വാവക്കാട് രണ്ടു സ്കൂളുകളുണ്ടായി. അതിലൊന്നു നശിച്ചുപോയെങ്കിലും ഒന്ന് സർക്കാർ L P സ്കൂളായി ഇന്നും തുടരുന്നു. മൂത്തകുന്നം സഭയ്ക്ക് നാലക്കംവരുന്ന തുക കടമായി നൽകാൻ കെൽപ്പുള്ള സ്ഥാപനമായിരുന്നു ഒരിക്കൽ ഇത്. ഒരു തരത്തിൽ പറഞ്ഞാൽ വാവക്കാട് S N D P ശാഖയായി ഈ സഭ ഇന്നും നിലനിന്നുപോകുന്നു.

തുടർന്ന് ഒരുപാടു മത സാമൂഹ്യ സ്ഥാപനങ്ങളുണ്ടായി. എല്ലാ കരപ്രദേശങ്ങളിലും SNDP ശാഖകളുണ്ടായി. ഒരുപാട് ആരാധനാലയങ്ങളുണ്ടായി. കുഞ്ഞിത്തൈയിൽ ശ്രീചിത്തിര വാലസമാജം, അതിൻെറ നേതൃത്വത്തിൽ ഒരു ക്ഷേത്രം, ചെട്ടിക്കാട്ടിൽ ഒരു ക്ഷേത്രം, മടപ്ലാതുരുത്തിൽ തേവരുതുരുത്തി ക്ഷേത്രം,

മൂത്തകുന്നം തൊഴുത്തുങ്കൽ ഭഗവതി ക്ഷേത്രം, വാവക്കാട് ശ്രീദേവീസമാജം ക്ഷേത്രം, അണ്ടിപ്പിള്ളി ക്കാവ് ക്ഷേത്രം, ചക്കമരശേരി ക്ഷേത്രം, വാവക്കാട്ട് തന്നെ വാലുങ്കൽ ക്ഷേത്രം, കട്ടത്തുരുത്തിലെ വാലത്ത് ക്ഷേത്രം, നമ്പ്യത്ത് ക്ഷേത്രം എന്നിങ്ങനെ അനേകം ക്ഷേത്രങ്ങളുണ്ടായി. മടപ്ലാതുരുത്ത് സെൻറ് ലൂയിസ് പള്ളി, ചെട്ടിക്കാട് വി. അന്തോണീസിൻെറ പള്ളി, കുഞ്ഞിത്തൈ ഫ്രാൻസിസ് സേവ്യർ പള്ളി എന്നി ങ്ങനെ ക്രിസ്തീയ ദേവാലയങ്ങളും മുറവൻതുരുത്തിലും കുഞ്ഞിത്തൈയിലും മുസ്ലീം ആരാധനാലയങ്ങളുമുണ്ടായി.

സഹകരണ രംഗത്തെ ആദ്യ സ്ഥാപനം ചെട്ടിക്കാട്ടിലെ സഹകരണ സംഘമാണ്. 1924 ൽ ഉണ്ടായി. പിന്നീട് 1930 ൽ കുഞ്ഞിത്തൈ പൊതുജന സഹകരണ സംഘം. 1954നു ശേഷമാണ് തൊഴിൽ സഹകരണ സംഘങ്ങളുണ്ടാകുന്നത്. മൂത്തകുന്നം കയർ സഹകരണ സംഘമാണ് അവയിൽ ഏററവും പഴയത്. പിന്നെ വാവക്കാട്, ഇപ്പോഠം മടപ്ലാതുരുത്ത്, മാല്യങ്കര, ചെട്ടിക്കാട്, പാല്യത്തുരുത്ത്, തുരുത്തിപ്പുറം തുടങ്ങിയ കരകളിലും കയർ സഹകരണ സംഘങ്ങളുണ്ട്. സർവീസ് സഹകരണ സംഘങ്ങഠം പൊതുവിൽ നല്ല നിലയിലും, തൊഴിൽ സഹകരണ സംഘങ്ങഠം പ്രായേണ നഷ്ടത്തിലുമാണ് പ്രവർത്തിച്ചു കാണുന്നത്. 1942 ൽ തുരുത്തിപ്പുറത്ത് ജ്ഞാനോദയം എന്നൊരു സംഘടനയും വാണിജ്യവിലാസം എന്നൊരു സംഘടനയുമുണ്ടായിരുന്നു. അതുരണ്ടും താമസിയാതെ നിർജീവമാകുകയും ചെയ്തു.

## 14 സാമ്പത്തിക ഘടന-വ്യവസായം

പ്രദേശത്തിൻെറ വരുമാനത്തിൽ മുഖ്യ പങ്കുവഹിക്കുന്നത് നാളികേര ഉൽപാദനത്തിൽ നിന്നായിരുന്നു. ഇന്നും അതിൽ കാര്യമായ മാററം വന്നിട്ടില്ല. ആദ്യകാലത്ത് എല്ലാ കരകളിലും പൊക്കാളിനെല്ല് വ്യാപകമായി ഉല്പാദിപ്പിച്ചിരുന്നു. എങ്കിലും അത് ക്രമേണ തെങ്ങിനു വഴിമാറുകയാണുണ്ടായത്. പിന്നീട് കൊപ്ര, വെളിച്ചെണ്ണ എന്നിവ വ്യാവസായിക ഉല്പന്നങ്ങളായി ഇവിടെ ഉയർന്നുവന്നു. കൊപ്ര ഉണക്കുന്നതിനുള്ള കളങ്ങഠം വ്യാപകമായി ഉണ്ടായി. താണിപ്പിള്ളിയുടെ വെളിച്ചെണ്ണമിൽ ഇപ്പോഠം നിലവിലില്ലെങ്കിലും ആധുനിക വ്യവസായത്തിൻെറ വിത്തു വിതച്ചവയിലൊന്നാണത്. പിന്നീട് കയർ ഒരു വലിയ വ്യാവസായിക ഉല്പന്നമായി. രണ്ടാം ലോക യുദ്ധകാലത്ത് ഈ വ്യവസായത്തിലേർപ്പെട്ട സമ്പന്നരായവർ വളരെയധികം പേരുണ്ട്. കയർ പിരിക്കാരുടെ കൂവൽ പാതിരാത്രിയുടെ നിശബ്ദതയിൽ എങ്ങും മുഴങ്ങിക്കേട്ടിരുന്നു. കയർ വ്യവസായത്തിലേർപ്പെട്ടവർ മാത്രമല്ല ഇടത്തട്ടുകാരുടെ ഒരു സമൂഹവും ഉയർന്നു വരികയുണ്ടായി. കേന്ദ്രീകൃതമായ ഒരു വ്യവസായമായി വളന്നത് ആദ്യം കയർ വ്യവസായമായിരുന്നു. നാടിൻെറ നാനാഭാഗത്തുനിന്നും ഒരു കേന്ദ്രസ്ഥാനത്തിലെത്തി, ഉൽപാദനത്തിലേർപ്പെട്ട് തിരിച്ചുപോകുന്ന ഫാക്ടറി മാതൃകയിലുള്ള തൊഴിൽ സംഘങ്ങഠം ആ മേഖലയിലാണ് വികസിച്ചു വന്നത്. പക്ഷേ, ആ വ്യവസായത്തിൻെറ കേന്ദ്രീകരണം 1959 ലെ സമരങ്ങളോടുകൂടി നഷ്ടപ്പെടുന്നതാണ് കാണുന്നത്. കയർ വ്യവസായം മുൻകാലത്തെപ്പോലെ വീണ്ടും വികേന്ദ്രീകരിക്കപ്പെടുകയും ഒററയൊററ കുടുംബങ്ങളിലെ റാട്ടുൽപ്പന്നമായിത്തീരുകയും ചെയ്തു. പിന്നെ അതു വീണ്ടും കേന്ദ്രീകരിക്കുന്നത് ആധുനികയന്ത്രവല്ക്കരണത്തിൻെറ പശ്ചാത്തലത്തിലാണ്.

ഈ പ്രദേശത്തിൻെറ വരുമാനത്തിൽ നല്ലൊരു പങ്ക് നിലനിർത്തിപ്പോന്നത് കള്ളവ്യവസായമായിരുന്നു. പണ്ടുമുതലേ കള്ള് വഞ്ചികളിലാക്കി, തോടുകഠം മുഖാന്തിരം സഞ്ചരിച്ചു വില്പന നടത്തിയിരുന്നുവത്രേ. ശ്രീ. കുഞ്ഞമ്മാടൻെറ ഓർമ്മയിൽ വൻതോതിലുള്ള ചാരായം ഉല്പാദനത്തിൻെറ കേന്ദ്രം-താവറം ഉല്പാദനകേന്ദ്രം-വാവക്കാടുണ്ടായിരുന്നതായി കേഠക്കുന്നു. (ചെറുപിള്ളി തറവാട്ടുകാരുടെ മുൻഗാമികഠം വാവക്കാട്ടെത്തുന്നതും സ്വത്തു സമ്പാദിക്കുന്നതുമെല്ലാം ഈ മേഖല മുഖാന്തിരമാണെന്നു പറയപ്പെടുന്നു.) പിന്നീട് ചാരായ ഉല്പാദനവും തുടർന്നുവന്ന വിദേശമദ്യ വ്യവസായവുമാണ് കള്ളവ്യവസായത്തെ തളത്തിയത്.

മത്സ്യബന്ധനം ആദ്യകാലങ്ങളിൽ അവികസിതാവസ്ഥയിലായിരുന്നുവെങ്കിലും ഇന്നത് ഒരുപാടു സാധ്യതകളുള്ള ഒരു യന്ത്രവൽകൃത വ്യവസായമാണ്. പണ്ട് വാലസമുദായക്കാർ മാത്രമായിരുന്നു ഇതിലേർപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ പ്രധാന വരുമാനമാർഗങ്ങളിൽ അതുഠംപ്പെട്ടിരുന്നില്ല. എന്നാൽ ആ അവസ്ഥ പുതിയ സാധ്യതകഠംക്കു വഴിമാറി കൊടുക്കുകയും വൻതോതിലുള്ള തൊഴിൽസാധ്യതയ്ക്കും വരുമാനത്തിനും അത് കാരണമാവുകയുംചെയ്തിട്ടുണ്ട്. സാധ്യതകളെപ്പോലെതന്നെ ഒരുപാടു പ്രശ്നങ്ങളും ആ മേഖലയെ സങ്കീർണമാക്കുന്നുണ്ട്.

കൈത്തറി മേഖലയും നമ്മുടെ വരുമാനത്തിൻെറ ഒരു ഭാഗമായിരുന്നു. എന്നാൽ ഇപ്പോഴും യന്ത്രവൽക്കരണം കാര്യമായി ഈ മേഖലയിൽ കടന്നു വന്നിട്ടില്ല. ഒരു സഹകരണ സംഘവും അടുത്തക്കാലത്തായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. (മടപ്ലാതുരുത്തിൽ)

പണ്ട് കുഞ്ഞിത്തൈയിൽ തടിവ്യവസായം കാര്യക്ഷമമായി നടന്നിരുന്നു എന്നു പറയപ്പെടുന്നു. കുടിൽ വ്യവസായമായി നീലം, മെഴുകുതിരി എന്നിവയുടെ ഉല്പാദനവും അവിടെ നടന്നിരുന്നതായി നാട്ടറിവുണ്ട്. ഇപ്പോൾ കുഞ്ഞിത്തൈയിലും ചെട്ടിക്കാട്ടിലും കുടിൽ വ്യവസായമായി മെഴുകുതിരിനിർമ്മാണം നിലനിന്നുപോരുന്നു. 1948ൽ വടക്കേക്കരയിൽ അപ്പുമേനോൻ ഒരു നെയ്ത്തുശാല തുടങ്ങിയെങ്കിലും അത് നിലനിന്നില്ല. കേന്ദ്രീകരിച്ച ഒരു വ്യവസായ സംരംഭമായിരുന്നു അത്.

## ഉപസംഹാരം

നമ്മുടെ വടക്കേക്കര പ്രദേശം കടന്നുപോന്ന പരിവർത്തനത്തിന്റെ നാനാമുഖമായ ദശാസന്ധികളെയാണ് നാം പരിശോധിച്ചത്. ആദ്യമേ സൂചിപ്പിച്ചതുപോലെ പഴമക്കാരുടെ വായ്മൊഴികളെയാണ് ഈ ചരിത്രരചനയിൽ നാം ഏറെ ആശ്രയിച്ചിട്ടുള്ളത്. ജനങ്ങളുടെ, പ്രത്യേകിച്ചും പഴമക്കാരുടെ ഓർമകളിൽ തങ്ങിനിൽക്കുന്ന പ്രധാന സംഭവങ്ങളെ നമുക്ക് ഇങ്ങനെ പട്ടികപ്പെടുത്താമെന്നു തോന്നുന്നു.

1 1099(1923)ലെ വെള്ളപ്പൊക്കം: അന്ന് ജീവിച്ചിരുന്നവരിൽ നിലനില്പിനെ കുറിച്ചുപോലും വലിയ ഭീതിയുണർത്തിയ ഒരു പ്രകൃതി ദുരന്തമായിരുന്നു അത്. എങ്ങും പരന്നുകിടക്കുന്ന കലങ്ങിമറിഞ്ഞ വെള്ളം. കൂരകൾ മാത്രം അങ്ങിങ്ങു പൊങ്ങിക്കാണുന്നു. അഭയകേന്ദ്രങ്ങൾ പരിമിതം. ഒരു കർക്കിടക മാസം 1-ാം തീയതി ചീറിയടിച്ച കാററിനൊപ്പം കനത്ത മഴയും. തണുത്തു വിറങ്ങലിച്ച അന്തരീക്ഷം. ഭൂമിയിൽ ജലവിതാനം പെട്ടെന്നു പെട്ടെന്നു ഉയർന്നു. നാലുദിവസം ആ വെള്ളം അങ്ങനെ കിടന്നു. പിന്നെ ഇറങ്ങിപ്പോയി.

2. 1108(1932)ൽ മസൂരി: ഇന്ന് മസൂരിയെക്കുറിച്ച് നമുക്കൊന്നുമറിയില്ലെങ്കിലും മരണം വിതച്ചുകൊണ്ട് പലപ്പോഴും അതു നമ്മുടെ ഗ്രാമങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. എത്രയോ പ്രിയപ്പെട്ടവർ ഒടുങ്ങിപ്പോയിരിക്കുന്നു. അതിൽനിന്നും അപൂർവമായി രക്ഷപ്പെട്ടുപോന്നവരേയും നാം കണ്ടിട്ടുണ്ട്; മരണത്തിന്റെ അവശേഷിപ്പിക്കുന്ന അടയാളങ്ങൾ മുഖത്തും ശരീരഭാഗങ്ങളിലുമായി പേറി നടക്കുന്നവരായി. 1944ൽ മൂത്തകുന്നത്തുണ്ടായ ആശുപത്രി ഇത്തരം രോഗങ്ങളെ നിയന്ത്രിക്കുന്നതിലും ഇല്ലായ്മ ചെയ്യുന്നതിലും കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

3. 1114(1938)ലെ പ്ലേഗ് പള്ളിപ്പുറത്തുനിന്നാണ് മാല്യങ്കരയിലും മററും പടർന്നു പിടിച്ചതത്രേ.

4. 1116(1940)ലെ കാററ്: ചീറിയടിച്ച കാററ് മരങ്ങളേയും തെങ്ങുകളേയും കടപുഴക്കിയെറിഞ്ഞു. കൊടുങ്കാററിനുശേഷം കൊടിയ ക്ഷാമം.

5. രണ്ടാംലോക യുദ്ധം- നാൽപതുകളുടെ ആരംഭ കാലത്ത് കൊടിയ പട്ടിണിയും ദാരിദ്ര്യവും നമ്മുടെ പൂർവികർക്ക് നൽകിക്കൊണ്ട് യുദ്ധം വന്നു. ഒന്നാം ലോക യുദ്ധത്തെ ഈ രീതിയിൽ നമുക്കു നേരിടേണ്ടി വന്നില്ല. തൊട്ടതിനും പിടിച്ചതിനുമെല്ലാം വിലവർദ്ധന. ഒന്നും കിട്ടാനുമില്ല. അരി അപൂർവ വസ്തു. അണ്ടിപ്പിണ്ണാക്കും 'ഉന്ത്'മായിരുന്നു പ്രധാന ആഹാരം. കിഴങ്ങിൽ നിന്നെടുക്കുന്ന ഒരു ഉല്പന്നമാണ് ഉന്ത്. തൊഴിൽ ഇല്ല. ജനങ്ങളുടെ നെട്ടോട്ടം.

6. പിന്നെ പഴയവരുടെ ഓർമയിൽ തെളിയുന്നത് 1947ലെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ്.

7. ഒരു വിഷുത്തലേന്ന് ഫോളിഡോൾ ദുരന്തം. അതിൽപെട്ട് ഒരുപാടു മനുഷ്യരുടെ ജീവിതങ്ങൾ നഷ്ടപ്പെട്ടു. അറുപതുകളുടെ ആരംഭത്തിലായിരുന്നു അത്. വിദേശത്തുനിന്നും ഭക്ഷ്യധാന്യങ്ങളും കീടനാശിനിയും ഒന്നിച്ച് കയററിവന്ന കപ്പലിൽവച്ച് ഭക്ഷ്യധാന്യത്തോടൊപ്പം ഫോളിഡോൾ എന്ന കീടനാശിനി കലർന്നു. ഇത് അറിയാതെ ഭക്ഷ്യധാന്യം ഉപയോഗിച്ചതിനെ തുടർന്ന് നിരവധിപേർ മരിച്ചു. അതാണ് ഫോളിഡോൾ ദുരന്തം.

ഈ സംഭവങ്ങളിലൂടെയെല്ലാം കടന്നുപോന്ന് പന്ത്രണ്ടു വാർഡുകളും 31475 ജനങ്ങൾ അധിവസിക്കുന്നതും 3.68 സ്ക്വയർ കിലോമീററർ വിസ്തീർണവുമുള്ള ഒരു പ്രദേശമായി വടക്കേക്കര ഇന്നു നിലകൊള്ളുകയാണ്. കേരളത്തിലെ എറണാകുളം ജില്ലയിൽപ്പെട്ട പറവൂർ താലൂക്കിലെ രണ്ടു വില്ലേജുകൾ (മൂത്തകുന്നം, വടക്കേക്കര) ഉൾകൊള്ളുന്ന ഒരു പഞ്ചായത്തായി അതു മാറിയിരിക്കുന്നു. ചെറിയൊരു കാലഘട്ടത്തിനുള്ളിലാണെങ്കിലും നിർണായകമായ സംഭവപരമ്പരകളിലൂടെ നമ്മൾ നീന്തിക്കടന്നു പോന്നിട്ടുണ്ട്. പ്രഗത്ഭരായ വ്യക്തികളെ നമ്മുടെ ഗ്രാമപ്രദേശങ്ങൾ ചരിത്രത്തിനു സംഭാവന ചെയ്തിട്ടുണ്ട്. തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന സ്ഥാപനങ്ങളെ നാം വളർത്തിയെടുത്തിട്ടുണ്ട്. ഇതെല്ലാം വരുംകാലഘട്ടങ്ങളിലെ നമ്മുടെ പ്രദേശത്തിന്റെ ഭാഗധേയങ്ങളെ നിർണയിക്കാനുള്ള അസംസ്കൃത പദാർത്ഥങ്ങളായി നമുക്കു മുന്നിൽ നിൽക്കുന്നു. ത്യാജ്യഗ്രാഹ്യവിവേചനത്തോടെ അവ ഉൾക്കൊള്ളുക; ജനകീയാസൂത്രണത്തിന്റെ ഈ കാലഘട്ടം അതു നമ്മോടാവശ്യപ്പെടുന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

വടക്ക് കൊടുങ്ങല്ലൂർ കായലും പടിഞ്ഞാറ് പള്ളിപ്പുറം കായലും തെക്ക് ചിററാററുകര പഞ്ചായത്തും കിഴക്ക് ചേന്ദമംഗലം പഞ്ചായത്തിനാലും അതിർത്തി തിരിക്കപ്പെടുന്നു. പഞ്ചായത്തിന്റെ 12 വാർഡുകളും കേരകൃഷിയാൽ നിബിഡമായ ഭൂവിഭാഗങ്ങളാണ്. ഭൂപ്രകൃതിയനുസരിച്ച് വടക്കേക്കര പഞ്ചായത്തിനെ തീര സമതല പ്രദേശമായി കണക്കാക്കാവുന്നതാണ്.

പട്ടിക 1

| | | | |
|---|---|---|---|
| 1 | മണൽമണ്ണ് (ചെളിയുടെ ചേരുവയുള്ളത്) | 597.8 ഹെ. | 61% |
| 2 | മണൽമണ്ണ് (കളിമൺ ചേരുവയുള്ളത്) | 382.2 ഹെ. | 39% |

## ജലലഭ്യത

പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും ലവണജലമാണ് ലഭിക്കുക. വടക്കുഭാഗത്ത് കൊടുങ്ങല്ലൂർ കായൽ, പടിഞ്ഞാറുഭാഗത്ത് കൊച്ചി കായൽ (പള്ളിപ്പുറം), കിഴക്കുഭാഗത്ത് വാടത്തോട്ട് തോട് എന്നിവ മുഖ്യമായും ഈ പഞ്ചായത്തിനെ ഇതര പഞ്ചായത്തുകളിൽനിന്ന് വേർതിരിക്കുന്നു. കുര്യാപ്പിള്ളിയിൽനിന്നാരംഭിച്ച് മൂത്തകുന്നം, കൊട്ടുവള്ളിക്കാട്, ചെട്ടിക്കാട് എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി കൊച്ചിക്കായലിൽ ചേരുന്നു. കുഞ്ഞിത്തൈ അതിർത്തിയിൽനിന്ന് ഈ തോട് വിഭജിച്ച് വാവക്കാടിന്റേയും പാല്യത്തുരുത്തിന്റേയും തെക്കുഭാഗത്തിലൂടെ നേരെ കിഴക്കോട്ട് പറവൂർ ഭാഗത്തേക്ക് തിരിയുന്നു. കൂടാതെ ശാഖോപശാഖകളായി നിരവധി തോടുകളും ഒഴുകിയെത്തുന്നു. മേൽപ്പറഞ്ഞ തോടുകളാണ് നമ്മുടെ പ്രധാന ജലസ്രോതസ്സുകൾ. കൂടാതെ അങ്ങിങ്ങായി കാണുന്ന ചെറിയ കുളങ്ങളും കിണറുകളുമാണ് മററൊരു സ്രോതസ്. എല്ലാ വാർഡുകളും ഓരുവെള്ളഭീഷണി നേരിടുകയാണ്.

## വിളചേരുവ

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കാണുന്ന മുഖ്യ വിളയായ തെങ്ങിന്റെകൂടെ വീട്ടുവളപ്പുകളിൽ കമുക്, മാവ്, പ്ലാവ് തുടങ്ങിയ ദീർഘകാല വിളകളും നാടൻ വാഴകളും 1, 2, 11 വാർഡുകളിൽ നേന്ത്രവാഴകളും കൃഷി ചെയ്തുവരുന്നു. കളിമണ്ണ് കാണുന്ന ചില ഭാഗങ്ങളിൽ ജാതി, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, കുരുമുളക് മുതലായ സുഗന്ധവിളകളും നാമമാത്രമായി കൃഷി ചെയ്യുന്നുണ്ട്. വർഷക്കാലങ്ങളിൽ ചില വീട്ടുവളപ്പുകളിൽ പീച്ചി, പാവൽ, പയർ, വെണ്ട, വഴുതന, മുളക് മുതലായ പച്ചക്കറി വിളകളും കണ്ടുവരുന്നു. വേനൽക്കാലത്ത് നനച്ചുകൊണ്ട് രണ്ടാം വാർഡിൽ ചീരകൃഷിയും ചെയ്തുവരുന്നു. വളരെകുറച്ച് കർഷകർ കൃഷി നടത്തുന്നതെന്നതുതന്നെ ഈ മേഖലയിൽ സാദ്ധ്യത ഉണ്ടെന്നുള്ളതിന് തെളിവായി കണക്കാക്കാം.

നമ്മുടെ പഞ്ചായത്തിൽ ഏററവും കൂടുതൽ കാണുന്ന സസ്യം കളയായി വളരുന്ന കൂവയാകാം. ഇത് അരിഞ്ഞെടുത്ത് ചേമ്പിനും മററും വളമായി ഉപയോഗിക്കാം. വേനൽകാലത്ത് ഇതിന്റെ കടകുത്തിയെടുത്ത്

എല്ലാ വാർഡുകളിലും കാണുന്ന ഈ കുളങ്ങളിൽ പഴയ കാലങ്ങളിൽനിന്നും വ്യത്യസ്തമായി വേനൽക്കാലത്ത് ജലലഭ്യത തീരെ കുറഞ്ഞു പോകുന്നതായി അനുഭവപ്പെടുന്നു. മാത്രമല്ല, വർഷകാലത്തൊഴിച്ചാൽ പിന്നീടുള്ള കാലത്തൊക്കെ ഈ കുളങ്ങളിൽനിന്നും ലഭ്യമാകുന്ന ജലം തോടുകളിലേതുപോലെതന്നെ ഉപ്പുരസം നിറഞ്ഞതായതുകൊണ്ട് കാർഷികവൃത്തിക്ക് ആശ്രയിക്കാവുന്നവയല്ല ഈ കുളങ്ങൾ. അനുദിനം കുളങ്ങളുടെ ഉപയോഗക്ഷമത കുറഞ്ഞു കുറഞ്ഞു വരുകയാണ്.

പ്രധാനമായും തെങ്ങുകൃഷി നടത്തുന്ന ഈ പ്രദേശത്തിൽ നെൽകൃഷിയോ, പാടശേഖരങ്ങളോ ഇല്ല. പഞ്ചായത്തിൻെറ ആകെയുള്ള ഭൂവിസ്തൃതിയിൽ കൃഷിയിടങ്ങൾ സ്വന്തമായി കൈവശം വച്ചിരിക്കുന്നവരെ കൈവശം വയ്ക്കുന്ന ഭൂമിയുടെ അളവനുസരിച്ച് താഴെ കാണുന്ന പട്ടികയനുസരിച്ച് നമുക്ക് തരംതിരിക്കാം.

കൃഷിഭൂമി ഉടമസ്ഥരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ

| 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ |
|---|---|---|---|---|---|---|
| 8506 | 950 | 492 | 232 | 104 | 6 | 6 |

കൂടുതൽ ഭൂമി കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന കർഷകരുടെ അളവ് തുലോം തുച്ഛമാണെന്ന് മേൽക്കാണിച്ച പട്ടികയിൽനിന്നും സുവ്യക്തമാണല്ലോ. ചിതറിക്കിടക്കുന്ന, ചെറുതായിക്കിടക്കുന്ന കൃഷിഭൂമിയുടെ ഉടമസ്ഥത, കർഷകരുടെ ഇടയിൽ ഒരുതരം അലംഭാവത്തിനു് ഉതകിയിട്ടുണ്ട് എന്ന് ഖേദപൂർവം സ്മരിക്കാതിരിക്കാൻ നിർവാഹമില്ല. കാർഷിക മേഖലയിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളിക്ക് പ്രതിദിനം 80 രൂപ മുതൽ 100 രൂപാ വരെയും തെങ്ങുകയററത്തൊഴിലാളിക്ക് 100 തെങ്ങിനു് 160 രൂപയും 13 നാളികേരവും കൂലിയായി ഏററവും ഒടുവിൽ നിജപ്പെടുത്തിയിട്ടുള്ള ഈ പ്രദേശത്ത് പക്ഷെ തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കാവുന്ന ഘടകങ്ങളൊന്നുംതന്നെ നിലനിൽക്കുന്നില്ല. എല്ലാ കൃഷികൾക്കും പ്രാഥമികമായി വേണ്ടുന്ന മണ്ണുപരിശോധന കൃത്യമായി നടക്കുന്നില്ല. നനയ്ക്കാവശ്യമായ അളവിൽ ജലം ലഭിക്കുന്നില്ല. നിലവിലിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പരിജ്ഞാനങ്ങൾ കർഷകരിൽ എത്തുന്നില്ല, എത്തിയാൽതന്നെ ഒട്ടനവധി കാരണങ്ങളാൽ സാമ്പത്തികമായി നഷ്ടം സംഭവിക്കുമോ എന്ന കർഷകൻെറ ഭയം. ഇതെല്ലാംതന്നെ തെങ്ങുകൃഷിയെ സത്യത്തിൽ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. ഈ പ്രതിസന്ധിയെ വളരെ ബീഭത്സമാക്കാവുന്ന തരത്തിൽതന്നെയാണ് ഇതരപ്രശ്നങ്ങൾ കർഷകനെ വലയം ചെയ്യുന്നത്. തെങ്ങിനെ ബാധിക്കുന്ന കീടരോഗബാധ, കാററുവീഴ്ച, ഓലമഞ്ഞളിപ്പ്, വേരുചീയൽ, കൂമ്പുചീയൽ, ചെമ്പൻചെല്ലിയുടെ ആക്രമണം, മീലിമൂട്ടയുടെ ആക്രമണം, മച്ചിങ്ങപൊഴിച്ചിൽ, വെള്ളക്കെട്ട്, വളപ്രയോഗത്തിൻെറ അഭാവം, വളം ചെയ്യുന്നതിനുള്ള അധികച്ചെലവ് എന്നിവയൊക്കെത്തന്നെ വിളയുടെ കുറവിനായി സാരമായി സംഭാവന ചെയ്യുന്ന ഘടകങ്ങളാണ്. തെങ്ങുകൃഷിയെ ആശ്രയിച്ച് കാലയാപനം ചെയ്യാമെന്ന ചിന്ത കർഷകനു് ഇന്ന് അന്യമായി ഭവിക്കുന്നു. ഒരു ബദൽസംവിധാനം എന്ന നിലയിൽ കവുങ്ങുകൃഷി അപൂർവം ചിലരെങ്കിലും പരീക്ഷിക്കുന്നുവെങ്കിലും തെങ്ങുകൃഷിയെപ്പോലെ അത്ര വ്യാപകമാകുന്നില്ലതന്നെ. അവിടെയും രോഗവും പ്രശ്നങ്ങളും സങ്കീർണതകൾ സൃഷ്ടിക്കുന്നു. മേൽ പ്രസ്താവിച്ച പോരായ്മകൾ പരിഹരിക്കാൻ കഴിയുന്നതരത്തിൽ കൃഷിഭവൻ പോലുള്ള സർക്കാർ ഏജൻസികളുടെ ഇടപെടലുകൾ ക്രിയാത്മകമായി ഈ രംഗത്തുണ്ടാകുന്നില്ല. കർഷകരുടെ സഹായത്തിനു് കയ്യെത്താവുന്ന ദൂരത്തിൽ കൃഷി ഉദ്യോഗസ്ഥരെ ലഭിച്ചാൽ, കയ്യഴിഞ്ഞ സഹകരണം അവരിൽനിന്നും ലഭിച്ചാൽ ഒരളവുവരെ വിളവ് കൂട്ടിയെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഈ പ്രദേശത്തെ ഒരു മുഖ്യവിളവ് തേങ്ങയായിരിക്കെ, വരുംകാലങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഒരു മുന്നേററം ഈ വിളവിനെ ആശ്രയിച്ചിരിക്കെ, തീർച്ചയായും ഈ കൃഷിയെ പരിപാലിക്കുക എന്നത് ഒരു പ്രധാന ബാദ്ധ്യതയായി നമ്മുടെ മുൻപിൽ നിൽക്കുന്നു. ഈ ബാദ്ധ്യതാ നിർവഹണം ഒരു കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നെഞ്ചേററിയാലല്ലാതെ മോചനത്തിനുള്ള ഒരു സൂത്രവാക്യം നമുക്ക് മെനഞ്ഞെടുക്കാൻ കഴിയുകയില്ല. ഇപ്പോൾതന്നെ ഉല്പന്നങ്ങൾ സ്വകാര്യവ്യക്തികൾക്ക് വിൽക്കുകയാണ് പതിവ്, ഇതിനൊരു കൂട്ടായ്മയുടെ പശ്ചാത്തലമില്ല. മറിച്ച് ഉല്പന്ന സ്വരൂപണം പൊതുവായി നടക്കുന്നുവെങ്കിൽ അനുബന്ധമായുണ്ടാകാവുന്ന വികാസത്തിൻെറ അളവ് ഒരിക്കലും ചെറുതായിരിക്കില്ല. ഈ ദിശയിലുള്ള ഒരു മാററത്തോടൊപ്പം താഴെകുറിക്കുന്ന നിർദേശങ്ങൾക്കനുസൃതമായ ഒരു കർമ്മപരിപാടികൂടി ആവിഷ്കരിച്ചാൽ നമുക്കുവേണ്ടി വികാസത്തിൻെറ ഒരു പുത്തൻപാത വെട്ടിത്തുറക്കാം.

രോഗബാധിതമായ തെങ്ങുകളെ രോഗവിമുക്തമാക്കാവുന്ന തരത്തിൽ കൃഷിഭവൻ സ്വയം സജ്ജമാകേണ്ടതുണ്ട്. മാററം ചെയ്യേണ്ടവ യഥാസമയം മാററം ചെയ്യാനും, ചികിത്സിച്ചു ഭേദമാക്കാവുന്നവയെ ചികിത്സിക്കാനും കഴിയണം. അതിനോടൊപ്പംതന്നെ

ഉല്പാദനക്ഷമതയുള്ള പുത്തൻ സങ്കരഇനങ്ങളെ കർഷകരിലെത്തിക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഈ ഏജൻസിയിൽനിന്നും ഉണ്ടാകണം. നഷ്ടത്തിൽനിന്നും ലാഭത്തിലേക്ക് ഈ കൃഷിയെ മാററിയെടുക്കാനുള്ള നേതൃത്വപരമായ, കർമ്മോന്മുഖമായ ഒരു പങ്കുവഹിക്കാൻ കൃഷിഭവന് കഴിയണം. തെങ്ങിൻെറ കാര്യത്തിൽ മാത്രമല്ല ഇതരകൃഷികളുടെ കാര്യത്തിലും ഈ ഏജൻസിക്ക് അത്യധികമായ ഇടപെടലുകൾ നടത്താനാവും. തീച്ച്യായും തെങ്ങുകൃഷി നടക്കുമ്പോൾത്തന്നെ ധാരാളം ഇടകൃഷി ചെയ്യാനുള്ള സാദ്ധ്യതകൾ ഇവിടെയുണ്ട്. അതിന് സഹായിക്കുന്ന തരത്തിൽ വ്യാപകമായി മണ്ണു പരിശോധിക്കണം. കാലാവസ്ഥയ്ക്കനുസരിച്ച് വിത്തുവിതരണവും, അതിനുവേണ്ടിയുള്ള പഠനസൗകര്യങ്ങളും നടപ്പാക്കണം. ഈ പ്രദേശത്തിൻെറ പ്രത്യേക സ്വഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ടു തന്നെ ഓരോ സീസണിലും നടത്താവുന്ന കൃഷിയെ അറിയിക്കുന്നതരത്തിൽ മണ്ണു പരിശോധനയ്ക്കു വിധേയമായി ഒരു കാർഷിക കലണ്ടർകൃഷിഭവനിലൂടെ തയ്യാറാക്കപ്പെടണം. ഇങ്ങനെ വരികിൽ തീച്ച്യായും വികാസത്തിൻെറ കാഹളം നമ്മുടെ പഞ്ചായത്തിലും മുഴങ്ങിക്കേൾക്കും. ഇതോടൊപ്പംതന്നെ പ്രധാന വിളയായ തെങ്ങുകൃഷിയെ സഹായിക്കാൻ വേണ്ടുന്ന നിലപാടുകളും ഉണ്ടാകണം. തെങ്ങിൻെറ രോഗനിർണയം നടത്തണം, ബോർഡോപേസ്റ്റ്, ബോർഡോമിശ്രിതം എന്നിവ പ്രയോഗിക്കേണ്ടുന്ന സന്ദർഭങ്ങളിൽ ആയവ നടക്കണം, കൃഷിസംരക്ഷണത്തിൽ തൊഴിലാളികൾക്ക് പരിശീലനം കൊടുക്കണം, മണ്ണുപരിശോധന നടക്കണം. വെള്ളക്കെട്ട് (മഴക്കാലത്ത്) ഒഴിവാക്കാൻ വേണ്ടുന്ന ഡ്രെയിനേജ് തരപ്പെടുത്തണം, വളംചെയ്യുന്നതിനുവേണ്ടി ആവശ്യമായ സബ്സിഡിയോടുകൂടി വളം വിതരണംചെയ്യണം, അത്യുല്പാദനശേഷിയുള്ള T×D പോലെയുള്ള തെങ്ങിൻ തൈകൾ പ്രാദേശികമായി ഉല്പാദിപ്പിക്കണം, ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം— എന്നിങ്ങനെ ഈ ദിശയിൽ ശ്രദ്ധയർഹിക്കുന്ന വിഷയങ്ങളിൽ ആവശ്യമായ ഊന്നൽനൽകി ഒരു കർമ്മരേഖയുണ്ടാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞവക്കെല്ലാംതന്നെ കൃഷിഭവനിലെ പരിജ്ഞാനമുള്ള വിദഗ്ധരുടെ മേൽനോട്ടമുണ്ടായിരിക്കണം.

തെങ്ങുകൃഷിയോടൊപ്പംതന്നെ നമുക്കു സാദ്ധ്യമായ ഇതര കൃഷികളും ധാരാളമുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ നാം ഇന്നും അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കാറ്. തീപിടിച്ച വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ നാം വാങ്ങുമ്പോഴും നമുക്കുല്പാദിപ്പിക്കാൻ കഴിയുന്നവയെക്കുറിച്ച് നാം വിസ്മരിക്കുന്നു. ഓരോ കുടികിടപ്പുകാരനും അവൻെറ പരിമിതിയിൽനിന്നുകൊണ്ടുതന്നെ ഈ രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടം നടത്താനാവുമെന്ന് ഓരോരുത്തരും അറിയണം. അങ്ങിനെ അറിയിക്കാൻ ബാദ്ധ്യതപ്പെട്ടവർ അറിയിക്കുകയും, അറിയേണ്ടവർ അറിവേൽക്കുകയും ചെയ്തുകഴിഞ്ഞാൽ അത്തരമൊരു മുഹൂർത്തത്തിൽ നമുക്കും പച്ചക്കറികൃഷി ഭംഗിയായി നടത്താം. ഗ്രാമത്തിലെ പച്ചക്കറി കൃഷിചെയ്യുന്നവർ ഇടയ്ക്കിടെ കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഒത്തുചേർന്ന് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്താൽ വളരെ വിജയപ്രദമായ ഒരു സംരംഭമായി ഇതു മാറും. നടീൽവസ്തുക്കളും വിത്തുകളും വിതരണംചെയ്ത് ഇത്തരത്തിൽ ഒരു മുന്നേററത്തിന് ആക്കംകൂട്ടാൻ കൃഷിഭവനു കഴിയണം. വാഴ, കുററിമുല്ല, ബുഷ്പെപ്പർ, കശുമാവ് മുതലായവയും വിജയകരമായി പരീക്ഷിക്കാവുന്നതാണ്. തുടർപ്രവർത്തനങ്ങളും ചിട്ടയോടെതന്നെ കാർഷികചക്രം പൂർണ്ണതയെത്തുന്നതുവരെ തുടരണം.

ഈ പഞ്ചായത്തിലെ കയർ വ്യവസായത്തിൻെറ തകർച്ച, മടൽ അഴുക്കിയെടുക്കാൻ ഉപയോഗിച്ചിരുന്ന ചാലുകളെ ഉപയോഗശൂന്യമാക്കി മാററിയിട്ടുണ്ട്. ഈ ചാലുകൾ ചെമ്മീൻ കൃഷിയെ പ്രോത്സാഹിപ്പിക്കാവുന്ന തരത്തിൽ പ്രയോജനപ്രദമാക്കാവുന്നതാണ്. കുഞ്ഞിത്തൈ, മാല്യങ്കര, മടപ്ളാത്തുരുത്ത് മുതലായ ഗ്രാമങ്ങളിൽ ഇതുപോലുള്ള നിലങ്ങൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. കൃഷിക്ക് സഹായകമായ തരത്തിൽ മാനവവിഭവത്തിൻെറ ലഭ്യതയ്ക്കനുസരിച്ച് നെൽകൃഷി നടത്താനും ഈ ചാലുകളെ പ്രയോജനപ്പെടുത്താം.

കൃഷി ഏതു വിളയായാലും അത്യാവശ്യമായി വരുന്ന ഒരു ഘടകമാണ് ജലസേചനം. മേൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ലവണജലം മാത്രം ലഭിക്കുന്ന ഒരു പ്രദേശം എന്ന നിലയ്ക്ക്, കുടിവെള്ളത്തിനുപോലും നന്നെ പ്രയാസപ്പെടുന്ന പ്രദേശമെന്ന നിലയ്ക്ക് ഗ്രാമങ്ങളിൽനിന്ന് ലഭ്യമായ നല്ല ജലം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കുഞ്ഞിത്തൈയിൽ നിന്നുവന്ന ഒരു നിർദേശം ഈ രംഗത്ത് ശ്രദ്ധേയമാണ്. ശുദ്ധജലം കിട്ടുന്ന വലിയ കുളങ്ങളെ സംരക്ഷിച്ച്, അവിടെ ഓവർടാങ്ക് സംവിധാനം ഏർപ്പെടുത്തി കൃഷിക്കും മററാവശ്യങ്ങൾക്കും ഇതിൽനിന്നും വെള്ളം പമ്പുചെയ്യണം. പൊതുവിൽ കുടിനീരിൻെറ ക്ഷാമത്തെ ലഘൂകരിക്കാനും ആവശ്യങ്ങൾ പൂർണമായും നടപ്പാക്കാനും ഈ രീതി സഹായിക്കും.

വടക്കേക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മേൽപറഞ്ഞതിൽ കൃഷിഭവൻ ഒരു സ്കീം തന്നെ ആവിഷ്കരിച്ചിരിക്കുന്നുവെന്നത് അത്യധികം സ്വാഗതാർഹമാണ്. പഞ്ചായത്തിലെ ഓരോ വാർ

ഡിലും തെരഞ്ഞെടുത്ത അമ്പതു കർഷകർക്ക് 50% സബ്സിഡിയോടുകൂടി പച്ചക്കറിവിത്തും വളവും കീടനാശിനിയും നല്കാൻ അവർ ലക്ഷ്യമിട്ടിരിക്കുന്നു. ഏതാണ്ട് 30000 രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ സംരംഭത്തിന് ഗ്രാമനിവാസികളിൽനിന്നും സഹകരണം അവർ പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ ഓരോ വാർഡിലും 25 കർഷകർക്കുവീതം 75 രൂപ വിലയുള്ള വാഴക്കന്നുകളും വളവും നൽകാൻ തീരുമാനിക്കപ്പെട്ടിട്ടുണ്ട്. തീരുമാനങ്ങൾ, തീരുമാനങ്ങൾ മാത്രമായി നിൽക്കാത്ത തരത്തിൽ സഹകരണത്തിന്റെ ഇച്ഛാശക്തിയുമായി നമുക്കോരോരുത്തർക്കും നീങ്ങാം; പുരോഗതിയുടെ രാജപാതയിലൂടെ.

## പ്രശ്നങ്ങൾ

- ★ മണ്ണ് പരിശോധന നടക്കുന്നില്ല.
- ★ ന്യായമായ ആവശ്യമായ ജലം ലഭിക്കുന്നില്ല.
- ★ നിലവിലുള്ള പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പരിജ്ഞാനങ്ങൾ കർഷകരിൽ എത്തുന്നില്ല.
- ★ കുളങ്ങൾ നികത്തപ്പെടുന്നു.
- ★ തോടുകൾ കാലാകാലങ്ങളിൽ വെട്ടിക്കയററുന്നില്ല.
- ★ ഊററുറവ് കൃത്യമായി നടക്കുന്നില്ല.
- ★ കീടരോഗബാധ, കാററുവീഴ്ച, ഓലമഞ്ഞളിപ്പ്, വേരുചീയൽ, കൂമ്പുചീയൽ, ചെമ്പൻചെല്ലിയുടെ ആക്രമണം, മച്ചിങ്ങ പൊഴിച്ചിൽ വെള്ളക്കെട്ട്, എന്നിവയിൽനിന്നും പരിരക്ഷ കിട്ടുന്നില്ല.
- ★ ജൈവരാസവളം ലഭിക്കുന്നില്ല.
- ★ വളപ്രയോഗത്തിന്റെ രീതി, സമയം എങ്ങിനെയെന്നറിയില്ല.
- ★ കൃഷിഭവനിൽനിന്ന് ആവശ്യമായ സഹായങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.
- ★ ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നു
- ★ ഉല്പന്ന സംസ്കരണത്തിന് സൗകര്യങ്ങളില്ല.
- ★ തെങ്ങുകയററ തൊഴിലാളികളെ കിട്ടുവാനില്ല.
- ★ തൊഴിലാളികൾക്ക് കൂലി കൂടുതൽ.
- ★ ഉല്പന്നങ്ങൾക്ക് വിലക്കുറവ്

## സാധ്യതകൾ

- ★ ഗ്രൂപ്പ് അടിസ്ഥാനത്തിൽ മണ്ണ് പരിശോധിക്കുവാൻ ഏർപ്പാടാക്കുക.
- ★ ഉപയോഗപ്പെടാതെ കിടക്കുന്ന കുളങ്ങൾ ഉപയോഗപ്രദമാക്കുക, കുഴൽകിണറുകൾ സ്ഥാപിക്കുക.
- ★ കർഷകരിൽ ബോധവൽക്കരണ പരിപാടി പ്ലാൻ ചെയ്യുക.
- ★ തോടുകൾ കാലാകാലങ്ങളിൽ വെട്ടുന്നതിന് സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.
- ★ സന്നദ്ധ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്.
- ★ രോഗം ബാധിച്ച തെങ്ങുകൾ പൂർണമായും വെട്ടിമാററുക. പകരം ഉൽപാദന ക്ഷമതയുള്ള നല്ലയിനം തൈകൾ സൗജന്യമായി വിതരണം നടത്തുക.
- ★ രോഗബാധ നിയന്ത്രിക്കുന്നതിന് കർഷകർ സഹകരണാടിസ്ഥാനത്തിൽ മരുന്ന് പ്രയോഗം നടത്തുക.
- ★ തെങ്ങ് കയറുന്നതിനുള്ള യന്ത്രങ്ങൾ ഘടിപ്പിച്ച് കർഷകന് പരിശീലനം കൊടുക്കണം.
- ★ കൃഷിഭവൻ ഉദ്യോഗസ്ഥരുടെ സേവനം എപ്പോഴും കർഷകന് ലഭ്യമാക്കണം.
- ★ സഹകരണാടിസ്ഥാനത്തിൽ ഉൽപാദന സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

### 1996-97 നടപ്പു പദ്ധതി അവലോകനം

| വിതരണ സ്വഭാവം | വിതരണം ചെയ്ത നടീൽ വസ്തു | ഒന്നിന്റെ വില | വിതരണം നടന്നത് |
|---|---|---|---|
| പൊതുവിതരണം | W C T തെങ്ങിൻ തൈ | 15 രൂപ | 460 എണ്ണം |
| തെങ്ങു വെട്ടിയവർക്ക് | ,, | 10 ,, | 850 ,, |
| പൊതുവിതരണം | T×D | 18 ,, | 60 ,, |
| | ചെന്തെങ്ങ് | 7 ,, | 50 ,, |

### സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലെ പച്ചക്കറികൃഷി

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വിതരണം ചെയ്ത വിത്ത്പാക്കററ് |
|---|---|---|
| 1 | സെൻറ് പീറേറഴ്സ് യു പി സ്കൂൾ, തുരുത്തിപ്പുറം | 200 |
| 2 | എച്ച് എം വൈ എസ് എച്ച് കൊട്ടുവള്ളിക്കാട് | 85 |
| | ആകെ | 285 |

പയർ വിത്ത് വിതരണം 50% സഹായം    വിതരണം: 12 കി. ഗ്രാം.    വില: 1 കി. 25.70

**പുതിയ തൈവെപ്പ് സഹായ പദ്ധതി**

| | |
|---|---|
| സഹായം ലഭിച്ചവരുടെ എണ്ണം | 3 |
| സഹായധനം | 3357 രൂപ |

**നടീൽവസ്തു വിതരണം**

| ഇനം | | എണ്ണം | വില |
|---|---|---|---|
| 1 | സൗത്ത് കാനറ (കമുക്) | 50 | 5-00 |
| 2 | ശ്രീമംഗള ( ,, ) | 30 | 5-00 |
| 3 | സുമംഗള ( ,, ) | 30 | 5-00 |
| 4 | ഗ്രാമ്പൂതൈ | 95 | 4-00 |

**പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

| | |
|---|---|
| ഉപഭോക്താക്കൾ | 12 പേർ |
| തുക | 2765 രൂപ |

**പ്രത്യേക ഘടക പദ്ധതി**
(പട്ടികജാതി പട്ടിക വർഗക്കാർക്ക്)

| | |
|---|---|
| W C T തെങ്ങിൻതൈ സൗജന്യ വിതരണം | 236 |
| മംഗള കമുകിൻ തൈ ,, | 236 |

**രാസവള കിററ്**

| | |
|---|---|
| 5 തെങ്ങിനുള്ളത് | 200 എണ്ണം |
| 10 തെങ്ങിനുള്ളത് | 100 എണ്ണം |

**സമഗ്ര കേരകൃഷി വികസന പദ്ധതി**
(⅓ സഹായം)

| | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 1 | പുതിയ കിണർ കുഴിക്കൽ | 7 | 17500 |
| 2 | പമ്പ്സെററ് | 19 | 47500 |
| 3 | കുഴൽകിണർ | 2 | 1600 |
| ആകെ | | | 66600 |

**ബയോഗ്യാസ് പദ്ധതി**

| | |
|---|---|
| ഉപഭോക്താക്കൾ | 2 |
| സഹായം | 2400 × 2 = 4800 രൂപ |

## പ്രശ്നങ്ങൾ

* സി സി ഡി പി പദ്ധതിക്ക് 30 സെൻറ് സ്ഥലം വേണമെന്ന നിബന്ധന ഉള്ളതിനാൽ യഥാർത്ഥ ആവശ്യക്കാർക്ക് (താൽപര്യമുള്ളവർക്ക്) പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല.
* ലോൺ അനുബന്ധ പദ്ധതി ആയതിനാൽ പലർക്കും ലോൺ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
* പമ്പുസെററും, മററും അംഗീകൃത ഡീലറിൽനിന്നും വാങ്ങണമെന്നുള്ള നിബന്ധന.
* ജൈവവളം ഉൽപാദിപ്പിക്കുന്നതിനുള്ള സഹായം അപര്യാപ്തം.
* സസ്യ സംരക്ഷണ പ്രവർത്തകരുടെ അപര്യാപ്തത.
* സാങ്കേതിക വിദഗ്ധരുടെ ഫീൽഡ് സന്ദർശന കുറവ്.

## നിർദേശങ്ങൾ

* സി സി ഡി പി പദ്ധതിക്ക് 30 സെൻറ് വേണമെന്നുള്ളത് കുറയ്ക്കണം.
* ലോൺ അനുബന്ധ പദ്ധതി ആക്കരുത്.
* അംഗീകൃത വിതരണക്കാരിൽനിന്നും വാങ്ങണമെന്ന നിബന്ധന മാററണം.
* ജൈവവളം ഉൽപാദിപ്പിക്കുന്നതിനുള്ള സഹായം കൂട്ടണം.
* സസ്യ സംരക്ഷണ സംഘം നിലവിൽ വരണം.

# മൃഗ സംരക്ഷണം

വടക്കേക്കര ഗ്രാമപഞ്ചായത്ത് നെല്ല് വിളഞ്ഞിരുന്ന പാടങ്ങളായിരുന്നു. ഇന്ന് അതിൻെറ ഒരു സൂചന പോലും ഇല്ല. അക്കാലത്ത് മൃഗങ്ങളെ പരിപാലിച്ചു പോന്നിരുന്നതിന് യാതൊരു തെളിവുകളും ഇല്ല. 1950 കൾക്കുശേഷം നാടൻഇനത്തിൽപ്പെട്ട കാലികളെ വളർത്തിയിരിക്കണം. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ ഏതാനും കുടുംബങ്ങൾ, എല്ലാ വാർഡുകളിലും ഉണ്ട്. ഭൂമിയുടെ തുണ്ടുവൽക്കരണവും കാലിത്തീററകളുടെ ക്രമാതീതമായ വിലവർദ്ധനവും കാലിവളർത്തൽ ആദായകരമല്ലാതാക്കി.

പശു, എരുമ, ആട് എന്നിവയാണ് ഈ പഞ്ചായത്തിൽ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. ഏകദേശം 600 ൽ താഴെ പശുക്കളും 959 ആടുകളും 50 എരുമകളുമാണ് പഞ്ചായത്തിലുള്ളത്. ഈ എണ്ണം പഞ്ചായത്തിലെ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് പര്യാപ്തമല്ല. പാൽ ഉൽപാദന രംഗത്തോ, വിതരണ രംഗത്തോ സഹകരണ സംഘങ്ങൾ നിലവിലില്ല. പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യാതൊരു സംവിധാനവും പഞ്ചായത്തിൽ ഇല്ല. തുരുത്തിപ്പുറം കേന്ദ്രമാക്കി ക്ഷീര വ്യവസായ സഹകരണ സംഘം രൂപം കൊടുത്തിട്ടുണ്ട്. ഈ രംഗത്തു് നടക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഒരു ആസൂത്രണ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുമുള്ള ഒരു സംവിധാനവുമില്ല. കാലികൾക്കുണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സംവിധാനം മടപ്ലാതുരുത്ത് 4-ാംവാർഡിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രിമാത്രമാണ്. ഇതിൻെറ പ്രവർത്തനം അപര്യാപ്തവുമാണ്.

വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. 50 ൽത്താഴെ എരുമകളും ചില വാർഡുകളിലായി വളർത്തുന്നുണ്ട്. മുയൽ വളർത്തുന്ന കേന്ദ്രങ്ങൾ ചില വാർഡുകളിൽ ഉണ്ട്.

നല്ലയിനം കോഴികളെ ലഭ്യമല്ല. രോഗപ്രതിരോധ ശക്തിയുള്ള കോഴികളുടേയും താറാവുകളുടേയും കാര്യത്തിൽ അപര്യാപ്തതയുണ്ട്. നമ്മുടെ നാട്ടിൽ എല്ലാ കുടുംബങ്ങളിലും മുട്ട ഉപയോഗിക്കുന്നുണ്ട്. ഈ മുട്ടകൾ തമിഴ്നാട്ടിൽനിന്ന് ഇറക്കുമതി ചെയ്യുന്നതാണ്. സ്വന്തമായി ഉൽപാദിപ്പിക്കാനുള്ള സാധ്യതകളുണ്ട്. ഇറച്ചിക്കോഴി വളർത്തു കേന്ദ്രങ്ങൾ പഞ്ചായത്തിലെ 1, 2, 5, 6, 9, 10 വാർഡുകളിൽ നിലവിലുണ്ട്. ഇറച്ചിക്കോഴി വളർത്തുന്ന സ്ഥാപനങ്ങൾ കുറവുണ്ട്. പന്നി, മുയൽ എന്നീ ഇനങ്ങളെ വിപുലമായി വളർത്താനുള്ള സാഹചര്യമുണ്ടാക്കണം.

പഞ്ചായത്തിലൊട്ടാകെ അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ലൈസൻസ് സമ്പ്രദായം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ കർശനമാക്കണം.ന

പന്നി, മുയൽ എന്നീ മൃഗങ്ങളെ വിപുലമായി വളർത്തുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ, സാമ്പത്തിക സഹായം, ഉപദേശം എന്നിവ ഇപ്പോൾ പഞ്ചായത്തിൽ ലഭ്യമല്ല.

### പ്രശ്നങ്ങൾ

★ കാലികൾക്കും, കോഴികൾക്കും, താറാവുകൾക്കും ഉണ്ടാകുന്ന രോഗങ്ങൾ
★ കാലിത്തീററയുടെ വില വർദ്ധനവ്
★ വൈക്കോലിൻെറ അപര്യാപ്തത
★ തീററപ്പുല്ല് കൃഷി വിജയിക്കുന്നില്ല
★ സാങ്കേതിക സഹായം ലഭ്യമല്ല
★ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നതിന് പ്രയാസങ്ങൾ
★ തൊഴുത്തുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുന്നില്ല
★ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നില്ല
★ ലൈസൻസ്, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ കാര്യക്ഷമമല്ല

### സാധ്യതകൾ

* സഹകരണാടിസ്ഥാനത്തിൽ ആട്, പശു, എരുമ, താറാവ്, കോഴി, പന്നി, മുയൽ എന്നിവയെ വ്യവസായികാടിസ്ഥാനത്തിൽ വളർത്താനും ഉൽപ്പാദത്തിനും വിതരണത്തിനുമുള്ള സാങ്കേതികവും സാമ്പത്തികവുമായ നടപടികൾ.
* ദീർഘകാലാടിസ്ഥാനത്തിൽ ഈ പദ്ധതികളെ ഏകോപിപ്പിക്കാനും മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ആസൂത്രണം.
* പഞ്ചായത്തിൽ അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം ആലോചിക്കാവുന്നതാണ്.
* ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.
* പാൽ ഉല്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.
* പഞ്ചായത്തിൽ കാലിത്തീററ ഉല്പാദനം എങ്ങിനെ വർദ്ധിപ്പിക്കാം.

## മത്സ്യബന്ധനം

കടൽ മത്സ്യബന്ധനം പണ്ട് ഉണ്ടായിരുന്നില്ല. പരമ്പരാഗത മത്സ്യബന്ധനത്തിന് വലവീശ്, വഞ്ചിയിലും അല്ലാതെയും വലകെട്ടൽ അടിച്ചിൽ കെട്ടൽ, വെള്ളകെട്ടൽ, വടിവല, ചീനവല, ചൂണ്ടയിടൽ, തപ്പിപ്പിടിക്കൽ തുടങ്ങിയ അനേകം രീതികളുണ്ടായിരുന്നു. വട്ടവല ഉപയോഗിച്ചുള്ള മത്സ്യം പിടിത്തം വളരെ ചെറിയ തോതിൽ നടക്കുന്ന ഒന്നാണ്. ഇപ്പോൾ ചൂണ്ട, വലവീശ്, ചീനവല എന്നിവ ഏറെക്കുറെ വ്യാപകമായിത്തന്നെ നിലനില്ക്കുന്നുണ്ട്.

മുൻപ് മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവർ ഒരു പ്രത്യേക ജാതി വിഭാഗമായിരുന്നു. ഇന്ന് അത്തരം പരിമിതികൾ ലംഘിക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തിൻെറ ലഭ്യതക്കുറവ്, ഈ രംഗത്തുള്ളവരുടെ സാമ്പത്തിക ഘടനയെ കാര്യമായി ബാധിക്കുന്നുണ്ട്. പൊതുവിൽ മത്സ്യബന്ധനരംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളിൽ മെച്ചപ്പെട്ട സാമ്പത്തികശേഷിയുള്ളവർ കുറവാണ്.

വൻതോതിൽ യന്ത്രവൽക്കരണം നടപ്പാക്കപ്പെട്ടിരിക്കുന്ന ഒരു മേഖലയാണിത്. ഉൽപാദനരംഗത്ത് ഇങ്ങനെയാണെങ്കിലും ഇതിനനുസൃതമായ വികാസം സംസ്കരണ രംഗത്തില്ല. ട്രോളർ നെററ്, പെഴ്സിൻ നെററ് തുടങ്ങിയ വലിയ ബോട്ടുകളുപയോഗിച്ച മീൻ പിടിക്കുന്ന രീതിയാണ് കടൽ മത്സ്യബന്ധനത്തിന് വടക്കേക്കര മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്നത്.

ചെമ്മീൻ ആയിരുന്നു മുഖ്യ ഉൽപന്നം. കണവ, നെയ്മീൻ, പുന്നാരമീൻ, അയില, ചാള (വളരെ കുറവാണ്) തുടങ്ങിയവയാണ് ഇപ്പോഴത്തെ ഉൽപന്നങ്ങൾ. ചെമ്മീനിൽതന്നെ സീനാരൻ, കരിക്കാടി, പൂവാലൻ തുടങ്ങിയ തരങ്ങളുണ്ട്. ചാള മുൻപ് വളരെയേറെ ഉൽപാദിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ വളരെ കുറവാണ് കിട്ടുന്നത്.

പണ്ട് വഞ്ചിയും വലയും ഉപയോഗിച്ചുള്ള മത്സ്യബന്ധനമായിരുന്നു. പിന്നീട് ചെറിയ ചെറിയ ഫിഷിങ്ങ് വെസ്സൽ കൈകൊണ്ടു വല വലിക്കുന്നവയിലേക്കും പിന്നെ വലയിടുന്നതും വലിക്കുന്നതും യന്ത്രവൽകൃതമായ രീതിയിലേക്കും വികസിച്ചു. ഇപ്പോൾ സാധാരണയായി കൈവലി ബോട്ടുകൾ കുറവാണ്. മൂന്നും നാലും ദിവസങ്ങൾ കടലിൽ കഴിയുന്ന ബോട്ടുകൾ സാധാരണം. മാസങ്ങളോളം കടലിൽ കഴിയുന്ന വെസ്സൽ കൂടിവരുന്നു. ഇന്ധനത്തിന്റെ ലഭ്യതക്കുറവാണ് നാലു ദിവസങ്ങളോളമൊക്കെ കടലിൽ കഴിയേണ്ടുന്ന അവസ്ഥ തൊഴിലാളികൾക്ക് ഉണ്ടാക്കിയിരിക്കുന്നത്. പൊതുവിൽ അദ്ധ്വാനഭാരം കുറഞ്ഞെങ്കിലും തൊഴിലാളികളുടെ അദ്ധ്വാനസമയം കൂടുതലാണ്. എക്കൊസൗണ്ടർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളുടെ ഉപയോഗം മത്സ്യബന്ധനത്തെ ലളിതമാക്കിയിട്ടുണ്ട്. കൂലി പൊതുവിൽ 35 ശതമാനമാണ്. കയററുമതിയാണ് കൂടുതൽ. ആഭ്യന്തര ഉപഭോഗം കുറവാണ്.

## പ്രശ്നങ്ങൾ

★ അടുത്തകാലത്തായി വിദേശട്രോളറുകളുടെ സാന്നിദ്ധ്യം കടൽ മത്സ്യബന്ധനത്തിനു ഭീഷണിയാണ്.

★ മത്സ്യബന്ധന രംഗത്ത് കാലവർഷക്കാലത്തുള്ള നിരോധനം അതിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ഈ കാലയളവിൽ ഉപജീവനത്തിനുള്ള സാധ്യതകളില്ല.

★ ഉൽപാദനരംഗത്തും വിപണനരംഗത്തും ഇടത്തട്ടുകാരുടെ ചൂഷണം.

★ മത്സ്യ സഹകരണ സംഘങ്ങൾ പ്രവത്തിക്കുന്നില്ല. പ്രവർത്തനം നിലച്ചുപോയിരിക്കുന്നതുകൊണ്ട് ഉല്പാദനവിതരണ മേഖലകളെ ഏകോപിപ്പിക്കുന്ന പ്രവർത്തനം നിലവിലില്ല.

★ മത്സ്യരോഗങ്ങൾ

★ പഞ്ചായത്തിൽ ഒരു ഹാർബർ നിലവിലില്ല.

★ അശാസ്ത്രീയമായ യന്ത്രവൽകൃത മത്സ്യബന്ധന രീതി.

★ വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യ സംസ്കരണ കേന്ദ്രങ്ങളില്ല. പൊതുവിതരണ കേന്ദ്രങ്ങൾ അപര്യാപ്തമാണ്.

★ ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങളും സംരക്ഷണവും പരിമിതമാണ്. സംരക്ഷണത്തിനാവശ്യമായ ഉപകരണങ്ങളുടെ കാര്യത്തിൽ തൊഴിലാളികളുടെ അജ്ഞത, ജലമലിനീകരണം.

★ യന്ത്രവൽകൃത ബോട്ടുകൾക്ക് ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ വർദ്ധിച്ച വില.

## സാധ്യതകൾ

★ വിദേശ ട്രോളറുകൾ നിരോധിക്കുവാൻ സംസ്ഥാന തലത്തിൽ നിയമം കൊണ്ടുവരേണ്ടതുണ്ട്.

★ കാലവർഷക്കാലത്തെ നിരോധനംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം വഴി സാമ്പത്തിക സഹായം ചെയ്യാവുന്നതാണ്.

★ സഹകരണാടിസ്ഥാനത്തിൽ ഉല്പാദന, വിതരണ രംഗങ്ങളെ ഏകോപിപ്പിക്കുവാനുള്ള തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരണം.

★ മത്സ്യരോഗങ്ങൾ ഇല്ലായ്മ ചെയ്യാൻ സംസ്ഥാനാടിസ്ഥാനത്തിൽ ഗവേഷണങ്ങളും പരിഹാരവും ശാസ്ത്രീയമായി കണ്ടെത്തേണ്ടതാണ്.

★ പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങളായ കുഞ്ഞിത്തൈ, മാല്യങ്കര എന്നീ വാർഡുകളിൽ ഫിഷിംഗ് ഹാർബറുകൾക്ക് സാധ്യതയുണ്ട്.

★ വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യ സംസ്കരണ യൂണിററുകൾ ആരംഭിക്കാവുന്നതാണ്.

★ കടൽത്തീരങ്ങളിൽ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയമപരമായി നിർത്തലാക്കേണ്ടതാണ്.

★ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്.

★ യന്ത്രവൽകൃത ബോട്ടുകൾക്ക് കുറഞ്ഞ ചെലവിൽ ഇന്ധനം ലഭ്യമാക്കുവാൻ കഴിയണം.

# വികസന മേഖലകൾ

## ദ്വിതീയ മേഖല

### വ്യവസായം

വടക്കേക്കര പഞ്ചായത്തിന്റെ വ്യവസായ ചരിത്രം പഠിക്കുമ്പോൾ ഒരു കാര്യം നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ഈ പ്രദേശത്തിന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ മണ്ഡലങ്ങളേയും സ്വാധീനിച്ചു കൊണ്ടാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല വളർന്നു വന്നിട്ടുള്ളത്. ലഭ്യമായിട്ടുള്ള മാനദണ്ഡങ്ങളും, സാധ്യതകളുമനുസരിച്ച് വ്യവസായത്തെ പരമ്പരാഗതം, ആധുനികം എന്നിങ്ങനെ രണ്ടായി തിരിക്കാം. ഇതിൽ പരമ്പരാഗത വ്യവസായത്തിൽ ചെറുകിട വ്യവസായം, കുടിൽ വ്യവസായം എന്നിവ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനവും വടക്കേക്കര പഞ്ചായത്തിലില്ല. അതിനാൽ പഞ്ചായത്തിന്റെ വ്യവസായ ഉടമസ്ഥതയെ സ്വകാര്യം, സഹകരണം എന്നീ രണ്ടു തലത്തിൽ വിഭജിക്കാം.

12 വാർഡുകൾ ഉൾക്കൊള്ളുന്ന വടക്കേക്കര പഞ്ചായത്തിൽ 14 സഹകരണ സംഘങ്ങൾ ഇന്ന് നിലവിലുണ്ട്. ഇതിൽ ഉല്പാദന–വ്യവസായ മേഖലയിൽ നേരിട്ട് പ്രവർത്തിക്കുന്ന സംഘങ്ങൾ ഒൻപതെണ്ണം മാത്രമാണ്. പട്ടികജാതി പട്ടികവർഗത്തിന്റെ ഉടമസ്ഥതയിലുള്ള സഹകരണ സംഘം ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്നു എന്നത് എടുത്തുകാട്ടാവുന്ന ഒരു കാര്യമാണ്.

കയർ, ഖാദി, കൈത്തറി, കള്ളുചെത്ത്, കക്ക, മത്സ്യം എന്നീ മേഖലകളാണ് നമ്മുടെ വ്യവസായത്തിന്റെ അതിർത്തികൾ നിശ്ചയിക്കുന്നത്. ഈ പരമ്പരാഗത അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടു മാത്രമെ, പഞ്ചായത്തിൽ ആധുനിക വ്യവസായം നിർമിക്കാൻ പററൂ എന്നുള്ള ഭൗതികപരമായ സാഹചര്യവും ഇന്ന് നിലവിലുണ്ട്. അതുകൊണ്ടുതന്നെ പരമ്പരാഗത വ്യവസായ മേഖലയിലെയിലെ പ്രശ്നങ്ങൾ അടിയന്തിര ശ്രദ്ധയോടെ പഠിച്ച് പരിഹാരം നിർദേശിക്കുക എന്നത് ഒരു പ്രധാന കാര്യമായി ഉയർന്നുവന്നിരിക്കുന്നു.

#### പരമ്പരാഗത വ്യവസായ മേഖല

##### കയർ

കയർ വ്യവസായത്തിൽനിന്ന് ഇഴ പിരിച്ചെടുക്കുവാനാകാത്ത വിധത്തിൽ, കയറിന്റെ ചരിത്രം ഈ പഞ്ചായത്തിന്റെ വ്യവസായ ചരിത്രമായി മാറിയിരിക്കുന്നു. ആദ്യകാലത്ത് കൃഷിയായിരുന്നു മുഖ്യ ജീവിതോപാധിയെങ്കിൽ പിന്നീട് പാടങ്ങൾ മൂടപ്പെടുകയും അവശേഷിച്ച കണ്ടങ്ങൾ തൊണ്ടുമൂടുന്ന കുഴികളായി പരിണമിക്കുകയും ചെയ്തിരിക്കാം. ഏതായാലും കയർ വ്യവസായം എന്നുമുതലാണ് ഇവിടെ ആരംഭിക്കപ്പെട്ടതെന്ന് കൃത്യമായി പറയുവാൻ സാധിക്കുകയില്ല. പ്രായമായവരുടെ ഓർമയിലെല്ലാം കയർ നിറഞ്ഞു നിൽപ്പുണ്ട്.

1954 ഓടുകൂടി വടക്കേക്കര പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആരംഭിക്കപ്പെട്ട കയർ തൊഴിലാളി സമരം ഈ പരമ്പരാഗത വ്യവസായത്തിന്റെ

കേന്ദ്രീകൃത സ്വഭാവം തകർക്കുകയും അതിൻെറ ഫല മായി തൊഴിലാളികളുടെ സംഘബോധത്തിൽനിന്ന് ഉയർന്നുവന്ന കൂട്ടായ്മയുടെ ഫലമായി കയർവ്യവ സായ സഹകരണ സംഘങ്ങൾ രൂപമെടുക്കുകയും ചെയ്തു. ഇന്ന് പഞ്ചായത്തിൽ ഏഴ് കയർ സംഘ ങ്ങളുണ്ട്. വാവക്കാട്, മൂത്തകുന്നം, മാല്യങ്കര, ചെ ട്ടിക്കാട്, പാല്യത്തുരുത്ത്, മടപ്ലാതുരുത്ത്, തുരുത്തി പ്പുറം എന്നീ പ്രദേശങ്ങളിലാണ് സംഘങ്ങൾ സ്ഥി തി ചെയ്യുന്നത്.

കേരളത്തിൻെറ ആഭ്യന്തരവും ബാഹ്യവുമായ വിപ ണിയെ സ്വാധീനിക്കാവുന്ന വിധത്തിൽ ഉൽപാദന ത്തിലും, ഗുണനിലവാരത്തിലും വടക്കേക്കര പഞ്ചാ യത്തിലെ കയർമേഖല മുന്നിൽനിന്ന ഒരു കാലമുണ്ടാ യിരുന്നു. എന്നാൽ ഇന്ന് ഈ പഞ്ചായത്തിൽ ഏററ വും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന ഈ മേഖല വൻപ്രതിസന്ധിയെ നേരിടുകയാണ്.

ആധുനിക യന്ത്രവൽക്കരണം ഒരു പരിധി വരെ കടന്നു വരാത്ത കയർ മേഖലയിൽ പരമ്പരാഗതവും, വികേന്ദ്രീകൃതവുമായ ഉൽപാദന രീതിയാണ് നില വിലുള്ളത്. കയർ വ്യവസായത്തിൻെറ അസംസ്കൃത വസ്തുവായ തൊണ്ട് ശേഖരിക്കുന്നത് ജില്ലയുടെ കിഴ ക്കൻ പ്രദേശങ്ങളിൽ നിന്നാണ്. 6 മുതൽ 9 വരെയുള്ള മാസം കൊണ്ടാണ് തൊണ്ട് ഴകുന്നതും ഉൽപാദന ത്തിൻെറ ഒന്നാം ഘട്ടം പിന്നിടുന്നതും. പോളവലിക്ക ലും, ചകിരിയാക്കലുമാണ് അടുത്ത രണ്ടു ഘട്ടങ്ങൾ. അങ്ങനെ ശേഖരിക്കപ്പെടുന്ന തൊണ്ട് ചകിരിയാകണ മെങ്കിൽ പരമ്പരാഗത ആസൂത്രണത്തിൽ ഏതാണ്ട് പത്ത് മാസക്കാലമെടുക്കുന്നു. വടക്കേക്കര പഞ്ചായ ത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന മുഖ്യ കയറിനങ്ങൾ പറവൂർസ്പെഷൽ, പറവൂർമീഡിയം, റിയൽമീഡിയം, പറവൂർവണ്ണൻ എന്നിവയാണ്.

കയർ മേഖലയിൽനിന്നും വൻതോതിൽ തൊഴി ലാളികൾ കുറഞ്ഞുപോകുന്ന കാഴ്ചയാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. 1981_ൽ ഏതാണ്ട് 10000 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തിരു ന്നുവെങ്കിൽ 91_ൽ അത് 5000 ആയും 96_ൽ 3000 ആയും മാറിയിരിക്കുന്നു. ഈ വൻകൊഴിച്ചിലിൻെറ കാരണങ്ങൾ തേടിപ്പോകുന്ന നമുക്ക് പല പ്രശ്ന ങ്ങളും കണ്ടെത്താൻ കഴിയും. മററ് തൊഴിലുകളെ അപേക്ഷിച്ച് ഈ തൊഴിലിന് നേരെയുള്ള സാമൂഹ്യ പരമായ അവഗണന ഒരു വലിയ പ്രശ്നമാണ്. തൊഴിൽ സമയത്തെ അപേക്ഷിച്ച് താരതമ്യേന കൂലിക്കുറവും, അദ്ധ്വാനഭാരവും മറെറാരു പ്രശ്നമാണ്. മുഖ്യമായും വനിതകൾ പണിയെടുക്കുന്ന ഈ മേഖല യിലെ ഒരു പണിയാളൻെറ ശരാശരി വരുമാനം 25 മുതൽ 40 രൂപാ വരെയാണ്.

ഒററപ്പെട്ട പരീക്ഷണങ്ങൾ മാത്രം കടന്നുവന്നിട്ടുള്ള കയർവ്യവസായ മേഖലയിൽ ഉല്പാദനശേഷി വർദ്ധി പ്പിക്കുന്നതിനോ കാലദൈർഘ്യം കുറയ്ക്കുന്നതിനോ ഇതുവരെ കഴിഞ്ഞിട്ടില്ല. വടക്കേക്കര പഞ്ചായത്തിൽ ആധുനിക രീതിയിൽ കയർ നിർമ്മിക്കുന്നതിനുള്ള 5 യൂണിററുകൾ ഈയിടെ സ്ഥാപിക്കപ്പെട്ടു. മുഖ്യമായും സ്ത്രീകളെ ഉദ്ദേശിച്ചുകൊണ്ട് സ്ഥാപിക്കപ്പെട്ട ഈ പദ്ധതി കൂലി കുറവിനാലും, ഉൽപന്നത്തിൻെറ ഗുണ നിലവാരമില്ലായ്മയാലും വൻ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. ഈ പരിഷ്കൃത റാട്ടി ൻെറ ഘടനയുടെ രൂപത്തിൽ മാററമുണ്ടാക്കണമെന്ന ആവശ്യം പരക്കെ ഉയർന്നുവന്നിട്ടുണ്ട്. ഒരു പ്രത്യേക തരം (അഞ്ചുതെങ്ങ് മുന്നൂറ് റേഞ്ചേജ്) കയർ നിർമ്മി ക്കണമെന്ന നിർദേശം യന്ത്രവൽകൃത റാട്ടുകൾ ബുദ്ധി മുട്ടുകൾ നേരിടുന്നുണ്ട്. പച്ചമടലിൽനിന്ന് നേരിട്ട് ചകിരിയുണ്ടാക്കുന്ന യന്ത്രം മൂത്തകുന്നം സംഘ ത്തിൻെറ കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം യന്ത്രങ്ങൾ എല്ലാ സംഘത്തിന് കീഴിലും സ്ഥാപി ക്കപ്പെടുക എന്നത് ചരിത്രപരമായ ഒരാവശ്യമാണ്.

വടക്കേക്കര പഞ്ചായത്തിലെ ഏററവും വലിയ വ്യവസായമായ കയർ വെല്ലുവിളികളുടെ ഘട്ടത്തിലൂ ടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്ന് ഈ പരമ്പരാഗത വ്യവസായ മേഖലയിൽ നിലവി ലുള്ള യന്ത്രങ്ങളുടേയും, തൊഴിലാളികളുടേയും ഉല്പാദന ക്ഷമത ശരാശരിയേക്കാൾ താഴെയാണ്. ഉൽപന്ന ത്തിൻെറ വിലയേക്കാൾ, ഉൽപാദന ചെലവിലുള്ള വർദ്ധനവ് സംഘങ്ങളെ വൻ സാമ്പത്തിക കടക്കെ ണിയിലാക്കിയിരിക്കുന്നു. സ്വയംപര്യാപ്തതയുടെ മകുടോദാഹരണങ്ങളായിരുന്ന ഈ സംഘങ്ങൾ ഇന്ന് സബ്സിഡികൾ കാത്തിരിക്കേണ്ട ഗതികേടിലേ ക്ക് താഴ്ന്നുപോയിരിക്കുന്നു.

കയർമേഖല സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്ന ങ്ങൾ വളരെ വലുതാണ്. കുഴികളിൽ തൊണ്ട് അഴ ക്കുന്നതും, ചകിരിച്ചോറും നമ്മുടെ തോടുകളിലെ മത്സ്യ സമ്പത്തിനേയും, ജലത്തിൻെറ ലവണ സ്വ ഭാവത്തേയും, ജലഗതാഗതത്തേയും പ്രതികൂലമായി ബാധിക്കുന്നു. പരിസര മലിനീകരണം തടയുന്നതി നുള്ള നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ചകിരി ച്ചോറും, ചകിരിയുമുപയോഗപ്പെടുത്തി ഷീററുകൾ നിർമ്മിക്കാൻ സാധിക്കും. ചകിരിച്ചോറിൽനിന്ന് വളങ്ങൾ നിർമ്മിച്ചുകൊണ്ട് പരിസര മലിനീകരണം തടയാൻ നമുക്കു കഴിയണം.

തൊഴിലാളികളുടെ തൊഴിലവസരം നഷ്ടപ്പെട്ട ത്താതെ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തി കയർമേഖല യിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാ

ണ് ഈ വ്യവസായത്തെ രക്ഷിക്കാനുള്ള ഏററവും പരമപ്രധാനമായ മാർഗം. ഓരോ പ്രദേശത്തിൻെറയും പ്രത്യേകതയനുസരിച്ച് ഗുണ നിലവാരത്തിലും, ഉൽപാദനത്തിലും പുതിയ മാനദണ്ഡങ്ങൾ സ്വീകരിക്കണം. കയർമേഖലയോട് ബന്ധപ്പെടുത്തി, സഹകരണാടിസ്ഥാനത്തിൽ ഒരു കയർഫാക്ടറി സ്ഥാപിക്കുക എന്നത് ഏററവും അത്യാവശ്യമായ സംഗതിയാണ്. കയർ അസംസ്കൃത വസ്തുവാക്കിക്കൊണ്ട് കരകൗശലവസ്തുക്കൾ, ഫാൻസി വസ്തുക്കൾ എന്നിവ നിർമ്മിച്ച് പരമ്പരാഗത വ്യവസായത്തിൻെറ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കാൻ നമുക്കൊത്തൊരുമിച്ച് ശ്രമിക്കാം.

## കൈത്തറി

ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘം മാത്രമാണ് വടക്കേക്കര പഞ്ചായത്തിലുള്ളത്. റിബേററ് വിൽപനക്കാലത്തുമാത്രമെ ഈ പ്രദേശത്തെ ജനങ്ങൾ കൈത്തറിയുമായി നേരിട്ട് ബന്ധപ്പെടുന്നുള്ളു. വികേന്ദ്രീകൃതമായ പ്രവർത്തന ശൈലിയാണ് കൈത്തറി വ്യവസായത്തിൻേറത്. പാവുണക്കുന്നതിനാവശ്യമായ പൊതുസ്ഥലത്തിൻെറ അപര്യാപ്തത കൈത്തറി വ്യവസായമേഖലയിലെ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

കേരള സംസ്ഥാനത്തിൻെറ ഔദ്യോഗിക വസ്ത്രമായി കൈത്തറിക്ക് ഉയർന്നുവരാവുന്ന സാമൂഹ്യ സാഹചര്യം സൃഷ്ടിക്കപ്പെടണം. ഉൽപാദനച്ചെലവ് കുറച്ചുകൊണ്ടും, കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും കൈത്തറി ഉല്പന്നത്തിൻെറ വില സ്ഥിരമായി നിലനിർത്താനുള്ള സാഹചര്യം ആ വ്യവസായത്തിനുള്ളിലുണ്ടാകണം. വേഷ്ടി ഉൽപാദനത്തിൽമാത്രം ഒതുങ്ങി നിൽക്കാതെ വസ്ത്രത്തിൻെറ മററു മേഖലകളിലേക്കും കൈത്തറിയെ വ്യാപിപ്പിച്ചുകൊണ്ട് പുതിയ സാധ്യതകൾ കണ്ടെത്താൻ കഴിയണം. പുതിയ വിൽപന കേന്ദ്രങ്ങൾ കണ്ടെത്താനും ഡൈഹൗസുകൾ സ്ഥാപിക്കുവാനും കൈത്തറി വ്യവസായത്തിന് കഴിയണം. കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് നൂല് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള സാമ്പത്തിക സാഹചര്യം ഒരുക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## ഖാദി

ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രം എന്ന പേരിൽ കേന്ദ്രഗവണ്മെൻറ് സഹായത്താൽ നടക്കുന്ന സ്ഥാപനം സ്ഥിതിചെയ്യുന്നത് അണ്ടിപ്പിള്ളിക്കാവിലാണ്. നന്ത്യാട്ടുകുന്നത്തിൻെറകീഴിലുള്ള യൂണിററുകളിൽവച്ച് ഏററവുംവലുതായ ഈ സ്ഥാപനത്തിൽ നൂറോളംപേർ ജോലിചെയ്യുന്നു. അധ്വാനത്തിൻെറ കാഠിന്യവും കൂലിക്കുറവും നിമിത്തം പുതിയ ആളുകൾ ഈ വ്യവസായത്തിലേക്കു കടന്നുവരുന്നില്ല. കേന്ദ്രീകൃത സ്വഭാവമുള്ള ഈ വ്യവസായമേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വളരെ ദുർബലമാണ്. കൃത്യമായ മെഡിക്കൽ പരിശോധന നടത്താത്തതുമൂലം ശ്വാസകോശസംബന്ധമായ അസുഖങ്ങൾ ഈ മേഖലയിൽ പണിയെടുക്കുന്നവരെ പിടികൂടുന്നു.

പോളീവസ്ത്ര യൂണിററ് ആരംഭിച്ചുകൊണ്ട് ഈ വ്യവസായത്തെ പരിഷ്കരിക്കാൻ കഴിയണം. ജനങ്ങളുമായി ബന്ധപ്പെടാവുന്ന വിധത്തിൽ കൈത്തറി വ്യവസായത്തെ ക്രമീകരിച്ചാൽമാത്രമേ പൂർണവിജയത്തിലെത്താൻ സാധിക്കു.

## കള്ളുചെത്ത് വ്യവസായം

വടക്കേക്കര പഞ്ചായത്തിൻെറ സാമ്പത്തിക നിലവാരത്തെ സ്വാധീനിച്ചിരുന്നതും, അഭിമാനാർഹവുമായ തൊഴിലായിരുന്ന കള്ളുചെത്ത് വ്യവസായം. പ്രാഗൽഭ്യമുള്ള തൊഴിലാളികൾക്ക് അന്ന് 30 ലിററർ കള്ളുവരെ ലഭിച്ചിരുന്നു. 4 മുതൽ 30 ലിററർവരെയായിരുന്നു ശരാശരി ഉൽപാദനം. തെങ്ങിനുണ്ടാകുന്ന രോഗം, മററ് സാമൂഹ്യപ്രശ്നം എന്നിവമൂലം കള്ളുചെത്ത് വ്യവസായം തകർച്ചയെ നേരിടുകയാണ്. കള്ളുചെത്ത് മേഖലയിലെ തൊഴിലാളികൾ തൊഴിലുപേക്ഷിച്ച് മററു തൊഴിലുകൾ തേടിപ്പോകുന്നത് വടക്കേക്കര പഞ്ചായത്തിൽ ഇന്ന് സർവസാധാരണമാണ്. കള്ളുചെത്ത് വ്യവസായമേഖലയിൽ നിലനിൽക്കണമെന്നാഗ്രഹിക്കുന്ന തൊഴിലാളികളാകട്ടെ സംസ്ഥാനത്തിൻെറ ഇതര ഭാഗങ്ങളിലേക്കും, സംസ്ഥാനത്തിന് പുറത്തേക്കും യാത്രയാകുന്നു.

വ്യാപകമായ രോഗങ്ങളിൽനിന്നു് തെങ്ങിനെ സംരക്ഷിച്ച് ഈ പരമ്പരാഗതവ്യവസായത്തെ സംരക്ഷിക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കള്ളിനെ ഒരു മദ്യമെന്ന നിലയിൽമാത്രം ഉപയോഗിക്കാതെ ലഹരികളഞ്ഞ് പാനീയമുണ്ടാക്കാനും ചക്കര നിർമ്മാണത്തിലേക്കും കള്ളുചെത്ത് വ്യവസായത്തെ തിരിച്ചുവിടാം. അങ്ങനെ പുതിയ മേഖലകൾ നമുക്ക് വെട്ടിപ്പിടിക്കാം.

## കക്ക വ്യവസായം

കക്ക വാരുന്നവരും, ചൂളയിൽ പണിയെടുക്കുന്നവരുമായി 150 ഓളംപേർ പ്രധാനമായും 12-ാംവാർഡിലും മററിതര വാർഡുകളിലുമായി ഉപജീവനം നടത്തുന്നു. കക്കവാരൽ തൊഴിലാളികൾക്ക് മത്സ്യതൊഴിലാളിയുടെ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ചൂളയിൽ പണിയെടുക്കുന്നവരെ നിർമ്മാണ തൊഴിലാളികളായി കണക്കാക്കേണ്ടത് വളരെ അത്യാവശ്യമാണ്. കക്കയിറച്ചി പഞ്ചായത്തിലെ ഒരു ഭക്ഷണ പദാർത്ഥമാണ്.

കുമ്മായം ഇന്ന് പ്രധാനമായും കൃഷിക്കാണ് ഉപയോഗിക്കുന്നത്.

നീററുകക്കയുടെ നിർമാണ പ്രവർത്തനം ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിതരീതിയിൽ ഗൗരവതരമായ പാരിസ്ഥിതികപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒരു തൊഴിൽ മേഖലയെന്ന നിലയിൽ ഇതിന്റെ പരിസ്ഥിതിപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രായോഗികവും ശാസ്ത്രീയവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## മത്സ്യ വ്യവസായം

വിദേശ ട്രോളറുകളുടെ കടന്നുകയററംമൂലം മത്സ്യ വ്യവസായം വൻ പ്രതിസന്ധിയെ നേരിടുകയാണ്. കയർ മേഖല കഴിഞ്ഞാൽ വടക്കേക്കര പഞ്ചായത്തിൽ ഏററവും കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നത് മത്സ്യ വ്യവസായത്തിലാണ്. തൊഴിൽ ശക്തി പ്രദാനം ചെയ്യാനുള്ള ഒരു സ്ഥലം എന്നതിനപ്പുറം വ്യാപകമായി മത്സ്യ തൊഴിലാളികൾ വടക്കേക്കര പഞ്ചായത്തിൽ ഇതുവരെ ഒരു മത്സ്യ സംസ്കരണ യൂണിററു പോലും സ്ഥാപിക്കപ്പെട്ടിട്ടില്ല. വടക്കേക്കര പഞ്ചായത്തിന്റെ കായലോര പ്രദേശമായ കൊട്ടുവള്ളിക്കാട്, മാല്യങ്കര, ചെട്ടിക്കാട്, കുഞ്ഞിത്തൈ പ്രദേശങ്ങളിലാണ് മത്സ്യ തൊഴിലാളികൾ തിങ്ങി താമസിക്കുന്നത്. മത്സ്യ തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന വടക്കേക്കര പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങളെ 'മത്സ്യ ഗ്രാമ'മായി പ്രഖ്യാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പള്ളിപ്പുറം ഹാർബറിന്റെ ഒരു അനുബന്ധപ്രദേശം എന്ന നിലയിൽ ഒരു മിനി മത്സ്യ ഹാർബർ സ്ഥാപിക്കണമെന്ന ആവശ്യം വടക്കേക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏററവും സുപ്രധാനപ്പെട്ടതാണ്. മത്സ്യ സംസ്കരണ ഫാക്ടറി സ്ഥാപിക്കാൻ കഴിഞ്ഞാൽ നമ്മുടെ പ്രദേശത്തിന്റെ വികസനമണ്ഡലം വിപുലമാകും എന്ന കാര്യത്തിൽ സംശയമില്ല.

പീലിങ് ഷെഡ്ഡിൽനിന്നുമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം തടയാൻ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യാപകമായ രീതിയിൽ ഞണ്ട് കൃഷിയുടേയും, ചെമ്മീൻ കൃഷിയുടേയും സാധ്യതകൾ ഉപയോഗപ്പെടുത്തി മത്സ്യവ്യവസായത്തിന്റെ വിവിധ മണ്ഡലങ്ങളിലൂടെ വികസനത്തിലേക്ക് നീങ്ങാൻ നമുക്ക് കഴിയും.

**പഞ്ചായത്തിലെ തൊഴിലില്ലാത്തവരുടെ വിവരം**
വേതനം പററുന്നവരുടെ വിവരം എംപ്ലോയ്മെൻറ് രജിസ്റററിൽനിന്നും

| പുരുഷന്മാർ | സ്ത്രീകൾ | ആകെ | വേതനം പററുന്നവർ |
|---|---|---|---|
| 1845 | 1362 | 3207 | 200 |

## ചെറുകിട വ്യവസായം-നിലവിലുള്ളത്

സംഘടിതമല്ലാത്ത രീതിയിൽ ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നു. ഒട്ടുമിക്ക ചെറുകിട വ്യവസായങ്ങളും സ്വകാര്യ മേഖലയിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

പ്രാദേശിക വിപണികൾ ഉപയോഗപ്പെടുത്തി കുഞ്ഞിത്തൈയിലും, ചെട്ടിക്കാട്ടും മെഴുകുതിരി യൂണിററുകൾ വികസിച്ചു വന്നിട്ടുണ്ട്. തടിയിൽനിന്നും നിർമിക്കുന്ന എക്സ്പോർട്ടിങ് ക്വാളിററിയുള്ള കരകൗശലവസ്തുക്കൾ നിർമിക്കുന്ന ഒരു യൂണിററ് മടപ്ലാതുരുത്തിൽ നിലവിലുണ്ട്. മൂത്തകുന്നത്ത് കൗതുകവസ്തുക്കളായ വാഴ, പന എന്നിവ നിർമിക്കുന്ന രണ്ട് യൂണിററുകളുണ്ട്. റെഡിമെയ്ഡ് വസ്ത്രങ്ങൾ, സിമൻറ് ഉപയോഗിച്ചുള്ള കെട്ടിട നിർമാണ സാമഗ്രികൾ, ഫർണീച്ചർ നിർമാണ യൂണിററ്, ബേക്കറി യൂണിററ് എന്നിവ വിവിധ വാർഡുകളിൽ നിലവിലുണ്ട്.

പരിഷ്കൃത യന്ത്രവത്ക്കരണ യൂണിററുപയോഗിച്ചുള്ള കയർ നിർമാണം അണ്ടിപ്പിള്ളിക്കാവിൽ നിലവിലുണ്ട്. സഹകരണാടിസ്ഥാനത്തിൽ ബ്ളോക്കിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന ഈ ചെറുകിട യൂണിററിൽ സ്ത്രീകളാണ് ജോലിക്കാർ.

**ചെറുകിട വ്യവസായങ്ങളുടെ വിവരം**

| ചെറുകിട വ്യവസായം എണ്ണം | പ്രവർത്തിക്കുന്നവ | പ്രവർത്തിക്കാത്തവ |
|---|---|---|
| 47 | 38 | 9 |

**വ്യവസായത്തിൽ തൊഴിൽചെയ്യുന്നവരുടെ എണ്ണം**

| പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|
| 73 | 53 | 126 |

## സ്ഥാപിക്കാവുന്ന യൂണിററ്

വിവിധ രീതിയിലുള്ള നിർദേശങ്ങൾ ഗ്രാമസഭയിൽ നിന്നുയർന്നുവന്നിട്ടുണ്ട്. നോട്ടുബുക്ക്, കുട, ചെരിപ്പ്, വള, ചന്ദനത്തിരി എന്നിവ നിർമിക്കാൻ സാധിച്ചാൽ വിപണനത്തിനുള്ള സാധ്യതയുണ്ടെന്ന നിഗമനത്തിൽ ഗ്രാമസഭകൾ പൊതുവിൽ എത്തിച്ചേർന്നിട്ടുണ്ട്.

കളിമണ്ണിൽനിന്നും പാത്രങ്ങൾ, ചിരട്ടയിൽനിന്നും ഐസ്ക്രീം കപ്പ്, ബട്ടൻസ്, പാലിൽനിന്നും വിവിധ ഉല്പന്നങ്ങൾ എന്നിവ നിർമിക്കണമെന്ന ആവശ്യം പഞ്ചായത്തിൽ പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്. മെഴുകുതിരി, റെഡിമെയ്ഡ്വസ്ത്രങ്ങൾ എന്നിവയുടെ ഉല്പാദനം വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള നിർദേശങ്ങൾ സ്വാഗതാർഹമാണ്. വടക്കേക്കര

പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേററ് സ്ഥാപിച്ചാൽ നമ്മുടെ പ്രദേശത്തിൻെറ വികസനമണ്ഡലത്തെതന്നെ മാററിമറിക്കാൻ കഴിയും.

### ആധുനികമേഖല

ആധുനിക വ്യവസായ മേഖലയുടെ വാതായനങ്ങൾ ഇതുവരെ വടക്കേക്കര പഞ്ചായത്തിനുമുന്നിൽ തുറന്നു കിട്ടിയിട്ടില്ല. അതു് നമ്മുടെ പ്രദേശത്തെ എല്ലാതരത്തിലും പിന്നോട്ട് വലിക്കുന്ന ഒരു പ്രധാന ഘടകമാണ്.

കയർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ട് ഒരു ആധുനിക വ്യവസായ കേന്ദ്രം സ്ഥാപിക്കണമെന്ന ആവശ്യം വടക്കേക്കര പഞ്ചായത്തിൻെറ ഭൗതികസാഹചര്യം കണക്കിലെടുക്കുമ്പോൾ ഏററവും പ്രധാനപ്പെട്ടതാണെന്ന കാര്യം നമ്മുടെ മുന്നിൽ ഉയന്നുവരുന്നു. വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, കയറിൻെറ നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കാനും ഇതിലൂടെ നമുക്ക് കഴിയണം.

മത്സ്യ വ്യവസായത്തോട് ബന്ധപ്പെട്ട പ്രദേശം എന്ന രീതിയിൽ ഒരു മത്സ്യ സംസ്കരണ വ്യവസായ യൂണിററ് സ്ഥാപിക്കണമെന്ന ആവശ്യം വടക്കേക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ടതാണ്.

നാളികേരത്തെ വെളിച്ചെണ്ണയാക്കുക എന്നതിനപ്പുറം മറൊരു പ്രവത്തനമേഖലയിലേക്കും നമ്മൾ കടന്നുപോയിട്ടില്ല. ഏററവും കൂടുതൽ നാളികേരം ഉൽപാദിപ്പിക്കുന്ന കേരളംതന്നെയാണ് വെളിച്ചെണ്ണ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഉല്പന്നങ്ങളുടെ ഉപഭോഗ കോളനിയും. വെറും ഒരു കോളനിയായി അധഃപതിക്കുക എന്നതിനപ്പുറം ഉൽപാദനത്തിൻെറ പുതുപുത്തൻ മേഖലകളിലേക്ക് നമ്മൾ കടന്നുപോകേണ്ടതുണ്ട്. അത്തരം സാഹചര്യത്തിൽ നാളികേരത്തിൽ നിന്നു് വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കേണ്ട ഫാക്ടറി പഞ്ചായത്തിന് അവശ്യം ആവശ്യമാകുന്നു.

### പ്രശ്നങ്ങൾ

* ഊർജം ആവശ്യത്തിനു് കിട്ടുന്നില്ല.
* മാർക്കററ്
* ഗതാഗതത്തിൻെറ അപര്യാപ്തത.
* ആവശ്യത്തിനു് ജലം കിട്ടുന്നില്ല.
* ബാങ്കിൽനിന്നും ലോൺ കിട്ടുന്നതിനു് പ്രയാസങ്ങൾ
* വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവ്.
* അസംസ്കൃത വസ്തുക്കളുടെ അലഭ്യത.
* വിവിധ ഓഫീസുകളുടെ ഏകോപനമില്ലായ്മ.

### സാധ്യതകൾ

* നിലവിലുള്ള ഊർജപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാവുന്നതാണ്.
* സ്വകാര്യമേഖലയിൽ ചെറുകിട ഊർജോൽപാദന യൂണിററുകൾ ആരംഭിക്കാൻ കഴിയുമോ?
* സഹകരണാടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത ആലോചിക്കാം.
* തൊഴിലാളികൾക്ക് പരിശീലന പരിപാടി നടത്താവുന്നതാണ്.
* പ്രാദേശിക അസംസ്കൃത വസ്തു കണ്ടെത്താൻ കഴിയണം.
* വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെയും ഉല്പാദകരുടെയും സംഗമങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

## ഊർജം

ഊർജം എന്നു കേൾക്കുമ്പോൾ ഒരു സാധാരണ പൗരൻെറ മനസ്സിലേക്കോടിയെത്തുക വൈദ്യുതിയുടെ കാര്യമാണ്. സത്യത്തിൽ ഊർജത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിവന്നത് വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തിൽ അനുഭവപ്പെടുന്നത് കമ്മിയായതുകൊണ്ട്, ഒരത്ഥത്തിൽ ഊർജമെന്നതുകൊണ്ട് കേരളം ഇതുവരെ അർത്ഥമാക്കിയത് വൈദ്യുതിതന്നെയായിരുന്നു എന്നതാണ് സത്യം.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി വൈദ്യുതിയുടെ കാര്യത്തിൽ കേരളം 30% മുതൽ 40% വരെ കമ്മിയാണ്. അങ്ങനെയുള്ള കൊച്ചുകേരളത്തിൻെറ മുഖത്തുനോക്കി അധികാരത്തിൻെറ അകത്തളങ്ങളിൽനിന്നും ചുരുങ്ങിയപക്ഷം വർഷാവർഷമെങ്കിലും ഒരു പ്രസ്താവന യിറങ്ങുന്നു: 'അടുത്ത രണ്ടു വർഷത്തിനിടയിൽ കേരളത്തെ വൈദ്യുതിയുടെ കാര്യത്തിൽ ഒരു മിച്ചസംസ്ഥാനമാക്കു'മെന്നു്. ഭാഗ്യവശാൽ ഈ പ്രസ്താവനകൾ യാഥാർത്ഥ്യമായി ഭവിക്കുന്നു എന്നു ധരിക്കുക. പുതിയ ഉൽപാദന ശ്രേണിയിൽനിന്നും വൻചെലവു മുടക്കി ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി വാങ്ങാനുള്ള ക്രയശേഷി ഉപഭോക്താവിന് ഇല്ലാതാകുക എന്നതായിരിക്കും ഈ പ്രസ്താവനയുടെ അന്തരാർത്ഥം.

കേരളത്തിൻെറ വൈദ്യുതി പ്രതിസന്ധി സ്വർഗത്തിൽനിന്നും ഒരു സുപ്രഭാതത്തിൽ തേന്മഴ പെയ്തതുപോലെ, പെട്ടെന്നു് പൊട്ടിവീണതല്ല. ഉപഭോഗത്തിൻെറ അളവ് ശതഗുണീഭവിക്കുകയും ഉൽപാദനത്തിൻെറ നിരക്ക് അചഞ്ചലമായി നിൽക്കുകയും

ചെയ്ത വർഷങ്ങൾ കുറേ കടന്നുപോയപ്പോഴാണ് കേരളീയൻെറ മുഖത്തടിക്കുന്ന വൈദ്യുതി പ്രതിസന്ധി അതിരൂക്ഷമായി ഉരുൾപൊട്ടിവീണത്. വളരുന്ന കേരളത്തെ പിന്നാക്കം വലിക്കുന്ന തരത്തിൽ ഇതിനു മുൻപും വൈദ്യുതിലഭ്യതയുടെ കുറവ് കേരളത്തെ സങ്കീർണമായി 1970 കളിൽ ബാധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഉപഭോഗത്തിൻെറ അനുപാതവും ഉൽപാദനത്തിൻെറ അളവും സമാസപ്പെടുത്തിക്കൊണ്ടല്ലാതെ വരുംകാലങ്ങളിൽ നിലനിൽപില്ലായെന്ന അന്നത്തെ കണ്ടെത്തലിൻെറ അനന്തരഫലമാണ് 1977ൽ കമ്മീഷൻ ചെയ്ത ഇടുക്കി ജലവൈദ്യുത പദ്ധതി. ഈ പദ്ധതി അന്നത്തെ കേരളത്തിന് ഒരു വൻ കുതിച്ചുചാട്ടംതന്നെയായിരുന്നു കൂടുതൽ ഉപഭോഗം നടത്തുന്ന ഉപഭോക്താവിന് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് യൂണിററുകൾ വിററഴിക്കേണ്ട ഒരു 'ഗതികേട്'' കേരളത്തിനുണ്ടായി. ഇതു ഗതികേടാണെങ്കിൽ ആ ഗതികേട് കേരളത്തിനു സംഭാവനചെയ്ത ആസൂത്രണശേഷി നമുക്കു കിട്ടിയത് സ. എം എൻ ഗോവിന്ദൻ നായരിൽനിന്നാണ്. ഈ ഇടുക്കി പദ്ധതി കേരളത്തിനു ലഭിച്ചതിനുശേഷം ഇത്തരം ഒരു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്യാനോ നടപ്പാക്കാനോ കേരളത്തിനു കഴിഞ്ഞില്ല എന്നതാണ് ഇന്നത്തെ കേരളത്തിനെ ഇരുട്ടിൽ തപ്പിത്തടയാൻ ഇടയാക്കിയത്. മുൻ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീമാൻ ജി കാർത്തികേയൻെറ അഭിപ്രായം ആധികാരികമായെടുക്കാമെങ്കിൽ 1977നുശേഷം ഉപഭോഗത്തിൻെറ കാര്യത്തിൽ 200% വർദ്ധനവുണ്ടായപ്പോൾ ഉല്പാദനരംഗത്തുണ്ടായ വർദ്ധന വെറും 6% മാത്രമാണ്. 1996 ൽ കേരളത്തിൻെറ ആഭ്യന്തര ഉപഭോഗം 2950 മെഗാവാട്ടായിരിക്കുമെന്ന് വൈദ്യുതി ബോർഡിൻെറ കണക്കപ്പിള്ളമാർ അളന്നരിച്ചു തിട്ടപ്പെടുത്തിയിരിക്കുന്നു. എന്നാൽ എങ്ങനെയൊക്കെയായാലും 1700 മെഗാവാട്ടിനുമേൽ കിട്ടാൻ യാതൊരു സാദ്ധ്യതയുമില്ല. ഒരുവർഷത്തേക്കുവേണ്ട വൈദ്യുതി 14000 ദശലക്ഷം യൂണിററായി തിട്ടപ്പെടുത്തുമ്പോൾ, കേന്ദ്രവിഹിതമുൾപ്പെടെ നമുക്കു ലഭിക്കുന്നത് 8500 ദശലക്ഷം യൂണിററ് മാത്രമാണ്, തൻെറ പോക്കററിൽനിന്നും പണം മുടക്കുന്ന ഒരു ഉപഭോക്താവിന് 230_240 വോൾട്ട് വൈദ്യുതി എത്തിച്ചുകൊടുക്കാൻ ബാദ്ധ്യതയുള്ള ഇലക്ട്രിസിററി ബോർഡ് ഇന്നു നൽകിവരുന്നത് 13 മുതൽ 130 വരെയുള്ള വോൾട്ടാണ്. വടക്കേ മലബാറിലെ സജീവമായ ഒരു വൈദ്യുതി കമ്പിയിൽപ്പിടിച്ച് ആത്മഹത്യ ചെയ്യാൻപോലും കഴിയാത്ത അത്രയും ശോചനീയമാണ് വിതരണം ചെയ്യപ്പെടുന്ന നമ്മുടെ വൈദ്യുതിയുടെ ശേഷി! വ്യവസായങ്ങൾക്ക് 30% പവർകട്ടും പിന്നെ ലോഡ്ഷെഡ്ഡിങ്ങും. 50, 60, 75 എന്നു ശതമാനക്കണക്കിലേക്ക് എപ്പോൾ വേണമെങ്കിലും പവർകട്ട് ഉയരാവുന്ന തരത്തിലാണ് ഭീഷണമായ സാഹചര്യം എത്തിനിൽക്കുന്നത്. 30% പവർകട്ടുകൊണ്ടുമാത്രം ഏതാണ്ട് 2000 കോടി രൂപയുടെ ഉൽപാദനം കേരളത്തിൽ കുറയുന്നു എന്നാണ് കണക്ക്. ഇതു മനസ്സിലാക്കുമ്പോഴാണ് വ്യവസായങ്ങളുടെ വ്യവസായമായ വൈദ്യുതി വ്യവസായത്തിൻെറ കാര്യത്തിൽ മാറിമാറിവന്ന അധികാരസ്ഥാനീയരുടെ അലംഭാവം നമ്മെ കോപ്പിരാട്ടി കാണിക്കുന്നത്. വൈദ്യുതി തൊഴിലും ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നു മനസ്സിലാക്കിയിട്ടും കനത്ത പ്രത്യാഘാതങ്ങൾ കേരളത്തിൻെറ സാമ്പത്തിക ചംക്രമണങ്ങളെ താറുമാറാക്കാൻ പോകുന്നു എന്നു മനസ്സിലാക്കിയിട്ടും ഒന്നുംചെയ്യാതെ എല്ലാം ചെയ്തുവെന്ന് അവകാശപ്പെടുന്ന അധികാരശ്രേണികൾക്കിടയിൽ, ഉപഭോക്താവെന്നറിയപ്പെടുന്ന ശരാശരി കേരളീയനും ഒരു ബാദ്ധ്യത നിർവഹിക്കാനുണ്ടായിരുന്നു. കേരളത്തെ ഇരുട്ടിലാഴ്ത്താതെ പുത്തൻ പദ്ധതികൾ ആവിഷ്കരിക്കാനുള്ള സാമൂഹ്യസമ്മർദത്തിൻെറ ബാദ്ധ്യത. മററു ബാദ്ധ്യതകളുടെ കൂട്ടത്തിൽ ഈ ബാദ്ധ്യതകൂടി നിർവഹിക്കാതെ വൈദ്യുതി ബില്ലുകളുടെ തകരാറുകൾ മാത്രം പൊക്കിപ്പിടിച്ച് വിമർശിക്കുക മാത്രമായി ഈ ബാദ്ധ്യത ചുരുങ്ങി. ഇവയെല്ലാംകൂടി ആയപ്പോൾ കേരളം ഇരുട്ടിലായി. സന്ധ്യയായാൽ മുഖാമുഖം കാണാൻ പററാത്ത അത്രയും ഇരുട്ടിലായി. ക്രിയാത്മകമായി പ്രവർക്കേണ്ടുന്ന ഓരോ കേരളീയൻെറയും ബാദ്ധ്യതാ നിർവഹണത്തിൽ ഒരു കാലഘട്ടത്തിൽ വന്ന വീഴ്ചയെ വൈകിയവേളയിലെങ്കിലും തിരുത്താനുള്ള ആത്മാർത്ഥ ശ്രമത്തിൻെറ ഭാഗമായാണ് ഊർജ വികസനത്തിൻെറ ചർച്ച രൂപംകൊള്ളേണ്ടത്. വൈദ്യുതോർജത്തിൻെറ കാര്യത്തിൽ ഒരു പൊതുസമീപനം കൈക്കൊള്ളാൻ ഒരു പഞ്ചായത്തിനുമാത്രം സാദ്ധ്യമല്ലാത്തതുകൊണ്ട്, എത്തപ്പെട്ടിരിക്കുന്ന ഭീഷണമായ സാഹചര്യത്തിലിരുന്ന് എങ്ങനെ ബദൽപരിപാടികൾകൊണ്ട് നമുക്കീ പ്രതിസന്ധി മുറിച്ചുകടക്കാം എന്നാലോചിക്കുമ്പോഴാണ് പാരമ്പര്യഊർജത്തിൻെറ വഴിവിട്ട് മററു മാർഗങ്ങൾ തേടാൻ നാം നിർബന്ധിതരാകുന്നത്.

വടക്കേക്കരയുടെ വൈദ്യുതി ഉപഭോഗം നാം പഠിക്കുമ്പോൾ ഗാർഹികാവശ്യത്തിൽ കവിഞ്ഞ് മററു പ്രധാന ഉപഭോഗകേന്ദ്രങ്ങൾ ഇല്ലെന്നുതന്നെ പറയാം. വ്യാവസായികമായി ഒരു പിന്നോക്ക പ്രദേശമാണ് നമ്മുടേത് എന്നതാണ് ഇതിനു പ്രധാനപ്പെട്ട കാരണം. വൈദ്യുതി ഉപയോഗിക്കുന്ന ഗൃഹങ്ങൾ ധാരാളമായുണ്ടെങ്കിലും ഇനിയും വൈദ്യുതി എത്താത്ത വീട

കളും ധാരാളമായുണ്ട്. വീടുകളിൽത്തന്നെ വെളിച്ചം ലഭിക്കുന്നതിനപ്പുറം ഭക്ഷണം പാകം ചെയ്യാനും മററു മായി വൈദ്യുതി ഉപയോഗിക്കപ്പെടുന്നില്ല. അൽപം ചില വീടുകളിൽ അടുക്കളയിൽ പാചകത്തിന് ഗ്യാസ് ഉപയോഗിക്കുന്നതൊഴിച്ചാൽ മിക്കവാറും ആളുകൾ പചകത്തിനുള്ള ഊർജസ്രോതസ്സായി ആശ്രയിക്കുന്നത് വിറകിനെയാണ്. കത്തിക്കാൻ ഉപയോഗിക്കപ്പെടുന്ന ഊർജത്തിൻെറ സിംഹഭാഗവും വിറകാണ് എന്നറിയുമ്പോൾ ഊർജ പ്രതിസന്ധിക്ക് ഒരു പരിഹാരമെന്ന് നമുക്ക് പൊടുന്നനേ തോന്നിയേക്കാം. പക്ഷേ ഈ രംഗം ഇന്ന് വൻപ്രതിസന്ധി നേരിടുകയാണ്. വിറകിൻെറ ആവശ്യം കുടുംബങ്ങളുടെ വർദ്ധനയോടെ ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുമ്പോൾ ലഭ്യത അനുദിനം കുറഞ്ഞുവരുന്നു. ലഭ്യത കുറയുന്നതിൻെറ കാരണങ്ങൾ അന്വേഷിക്കുമ്പോൾ താഴെ അക്കമിട്ടു കുറിക്കുന്ന പ്രശ്നങ്ങളാണ് പൊതുവിൽ പൊന്തിവരുന്നത്.

1 ഈ പ്രദേശത്തെ വിറകുകൾ പ്രധാനമായും ലഭിച്ചുവന്നിരുന്നത് തെങ്ങിൽനിന്നാണ്. എന്നാൽ തെങ്ങുകൃഷിയെ നാശോന്മുഖമാക്കിയ പലതരം രോഗങ്ങൾ തെങ്ങിൻെറ ആരോഗ്യം കുറക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. വിറകുൾപ്പെടെയുള്ള തെങ്ങിൻെറ വിഭവങ്ങൾ നൽകാനുള്ള കഴിവ് (yielding capacity) പെട്ടെന്നു കുറഞ്ഞുപോന്നു. തെങ്ങിൽനിന്നും ആവശ്യത്തിന് വിറകു ലഭിച്ചിരുന്നവർക്ക് ആയതു ലഭിക്കാത്ത ഒരവസ്ഥയിൽ എത്തിച്ചേർന്നു.

2 മേൽപ്രസ്താവിച്ച ദൗർലഭ്യത്തിന് ആക്കം കൂട്ടുന്നതായിരുന്നു നമ്മുടെ ഭൂപരിഷ്കരണ നിയമം. ഇവിടെ അധിവസിക്കുന്നവരിൽ അധികവും സ്വന്തമായി ഭൂമി കൈവശമില്ലാത്ത കുടികിടപ്പുകാരായിരുന്നു. ഒന്നും രണ്ടും ഏക്കർ സ്ഥലം നോട്ടത്തിലിരുന്ന കുടികിടപ്പുകാർക്ക് കുടികിടപ്പവകാശം ലഭിച്ചതിനുശേഷം അതിനുമുമ്പനുഭവിച്ചുവന്നിരുന്ന ആനുകൂല്യങ്ങൾ പലതും നഷ്ടപ്പെട്ടതിൻെറ കൂട്ടത്തിൽ വിറകിൻെറ ലഭ്യതയും നഷ്ടപ്പെട്ടു. പുതുതായി വരുന്ന കുടുംബങ്ങളാകട്ടെ അഞ്ചുസെൻേറാ, പത്തുസെൻേറാ വാങ്ങി അതിൽ പുരവച്ചുതാമസിക്കുന്നവരുമാണ്. ഇത്തരം കൊച്ചു കൊച്ചു സ്ഥലങ്ങളിൽനിന്നും അവരുടെ ആവശ്യത്തിനു തികയുന്ന വിറക് ലഭിക്കാതായി.

3 തെങ്ങിൽനിന്നും ലഭിച്ചിരുന്ന വിറക് വൈവിദ്ധ്യമാർന്നവയായിരുന്നു. ഓല, പൊതിമടൽ, കവളംമടൽ, ചിരട്ട, തെങ്ങിൻതടി, തെങ്ങിൻെറ കട എന്നിങ്ങനെ ഒരു തെങ്ങിൻെറ ഓരോ ഭാഗവും വിറകായി ഉപയോഗിക്കുകയായിരുന്നു. എന്നാൽ തെങ്ങിൻെറ വ്യാപകമായ നാശത്തോടെ, ഒററയടിക്ക് വിവിധങ്ങളായ, അടുപ്പിൽ കത്തിക്കാനുള്ള വസ്തുക്കൾ ലഭിക്കാൻ ബുദ്ധിമുട്ടായി.

4 ഈ പ്രദേശത്ത് അധിവസിക്കുന്നവരിൽ റോഡരുകിൽ താമസിക്കുന്ന വളരെ കുറച്ചുപേർമാത്രമാണ് ചുററുമതിൽ കെട്ടിയിട്ടുള്ളത്. ബാക്കിവരുന്ന എല്ലാ ആളുകളും ഓല, മരപ്പത്തലുകൾ, വാരി എന്നിങ്ങനെ ജൈവവസ്തുക്കൾ ചേർന്ന ജൈവവേലികളാണ് കെട്ടിയിരുന്നത്. ചെമ്പരത്തി, വള്ളിച്ചെടികൾ എന്നിവകൊണ്ടുള്ള വേലികളും വിരളമായിരുന്നില്ല. ഈ വേലികളെ ഇടയ്ക്കിടയ്ക്ക് ഭംഗി വയ്പിക്കുകയോ പുതുക്കി പണിയുകയോ ചെയ്യുന്നത് പതിവായിരുന്നതുകൊണ്ട് അതിൽനിന്നും ഇടയ്ക്കിടെ വിറകുകൾ ലഭിക്കുമായിരുന്നു. എന്നാൽ ജൈവ വേലികളിൽ ചിതലിൻെറ ക്രമാതീതമായ ശല്യം വന്നതോടെ ജൈവവേലികളിൽനിന്നും ആളുകൾ പിൻതിരിഞ്ഞു പ്ലാസ്റ്റിക്ഷീററുകളും കോൺക്രീററു കുററികളുമായിമാറി പലരുടേയും ആശ്രയം. ഇതോടെ വിറകിൻെറ ക്ഷാമത്തിന് രൂക്ഷതയേറി.

5 അറക്കപ്പൊടി ഉപയോഗിച്ച് ജ്വലിപ്പിക്കുന്ന കുററിയടുപ്പുകളായിരുന്നു മറെറാരാശ്രയം. വിറകിൻെറ ദൗർലഭ്യം വന്നപ്പോൾ അറക്കപ്പൊടി ഉപയോഗിക്കുന്നവരുടെ അളവു വർദ്ധിച്ചപ്പോൾ ഇതും ആവശ്യത്തിനു ലഭിക്കാതായി.

6 തെങ്ങിൽ നിന്നല്ലാതെ തന്നെ ഇതര വൃക്ഷങ്ങളിൽനിന്നും ലഭിച്ചിരുന്ന വിറകും പ്രയോഗത്തിലുണ്ടായിരുന്നു. എന്നാൽ പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കാൻ ഒരുൾപ്രേരണ ആക്കും ഉണ്ടാകുന്നില്ല. കൃഷിഭവനിലൂടെ സാമൂഹ്യവനവൽക്കരണത്തിൻെറ സന്ദേശവുമായി ഒരുപാടു വൃക്ഷത്തൈകൾ വിതരണം ചെയ്യപ്പെടുന്നെങ്കിലും, നിർഭാഗ്യവശാൽ ഈ ഏജൻസിയിലൂടെ വിതരണം ചെയ്യപ്പെടുന്ന വൃക്ഷത്തൈകൾ ആളുകൾക്ക് അഭിരുചി ഉള്ളവയല്ല. പരിസ്ഥിതി പ്രശ്നങ്ങളേയും ഊർജപ്രതിസന്ധിയേയും ഒരേ സമയം പരിഹരിക്കാൻ കഴിയുന്ന വനവൽക്കരണ സംരംഭവും പരാജയപ്പെട്ടതോടെ വിറകിൻെറ രംഗത്തുള്ള പ്രതിസന്ധി വളരുകയായിരുന്നു.

7 മേൽ പ്രസ്താവിച്ച കാരണങ്ങൾകൊണ്ട് വളർന്നു വലുതായ ഈ പ്രതിസന്ധിക്ക് പരിഹാരമാർഗങ്ങൾ തേടാൻ ആളുകൾ ക്രിയാത്മകമായി മുന്നോട്ടു വരുന്നില്ല. പശുവിനെ വളർത്തുന്ന കുടുംബങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഗോബർഗ്യാസ് പോലുള്ള സംവിധാനങ്ങളെ ആശ്രയിക്കാനുള്ള വിമുഖത ഈ രംഗത്ത് അതിൻെറതായ സംഭാവനകൾ നൽകുന്നു. അജ്ഞതയോ സാമ്പത്തിക ബുദ്ധിമുട്ടോ ആണ് ഈ വിമുഖതയ്ക്കാധാരമെന്ന് മനസിലാക്കാം.

വിറകിൻെറ കാര്യത്തിൽ വന്നുഭവിച്ച മേൽ സങ്കീർണതകളെ ലഘൂകരിക്കുന്ന തരത്തിൽ കൽക്കരി, പ്രകൃതി വാതകം, വൈദ്യുതി എന്നിങ്ങനെയുള്ള വാണിജ്യ ഇന്ധനങ്ങളൊന്നും തന്നെ ഈ പ്രദേശത്ത് പ്രയോഗത്തിലില്ലാത്തതുകൊണ്ട് പകരങ്ങളായി വന്നില്ല. ഗാർഹികമായ ഊർജാവശ്യത്തേക്കാൾ അധികമായി വ്യവസായിക വാണിജ്യ സംബന്ധിയായ ഒരു വികസനം ഈ പ്രദേശത്ത് നടന്നില്ല എന്നതുതന്നെയാണ് അതിനു കാരണം.

ഈ പ്രതിസന്ധിയെ നല്ലൊരളവു തരണം ചെയ്യാൻ സഹായിക്കുമായിരുന്ന ഒരു ഘടകമാണ് ക്ഷേതയേറിയ അടുപ്പുകൾ. ഈ ദിശയിൽ വേണ്ട പ്രചാരം സിദ്ധിച്ച പ്രയോഗമാണ് ശാസ്ത്രസാഹിത്യ പരിഷത്തിൻെറ അടുപ്പുകൾ. പരിഷത്തിൻെറ അവകാശവാദം ശരിയാണെങ്കിൽ ഈ അടുപ്പുകൾ വ്യാപകമായ പ്രയോഗത്തിൽ വന്നാൽ ഒരു ദിവസത്തെ ഇതര അടുപ്പുകളിൽ വേണ്ട വിറക് മൂന്നുദിവസം പരിഷത്ത് അടുപ്പുകളിലേക്ക് മതിയാവും. അങ്ങനെ വന്നാൽ വർഷത്താൽ ഈ കൊച്ചു കേരളത്തിനു 600 കോടി രൂപയുടെ ഇന്ധനലാഭം ലഭിക്കും. പരിഷത്ത് അടുപ്പുകൾക്ക് സബ്സിഡി കൂടിയുണ്ടെന്നത് ഇതിൻെറ മറെറാരാകർഷണീയതയാണ്. നിർഭാഗ്യവശാൽ ഈ സംവിധാനത്തിനോട് ആളുകൾ മമത കാണിക്കുന്നില്ല. പരിഷത്ത് അടുപ്പിൻെറ സാങ്കേതികത്വം അവകാശപ്പെടുന്ന വ്യജന്മാരുടെ ആവിർഭാവവും അതിൻെറ പരാജയവുമാകാം ഈ നിലയിലേക്കുള്ള ഒരു വിമുഖതയ്ക്കു കാരണം.

വിറകിൻെറ ദൗർലഭ്യത്തിന് നല്ലയൊരളവിൽ പരിഹാരം കാണാൻകഴിയുന്ന മറെറാരു സംവിധാനമാണ് ഗോബർഗ്യാസ് പ്രയോഗം. പശുവിൻെറ ചാണകം ഉപയോഗിച്ച് കണ്ടെത്തിയിട്ടുള്ള ഒരു പാചക ഗ്യാസ് ആണിത്. പാചകത്തിനുപുറമെ, വൈദ്യുതി കൂടാതെ ഒരു വീട്ടിൽ അത്യാവശ്യത്തിന് ബൾബുകൾ കത്തിക്കാനും കഴിയുന്നതരത്തിൽ ഒരു സംവിധാനം ഒരുക്കിയെടുക്കാൻ ഒരു വീട്ടിൽ ചുരുങ്ങിയത് രണ്ടു പശുക്കളെങ്കിലും വേണം. ഗോളാകൃതിയിലുള്ള ഒരു ടാങ്ക് നിർമിച്ച് അതിൽ ചാണകം കലക്കിയൊഴിച്ചാണ് ഇങ്ങനെ ഒരു പ്രോജക്ട് തയ്യാറാക്കുന്നത്. കൃഷിഭവനുമായി ബന്ധപ്പെട്ട് മൂന്നിൽ ഒന്നു സബ്സിഡിയോടെ നടപ്പാക്കപ്പെടുന്ന ഈ സംവിധാനത്തിന് ഏതാണ്ട് 8000 ത്തോളം രൂപ ചെലവുവരും. ഒരിക്കൽമാത്രം വരുന്ന ഈ ചെലവിൽനിന്നു് കല്പാന്തകാലത്തോളം വീട്ടിൽ അത്യാവശ്യത്തിനുള്ള പാചകവും പ്രകാശവിതരണവും നടക്കുന്നതിനുപുറമെ ഇതര സ്രോതസ്സുകളുടെ (പാചകഗ്യാസ്, വൈദ്യുതി) ലാഭമുണ്ടാക്കാനും നമുക്ക് കഴിയും. പക്ഷേ, പശുവിനെ വളർത്തുന്നവർ ധാരാളമായുണ്ടെങ്കിലും ആശ്രയിക്കാവുന്ന ഒരു ഊർജസ്രോതസ്സായി ഇതിനെ കാണുന്നവർ വിരലിലെണ്ണാവുന്നതാണ്.

വടക്കേക്കര പഞ്ചായത്തിനുകീഴിൽ വ്യാപകമായി വളർന്നുവന്നിരുന്ന ഒരു പാരമ്പര്യ വ്യവസായം-കയർ വ്യവസായം-അടുപ്പിൽ കത്തിക്കാനുള്ള ഒരു ഇന്ധനം വളരെ കൂടുതൽ നല്കിയിരുന്ന ഒരു വ്യവസായമാണ്. കയർ ഉണ്ടാക്കുന്നതിനുവേണ്ടി തൊണ്ട് അഴുകിച്ചെടുത്ത് ചകിരിയാക്കുന്നതിനിടയിൽ ലഭിച്ചിരുന്ന ചകിരിപ്പോള. ഏതാണ്ട് ഏഴായിരത്തിലേറെയാളുകൾ ബന്ധപ്പെട്ടിരുന്ന ഈ വ്യവസായത്തിൽ അയ്യായിരത്തോളം സ്ത്രീകൾ മടലുതല്ലുകാരായിരുന്നു. അവർക്ക് ദിനംപ്രതി ലഭിച്ചിരുന്ന ഈ ചകിരിപ്പോളകൾ, വിറകിൻെറ ക്ഷാമം വല്ലാതെ കുറച്ചിരുന്നു. ഈ വ്യവസായത്തിനു വന്നുഭവിച്ച പ്രതിസന്ധിയും, തൊണ്ടഴുക്കാതെ തന്നെയുള്ള നൂതന രീതിയും ഒരുമിച്ചു വന്നപ്പോൾ അയ്യായിരം അടുക്കളകളിൽ തീപൂട്ടാൻ മററു മാർഗങ്ങളന്വേഷിക്കേണ്ടിവന്നു.

മേല്പറഞ്ഞ പ്രയാസങ്ങൾക്ക് നടുവിൽ നട്ടംതിരിയുന്ന ജനതയ്ക്ക് ഒരുപക്ഷേ ആശ്വാസം പകർന്നേക്കാവുന്ന ഒരു പരീക്ഷണത്തിൻെറ കഥയാണ് ഇനി പറയാനുള്ളത്. പരീക്ഷണം നടന്നുവെങ്കിലും അതിൻെറ വിജയകരമായ പരിസമാപ്തിയിലെത്താതിരുന്നതുകൊണ്ട് ഇനിയും ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സാധ്യമാണ് എന്നതുകൊണ്ടാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇപ്പോൾ വടക്കേക്കര പഞ്ചായത്തിലെ ഒരു മെമ്പറായ ശ്രീ. കെ പി ഗോപിനാഥ് ഈ പ്രദേശത്ത് ലഭിക്കുന്ന ചകിരിച്ചോറിനെ വിറകാക്കി മാററാമോ എന്ന ഒരു പരീക്ഷണത്തിലേർപ്പെട്ടു. കുറെ ചകിരിച്ചോറുമായി അദ്ദേഹം കൊച്ചിൻ ഷിപ്പ്‌യാർഡിലെ ലബോറട്ടറിയിലെത്തി. അതിൽനിന്നും നിർഗളിക്കുന്ന ചൂടിൻെറ അനുപാതം അറിയുക എന്നതായിരുന്നു ലക്ഷ്യം. സാധാരണ വിറകിന് 1800 കിലോ കലോറിചൂടാണ് ഒരുകിലോ വിറകിൽനിന്നു ലഭിക്കുന്നതെങ്കിൽ കൽക്കരിക്ക് അതു് 3600 കിലോ കലോറിയാണ് ഒരുകിലോയ്ക്കു ലഭിക്കുന്നത്. എന്നാൽ അന്നു നടന്ന പരീക്ഷണത്തിൽ ഇതിനേക്കാളൊക്കെ വളരെ ഉയർന്ന ഒരു അനുപാതത്തിലാണ് ചകിരിച്ചോറിൽ നിന്നു ലഭിക്കുന്ന ചൂടെന്നു് അറിയാൻ കഴിഞ്ഞു. അതിൽനിന്നും വിറകുണ്ടാക്കാനുള്ള ശ്രമം നടത്തിനോക്കിയപ്പോഴാണ് ചില പ്രായോഗിക തടസ്സങ്ങൾ രംഗപ്രവേശംചെയ്തത്. അതിൽ നിലീനമായിരിക്കുന്ന മണ്ണും, ഉപ്പുമാണ് പ്രധാന തടസ്സം. ഉപ്പുകളയാൻ ശുദ്ധജലത്തിൽ കഴുകിയെടുക്കണം, മണ്ണു മാററ

ണം. മാത്രമല്ല വിറകിനെപ്പോലെ ആളിക്കത്തുകയു മില്ല. പക്ഷേ കൂടുതൽ ചൂട് ലഭിക്കും. സമ്മർദ്ദം ചെലുത്തി കട്ടിയാക്കാനുള്ള മെഷിനറി വേണം. ശ്രീ. ഗോപിനാഥിന്റെ കണക്കുകൂട്ടൽ ശരിയാണെങ്കിൽ 42 കിലോഗ്രാം സാധാരണ വിറകിന് തുല്യമാകുമത്രേ ഇത്തരത്തിൽ ശരിയാക്കുന്ന ഒരു കിലോഗ്രാം വിറക്. ഏററവും ഒടുവിൽ പച്ചമടലിൽനിന്നുമാണ് കയറുല്പാദനത്തിനുള്ള ചകിരി ശരിയാക്കുന്നത് എന്നുള്ളതുകൊണ്ട് അതിൽനിന്നും ലഭിക്കുന്ന ചകിരിച്ചോറിൽ മണ്ണും, ഉപ്പും ഉണ്ടാകാനിടയില്ലാത്തതുകൊണ്ട് ഈ രംഗത്തെ സാദ്ധ്യത ഏറിയിരിക്കുകയാണ്. വിറകുപൊടി നിറച്ച് കത്തിക്കുന്ന കുററിയടുപ്പിൽ രണ്ടു ഭാഗം വിറകു പൊടിയും ഒരു ഭാഗം ചകിരിച്ചോറും ചേർത്ത് കത്തിക്കാനും കഴിയുമത്രേ. പരീക്ഷിച്ചു നോക്കാവുന്ന മേൽസംഗതികൾ ഗൗരവബുദ്ധ്യാ പരീക്ഷിച്ചുനോക്കണം.

കൽക്കരിപ്പൊടിയും ചാണകവും ചേർത്ത് തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും ആളുകൾ കത്തിക്കാനുള്ള ഇന്ധനമായി ഉപയോഗിക്കുന്നു എന്നാണറിവ്. അങ്ങനെയെങ്കിൽ ചാണകവും ചകിരിച്ചോറും മിശ്രിതമാക്കി ഉണക്കിയെടുക്കാനുള്ള സാദ്ധ്യതയും ആലോചിക്കണം.

ഇനിയും യഥാർത്ഥത്തിൽ നമുക്കുള്ള ഊർജപ്രതിസന്ധിയിൽ നമുക്കെന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. ആദ്യമായി വൈദ്യുതി രംഗത്തെക്കുറിച്ചു തന്നെ.

1 ഈ രംഗത്തെ കാതലായ പ്രശ്നം വോൾട്ടത കുറവാണ് എന്നതാണ്. ആദ്യമായി ഇതിൽ പരിശോധിക്കേണ്ടത് വൈദ്യുതി ഉൽപാദനം ഇന്നത്തെ നിലയിൽത്തന്നെ തുടർന്നാലും എന്തെല്ലാം ചെയ്യാൻ കഴിയും എന്നാണ്.

a) പ്രസരണനഷ്ടം പരമാവധി കുറയ്ക്കാൻ വൈദ്യുതി ലൈനിലെ ടച്ചിങ്ങ്സ് സന്നദ്ധ സംഘടനയുടെ സഹായത്തോടെ വൈദ്യുതി ബോർഡ് നീക്കം ചെയ്യുക. സമയാസമയങ്ങളിൽ മെയിൻറനൻസ് നടക്കണം. സൂപ്പർകണ്ടക്ടിവിററിയുള്ള കമ്പികൾ സ്ഥാപിക്കണം.

b) കോമ്പാക്ട് ഫ്ളൂറസൻറ് വിളക്കുകൾ കൂടുതലായി സ്ഥാപിക്കുകയാണ് മറെറാരു മാർഗം. 40 വാട്ട്സിനു സമമായി 5 വാട്ട്സിൻേറതും 100 വാട്ട്സിനു സമമായി 11 വാട്ട്സിൻേറതും 300 വാട്ട്സിനു സമമായി 19 വാട്ട്സിൻേറയും ബൾബുകൾ മതിയാകും എന്നതാണ് ഇതിന്റെ പ്രത്യേകത. പ്രകാശം കൂടുതൽ ലഭിക്കുന്നതോടൊപ്പം വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാനും നമുക്കു കഴിയും. ഈ ലാഭം അധികമായ ഉൽപാദനത്തിന്റെ ഫലമുളവാക്കുകയും ചെയ്യും. സാധാരണ ബൾബിനു 1000 മണിക്കൂറും ട്യൂബിന് 3000 മണിക്കൂറുമാണ് വിവക്ഷിക്കപ്പെട്ടിട്ടുള്ള ജീവിതകാലമെങ്കിൽ ഇത്തരം വിളക്കുകളുടേത് 10000 മണിക്കൂറാണ്. ചുരുങ്ങിയപക്ഷം പഞ്ചായത്തിൽ തെരുവുവിളക്കുകളെങ്കിലും ഇതുകൊണ്ടു പകരം വയ്ക്കണം. ആനുകൂല്യങ്ങൾ കൊടുത്തായാൽപോലും ആദ്യപടിയെന്ന നിലയിൽ ഇതിനെ പഞ്ചായത്ത് അംഗീകരിക്കണം.

c) സൂര്യറാന്തലുകൾ പ്രയോഗത്തിൽ വരുത്തണം. ഒരു വിളക്കിന് സബ്സിഡി കഴിച്ച് ഏതാണ്ട് 1800 രൂപയോളം വിലവരുന്ന ഈ റാന്തൽ 2 മണിക്കൂർ സൂര്യപ്രകാശംകൊണ്ട് 8 മണിക്കൂർ പ്രവർത്തിക്കും. പവർകട്ടോ ഫ്യൂസ്പോക്കോ ബാധിക്കാത്ത ഈ സംവിധാനം സൗരോർജത്താൽ പ്രവർത്തിപ്പിക്കാവുന്ന മററു സംവിധാനത്തേക്കാൾ താരതമ്യേന ചെലവു കുറഞ്ഞതാണ്.

d) ഊർജ നഷ്ടത്തെക്കുറിച്ചുള്ള ബോധവൽക്കരണം അതിശക്തിയായി സമൂഹത്തിൽ നടപ്പാക്കുക.

e) വൈദ്യുതിയുടെ ഉൽപാദനം ആവോളം എളുപ്പത്തിൽ വർദ്ധിപ്പിക്കുക. വരദരാജൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതുപോലെ ചെറുകിട പദ്ധതികൾ ആരംഭിക്കുക. പണിതുടങ്ങിയാൽ തീരാതെ യുഗങ്ങൾ നീണ്ടുപോകുന്ന വൻപദ്ധതിയേക്കാൾ അഭികാമ്യം ചെറുകിട പദ്ധതികളാണ്.

f) ജലസ്രോതസ്സിൽനിന്നും ഉൽപാദനം തികയാത്തതുകൊണ്ട് അന്യസ്രോതസ്സുകളേയും ആശ്രയിക്കുക.

2) വൈദ്യുതി ഇതര ഇന്ധനങ്ങളുടെ കാര്യത്തിൽ സാദ്ധ്യമായ നിർദേശങ്ങൾ താഴെപ്പറയുന്നവയാണ്.

a) സാമൂഹ്യ വനവൽക്കരണം വ്യാപകമാക്കുക, വൃക്ഷത്തൈകൾ നൽകുമ്പോൾ ആളുകൾക്കഭിരുചിയുള്ള വൃക്ഷങ്ങൾ നൽകാൻ നടപടിയുണ്ടാക്കുക.

b) ദക്ഷതകൂടിയ വിറകടുപ്പുകൾ പ്രയോഗത്തിൽ വരുത്തുക. അവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.

c) വിറകിന്റെ ക്ഷാമം പരിഹരിക്കാൻ ബദലുകൾ (ചകിരിച്ചോറുപോലെ) കണ്ടെത്തി പ്രയോഗത്തിൽ വരുത്തുക.

പൊതുവിൽ ഈ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്നും വന്നിരിക്കുന്ന നിർദേശങ്ങളിലൊന്ന് വഴിവിളക്കുകൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കണമെ

ന്നതാണ്. ഇപ്പോൾ ഇവ സ്ഥാപിക്കാത്തയിടങ്ങളിൽ സ്ഥാപിക്കണം.
തൃപ്തികരമല്ലാത്ത വോൾട്ടേജ് നിലവാരം ഉയർത്തണം. അതിനായി ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി സ്ഥാപിക്കണം.
പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കണം.
മൂത്തകുന്നത്ത് ഇലക്ട്രിസിറ്റി ഓഫീസ് തുറക്കണം.
വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകണം.
ബയോഗ്യാസ് ഉൽപാദനത്തിനു സഹായിക്കുന്ന തരത്തിൽ ഗ്രാമവാസികൾക്ക് പരിശീലനം നൽകണം.
പാചകഗ്യാസ് വിതരണം വടക്കേക്കര പഞ്ചായത്തിലേക്കുകൂടി വ്യാപിപ്പിക്കണം.
സൗരോർജ പ്ലാൻറുകൾ സ്ഥാപിക്കണം.
ഗ്രാമംമുഴവൻ വൈദ്യുതീകരിക്കണം. എല്ലാ വീട്ടുകാർക്കും വൈദ്യുതി കണക്ഷൻ നൽകണം.

## ഗതാഗതം

ദേശീയപാത 17 നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയപാതയിൽനിന്ന് മുനമ്പം കവലവച്ച് കുഞ്ഞിത്തൈ വാർഡിൽ എത്തുന്നതും, മൂത്തകുന്നത്തുനിന്നും മാല്യങ്കരയിലേക്കും കുര്യാപ്പിള്ളി സൗത്തിൽനിന്നും ആരംഭിച്ച് വാവക്കാട്, പാല്യത്തുരുത്തുവഴി കുഞ്ഞിത്തൈ, പറവൂർ റൂട്ടിലെ മാച്ചാംതുരുത്തിൽ ചേരുന്ന മററൊരു റോഡും അടക്കം ഉദ്ദേശം 9 കി. മീ. റോഡാണ് ബസ് സർവീസ് നടത്തുന്നതായി നമുക്കുള്ളത്. 1949 ലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ബസ് സർവീസ് ആരംഭിക്കുന്നത്. 'ഇൻലാൻറ് ട്രാൻസ്പോർട്ട്' (I. T.) എന്ന പേരിൽ മടപ്ലാതുരുത്തിലെ അപ്പുക്കുട്ടമേനോൻ അവർകളാണ് അതിനു തുടക്കം കുറിച്ചത്. അക്കാലംവരെയും നമ്മുടെ പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗം ജലഗതാഗതം ആയിരുന്നു. 1958ൽ മാല്യങ്കര റോഡ് രൂപപ്പെടുത്തിയിരുന്നുവെങ്കിലും 1962നുമുമ്പ് കുര്യാപ്പിള്ളി വരെയാണ് ബസ് സർവീസ് നടത്തിയിരുന്നത്. 15-1-1962ൽ മൂത്തകുന്നം-കുര്യാപ്പിള്ളി പാലം തുറന്നതും തുടർന്നുള്ള കാലങ്ങളിൽ വിവിധ വാർഡുകളിൽ ജനങ്ങൾ മുൻകയ്യെടുത്ത് റോഡുകൾ ഉണ്ടാക്കിയതും കരമാർഗമുള്ള ഗതാഗതത്തിന് ആക്കം കൂട്ടി.

1978 ഫെബ്രുവരി 14ന് തറക്കല്ലിട്ട്, 26-4-86ൽ ഉദ്ഘാടനം ചെയ്യപ്പെട്ട കോട്ടപ്പുറം പാലം നമ്മുടെ വാഹന ഗതാഗതരംഗത്തെ ഒരു വഴിത്തിരിവായിരുന്നു. ഇതോടുകൂടി കേരളത്തിൻെറ എല്ലാ ഭാഗത്തേയ്ക്കും കുറഞ്ഞ സമയംകൊണ്ട് എത്തിച്ചേരാവുന്ന സ്ഥിതിവിശേഷം സംജാതമായി. കുര്യാപ്പിള്ളി സൗത്തിൽനിന്നും പുത്തൂരുപാലംവഴി മാച്ചാംതുരുത്തിലേക്കുള്ള റോഡ് എൻ എച്ച് 17 ലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ തടയുന്നതിന് സഹായകമായിട്ടുണ്ട്. കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിക്കുന്നതിന് ഏററവും എളുപ്പമായ പാതയാണ് എൻ എച്ച് 17 എന്നതുകൊണ്ട് വളരെയധികം വാഹനത്തിരക്ക് അനുഭവപ്പെടുന്ന സ്ഥിതി നിത്യേന നമുക്ക് ദർശിക്കാവുന്നതാണ്. നിലവിലുള്ള റോഡിനു വേണ്ടത്ര വീതി ഇല്ലാത്തതും, ഗട്ടറുകൾ വർദ്ധിച്ചു വരുന്നതും ഈ പാതയിൽ വളരെയധികം അപകടങ്ങൾ ഉണ്ടാകുവാൻ കാരണമാകുന്നു. മഴക്കാലത്ത് റോഡിൽനിന്നും വെള്ളം ഒഴിവായിപ്പോകുന്നതിനാവശ്യമായ ഓടകൾ ഇല്ലാത്തതും അപകടങ്ങൾക്കും റോഡുതകർച്ചയ്ക്കും കാരണമാകുന്നു. റോഡിൻെറ ഇരുവശങ്ങളിലും ഓടകൾ നിർമിച്ച് റോഡിൽനിന്നും വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയെന്നത് വളരെ അടിയന്തിരമായി നടപ്പിൽ വരുത്തേണ്ട കാര്യമാണ്. റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്ന മററൊരുകാര്യം സർക്കാർ വകുപ്പുകൾ തമ്മിൽ പരസ്പരബന്ധമില്ലാതെ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും ടെലിഫോൺ കേബിൾ സ്ഥാപിക്കാനും മററും അനിയന്ത്രിതമായി റോഡു വെട്ടിപ്പൊളിക്കുന്നതാണ്. റോഡിൻെറ വശങ്ങളിലൂടെ നിർമിക്കുന്ന ഓടകൾ ഉപയോഗിച്ച് ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുകൊണ്ട് സർക്കാരിൻെറ വിവിധ വകുപ്പുകൾ തമ്മിൽ ആലോചിച്ച് ആസൂത്രിതമായി ഇത്തരം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാൻ തയ്യാറാവണം. നിലവിലുള്ള ദേശീയപാതയും നിർദിഷ്ട ദേശീയപാതയും ചേരുന്ന കുര്യാപ്പിള്ളി സൗത്തിൽ ബസ്റ്റാൻറു വേണം എന്നയാവശ്യം ബന്ധപ്പെട്ട ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ദേശീയപാതയിലെ ഗതാഗതതടസം ഒഴിവാക്കുന്നതിന് പുതിയ ദേശീയപാതയുടെ പണി വളരെവേഗം തീർക്കേണ്ടതിന് ആവശ്യമായ നടപടി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്നും ഉണ്ടാകേണ്ടതാണ്.

മാല്യങ്കര-മുനമ്പം പാലം നിർമ്മിക്കണം എന്നയാവശ്യം മാല്യങ്കര, ചെട്ടിക്കാട്, കൊട്ടുവള്ളിക്കാട്, മൂത്തകുന്നം, വാവക്കാട് എന്നീ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. മുനമ്പത്ത് പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബർ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ഈ പ്രദേശത്തിൻെറ വികസന സാധ്യത അളവററതാണ്. ഈ വികസനത്തിൻെറ ആനുകൂല്യം വലിയൊരു പങ്ക് നമ്മൾക്ക് ലഭിക്കേണ്ടതുണ്ട്. നൂറുകണക്കിന് ഫിഷിംഗ് ബോട്ടുകളും അതുമായി ബന്ധപ്പെട്ട തൊഴിലാളികളും നമ്മുടെ പഞ്ചായ

ത്തിലുണ്ട്. ഇവരുടെ അദ്ധ്വാനഫലംകൊണ്ട് ഉണ്ടാകുന്ന പൊതുവായ വികസനം നമ്മുടെ പഞ്ചായത്തിനു കൂടി ലഭ്യമാക്കാൻ മാല്യങ്കര–മുനമ്പം പാലം അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ തീരദേശങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് മൂത്തകുന്നം, സത്താർ–ഐലന്റ്, മാല്യങ്കര, ചെട്ടിക്കാട്, കുഞ്ഞിത്തൈ, പൂയപ്പിള്ളി, ചിററാററുകര വഴിയുള്ള തീരദേശറോഡ് സംബന്ധിച്ച് പതിററാണ്ടുകൾക്കു മുൻപുതന്നെ അന്നത്തെ പഞ്ചായത്ത് കമ്മിററി ആലോചിച്ച് ചില നടപടികൾക്ക് തുടക്കം കുറിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിന്റെ മാറിയ പരിതസ്ഥിതിയിൽ ഇത്തരമൊരു പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിൽ വരുത്താൻ കഴിഞ്ഞാൽ അത് ഈ പ്രദേശത്തിന്റെ വികസനത്തിലെ ഒരു നാഴികക്കല്ലായിരിക്കും. രണ്ടാം വാർഡിൽനിന്നും പരുവത്തുരുത്തിലേക്കും, ടി വാർഡിൽനിന്നും ചാറക്കാട്ട് വഴി കുട്ടകാട് പ്രദേശത്തേക്കും നിലവിലുള്ള റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആവശ്യമായ കലുങ്കുകൾ തീർക്കേണ്ടത് ചിററാററുകര, ചേന്ദമംഗലം പഞ്ചായത്ത് പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനു് വളരെ സഹായകമാണ്. ബന്ധപ്പെട്ട ഗ്രാമസഭകളിൽ നിന്നും ഈ നിർദേശങ്ങൾ ശക്തിയായി ഉയർന്നു വന്നിട്ടുള്ളതാണ്.

നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്ക് ഉദ്ദേശം 40 കി. മീ. ദൈർഘ്യമുണ്ട്. ഇതിൽ 5 കി. മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ബാക്കി റോഡുകൾ വിവിധ വാർഡുകളിൽ അവിടവിടെ ഗ്രാവലിങ്ങ് നടത്തിയിട്ടുണ്ടെങ്കിലും ഇവയൊന്നും സഞ്ചാരയോഗ്യമല്ല. മടപ്ളാതുരുത്ത് കപ്പേളയ്ക്ക് സമീപത്തുനിന്നും തുടങ്ങി പുതിയകാവ് ക്ഷേത്രത്തിനു സമീപം ചെന്നുചേരുന്ന 11 കെവി റോഡ് വടക്കേക്കര–ചിററാററുകര പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു റോഡാണ്. മെററലിങ്ങ് പൂർത്തീകരിച്ചിട്ടുള്ള ഈ റോഡ് ടാർ ചെയ്യുന്നതിനാവശ്യമായ നടപടി ഉണ്ടാകേണ്ടതാണ്. ഇതടക്കം പഞ്ചായത്തിൽ നിലവിലുള്ള 35 കി. മീ. റോഡുകളും ടാർ ചെയ്യുന്നതിലൂടെ മാത്രമേ കരമാർഗമുള്ള ഗതാഗത പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു. ഇത് വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങളിൽ മുഖ്യമായ കാര്യമാണ്.

നമ്മുടെ പഞ്ചായത്തിന്റെ 12 വാർഡുകളിലുമായി വർഷങ്ങളായി രൂപം കൊണ്ടിട്ടുള്ള റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനു് ആവശ്യമായ കലുങ്കുകൾ നിർമിക്കണം എന്ന ആവശ്യം എല്ലാ ഗ്രാമസഭായോഗങ്ങളിലും ഉയർന്നു വന്നിട്ടുണ്ട്. ഇത് നടപ്പിൽ വരുത്താൻ കഴിയുന്നത് നമ്മുടെ വാർഡുകൾ തമ്മിലുള്ള ഗതാഗത സൗകര്യം വർധിപ്പിക്കുവാൻ വളരെയേറെ സഹായകമാകും. ഇതിന്റെ സാധ്യതകളും പ്രശ്നങ്ങളും ഗൗരവത്തോടെ പരിശോധിക്കേണ്ടതാണ്.

### ജലഗതാഗതം

ജലഗതാഗതത്തിൽ എടുത്തുപറയേണ്ട കാര്യം നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ദേശീയ ജലപാത കടന്നു പോകുന്നത് നമ്മുടെ പഞ്ചായത്തിന്റെ വലിയൊരു ഭാഗം ബന്ധപ്പെട്ടുകൊണ്ടാണ് എന്നതാണ്. കുഞ്ഞിത്തൈ, ചെട്ടിക്കാട്, മാല്യങ്കര, കൊട്ടുവള്ളിക്കാട്, മൂത്തകുന്നം വാർഡുകളുടെ തീരദേശങ്ങൾ ഈ പാതയുമായി ബന്ധപ്പെടുന്നു. ടി വാർഡുകളുടെ ഓരങ്ങൾ ഓളമടിച്ചും വെള്ളത്തിന്റെ ഒഴുക്കുകൊണ്ടും മണ്ണിടിഞ്ഞും കായലിന്റെ ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ കായലോരങ്ങൾ കരിങ്കൽചിറ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഇത് പ്രാദേശികമായ ജലഗതാഗത വികസനത്തിനും സഹായിക്കും. പ്രാദേശികമായ ജലഗതാഗതത്തിനു് വളരെയേറെ സഹായിക്കുന്നതാണ് നമ്മുടെ വിവിധ വാർഡുകളെ വേർതിരിക്കുന്ന പെരിയാറിന്റെ കൈവഴികളും ഇടത്തോടുകളും. ഈ മേഖലയിൽ പുറമ്പോക്ക് കയ്യേറി നികത്തിയെടുക്കുന്ന പ്രവണത വ്യാപകമാണ്. ഇത് ശക്തിയായി തടയേണ്ടതാണ്. ഇത്തരം പ്രധാന തോടുകളിൽ ചകിരിച്ചോർ വീണ് നികന്നുവരുന്നതും കണ്ടുവരുന്നു. ഇത്

**കടത്തിന്റെ വിവരങ്ങൾ (95–96)**

| | കടത്തിന്റെപേര് | കടത്തിൽ നിന്നുള്ള വരുമാനം | മററു വിവരങ്ങൾ |
|---|---|---|---|
| 1 | മടപ്ലാതുരുത്ത് ഗോതുരുത്ത് വഞ്ചികടത്ത് | 7610ക. | 96–97 വർഷത്തിൽ ലേലത്തിന് ആളുണ്ടായില്ല |
| 2 | മടപ്ലാതുരുത്ത് കൊട്ടുവള്ളിക്കാട് വഞ്ചികടത്തു് | 365ക. | |
| 3 | ചെട്ടിക്കാട് കുഞ്ഞിത്തൈ വഞ്ചികടത്തു് | 1380ക. | |
| 4 | കുര്യാപ്പിള്ളി ഷാപ്പുപടി വഞ്ചികടത്തു് | | ലേലംകൊള്ളാൻ ആരും ഉണ്ടായില്ല |
| 5 | കോവിലകത്തുംകടവ് കുഞ്ഞിത്തൈ കടത്തു് | | ഒന്നിടവിട്ട് പഞ്ചായത്ത് ലേലം ചെയ്യുന്നു |

തടഞ്ഞ് തോടുകൾക്ക് ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ പഴയതുപോലെ ചരക്കുഗതാഗതത്തിന് വളരെ ചെലവു കുറഞ്ഞ ഒരു മാർഗം നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയും.

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വഞ്ചിക്കടത്തിന്റെ വിവരങ്ങളാണ് മുകളിൽ പട്ടികയിൽപെടുത്തിയിരിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കടത്താണ് കുഞ്ഞിത്തൈ വാർഡിൽനിന്നും പള്ളിപ്പുറം കോൺവെൻറിലേക്കുള്ള പൊതുമരാമത്തുവക വഞ്ചികടത്ത്. ഈ കടത്ത് ഇപ്പോൾ പഞ്ചായത്തിന് വിട്ടുതന്നിട്ടുള്ളതാണ്. ഇത് ചങ്ങാടത്തോടുകൂടിയ ബോട്ട് സർവീസാക്കുന്നതിനുള്ള നടപടിക്ക് പഞ്ചായത്ത് തുടക്കംകുറിച്ചിരിക്കുകയാണ്. നിലവിലുള്ള മാല്യങ്കര-പള്ളിപ്പുറം ഫെറി സർവീസ് ഇപ്പോൾ പൂർണമായും പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ കീഴിലാണ്. ഇത് ഒന്നിടവിട്ട് നമ്മുടെ പഞ്ചായത്തിനും ലഭിക്കുവാൻ അർഹതയുള്ളതാകുന്നു.

## റെയിൽവേ

വടക്കേക്കരയിലൂടെയോ സമീപ പഞ്ചായത്തുകളിലൂടെയോ റെയിൽവേ ലൈൻ കടന്നുപോകുന്നില്ല. എന്നാൽ നിർദിഷ്ട തീരദേശ റെയിൽവേ ലൈൻ കടന്നുപോകുന്നതിനുള്ള സർവേയിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെട്ടിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. തീരദേശ റെയിൽവേയുടെ പണി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം. ഇത് ദൂരവ്യാപകമായ വികസന സാധ്യതക്ക് വഴിതെളിക്കും എന്ന കാര്യം തർക്കമററതാണ്. റെയിൽവേ ലൈനിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

## പ്രശ്നങ്ങൾ

* ദേശീയ പാതയ്ക്ക് വീതി കുറവ്. വർധിച്ചുവരുന്ന ഗട്ടറുകൾ.
* റോഡുകളിലാകെ വെള്ളക്കെട്ടുകൾ വർധിച്ചുവരുന്നു. ഓടകളുടെ അഭാവം.
* സർക്കാർ എസ്റ്റിമേററ് റൈററും ലോക്കൽ റൈററും തമ്മിലുള്ള പൊരുത്തമില്ലായ്മ.
* വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ നിബന്ധനകൾക്ക് നമ്മുടെ പ്രദേശത്തുള്ള അപ്രായോഗികത.
* ദൂരപരിധി ലംഘിച്ച് നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ.
* വർധിച്ചുവരുന്ന റോഡ് കയ്യേററങ്ങൾ
* വിവിധ വകുപ്പുകൾ തമ്മിൽ പരസ്പര ധാരണയില്ലായ്മ.
* വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പാലങ്ങളുടെ അഭാവം.
* നടക്കുന്ന വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തമില്ലായ്മ.
* വഞ്ചികൾ അടുക്കുന്നതിനുള്ള കടവുകളില്ല.
* വെയിററിംഗ് ഷെഡ്ഡുകൾ ഇല്ല.
* വാഹനങ്ങൾ പാർക്ക്ചെയ്യുന്നതിനു് സൗകര്യമില്ല.
* കായൽ നികത്തൽ.

## സാധ്യതകൾ

* റോഡ് സംരക്ഷിക്കുന്നതിന് ജനകീയസമിതികൾ രൂപീകരിക്കാവുന്നതാണ്.
* റോഡുകൾക്ക് വശങ്ങളിൽ ഓടകൾ നിർമിക്കാവുന്നതാണ്. വാട്ടർലൈൻ, ഇലക്ട്രിക് കേബിൾ, ടെലഫോൺ കേബിൾ എന്നിവ ഓടകളിലൂടെ ക്രമീകരിക്കുവാൻ കഴിയുമോ?
* ജനപങ്കാളിത്തത്തോടെ പുതിയ റോഡുകൾ.
* ഒരു വാർഡിൽ ഒരു നിർമാണ പ്രവർത്തനമെങ്കിലും പൂർണമായി ഏററുനടത്തുവാൻ സാധ്യതയുണ്ടോ?
* ജനപങ്കാളിത്തത്തോടെ കായൽ നികത്തുന്നതിനു് ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കാം.
* എൻ എച്ച് 17-മായി ബന്ധപ്പെട്ടുവരാനിടയുള്ള തീരദേശ റെയിൽവേയുടെ സാധ്യത.
* ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തി നമുക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ.

## ഗ്രാമസഭാ നിർദേശങ്ങൾ

### വാർഡ് 1

നിലവിലുള്ള മുഴവൻ റോഡുകളും ടാർ ചെയ്യണമെന്നും അമ്പലനടയിൽനിന്നും കല്ലറക്കൽപാലംവരെ പുതുതായി റോഡ് നിർമ്മിക്കണമെന്നും, കണ്ണമ്പിള്ളി പാലം, കല്ലറക്കൽപാലം എന്നിവ നിർമ്മിക്കുവാനും മുസ്ലിംപള്ളിക്ക് സമീപമുള്ള ഇടുങ്ങിയ പാലം പൊളിച്ച് വാഹനഗതാഗത യോഗ്യമാക്കുവാനും കേശവൻ സത്യന്റെ വീടിനുസമീപത്തുനിന്നും സ്വാമിനാഥന്റെ വീടുവരെ പുതിയ വഴിയുണ്ടാക്കുന്നതിനും ഗ്രാമസഭയിൽ ആവശ്യമുയർന്നു.

### വാർഡ് 2

വാർഡിലുള്ള എല്ലാ റോഡുകളും ടാർചെയ്യണമെന്നു ഗ്രാമസഭ നിർദ്ദേശിച്ചു. ചാറക്കാട്, പരുവത്തുരുത്ത് ചാറക്കാട്-കുട്ടുകാട് എന്നിവിടങ്ങളിലും മില്ലിന്റെ കിഴക്കുഭാഗത്തും തുരുത്തിപ്പുറം പടിഞ്ഞാറെ കോളനിയിലും കലുങ്കുകൾ നിർമ്മിക്കണം എന്നീ ആവശ്യങ്ങളും ഉയർന്നുവന്നു.

### വാർഡ് 3

വാർഡുകളിലെ പ്രധാനപ്പെട്ട റോഡുകൾ ടാർ ചെ

യ്യുന്നതിനും, ചൂളപ്പറമ്പ് ട്രാൻസ്ഫോർമറിനു സമീപത്തുനിന്നും ആരംഭിച്ച് പാലൃത്തുരുത്തുവരെയെത്തുന്ന വഴി സഞ്ചാരയോഗ്യമാക്കുവാനും പാലം നിർമ്മിക്കണം. കട്ടത്തുരുത്ത് എസ് എൻ ഡി പിക്ക് സമീപത്തുനിന്നും തെക്കോട്ട് 500 മീററും എൻ എച്ച് 17–ൽ നിന്നും പടിഞ്ഞാറോട്ട് 150 മീററും പുതുതായി നിർമ്മിക്കുകയും, പാലൃത്തുരുത്ത് എസ് എൻ ഡി പി യു സമീപത്തുനിന്നും കിഴക്കോട്ടുള്ള റോഡ് വാലത്ത് ക്ഷേത്രം വരെ എത്തുവാനുമുള്ള നടപടി സ്വീകരിക്കണം. പാലൃത്തുരുത്ത് ട്രസ്ററ് റോഡ് വാവക്കാട് എത്തും വിധത്തിൽ രൂപപ്പെടുത്തണം. ഒറവൻതുരുത്ത്–വാവക്കാട്, പാലൃത്തുരുത്ത്–കട്ടത്തുരുത്ത്, കട്ടത്തുരുത്ത്–മാച്ചാന്തുരുത്ത് എന്നീ പാലങ്ങളും, കല്ലുപുറത്ത് ദാസന്റെ വീടിനുസമീപവും കട്ടത്തുരുത്ത് കയർ ഗോഡൗണിനുസമീപവും, ഒറവൻതുരുത്ത് ലക്ഷംവീട് കോളനിക്കു കിഴക്കുവശവും, പാലൃത്തുരുത്ത്–മാച്ചാന്തുരുത്ത് വലിയപാലത്തിന് കിഴക്കുവശവും കലുങ്കുകൾ നിർമ്മിക്കണം. എം എൻ ബാലകൃഷ്ണന്റെ വീടിനുസമീപം കലുങ്ക് നിർമ്മിക്കണമെന്നും ഗ്രാമസഭയിൽ മെമ്പർമാർ ആവശ്യപ്പെട്ടു.

### വാർഡ് 4

വിവിധങ്ങളായ റോഡുകൾ ഒട്ടാകെ 3000 മീററിൽ അധികം ടാർ ചെയ്യേണ്ടതാണെന്ന് ഗ്രാമസഭകളിൽനിന്നും ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 400 മീററർ നീളത്തിൽ റോഡ് പുതുതായി നിർമ്മിക്കണമെന്നു നിർദേശമുണ്ട്. മങ്ങാടൻകാട്ടിൽ മോഹനന്റെ പടിഞ്ഞാറുവശവും, തൈക്കൂട്ടത്തിൽ ചന്ദ്രന്റെ വീടിനു സമീപവും കലുങ്ക് നിർമ്മിക്കണമെന്നും ആവശ്യമുയർന്നു.

### വാർഡ് 5

ലക്ഷംവീട്–ഹരിജൻകോളനിറോഡ്, തേവുരുത്തി റോഡ് എന്നിവ ടാർ ചെയ്യണമെന്നു ഗ്രാമസഭ നിർദേശിച്ചു. എൻ എച്ച് – ഗോതുരുത്ത് ലിങ്കറോഡ്, തട്ടാരുപറമ്പ് റോഡ്, പള്ളി റോഡ്, എൻ എച്ചിൽ നിന്നും അമ്പാട്ട് സേവ്യറിന്റെ വീടിനു മുന്നിലൂടെ കറപ്പശേരി ബാബുവിന്റെ പീടികവരെയുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം. വള്ളാട്ടുതറ പാലവും അഞ്ചുതൈക്കൽ, തട്ടാരുപറമ്പ്, പുത്തുരുപാലത്തിനു സമീപവും ലക്ഷംവീടിനു സമീപവും സുന്ദരേശൻ മാനേജരുടെ വീടിനു സമീപവും കലുങ്കുകൾ നിർമിക്കുവാൻ ഗ്രാമസഭ ആവശ്യപ്പെട്ടു

### വാർഡ് 6

നിലവിലുള്ള ഗ്രാവൽറോഡുകൾ പൂർണമായി ടാർ ചെയ്യണമെന്നും മൂത്തകന്നം–മാല്യങ്കര P W D റോഡ് വീതി കൂട്ടണമെന്നും ഗ്രാമസഭയിൽ അഭിപ്രായമുണ്ടായി. മൂത്തകന്നം, കൊട്ടുവള്ളിക്കാട് (പത്മാക്ഷി കുഞ്ഞുപിള്ളയുടെ വീടിനു സമീപം), ലക്ഷംവീട് കോളനി, ചെറുപാലത്ത് ഗോപിയുടെ വീടിനുസമീപവും എം കെ കുഞ്ഞപ്പന്റെ വീടിനു സമീപവും ഉണ്ണികൃഷ്ണൻ പകിടിയുടെ വീടിനു സമീപവും, തറയിൽകവല ഷാപ്പിന് തെക്കുഭാഗത്തും കലുങ്കുകൾ നിർമ്മിക്കുവാനും ഗ്രാമസഭയിൽ ആവശ്യമുയർന്നു.

### വാർഡ് 7

ഫിഷർമെൻകോളനി സത്താർഐലന്റ് റോഡുംപ്പെടെ ടി വാർഡിലെ മുഴുവൻ റോഡുകളും ടാർ ചെയ്യണം എന്നാണ് ഗ്രാമസഭ ആവശ്യപ്പെട്ടത്. കൊട്ടുവള്ളിക്കാട്–ചെട്ടിക്കാട് (അദ്ധ്യക്ഷന്റെ പാലം) കലുങ്ക്, പുളിയാമ്പുള്ളി കലുങ്ക്, ഒ ബി ഭാസ്കരന്റെ വീടിനു സമീപവും, പി കെ കൊച്ചുണ്ണിയുടെ വീടിനു സമീപവും, ടി കെ ബാബുവിന്റെ വീടിനു പടിഞ്ഞാറുവശവും, കിഴക്കുവശം ലക്ഷംവീട് കോളനിക്കു സമീപവും, പൂമാലിൽ സുരേഷിന്റെ വീടിനു സമീപവും, ശശി ആനന്ദന്റെ വീടിനു കിഴക്കുവശവും, സത്താർ ഐലന്റിൽ കാർത്തികേയന്റെ വീടിനു കിഴക്കുവശവും വടക്കുവശവും കലുങ്കുകൾ നിർമ്മിക്കാൻ ഗ്രാമസഭ നിർദേശിച്ചു.

### വാർഡ് 8

വാർഡിൽ നിലവിലുള്ള മുഴുവൻ റോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം എന്നയാവശ്യം ഗ്രാമസഭയിൽനിന്നും ഉയർന്നുവരികയുണ്ടായി. മാല്യങ്കര തെക്കേ അററത്ത് മില്ലുകടവു വരേയും പടിഞ്ഞാറു ഫെറിയുടെ സമീപവും, ഹരിജൻ റോഡിലും, കണ്ണന്റെ പീടികയ്ക്ക് സമീപവും കലുങ്കുകൾ നിർമ്മിക്കണം. സെന്റ് തോമസ് കപ്പേള, പടമാടൻ തുരുത്ത് കലുങ്ക്, കയർ സൊസൈററി റോഡ് എന്നിവയിലും കലുങ്കുകൾ വേണം.

### വാർഡ് 9

എസ്എൻഡിപിക്കു സമീപത്തുനിന്നും ആരംഭിച്ച് കുഞ്ഞിത്തൈ കടത്തുവരെയും അവിടെനിന്നും ലക്ഷംവീട് കോളനി വരെയുമുള്ള റോഡും ചെട്ടിക്കാട് ക്ഷേത്രം വഴി കൊത്തളംതുരുത്തിൽ എത്തുന്ന റോഡും ടാർ ചെയ്യണം. ചെട്ടിക്കാട് പള്ളി വഴി മാല്യങ്കര ഫെറി വരെയുള്ള റോഡ് അററകുററപണികൾ നടത്തണം. സർവ്വീസ് ബാങ്ക് വഴി കപ്പേളയുടെ സമീപം ചെന്നുചേരുന്ന നിർദ്ദിഷ്ടറോഡ് പൂർത്തീകരിക്കുകയും, കലുങ്ക് സഞ്ചാരയോഗ്യമാക്കുകയും വേണം. പള്ളിയുടെ തെക്കുഭാഗത്തുനിന്നും കയർ സംഘം വഴി ക്ഷേത്രത്തിനു സമീപം എത്താവുന്ന വിധത്തിൽ വാഹന ഗതാഗതത്തിനുള്ള വഴി രൂപപ്പെടുത്തണം. ക്ഷേത്രത്തിനു സമീപത്തുനിന്നും തെക്കു

ഭാഗത്ത് ജനപങ്കാളിത്തത്തോടെ പണി കഴിപ്പിച്ചിട്ടുള്ള കലുങ്ക് വഴി കുഞ്ഞിത്തൈ കടവ് റോഡിൽ എത്താവുന്നവിധം പുതിയ വഴി രൂപപ്പെടുത്തണം. ചെട്ടിക്കാട്-കുഞ്ഞിത്തൈ പാലം നിർമ്മിക്കണം.

### വാർഡ് 10

ചിലങ്ങര റോഡിന്റെ ടാറിങ്ങ് പൂർത്തീകരിക്കണം. തോടിന് കൽച്ചിറ കെട്ടണം. കോവിലകത്തും കടവ് കടത്തിന് സമീപത്തുനിന്നും ചെട്ടിക്കാട് കടത്തു കടവിൽ എത്തുന്ന റോഡ് ചിലങ്ങര റോഡുമായി ബന്ധിപ്പിക്കണം ചെട്ടിക്കാട് - കടത്തുകടവ് റോഡ് ടാർ ചെയ്യണം. കുഞ്ഞിത്തൈ കപ്പേളയ്ക്ക് സമീപത്തുനിന്നും പള്ളിവരെ ടാർ ചെയ്യണം. ടി റോഡ് ഹരിജൻ കോളനിവഴി ചിലങ്ങര റോഡുമായി ബന്ധിപ്പിക്കണം. P W D കടത്തുകടവിൽനിന്നും വടക്കോട്ട് ചെട്ടിക്കാട് കടത്തുവരെയുള്ള റോഡ് നന്നാക്കണം. കുഞ്ഞിത്തൈ-വാവക്കാട് (മില്ലുകടവ്) പാലം നിർമിക്കണം. കുഞ്ഞിത്തൈ വാർഡിലുള്ള P W D റോഡ് മുനമ്പം കവലവരെ റീടാറിംഗ് നടത്തണം. ആംഗ്ലോ-ഇന്ത്യൻ സ്കൂളിന് തെക്കുവശവും വേട്ടവന്തറ ചന്ദ്രന്റെ വീടിനു സമീപത്തും, പള്ളിക്കു പടിഞ്ഞാറു വശവും ആലുങ്കപ്പറമ്പിൽ ചിന്നപ്പന്റെ വീടിനു കിഴക്കുവശവും മഹിളാസമാജത്തിനു സമീപവും, ആലുങ്കപറമ്പിനു പടിഞ്ഞാറുവശവും, കോളനിക്കുപടിഞ്ഞാറുവശവും അച്ചഞ്ചേരി സുബ്രഹ്മണ്യന്റെ വീടിനു കിഴക്കും, തെക്കും ധർമന്റെ വീടിന്റെ തെക്കു ഭാഗത്തും അടക്കം 25 കലുങ്കുകൾ പണി കഴിപ്പിക്കേണ്ടത് ടി വാർഡിലെ ഗതാഗത സൗകര്യം വർധിപ്പിക്കുന്നതിന് വളരെ അത്യാവശ്യമാണെന്നാണെന്നാണ് ഗ്രാമസഭയിൽനിന്നുമുള്ള നിർദേശം.

### വാർഡ് 11

വാവക്കാട് വാർഡിൽ നിലവിലുള്ള റോഡുകൾ ടാർ ചെയ്യണം എന്ന അഭിപ്രായം പൊതുവിൽ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. കയർ സംഘത്തിനു പടിഞ്ഞാറു ഭാഗത്തും, വാവക്കാടുനിന്നും പാല്യത്തുരുത്ത്, പഴയ എസ് എൻ ഡി പി യുടെ വടക്കുഭാഗത്തേക്കും, മടപ്ലാതുരുത്ത് മടലടിമില്ലിന് സമീപത്തേക്കും ഉൾപ്പെടെ വാർഡുകളിൽ അത്യാവശ്യം വേണ്ടിടത്തെല്ലാം കലുങ്കുകൾ നിർമിക്കണമെന്നും കൊട്ടുവള്ളിക്കാട്-വാവക്കാട് (തെക്കേത്തറ) പാലം നിർമിക്കണമെന്നും, സ്കൂൾ റോഡുമായി ബന്ധപ്പെടുന്ന തൈക്കൂട്ടത്തിൽ പാലം എന്നിവ നിർമിക്കണമെന്നും ഗ്രാമസഭ ആവശ്യപ്പെട്ടു.

### വാർഡ് 12

കുര്യാപ്പിള്ളി സൗത്ത് സെൻറ് സെബാസ്റ്റ്യൻസ് കപ്പേള റോഡും കപ്പേളയിൽനിന്നും ഒരഛൻതുരുത്തിലേക്കുള്ള റോഡും ഇററാലിയൻ കോൺവെൻറിൽനിന്നും തെക്കോട്ടുള്ള റോഡും, സെൻറ് ജോർജ് പള്ളിയിൽനിന്നും സെൻറ് ലൂയീസ് പള്ളിയിലേക്കുള്ള റോഡും, തേങ്ങാത്തറ ഭാഗത്തുനിന്നും കപ്പേള റോഡിലേക്ക് ചേരുന്നതും കോൺവെൻറിനു സമീപത്തുനിന്നും ലക്ഷംവീടിന് സമീപത്തേക്കുള്ളതടക്കം റോഡുകൾ ടാർ ചെയ്യണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കല്ലുവീട്ടിൽ ജോഷിയുടെ വീടിനു സമീപമുള്ള കലുങ്കും, കോറേടത്ത് പാലവും നിർമിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

വടക്കേക്കര പ്രദേശത്ത് നിലവിൽ 7000 ത്തിന് താഴെ വീടുകൾ ഉണ്ട്. ദാരിദ്രരേഖയ്ക്കു താഴെ 2438 കുടുംബങ്ങളുണ്ടെന്നാണ് കണക്ക്. ഏതാണ്ട് 3000 കുടുംബങ്ങളെങ്കിലും ചെററപ്പുരകളോ ആവാസയോഗ്യമല്ലാത്ത വീടുകളോ ആണ്. ഇതിനർത്ഥം ഇത്രയും വീടുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ടെന്നാണ്. ഇത്രയും വീടുകൾ നിർമ്മിക്കേണ്ടതുള്ളപ്പോൾ തന്നെ വലിയ വിസ്തൃതിയുള്ള വീടുകളും ബഹുനില മാളികകളും വയ്ക്കുന്ന പ്രവണത കൂടിവരികയാണ്. അണുകുടുംബങ്ങളാണ് ഇന്ന നമ്മുടെ കുടുംബക്രമമെന്നതുകൊണ്ട് ഇത്തരം വലിയ ആർഭാട വീടുകൾ അനാവശ്യങ്ങൾ തന്നെയാണ്. ആയതുകൊണ്ട് അത്തരം വീടുകൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തിയേ മതിയാകൂ. ആയിരം സ്ക്വയർഫീററിൽ കൂടുതൽ വരുന്നതും ഒന്നിൽ കൂടുതൽ നിലകളുള്ളതുമായ വീടുകൾക്ക് കനത്ത നികുതി ഏർപ്പെടുത്തണം. ഇത് പഞ്ചായത്തുകൾക്ക് ഒരു നല്ല വരുമാനമാർഗവുമായിരിക്കും.

ചെലവു കുറഞ്ഞ നിർമ്മാണ സാമഗ്രികൾ പ്രചരിപ്പിക്കുകയും നിർമ്മാണവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്യണം. അത്തരം വീടുകൾക്ക് നികുതി കുറയ്ക്കുന്ന ഒരു സാഹചര്യമുണ്ടാവുകയും വേണം.

മറെറാന്നുള്ളത് നിലവിൽ ഉള്ള വീടുകൾക്ക് പ്രാഥമിക സൗകര്യങ്ങളുടെ കാര്യത്തിൽ പരിമിതികളുണ്ട് എന്നതാണ്. കക്കൂസുകളില്ലാത്ത വീടുകൾക്ക് കക്കൂസുകൾ ഉണ്ടാക്കണം. തോടുകളിലേക്ക് ബന്ധപ്പെടുത്തിയ കക്കൂസുകൾ അനവധിയാണ്. അതെല്ലാം മാററി സ്ഥാപിക്കേണ്ടത് പൊതുജനാരോഗ്യത്തിന്റെ കൂടി പ്രശ്നമാണ്.

വീടുകൾ വയ്ക്കുന്നതിനുള്ള കടംവായ്പകൾ സഹകരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും വിതരണ നടപടികൾ ലഘൂകരിക്കുകയും വേണം. പലിശ ഇളവു ചെയ്യണം.

മേല്പറഞ്ഞ 3000 കുടുംബങ്ങളിൽ പകുതിപ്പേർക്ക് കടംവായ്പ ലഭിച്ചാൽ വീടുകൾ ഉണ്ടാക്കാവുന്നവരും മററുള്ളവർക്ക് കടംവായ്പ ലഭിച്ചാൽ തിരിച്ചടക്കാൻ നിർവാഹമില്ലാത്തവരുമാണ്. അവർക്ക് വീടുവച്ചു കൊടുക്കാനുള്ള സൗകര്യങ്ങളുണ്ടാക്കണം.

ചെലവുകുറഞ്ഞ നിർമാണ സാമഗ്രികൾ ഉല്പാദിപ്പിക്കാനുള്ള ശ്രമം ചകിരിച്ചോറിന്റെ കാര്യത്തിൽ പരീക്ഷിച്ചു നോക്കേണ്ടതാണ്.

പഞ്ചായത്തിൽ 4-ാം വാർഡിൽ ലക്ഷംവാട് കോളനിയില്ല. സ്ഥാപിക്കാൻ പററിയ സ്ഥലം ഈ വാർഡിൽ കണ്ടെത്താൻ പ്രയാസം. 5, 8, 10 വാർഡുകളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ കഴിയുമെന്നു ഗ്രാമസഭ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**8-ാം പദ്ധതിയിൽ വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| പദ്ധതിയുടെ പേര് | വർഷം | അനുവദിച്ച എണ്ണം | പൂർത്തിയാക്കിയത് |
|---|---|---|---|
| | 92-93 | 1 | 1 |
| 1 സംയോജിത | 93-94 | — | — |
| ഭവന നിർമാണ | 94-95 | 1 | 1 |
| ധനസഹായം | 95-96 | — | — |
| | 96-97 | 1 | — |
| | 92-93 | 5 | 5 |
| 2 ഭൂരഹിത ഭവന | 93-94 | — | — |
| രഹിത പുനരധി | 94-95 | 1 | 1 |
| വാസ പദ്ധതി | 95-96 | — | — |
| | 96-97 | — | — |
| | 92-93 | 3 | 3 |
| 3 കെട്ടിമേച്ചിൽ | 93-94 | — | — |
| ധനസഹായം | 94-95 | — | — |
| | 95-96 | 3 | 3 |
| | 96-97 | 1 | 1 |
| | 91-93 | 2 | |
| 4 വിവാഹ | 93-94 | 2 | |
| ധന സഹായം | 94-95 | 5 | |
| | 95-96 | 2 | |
| 5 ത്വരിത സങ്കേത | | | |
| വികസന പദ്ധതി | 92-93 | 20 | 17 |

## പ്രശ്നങ്ങൾ

- ★ വീടുകൾ നിർമിക്കാൻ ഭൂമിയില്ല.
- ★ കെട്ടിടനിർമാണ സാമഗ്രികളുടെ വിലവർദ്ധനവും ദൗർലഭ്യവും.
- ★ വായ്പകൾ അനുവദിക്കാനും ലഭ്യമാക്കാനുമുള്ള ബുദ്ധിമുട്ട്.
- ★ പലിശ കൂടുതൽ
- ★ ഭൂമിയുടെ വിലവർധനവ്.
- ★ ഹൗസിംഗ് സൊസൈററി പഞ്ചായത്തിലില്ല.
- ★ വാസ്തുശില്പ മാതൃകയിലുള്ള പാർപ്പിട നിർമാണത്തിന്റെ വിദഗ്ധരുടെ അഭാവം.

## സാധ്യതകൾ

- ★ ഭൂരഹിതർക്ക് പ്രത്യേക ഭവന നിർമാണ പദ്ധതി.
- ★ ഹൗസിംഗ് സൊസൈററികളുടെ രൂപീകരണം.
- ★ ചെലവു കുറഞ്ഞ കെട്ടിട നിർമാണ സാമഗ്രികളുടെ നിർമാണം.
- ★ ദുർവ്യയ ഭവനനിർമാണം നിരുത്സാഹപ്പെടുത്തൽ.
- ★ നികുതി സംവിധാനം
- ★ ചെലവുകുറഞ്ഞ വീടുകളുടെ നിർമാണം.
- ★ വീട് നിർമാണത്തിന് പരിശീലനം.

## സംയോജിത ഭവന നിർമാണ പദ്ധതി

പട്ടികജാതി വികസന വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്നത്. 95-96 മുതൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലാണ്. കാലാകാലങ്ങളിൽ വീടുപണിയുന്നതിനുള്ള തുക വർദ്ധിക്കുന്നുണ്ടെങ്കിലും തുക അപര്യാപ്തമാണ്. ഇപ്പോൾ 15000 രൂപയാണ് ധനസഹായം. 4500, 7500, 3000 എന്നീ ക്രമത്തിൽ മൂന്നു ഗഡുക്കളായി മുൻകൂറായി പണം നൽകുന്നു. പക്ഷേ വീട് പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന തുക ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതും ഏതെങ്കിലും നിർമാണ ഏജൻസികളെയോ, സന്നദ്ധ സംഘടനകളെയോ ഏൽപിച്ച് ഗുണഭോക്താക്കളുടെ സഹകരണത്തോടെ നിർമാണം പൂർത്തിയാക്കുന്നതിനെപ്പററി ആലോചിക്കേണ്ടതുമാണ്.

## ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

95-96 മുതൽ ബ്ലോക്ക് പഞ്ചായത്താണ് നടപ്പിലാക്കുന്നത്. 91-92 വരെ ഡിപ്പാർട്ട്മെൻറുതന്നെ ഭൂമി വാങ്ങി 4 സെൻറ് വീതം ഓരോ ഗുണഭോക്താവിനു കൊടുക്കുകയും ഭവന നിർമാണത്തിനുള്ള ധനസഹായം നൽകുകയും ചെയ്തിരുന്നു. 92-93 വർഷം മുതൽ ഭൂമി വാങ്ങുന്നതിനുള്ള വില ഡിപ്പാർട്ട്മെൻറ് നൽകുകയും ഓരോ അപേക്ഷകനും ഇഷ്ടമുള്ളിടത്ത് ഭൂമി വാങ്ങുകയും ചെയ്യാവുന്നതാണ്. 95-96 മുതൽ

4 സെൻറ് ഭൂമി വാങ്ങുന്നതിന് 10000രൂപ അനുവദിക്കുന്നുണ്ടെങ്കിലും ഈ തുക തീരെ അപര്യാപ്തമാണ്. ഭൂമി വാങ്ങുന്നതിനുള്ള തുക ഉയർത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഈ പദ്ധതിയിലേക്ക് ധാരാളം അപേക്ഷകൾ കിട്ടാറുണ്ടെങ്കിലും വളരെക്കുറച്ച് അപേക്ഷകർക്ക് മാത്രമേ ധനസഹായം കൊടുക്കുന്നുള്ളു ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധവിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

### സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ 2438 കുടുംബങ്ങൾ ഉണ്ട്. (I R D P സർവേ 95-96) ഇതിൽ 63 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവരാണ്. 63 പട്ടികജാതി-പട്ടിക വർഗകുടുംബങ്ങൾ ഉൾപ്പെടെ 409 കുടുംബങ്ങൾക്ക് I R D P ധനസഹായം 95-96 സാമ്പത്തിക വർഷത്തിൽ കൊടുക്കുകയുണ്ടായി. ഇവരിൽ 212 പേർ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയെന്നാണ് സർക്കാർ കണക്ക്. വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

**I R D P സർവേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം**

| വാർഡ് | ദാരിദ്ര്യ രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം | SC/ST | സഹായം ലഭിച്ചത് | SC/ST | സഹായം ലഭിച്ചതു വഴി മുകളിൽ വന്നവർ | ഇനിയും സഹായം ലഭിക്കാൻ ബാക്കിയുള്ളവർ |
|---|---|---|---|---|---|---|
| 1 | 135 | 4 | 39 | 4 | 26 | 96 |
| 2 | 280 | 7 | 20 | 7 | 8 | 260 |
| 3 | 291 | 26 | 67 | 26 | 28 | 224 |
| 4 | 187 | 4 | 20 | 4 | 14 | 167 |
| 5 | 183 | 5 | 22 | 5 | 17 | 161 |
| 6 | 139 | 1 | 20 | 1 | 14 | 119 |
| 7 | 224 | 3 | 32 | 3 | 24 | 192 |
| 8 | 221 | 4 | 16 | 4 | 7 | 205 |
| 9 | 230 | 2 | 37 | 2 | 29 | 193 |
| 10 | 168 | 1 | 28 | 1 | 18 | 140 |
| 11 | 176 | .... | 27 | .... | 19 | 149 |
| 12 | 204 | 6 | 15 | 6 | 8 | 189 |

വിവിധ തൊഴിൽ പരിശീലന പരിപാടികളിൽ കൂടി നമ്മുടെ പഞ്ചായത്തിൽ 1, 2, 3, 4, 5, 6, 7, 8, 10 വാർഡുകളിൽ നിന്നായി 46 പേർ പരിശീലനം നേടുകയും ഇവരിൽ 25 ആളുകൾ സ്വയംതൊഴിൽ കണ്ടെത്തുകയും ചെയ്തതായി കാണുന്നു. D W C R A പദ്ധതിപ്രകാരം 2, 6, 7, 10 എന്നീ വാർഡുകളിൽ 44 തൊഴിൽ സംരംഭക യൂണിററുകൾ തുടങ്ങി നല്ല നിലയിൽ പ്രവർത്തിക്കുന്നു. 1995-96 വർഷത്തിൽ 7, 8, 11, 12 വാർഡുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ വിവിധ പരിപാടികളനുസരിച്ച് 53 വീടുകൾ അനുവദിക്കുകയും ഇതിൽ ഒരു വീട് ഒഴികെ ബാക്കി എല്ലാ വീടുകളും പൂർത്തീകരിക്കുകയും ചെയ്തു. 12 വാർഡുകളിലായി ഏകദേശം 1500 വീടുകളിൽ സാനിട്ടറി കക്കൂസുകൾ ഇല്ലായെന്നാണ് അറിയുന്നത്. ഇത് നമ്മുടെ പഞ്ചായത്തിൻെറ ആരോഗ്യത്തിന് ഹാനികരമാണ്. ഗ്രാമീണകൈത്തൊഴിൽ അറിയാവുന്നവർ നമ്മുടെ പഞ്ചായത്തിൽ ഏകദേശം 300 പേർ ഉണ്ട്. ഇവരിൽ രണ്ട് ആൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സഹായം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് സഹായ ധനത്തിനുള്ള സാധ്യത കണ്ടെത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 60 വികലാംഗർ ഉണ്ടെന്നാണ് ഒരു ഏകദേശ കണക്ക്. എത്രപേർക്ക് പെൻഷൻ കിട്ടുന്നുണ്ട് എന്ന കണക്കുകൾ തൽക്കാലം ലഭ്യമല്ല. വിധവ പെൻഷനും വാർദ്ധക്യകാല പെൻഷനും ഇന്ന് കൃത്യമായി വിതരണം നടക്കുന്നില്ല. ജില്ലാപഞ്ചായത്തിനെ ഇതിൻെറ ചുമതല ഏല്പിച്ചതിനുശേഷം നാളിതുവരെ മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കണം.

രണ്ട് മഹിളാസമാജങ്ങളും രണ്ട് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. ഒരു മഹിളാസമാജത്തിനുമാത്രമേ രജിസ്ട്രേഷനുള്ളു. 7, 10 വാർഡുകളിൽ മഹിളാസമാജവും ബാലവാടിയും വേണമെന്ന് ഗ്രാമസഭയിൽ നിന്നും നിർദേശം വന്നിട്ടുണ്ട്.

1, 7, 10, 11 വാർഡുകളിൽ വൃദ്ധമന്ദിരം സ്ഥാപിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. വിവിധ പെൻഷനുകൾ ലഭിക്കാൻ അർഹതയുള്ളവരെ സർവ്വേ നടത്തി മുൻഗണനാക്രമത്തിൽ ലിസ്റ്റ്തയ്യാറാക്കണമെന്ന നിർദേശവും ഉണ്ടായിട്ടുണ്ട്. പരിഗണിക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

* പെൻഷനുകൾ ലഭിക്കുന്നില്ല
* I R D P ആനുകൂല്യം എല്ലാവർക്കും കിട്ടുന്നില്ല.
* ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ കാര്യക്ഷമമല്ല.
* അഴിമതി നടക്കുന്നു.
* പദ്ധതികളെക്കുറിച്ച് അറിയില്ല.

### സാധ്യതകൾ

* I R D P സർവ്വേ പ്രകാരം ബാക്കിനിൽക്കുന്നവക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള പരിപാടി.
* ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിലുണ്ടാകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കൽ.
* വിവിധ പെൻഷൻ വിതരണം ത്വരിതപ്പെടുത്തൽ.
* പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം.
* സാനിട്ടറി കക്കൂസുകളുടെ വ്യാപനം.
* ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസം
* ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിൽ ഉറപ്പ് വരുത്തൽ.

# ത്രിദീയ മേഖല
# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

നിരവധി കുളങ്ങളും പുഴകളും തോടുകളുംകൊണ്ട് ജലത്തിൻെറ കാര്യത്തിൽ ഏറെക്കുറെ സമ്പന്നമായ ഒരു പ്രദേശമാണ് നമ്മുടേത്. എങ്കിൽകൂടി കടൽ സാമീപ്യംമൂലം ഉപ്പുകലർന്ന ജലം ആണ് ഇത്തരം പുഴകളിലൂടേയും തോടുകളിലൂടേയും ലഭിക്കുന്നത്. ഇക്കാരണത്താൽത്തന്നെ 'കുടിവെള്ള'മായി ഉപയോഗിക്കാനുള്ള ഈ ജലത്തിൻെറ സാധ്യത തീരെക്കുറവാണ്. പഴയകാലത്ത് ഈ പ്രദേശത്തെ ജനങ്ങൾ കുളങ്ങളേയും കിണറുകളേയുമാണ് കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. കുടിവെള്ളത്തിൻെറ ലഭ്യത ഇന്നത്തെ അപേക്ഷിച്ച് കുറവായിരുന്നു. എങ്കിൽക്കൂടി കുടിവെള്ള ക്ഷാമം താരതമ്യേന കുറവായിരുന്നു. മുൻകാലങ്ങളിൽ മഴയെ ആശ്രയിച്ച് ജലം സംഭരിക്കുന്ന (വാല കെട്ടൽ മൂലവും, തുണി ഉപയോഗിച്ചും) പല പരമ്പരാഗത രീതിയും നിലവിലുണ്ടായിരുന്നു. അക്കാലത്ത് കുടിവെള്ളത്തിൻെറ സ്രോതസ്സുകളായ കുളവും കിണറുകളും അർഹിച്ച പ്രാധാന്യം നൽകി വളരെ ശ്രദ്ധയോടെ പരിപാലിച്ചുപോന്നു. പഞ്ചായത്തിൻെറ പടിഞ്ഞാറേ ഭാഗത്തുള്ള പ്രദേശങ്ങൾ പൊതുവെ ഉപ്പുവെള്ള പ്രദേശമായതിനാൽ മറ്റു പ്രാന്തപ്രദേശങ്ങളെയാണ് കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. 1980 കളുടെ ആരംഭത്തിൽ പൊതു പൈപ്പുകളുടെ ആവിർഭാവത്തോടെ ഏകവും ലാഭകരവും ശുദ്ധവും ആയ ഈ ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കാതിരിക്കുകയും തൻമൂലം കാലക്രമേണ ഉപയോഗരഹിതമാകുകയും ചെയ്തു. ഇന്ന് നാം അനുഭവിക്കുന്ന 'ശുദ്ധജല' ക്ഷാമത്തിൻെറ അടിസ്ഥാന കാരണം ഇത്തരം ജലസ്രോതസ്സുകളുടെ നാശമാണ്.

## പ്രശ്നങ്ങൾ

ഇന്ന് പഞ്ചായത്തിൻെറ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ച് പഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളായ ചെട്ടിക്കാട്, മാല്യങ്കര, കുഞ്ഞിത്തൈ തുടങ്ങിയ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. കുളം, കിണർ മുതലായ പരമ്പരാഗത ജലസ്രോതസ്സുകളുടെ നാശം മൂലം നിത്യോപയോഗത്തിനു പുറമേ ആടുമാടുകളെ കുളിപ്പിക്കുന്നതിനും വാഹനങ്ങൾ കഴുകുന്നതിനുംവരെ പൈപ്പിലൂടെ ഒഴുകിയെത്തുന്ന ജലമാണ് ഉപയോഗിച്ചുവരുന്നത്. കൂടാതെ 'Home Connection' സൗകര്യം ദുരുപയോഗപ്പെടുത്തി 'Ground level' tank ഉപയോഗിച്ച് അമിതമായി ജലം സംഭരിക്കുകയും ഒരു പരിധിവരെ ജലം ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു. ആവശ്യത്തിന് 'Pressure' ഇല്ലാത്ത സന്ദർഭങ്ങളിൽ മോട്ടോർപമ്പുപയോഗിച്ച് ജലം വലിച്ചെടുത്ത് സംഭരിക്കുന്ന രീതിമൂലം പൊതുടാപ്പുകളിൽ നിന്ന് ജലം ശേഖരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. ഇക്കാരണങ്ങൾ എല്ലാം തന്നെ പ്രദേശത്തെ കുടിവെള്ള ക്ഷാമം രൂക്ഷമാക്കുന്നു. പൊട്ടിത്തകർന്നതും കേടുവരുന്നതുമായ പൈപ്പുകൾ യഥാസമയം നന്നാക്കാത്തതും ഒരു പരിധിവരെ കുടിവെള്ള ക്ഷാമത്തിന് കാരണമായിത്തീരുന്നു. മാല്യങ്കര, ചെട്ടിക്കാട്, കുഞ്ഞിത്തൈ മുതലായ പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്ത് ദുർലഭമായി മാത്രം പൈപ്പിലൂടെ കിട്ടുന്ന ജലം ശുദ്ധമല്ല എന്നു മാത്രമല്ല ഉപ്പുകലർന്നതുമാണ്. മുകളിൽ സൂചിപ്പിച്ചവയെ കൂടാതെയുള്ള ജലസ്രോതസ്സുകളായ 'ചാമ്പ് ' പൈപ്പിലൂടെ ലഭിക്കുന്ന ജലത്തിൻെറ അളവ് മറ്റു പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ തോതിലാണ് എന്നു മാത്രമല്ല ഉപ്പും, ചെളിയുടെ അംശം കലർന്നതും നിമിത്തം ഉപയോഗശൂന്യവുമാണ്.

## സാദ്ധ്യതകൾ

പഞ്ചായത്തിൻെറ ജലസ്രോതസ്സുകളിൽ പ്രധാനപ്പെട്ടവയായ പൊതുകുളങ്ങളും, കിണറുകളും സംരക്ഷിക്കുകയും ഉപയോഗയോഗ്യമാക്കിത്തീർക്കുകയും ചെയ്യുക. നിലവിലുള്ള ടാപ്പുകളിൽ ഉപയോഗയോഗ്യമല്ലാത്തവ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ നടത്തി ഉപയോഗക്ഷമമാക്കുന്നതിനോടൊപ്പംതന്നെ പുതിയതായി ടാപ്പുകൾ സ്ഥാപിക്കേണ്ട ആവശ്യമുള്ളിടത്ത് സ്ഥാപിക്കുക. പൈപ്പിലൂടെ ലഭിക്കുന്ന ജലം അണുവിമുക്തമെന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യവകുപ്പും, ജലവകുപ്പും ശ്രദ്ധചെലുത്തുക. പൊതുജലവിതരണത്തിലൂടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 16000-ത്തോളം മീറ്റർ പൈപ്പും 100-ഓളം പൊതുടാപ്പുകളും സ്ഥാപിക്കുക. ശാസ്ത്രീയമായ ആസൂത്രണത്തോടെ ആവശ്യപ്പെടുന്ന മുഴുവൻ ആളുകൾക്കും 'Home Connection' നൽകുക. പഞ്ചായത്ത് പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി മാല്യങ്കരയിൽ മൂത്തകുന്നം H.M.D.P. സഭ 'വാട്ടർ അതോറിട്ടിക്ക്' സൗജന്യമായി നൽകിയ സ്ഥലത്ത് ശാസ്ത്രീയ വീക്ഷണത്തോടുകൂടി ഭാവികാല ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് ഒരു 'Ground Level 'വാട്ടർടാങ്ക് ജനങ്ങളുടെയും ആവശ്യമെങ്കിൽ സമീപ പഞ്ചായത്തുകളുടെയും സഹായത്തോടെ സ്ഥാപിക്കുക. പഞ്ചായത്തിലെ

ശുദ്ധജലക്ഷാമം ആത്യന്തികമായി പരിഹരിക്കുന്നതിന് 'വെടിമറ' ശുദ്ധജല പദ്ധതിയുടെ ജോലി ത്വരിതപ്പെടുത്തുക.

## വാർഡ് തല നിർദ്ദേശങ്ങൾ

2-ാം വാർഡിൽ തുരുത്തിപ്പുറം കിഴക്ക് ഹരിജൻ കോളനിയിൽ പഴയ കാലത്ത് വളരെ അധികം ജനങ്ങൾ(ഏകദേശം 1 1/2കി.മി.ചുറ്റളവുവരെ) കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്ന 'പട്ടേരിക്കുള'ത്തിൻെറ സ്ഥാനത്ത് ഇന്ന് ഒരു ഉപയോഗശൂന്യമായ കിണറാണ് നിലനിൽക്കുന്നത്. പ്രസ്തുത കിണർ ചെങ്കൽ ചുറ്റുകെട്ടി വിസ്തൃതമാക്കുകയും ശുദ്ധീകരിക്കുകയും ചെയ്താൽ വളരെ അധികം ശുദ്ധജലം വർഷം മുഴുവൻ ലഭ്യമാകും.

4-ാം വാർഡിൽ വടക്കേക്കര പോലീസ് സ്റ്റേഷന് മുൻവശത്തായി സ്ഥിതിചെയ്യുന്ന 'കമ്പനിക്കുളം' ഒരു വലിയ ശുദ്ധജല സ്രോതസ്സാണ്. മുൻകാലങ്ങളിൽ വളരെ അധികം ജനങ്ങൾ കുടിവെള്ളത്തിന് ഉപയോഗിച്ചിരുന്ന പ്രസ്തുത കുളത്തിലെ ജലം ഇന്ന് മലിനമാണ്. ഈ കുളം പുനരുദ്ധാരണം നടത്തി സംരക്ഷിക്കുകയും ജലം ശുദ്ധീകരിക്കുകയും ചെയ്താൽ ഈ പ്രദേശത്തെ ശുദ്ധജലക്ഷാമം ഏറ്റവും കുറഞ്ഞ ചെലവിൽ പരിഹരിക്കാനാകും.

5-ാം വാർഡിൻെറ പടിഞ്ഞാറുഭാഗത്ത് ചാമ്പുശ്ശേരിൽ സ്ഥിതിചെയ്യുന്ന ചാമ്പുശ്ശേരിക്കുളവും, കിണറും അതിൻെറ ഇന്നത്തെ ശോചനീയാവസ്ഥ മാറ്റി ഉപയോഗയോഗ്യമാക്കിയാൽ 100-ഓളം കുടുംബങ്ങൾക്ക് ശുദ്ധജലം ഉറപ്പുവരുത്താം.

10-ാം വാർഡിൽ കുഞ്ഞിത്തൈ വടക്കേക്കടവിന് സമീപത്തുള്ള കുളവും സഹകരണ സംഘത്തിൻെറ സമീപത്തുള്ള 'മാട്ടുപ്പുറം കുളവും' ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കിയാൽ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ ഒന്നായ കുഞ്ഞിത്തൈയ്യിന് ശുദ്ധജലത്തിൻെറ കാര്യത്തിൽ ഏറ്റവും ആശ്വാസകരമായിരിക്കും.

11-ാം വാർഡ് വാവക്കാട് പടിഞ്ഞാറുഭാഗത്തുള്ള 'പറമ്പത്തേരി'ക്കുളവും ദേവിക്കുളവും പുത്തൻ പുരക്കൽ ദേവി ക്ഷേത്രത്തിനു് സമീപമുള്ള കുളവും ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കിയാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു നേർവഴിയാണ്.

പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ മുൻകാലങ്ങളിൽ ജനങ്ങൾ ഉപയോഗിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുന്നതും ആയ വിഭിന്നങ്ങളായ ശുദ്ധജല സ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുകയും പൈപ്പുകളിലൂടെയുള്ള 'കുടിവെള്ള' വിതരണം മുകളിൽ കാണിച്ചിരിക്കുന്ന നിർദ്ദേശാനുസരണം ശാസ്ത്രീയമായ പുനഃസംവിധാനം ചെയുകയും ക്രമീകരിക്കുകയും ചെയ്താൽ പഞ്ചായത്ത് ഇന്നനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

# പൊതുജനാരോഗ്യം

ഒരു പ്രത്യേക പ്രദേശത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി, ആ ജനങ്ങൾ ഏർപ്പെട്ടുപോരുന്ന തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ ആ പ്രദേശത്തിൻെറ ഭൂപരവും കാലാവസ്ഥാപരവുമായ സവിശേഷതകൾ, ഓരോവീടും നിലകൊള്ളുന്ന പരിസരത്തിൻെറ പ്രത്യേകതകൾ, പ്രദേശത്തുള്ള ആരോഗ്യപരിപാലന സ്ഥാപനങ്ങൾ തുടങ്ങിയ ഘടകങ്ങളും പൊതുജനാരോഗ്യത്തെ നിർണ്ണയിക്കുന്നവ തന്നെ.

കയർ, കൈത്തറി, മത്സ്യബന്ധനം എന്നിവയാണല്ലോ വടക്കേക്കരയുടെ അടിസ്ഥാന തൊഴിൽ മേഖലകൾ. ആദ്യത്തെ രണ്ടു തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കിടയിൽ വായ്, ശ്വാസനാളം എന്നിവയിലൂടെ നാരുകൾ അകത്തു കടന്നുണ്ടാകുന്ന രോഗങ്ങൾക്ക് സാദ്ധ്യത വളരെ കൂടുതലാണ്. കടൽത്തീരത്തുനിന്ന് വളരെ അകലെയല്ലാതെ കിടക്കുന്ന പ്രദേശമാണെന്നതുകൊണ്ട് കടൽത്തീര പ്രദേശങ്ങളിൽ പൊതുവിൽ കാണുന്ന ആസ്മ തുടങ്ങിയ രോഗങ്ങളും ഈ പ്രദേശത്തുള്ളവർക്കിടയിൽ കാണുന്നുണ്ട്. മടൽ മൂടുന്ന കണ്ടങ്ങളിൽ നിന്ന് സൾഫർ കലർന്ന വാതകം എപ്പോഴും ഉയർന്നുകൊണ്ടിരിക്കും. ഇതിൻെറ പ്രത്യാഘാതം ഏതെല്ലാം തരത്തിലാണ് ജനങ്ങളെ ബാധിക്കുകയെന്ന് പഠിക്കേണ്ടതുണ്ട്.

സമീപകാലത്തായി പൊതുജലവിതരണ സംവിധാനത്തിൽ കടന്നുകൂടുന്ന പിഴവുകളുണ്ട്. ക്ളോറിൻ അസാധാരണമാംവിധം പലപ്പോഴും പൈപ്പുവെള്ളത്തിൽ കൂടുതലായി കലർന്നു കാണുന്നുണ്ട്. ഇതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളും പരിശോധിക്കണം. ഉപ്പുവെള്ളമാണ് പഞ്ചായത്തിൽ മൊത്തം ലഭ്യമാകുന്നതെന്നതിനാൽ അതിൻെറ ഉപയോഗം എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങളുളവാക്കുന്നുണ്ടോ എന്നും ആരായണം.

മേൽപ്പറഞ്ഞ സംഗതികളിലെന്തെങ്കിലും ഇടക്കിടെയുണ്ടാകുന്ന കണ്ണുരോഗം, വയറിളക്കം, ചിക്കൻ പോക്സ് എന്നിവയ്ക്ക് കാരണമാകുകയോ, ത്വരിപ്പിക്കുകയോ ചെയ്യുന്നുണ്ടോ എന്നും പഠിക്കേണ്ടതാണ്.

ഇതെല്ലാം കായികാരോഗ്യത്തിൻെറ പ്രശ്നങ്ങളാണ്. മാനസികാരോഗ്യത്തിൻെറ കാര്യത്തിൽ -പ്രത്യേകിച്ചും സ്ത്രീകളുടേയും കുട്ടികളുടേയും - അക്ഷന്തവ്യമായ അവഗണനയാണ് പൊതുവിൽ പ്രകടിപ്പിച്ചുപോരുന്നത്. രണ്ടു സംഗതികളേയും ശരിയായി സമന്വയിപ്പിക്കുന്ന ഒരു വികസന പദ്ധതിയാണ് അഭികാമ്യമായിട്ടുള്ളത്.

## പ്രശ്നങ്ങൾ

പ്രായേണ എല്ലാ വാർഡുകളിലും ശുദ്ധജലക്ഷാമം

രൂക്ഷമാണ്.

അറുപത് ശതാമാനത്തിലധികം കുടുംബങ്ങൾ കക്കൂസ് സൗകര്യം ഇല്ലാത്തവരാണ്.

എല്ലാ വാർഡുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവയ്ക്കു കീഴിൽ ഡോക്ടർമാരുൾപ്പെടുന്ന ഉദ്യോഗാനുദ്യോഗസ്ഥരും ഇപ്പോൾ നിലവിലില്ല.

അത്യാവശ്യ സ്വഭാവമുള്ള ജീവൻരക്ഷാ മരുന്നുകൾ നിലവിലുള്ള കേന്ദ്രങ്ങളിൽ ലഭ്യമല്ല.

അലോപ്പതി, ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ വാർഡുകളിലുമില്ല.

വ്യാപകമായ കൊതുകു നിവാരണ പദ്ധതിയുടെ അഭാവം.

ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച ബോധവൽക്കരണ പദ്ധതിയുടെ അഭാവം.

മാനസിക ആരോഗ്യ സ്ഥാപനങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

ഒരു ആശുപത്രി മാത്രമാണ് പഞ്ചായത്തിലുള്ളത്. ഈ ആശുപത്രിയുടെ പ്രവർത്തന സൗകര്യങ്ങൾ വികസിപ്പിക്കുകയും പഞ്ചായത്ത് ആരോഗ്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായി അത് ഉയർത്തുകയും അങ്ങനെ പഞ്ചായത്ത് തല ആരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക.

അനുബന്ധമായി ആയുർവ്വേദ, ഹോമിയോ ചികിത്സാലയങ്ങൾ തുറക്കണം.

എല്ലാ വാർഡുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

പറവൂർ പട്ടണത്തിലേതുപോലെ സഞ്ചരിക്കുന്ന ആശുപത്രി സിസ്റ്റം നടപ്പിലാക്കുക.

ശുദ്ധജല ദൗർലഭ്യം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുക. കുളങ്ങൾ, കിണറുകൾ എന്നിവ ഉപയോഗക്ഷമമാക്കുക.

കൊതുകു നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

എല്ലാ വാർഡുകളിലും പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുക.

എല്ലാ വീടുകൾക്കും ചുരുങ്ങിയ സാനിറ്ററി സൗകര്യങ്ങൾ നടപ്പിൽ വരുത്തുക.

മാനസികാരോഗ്യം കൈവരിക്കുന്നതിന് പഞ്ചായത്തുതല കളിസ്ഥലങ്ങളും പാർക്കും നിർമ്മിക്കുക.

ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച വിപുലമായ ബോധവൽക്കരണ പരിപാടി നടപ്പാക്കുക.

## വാർഡ്തല ആവശ്യങ്ങൾ

ഹെൽത്ത് സെൻററുകളുള്ള ഇടങ്ങളിൽ ആഴ്ചയിലൊരിക്കൽ നിർബ്ബന്ധമായും ഡോക്ടർ വരാനുള്ള നടപടി എടുക്കണം. ഹെൽത്ത് സെൻറർ ഇല്ലാത്തിടങ്ങളിൽ ഉണ്ടാക്കണം. അത്യാവശ്യം വേണ്ട മരുന്നുകളും ജീവൻരക്ഷാ ഔഷധങ്ങളും സെൻററുകളിൽ ലഭ്യമാക്കണം. വാവക്കാട് ആയുർവ്വേദ ഡിസ്പെൻസറിക്കുള്ള സ്ഥലം പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. അവിടെ ഉടൻ ആശുപത്രി സ്ഥാപിക്കണം. മൂത്തുകുന്നം ആശുപത്രിയിൽ അടിയന്തിരമായി ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം. രാത്രി സമയങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. ആശുപത്രിക്ക് അടുത്തുതന്നെ ഡോക്ടർക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. ഓപ്പറേഷൻ തീയറ്റർ, ആംബുലൻസ്, ജനറേറ്റർ മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം. ലാബററ്ററി, എക്സ്റേ സൗകര്യങ്ങളുണ്ടാ ക്കണം. കയർത്തൊഴിലാളി വാർഡ് ഏർപ്പെടുത്തണം.

കക്കൂസില്ലാത്ത 70 % വീടുകൾക്കും ആ സൗകര്യം ഉണ്ടാക്കണം. കീടനാശിനികൾ വാർഡ് തലത്തിൽ വിതരണം ചെയ്യണം. ചകിരിച്ചോറുമൂലമുണ്ടാകുന്ന പരിസര മലിനീകരണം മിക്കവാറും വാർഡുകളിലുമുണ്ട്. അത് പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ വെള്ളം വാർന്നുപോകുന്നതിനായി ഡ്രെയിനേജ് സൗകര്യങ്ങളുണ്ടാക്കണം.

പഞ്ചായത്ത് തലത്തിലെങ്കിലും പൊതു ശ്മശാനങ്ങളുണ്ടാക്കണം. കുഞ്ഞിത്തൈ തുടങ്ങിയ വാർഡുകളിൽനിന്ന് വാർഡിൽതന്നെ ശ്മശാനം വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

# വിദ്യാഭ്യാസം

ഏതു പ്രദേശത്തേയും എക്കാലത്തേയും വികാസത്തിൻെറ ഒരു സൂചകമാണല്ലോ വിദ്യാഭ്യാസം. സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റങ്ങൾക്ക് പശ്ചാത്തലമൊരുക്കാനും അത്തരം മുന്നേറ്റങ്ങളെക്കുറിച്ച് പഠിക്കുവാനും അവശ്യം ആവശ്യമായിവരുന്ന ഒരു ഘടകമാണ് തദ്ദേശവാസികളുടെ പൊതു വിദ്യാഭ്യാസ നിലവാരം. ബാല്യത്തിലെ തന്നെ കുരുന്നുകളുടെ അകക്കണ്ണ് തുറപ്പിക്കാൻ എത്തിയ ആശാൻമാരും അവരുടെ കളരികളുമൊക്കെ പ്രവർത്തിച്ചുകൊണ്ടിരിക്കത്തന്നെയാണ് പൊതുവിൽ വിദ്യാഭ്യാസത്തിൻെറ പുതുനാമ്പുകൾ ഈ പഞ്ചായത്തിൽ ഉദയം കൊണ്ടത്. സർവ്വധനങ്ങളിലും പ്രധാനമായ വിദ്യാധനത്തെ കൈപ്പിടിയിലൊതുക്കാൻ വളരെ നേരത്തെ തന്നെ പഞ്ചായത്തിൽ ശ്രമങ്ങളാരംഭിച്ചു. ആ ശ്രമഫലമായാണ് 1897-ൽ പഞ്ചായത്തിലെ ഏറ്റവും ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമായ L. P.B. S. മൂത്തകുന്നത്ത് സ്ഥാപിക്കപ്പെടുന്നത്. 1912-ൽ മൂത്തകുന്നത്തുതന്നെ L.P.G.S. സ്ഥാപിക്കപ്പെട്ടു. മലയാളവർഷം 1085-ലും 1087-ലുമായി വാവക്കാട് രണ്ടു സ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടു. തുടർന്നുള്ള വളർച്ചയിൽ വിവിധ മേഖലകളിലായി ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അനൗദ്യോഗിക സ്ഥാപനങ്ങളുമായി അനവധി സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുകയും അവയിൽ പലതും ഇന്ന് നിലനിൽക്കുകയും ചെയ്യുന്നു. ഏറ്റവും ഒടുവിൽ എത്തപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ക്കൂളുകളുടെ വിശദ വിവരങ്ങളാണ് താഴെ കാണുന്ന പട്ടികയിൽ കൊടുത്തിട്ടുള്ളത്.

| വാർഡുകൾ | സ്ക്കൂളിൻെറ പേര് | സർക്കാർ / എയ്ഡഡ് / അൺ എയ്ഡഡ് | L. P. | U. P. | H. S. | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | | കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1. | G. M. L. P. S. | സർക്കാർ | 1 | | | 97 | 74 | 171 | 1 | 6 | 7 | |
| 2. | 1) S. N. V. L. P. S.<br>2) St. Peters U. P. S. | സർക്കാർ<br>എയ്ഡഡ് | 1 | 1 | | 159<br>186 | 133<br>159 | 291<br>345 | <br>1 | 8<br>8 | 8<br>9 | |
| 3. | | | | | | | | | | | | |
| 4. | HDPY | അൺ എയ്ഡഡ് | | 1 | | | | | | | | |
| 5. | | | | | | | | | | | | |
| 6. | 1) S. N. M. H. S.<br>2) L. P. B. S<br>3) L. P. G. S. | എയ്ഡഡ്<br>സർക്കാർ<br>സർക്കാർ | <br>1<br>1 | | 1 | 854<br>132<br>27 | 731<br>109<br>19 | 1585<br>241<br>46 | 11<br>1<br> | 47<br>6<br>4 | 58<br>7<br>4 | H. S-ൽ യു. പി.യും ഉണ്ട്. 306+222 (Boys+Girls) U. P. |
| 7. | 1) H. M. Y. S<br>2) S. N. M. L. P. S. | എയ്ഡഡ്<br>സർക്കാർ | <br>1 | | 1 | 383<br>152 | 352<br>144 | 735<br>296 | 7<br>1 | 23<br>9 | 30<br>10 | H. S-ൽ യു. പി. യും ഉണ്ട് 234+205 (U. P.-Boys+ Girls) |
| 8. | S. N. M. L. P. S. | എയ്ഡഡ് | 1 | | | 99 | 121 | 220 | 1 | 7 | 8 | |
| 9. | | | | | | | | | | | | |
| 10. | 1) S. N. L. P. S.<br>2) O. L.S. A. I. | എയ്ഡഡ്<br>എയ്ഡഡ് | 1<br>1 | | | 142<br>37 | 130<br>31 | 272<br>68 | 1<br>1 | 7<br>3 | 8<br>4 | |
| 11. | G. L. P. S | സർക്കാർ | 1 | | | 117 | 97 | 214 | 1 | 6 | 7 | |
| 12 | | - | | | | | | | | | | |
| ആകെ | | | 9 | 2 | 2 | | | | | | | |

കഴിഞ്ഞ കാലങ്ങളിലൊന്നും സ്ക്കൂളുകളുടെ സംഖ്യയിൽ കുറവൊന്നും അനുഭവപ്പെടുന്നില്ലെങ്കിലും കട്ടികളുടെ എണ്ണത്തിൽ കുറവനുഭവപ്പെടുന്നുണ്ട്. ശിശുജനനനിരക്കിലുള്ള കുറവാണ് ഇതിന് പ്രധാനപ്പെട്ട ഒരു കാരണമായി കണ്ടെത്തുന്നത്. ഇംഗ്ളീഷ് മാധ്യമ ത്തിലുള്ള പഠനത്തിനുവേണ്ടി പറവൂർ കൊടുങ്ങല്ലൂർ പട്ടണങ്ങളിലേക്ക് കുട്ടികൾ പോകുന്നതും മറ്റൊരു കാരണമാണ്. മുകളിൽ കൊടുത്ത പട്ടികയിൽ നിന്ന് വാർഡ് 3,5,9,12 എന്നീ വാർഡുകളിൽ സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്നത് വെളിവാക്കുന്നുണ്ടല്ലോ. എന്നാൽ അവിടെയും അംഗൻവാടികൾ പ്രവർത്തിക്കു ന്നുണ്ട്. മേൽപ്പട്ടികയിൽ കാണിച്ചതിനു പുറമെ 8-ാം വാർഡിൽ ഒരു കോളേജും, 6-ാം വാർഡിൽ ഒരു ട്രെയിനിംഗ് കോളേജ്, ഒരു അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, ഒരു സാങ്കേതിക പരിശീലന സ്ഥാപനം എന്നിവയും പ്രവർത്തിച്ചുവരുന്നു. 4,7,10 വാർഡുകളിൽ ഓരോ ഇംഗ്ളീഷ് മീഡിയം L.P. വിദ്യാലയവും പ്രവർ ത്തിച്ചുവരുന്നു.

ഒരു കുട്ടിയുടെ സമഗ്രവും സർവ്വാശ്ളേഷിതവുമായ വികാസമാണല്ലൊ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാഥമിക വിദ്യാഭ്യാസ ത്തിനു മുന്നേതന്നെ അംഗൻ വാടികളുടെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. എന്നാൽ 'കളിച്ചു വളരുക, കളിച്ചു പഠിക്കുക' എന്ന മുദ്രാവാക്യം ഈ തലത്തിൽതന്നെ പ്രായോഗത്തിലെത്തുന്നില്ല എന്ന ഒരു സന്ദേശം വ്യാപകമായിത്തന്നെ ഉയർന്നുവരുന്നു. കളിക്കു പകരം അക്ഷരമാലകൾ ഈ കുരുന്നുകളിൽ അടിച്ചേ ല്പിക്കപ്പെടുമ്പോൾ അംഗൻവാടികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ തന്നെ തകിടം മറിയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുക. ഈ നയത്തിന് അപവാദങ്ങൾ ഇല്ലെന്നില്ല. ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസത്തിന്, പ്രത്യേകിച്ച് നമ്മുടെ നാടിൻെറ പൊതു താല്പര്യത്തിനിണങ്ങുംവിധം ഒരു പൊതു വിദ്യാഭ്യാസം കണ്ടുപിടിക്കുന്നതിനുള്ള ലക്ഷ്യം മറക്കാത്ത ഒരു വിദ്യാഭ്യാസത്തിൻെറ ആദ്യപടിയെന്ന നിലയിൽ അംഗൻവാടികൾ അതീവ ശ്രദ്ധവേണ്ട ഒരു മേഖലയെന്ന നിലയിലുള്ള ഒരു വിശകലനം മാത്രമാണിത്.

നഴ്സറിതലം കഴിഞ്ഞാലും നമ്മുടെ പൊതു വിദ്യാഭ്യാസം ന്യൂനതകളിൽനിന്നും ഒഴിഞ്ഞു നിൽക്കുന്നില്ല. പ്രായവും പ്രായത്തിൻെറ പരിമിതികളും കണക്കിലെടുക്കാത്ത തരത്തിൽ ദുർഗ്രാഹ്യമായ പഠന വിശേഷങ്ങൾ, അശാസ്ത്രീയമായ പഠനരീതികൾ, അ ത്യാവശ്യത്തിനുപോലും തികയാത്ത ഭൗതീക സാഹചര്യങ്ങൾ, പഠനസാമഗ്രികളുടെ ദൗർലഭ്യം ഇവയെല്ലാം കൂടിചേരുമ്പോൾ വിദ്യാഭ്യാസം തീർച്ചയായും ഒരുതരം അഭ്യാസമായിമാറുന്നു.(നമ്മുടെ പഞ്ചായ ത്തിലെ മാല്യങ്കര കോളേജ്-നിരവധി പെൺകുട്ടികൾ പഠിക്കുന്ന സ്ഥാപനം-അവിടെപ്പോലും പെൺകുട്ടിക ൾക്ക് ആവശ്യമായ അളവിൽ ടൊയ്ലറ്റ് സൗകര്യങ്ങൾ കുറവാണ് എന്ന് പരാതി ഉയർന്നിരിക്കുന്നു.) പാഠ്യവിഷ യങ്ങൾ തീർച്ചയായും കാലത്തിനൊപ്പമായിരിക്കണം എന്നതുപോലെതന്നെ പ്രായത്തിനും ഒപ്പമായിരിക്കണം. പഠിപ്പിക്കാനുള്ള അദ്ധ്യാപകർ ചുരുങ്ങിയപക്ഷം പഠിപ്പിക്കുന്ന വിഷയത്തിലെങ്കിലും പ്രാവീണ്യമുള്ളവരാ യിരിക്കണം. അവരുടെ കഴിവിനെ പരിപോഷിപ്പിക്കുന്ന തരത്തിൽ ഇൻ സർവ്വീസ് കോഴ്സുകൾ നടത്തപ്പെടണം അദ്ധ്യാപകരാകട്ടെ, നിർജ്ജീവമായ സാമഗ്രികളെ കൈകാര്യം ചെയ്യുന്ന തരത്തിൽ വിദ്യാർത്ഥികളെ കാണുകയുമരുത്. അദ്ധ്യാപകനിൽനിന്നും വിദ്യാർത്ഥിയും വിദ്യാത്ഥിയിൽ നിന്നും അദ്ധ്യാപകനും പഠിക്കാവുന്നതര ത്തിൽ ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയയായി മാറണം വിദ്യാഭ്യാസം. അത്തരം ഒരു സാഹചര്യത്തിൽ മാത്രമെ സാമൂഹ്യമായ ഒരു മാറ്റത്തിന് പശ്ചാത്തലമൊരുക്കാൻ കഴിയുന്ന വിദ്യാർത്ഥികളെ കരുപിടിപ്പിക്കാൻ കഴിയൂ. അദ്ധ്യാപകനിൽനിന്നും എന്തും സ്വീകരിക്കുക മാത്രം ചെയ്യുന്ന വിദ്യാർത്ഥിക്ക് സമൂഹത്തിൻെറ പരിണാമദശ കങ്ങളിൽ മാറ്റത്തിൻെറ രാസത്വരകങ്ങളായി പ്രവർത്തി ക്കാനും സമൂഹത്തിന് എന്തെങ്കിലും കൊടുക്കാനും കഴിയാത്ത സ്ഥിതിവിശേഷത്തെ രൂപപ്പെടുത്തും. ഇതൊ ഴിവാക്കുക എന്നത് തീർച്ചയായും ഈ പഞ്ചായത്തിൻെറ പരിധിയിൽനിന്നും മാത്രം പ്രവർത്തിക്കുന്നതു കൊണ്ട് നേടിയെടുക്കാൻ കഴിയില്ല എന്ന യാഥാർത്ഥ്യം നിലനിൽ ക്കുമ്പോഴും പൊതുവിൽ ഒരു മാറ്റത്തിൻെറ അലയൊ ലികൾ ഈ പഞ്ചായത്തിനെയും അനുഗ്രഹിക്കും എന്നതുകൊണ്ട് വിശകലനം ചെയ്തു പോയതാണ്.

പുതിയ പഞ്ചായത്ത് രാജ് നിയമം അവലംബി ക്കുമ്പോൾ ഉയർന്നുവരാൻ സാദ്ധ്യതയുള്ള ഒരു പ്രശ്നം കൂടി പരാമർശിക്കപ്പെടാതെ പോകാൻ പാടുള്ളതല്ല. ഇതനുസരിച്ച് സർക്കാർ L. P. സ്ക്കൂളുകൾ ഗ്രാമ പഞ്ചായത്തിൻെറ നിയന്ത്രണത്തിലാണ് വന്നുചേരുക. സ്ക്കൂളുകളുടെ വാർഷിക അറ്റകുറ്റ പണികൾ ഏറ്റെടുത്തു നടത്താൻ പൊതുമരാമത്ത് വകുപ്പ് വിസമ്മതിക്കുന്ന ഒരു സ്ഥിതി വിശേഷം സംജാതമായിട്ടുണ്ട്. ഈ സ്ഥിതിവിശേഷത്തെ മുറിച്ച് കടക്കാൻ കഴിയുന്ന തരത്തിൽ സ്ക്കൂളുകളുടെ അറ്റകുറ്റ പണികൾ കൃത്യമായും സമയ ബന്ധിതമായും നടപ്പാക്കാനുള്ള നയരൂപീകരണം തീർച്ചയായും നടന്നേതീരൂ. മിനിമം ലേണിംഗ് ലവൽ (M. L. L.) പരിപാടി എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കണം.

പൊതുവെ എല്ലാ ഗ്രാമസഭകളും വിദ്യാഭ്യാസ നിലവാരത്തിൻെറ തകർച്ചയിൽ ഉത്കണ്ഠ രേഖപ്പെടുത്തിയിരിക്കുന്നു. അദ്ധ്യാപകരുടെ കുറവ് , ഗ്രാമവാസികളുടെ സാമ്പത്തിക പരാധീനത, പഠന നിലവാരം മോശമെങ്കിലുമുള്ള ക്ളാസ്സ് കയറ്റം തുടങ്ങിയവയാണ് ഈ തകർച്ചയ്ക്ക് കാരണമായി ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ളത്. നിലവിലുള്ള പ്രശ്നങ്ങളെ മുൻനിർത്തി വാർഡ് തലത്തിൽ നിന്നുണ്ടായ പരിഗണനാർഹമായ നിർദ്ദേശങ്ങളാണ് വാർഡ് തിരിച്ച് താഴെ കുറിക്കുന്നത്.

വാർഡ് 1

നിലവിലുള്ള അംഗനവാടിയുടെ പരിസരത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കി പരിസരം ശുചിയായി സൂക്ഷിക്കണം. പഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള വായനശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. നഴ്സറി വിദ്യാലയം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വാർഡിൽ ആരംഭിക്കണം.പഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള വായനശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. വായനശാലയിൽ ലൈബ്രേറിയനെ നിയമിക്കണം. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

വാർഡ് 2

വാർഡിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗൻവാടിക്ക് സ്ഥലവും കെട്ടിടങ്ങളും കളിപ്പാട്ടങ്ങളും വേണം.

വാർഡ് 3

നിലവിൽ യാതൊരു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല. ഒരു പ്രൈമറി സ്ക്കൂളെങ്കിലും ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണം.

വാർഡ് 4

അംഗൻവാടിക്ക് സ്വന്തം സ്ഥലവും കെട്ടിടവും വേണം. സാക്ഷരതാ പരിപാടികൾ പുനരാരംഭിക്കണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി അഭ്യസ്തവിദ്യരായ യുവാക്കളുടെ സേവനം പ്രയോജനപ്പെടുത്തണം.

വാർഡ് 5

ഈ വാർഡിൽ ഇപ്പോൾ സ്ക്കൂൾ സ്ഥാപിച്ചിട്ടില്ല. 6-ാം വാർഡിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ക്കൂൾ, ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് അവിടെ തുടർന്നുകൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട്, ആ എൽ. പി. ജി. എസ്. ഈ വാർഡിലേക്ക് മാറ്റി സ്ഥാപിക്കണം. ഈ ദിശയിൽ പഞ്ചായത്തു തലത്തിൽ നേരത്തേതന്നെ കൈകൊണ്ടിട്ടുള്ള നടപടിക്ക് ആക്കം കൂട്ടുകയും എത്രയും പെട്ടെന്ന് പൂർത്തിയാക്കുകയും വേണം. പ്രൈവറ്റ് സ്ക്കൂൾ നിയമനങ്ങൾ പി. എസ്. സി. യ്ക്കു വിടണം.

വാർഡ് 6

വാർഡിന്റെ കിഴക്കു ഭാഗത്തുള്ള അംഗൻവാടിക്ക് കെട്ടിടവും കളിപ്പാട്ടങ്ങളും ഉണ്ടാക്കണം. ഹൈസ്ക്കൂളിലെ പഠനനിലവാരം മെച്ചപ്പെടുത്താൻ പി. ടി. എ. യുടെ സഹായത്തോടെ നടപടികൾ കൈക്കൊള്ളണം.

വാർഡ് 7

ഹൈസ്ക്കൂൾ കോമ്പൗണ്ടിലൂടെയുള്ള വഴി സ്ക്കൂൾ പ്രവർത്തനത്തെ തടസ്സപ്പെടുത്താത്ത വിധം സജ്ജീകരിക്കേണ്ടതാണ്. സത്താർ ദ്വീപിലെ അംഗൻവാടി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

വാർഡ് 8

നിശ്ചിത മാർക്ക് ലഭിക്കുന്ന കുട്ടികളെ മാത്രം വിജയിപ്പിക്കുന്ന രീതി കർശനമാക്കണം. സിലബസിന്റെ ഭാരം കുറയ്ക്കണം. എൽ. പി. സ്ക്കൂളിനാവശ്യമായ കളിസ്ഥലവും അംഗൻവാടിക്ക് കളിപ്പാട്ടങ്ങളും ലഭ്യമാക്കണം. അൺ എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്ക്കൂളുകളുടെ വർദ്ധനവ് തടയണം. സ്ക്കൂൾ പ്രവർത്തനം രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നിശ്ചയിക്കണം. സ്ക്കൂളുകളിൽ സ്പെഷ്യലിസ്റ്റ് തസ്തികകൾ നിലനിർത്തണം.

വാർഡ് 9

വിദ്യാലയങ്ങൾ യാതൊന്നും തന്നെയില്ല. ഒരു പ്രൈമറി സ്ക്കൂളെങ്കിലും സ്ഥാപിക്കണം. അംഗൻവാടികളിൽ വേണ്ടത്ര കളിക്കോപ്പുകളില്ല. ഒരു വായനശാല ലഭ്യമാക്കണം. സാക്ഷരതാപ്രവർത്തനം തുടർന്നു നടത്തണം. മോഡറേഷൻ സമ്പ്രദായം അവസാനിപ്പിക്കണം.

വാർഡ് 10

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ വാർഡിൽ ഒരു വായനശാല അത്യാവശ്യമാണ്. നാലാം തരത്തിനുമേൽ പഠിക്കാൻ ബഹുദൂരം യാത്ര ചെയ്യേണ്ടതുകൊണ്ട് ഒരുസ്ക്കൂൾ അപ്-ഗ്രേഡ് ചെയ്യണം. പഞ്ചായത്തിന്റെ സ്ഥലം അനുവദിച്ചുകിട്ടിയാൽ ''ഹരിശ്രീ'' എന്ന സാംസ്കാരിക സംഘടന ശ്രമദാനത്തിലൂടെ ഒരു വായനശാല സ്ഥാപിക്കാൻ തയ്യാറാണ്. കുടുംബി സമുദായത്തിന്റെ ഓഫീസ് സൗകര്യം ഉപയോഗപ്പെടുത്തി അവിടേയും വായനശാല ആരംഭിക്കാവുന്നതാണ്. പടിഞ്ഞാറു ഭാഗത്ത് പുതുതായി അംഗൻവാടി സ്ഥാപിക്കുകയും നിലവിലുള്ളവ മെച്ചപ്പെടുത്തുകയും വേണം. ആഗ്ളോ ഇന്ത്യൻ സ്ക്കൂളിന് ആവശ്യമായ കളിസ്ഥലം തരപ്പെടുത്തണം.

വാർഡ് 11

നൂറ്റാണ്ടുപഴക്കമുള്ള സർക്കാർ എൽ. പി. സ്ക്കൂൾ കെട്ടിടം പുതുക്കി പണിയണം. കക്കൂസ്, മൂത്രപ്പുര മുതലായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും വേണം.

വാർഡ് 12

വാർഡിൽ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ല. ഒരു പ്രൈമറി സ്ക്കൂളും ഒരു വായനശാലയും സ്ഥാപിക്കണം. പഞ്ചായത്തിന്റെ 5-ാം വാർഡിൽ വളരെക്കാലമായി പ്രവർത്തിച്ചുപോരുന്ന ഒരു ഹരിജൻ വെൽഫെയർ ഹോസ്റ്റലുണ്ട്. ഇവിടെ 30 വിദ്യാർത്ഥികൾക്കുള്ള പ്രവേശന സൗകര്യമുണ്ടെങ്കിലും ഇപ്പോൾ 17 പേർ മാത്രമാണ് അന്തേവാസികളായിട്ടുള്ളത്. സൗകര്യം പ്രയോജനപ്പെടുത്താനും ഈ സ്ഥാപനം നിലനിർത്താനും മതിയായ അളവിൽ വിദ്യാർത്ഥികളെ ചേർക്കേണ്ടതാണ്. ടി. വി., സ്പോർട്സ് ഐറ്റംസ് എന്നിവ ഒരുക്കണം. ക്ഷേമകാര്യങ്ങൾ മെച്ചപ്പെടുത്താൻ ധനം കൂടുതൽ ലഭ്യമാക്കണം.

പല സ്ക്കൂളുകളിലും പി. ടി. എ.പ്രവർത്തിക്കുന്നു എങ്കിലും ആവശ്യമായ അളവിൽ കാര്യക്ഷമതയില്ല. ശുദ്ധജലം മറ്റു പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഒരുക്കികൊടുക്കുന്നതിൽ പി. ടി. എ. യുടെ പങ്ക് വളരെ വലുതാണ്. കുഞ്ഞിത്തൈ എസ്. എൻ. എൽ. പി. എസ്സിലെ പി. ടി. എ. യാണ് അവിടെ ശുദ്ധജല വിതരണത്തിനുള്ള കണക്ഷനും വാട്ടർ ടാങ്കും സ്ഥാപിച്ചത്. ഈ മാതൃക പിൻതുടർന്ന് ഈ സൗകര്യങ്ങൾ സ്ക്കൂളുകളിൽ സ്ഥാപിച്ചുകൊടുക്കാൻ പി. ടി. എ. കൾ മുൻകൈ എടുക്കണം

അനൗദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ പ്രധാനപ്പെട്ടതാണല്ലോ വായനശാലകൾ. പഞ്ചായത്തിൽ വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന 3 വായനശാലകൾ ഉണ്ട്. മൂത്തകുന്നം, വാവക്കാട്, തുരുത്തിപ്പുറം എന്നീ ഗ്രാമങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. പഞ്ചായത്തിനോടു ചേർന്നുള്ള വായനശാല പ്രവർത്തനോന്മുഖമാക്കുന്നതോടൊപ്പം വായനശാലകൾ ഇനിയും ഗ്രാമങ്ങളിൽ സ്ഥാപിക്കാൻ കഴിഞ്ഞാൽ അതൊരു വൻ വിജയമായിരിക്കും. സാമ്പത്തികവും ഭൗതികവുമായ കാരണങ്ങളാൽ കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അനൗപചാരികമായി തുടർ വിദ്യാഭ്യാസം നടത്താൻ ഇതുപോലുള്ള വായനശാലകൾ ഉപകരിക്കും.

## സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

| വാർഡ് നമ്പർ | സ്ക്കൂളിന്റെ പേര് | ക്ലാസ് മുറികളുടെ എണ്ണം | | കളിസ്ഥലം ഉണ്ട്/ഇല്ല | ബ്ലാക് ബോർഡ് | | മൂത്രപ്പുര എണ്ണം | കക്കൂസ് എണ്ണം | ഉപയോഗശൂന്യമായ ക്ലാസ്സ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | ഫർണീച്ചർ | | ചുറ്റുമതിൽ ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വേണ്ടത് | ഉള്ളത് | | വേണ്ടത് | ഉള്ളത് | | | | | | | | വേണ്ടത്ര ഉണ്ടോ? | ആവശ്യം | |
| 1. | G.M.L.P.S. | 8 | 4 | ഉണ്ട് | 7 | 7 | 3 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഡസ്ക് 4<br>ബഞ്ച് 6<br>മേശ 6 | ഉണ്ട് |
| 2. | 1) S.N.L.P.S<br>2) St. Peters | 8 | ഒരു ഹാൾ മാത്രം | ഉണ്ട് | 8 | - | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ബഞ്ച്-20 | ഉണ്ട് |
| 3. | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 4. | HDPY | | | | | | | | | | | | | | | |
| 5. | | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 6. | 1) S.N.M. H.S<br>2) L.P.B.S<br>3) L.P.G.S | 38<br>9<br>6 | 54<br>9<br>6 | ഉണ്ട്<br>ഉണ്ട്<br>ഉണ്ട് | 38<br>9<br>4 | 50<br>9<br>4 | 4<br>1<br>1 | 4<br>1<br>- | 2<br>-<br>- | ഉണ്ട്<br>ഉണ്ട്<br>ഇല്ല | ഉണ്ട്<br>ഉണ്ട്<br>ഇല്ല | ഉണ്ട്<br>ഉണ്ട്<br>ഇല്ല | ഉണ്ട്<br>ഇല്ല<br>ഉണ്ട് | ഉണ്ട്<br>ഇല്ല<br>ഇല്ല | -<br>ഡസ്ക് വേണം<br>ഡസ്ക് വേണം | ഇല്ല<br>ഇല്ല<br>ഇല്ല |
| 7. | 1) HMYS<br>2)S.N.M.L.P.S | 24<br>9 | 24<br>9 | ഉണ്ട്<br>ഇല്ല | 19 | 19 | 2<br>3 | 2<br>1 | 1 | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഇല്ല | 16<br>അലമാര-1 | ഒരു ഭാഗത്ത് മാത്രം<br>ഒരു ഭാഗത്ത് മാത്രം |
| 8. | S.N.M.L.P.S | 8 | 8 | ഉണ്ട് | 8 | 8 | 2 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഇല്ല |
| 9. | | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 10. | 1) S.N.L.P.S<br>2) OLSAI | 8<br>5 | 8<br>5 | ഉണ്ട്<br>ഉണ്ട് | 8<br>5 | 8<br>4 | 1<br>1 | 1<br>1 | -<br>- | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഉണ്ട് | ഉണ്ട്<br>ഉണ്ട് | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | ഡസ്ക് 12<br>മേശ-2<br>കസേര-2 | ഇല്ല<br>ഇല്ല |
| 11. | G. L. P. S. | 7 | 6 | ഉണ്ട് | 7 | 4 | 3 | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഡസ്ക് 16<br>മേശ 2<br>കസേര 2 | ഇല്ല |
| 12 | | | | | | | | | | | | | | | | |

## പഠന നിലവാരം

### 1996-97 വർഷത്തെ ക്വാർട്ടർലി പരീക്ഷയുടെ നിലവാരം

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | പഠിക്കുന്ന ക്ലാസ്സ് | ആകെ വിദ്യാർത്ഥികൾ എണ്ണം | 30% ൽ താഴെ മാർക്ക് ലഭിച്ചവരുടെ എണ്ണം | 30% 40% ഇടയിൽ വരുന്നവർ എണ്ണം | 40% 50% ഇടയിൽ വരുന്നവർ എണ്ണം | 50% 60% ഇടയിൽ വരുന്നവർ എണ്ണം | 60% മേലെ വരുന്നവർ എണ്ണം | എസ്. എസ്. എൽ. സി. വിജയ ശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | 91-92 കൂടുതൽ നേടുന്നവർ | 92-93 | 93-94 | 94-95 | 95-96 |
| 1. | S. N. M. ഹൈസ്ക്കൂൾ മൂത്തകുന്നം | 8 | 358 | 41 | 88 | 105 | 104 | 20 | | | | | |
| | | 9 | 405 | 63 | 105 | 114 | 76 | 47 | | | | | |
| | | 10 | 294 | 104 | 68 | 62 | 30 | 30 | | 65 | 52 | 41 | 45 |
| 2. | H. M.Y. ഹൈസ്ക്കൂൾ | 8 | 103 | 11 | 28 | 24 | 20 | 20 | | | | | |
| | കൊട്ടുവള്ളിക്കാട് | 9 | 110 | 18 | 26 | 24 | 22 | 20 | | | | | |
| | | 10 | 77 | 33 | 15 | 15 | 6 | 8 | 56 | 58 | 67 | 74 | 56 |

കുറിപ്പ് :- നമ്മുടെ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂൾ ഉണ്ട്. ഹൈസ്ക്കൂൾ വിഭാഗത്തിൽ 60% മേൽ മാർക്ക് വാങ്ങുന്ന കുട്ടികളിൽ താരതമ്യേന കൊട്ടുവള്ളിക്കാട് H. M.Y.S. H.S. ആണ് . 30% താഴെ മാർക്ക് വാങ്ങുന്ന കുട്ടികളിൽ H. M.Y.S. H. S. ലാണ് കൂടുതൽ.

മുകളിൽ ചേർത്തിരിക്കുന്ന ചാർട്ടുകൾ സ്വയം പ്രകാശിതങ്ങളായതുകൊണ്ടുംപൊതുവിൽ പൊന്തി വരുന്ന പ്രശ്നങ്ങളെ വെളിവാക്കുന്നതുകൊണ്ടും വടക്കേക്കര പഞ്ചായത്തിൻെറ മാത്രമായി വരുന്ന പ്രശ്നങ്ങളെ വീണ്ടും ആവർത്തിക്കുന്നില്ല. എന്നാൽ ചില പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്തിന് അതിൽ നിന്നും അനുഭവഭേദ്യമാകേണ്ടുന്ന നൻമകളെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്ന ഒരു സത്യം നിലനിൽക്കുന്നു. മൂത്തകുന്നത്ത് അദ്ധ്യാപക വിദ്യാർത്ഥികളെ വാർത്തെടുക്കുന്ന ഒരു ട്രെയ്നിംഗ് കോളേജും ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസിറ്റ്യൂട്ടും പ്രവർത്തിക്കുന്നു. കാലാനുക്രമസാരിയായി സിലബസിൽ വരുന്ന സങ്കീർണ്ണമായ മാറ്റങ്ങൾക്കനുസരിച്ച് സമീപ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഇടക്കാല പുനഃപരിശീലനങ്ങൾ നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയും-കഴിയണം. വിദ്യാഭ്യാസത്തിൻെറ സർവ്വതോന്മുഖമായ പുരോഗതിയെ ലാക്കാക്കി പ്രവർത്തിക്കേണ്ടുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഈ ദിശയിൽ പ്രർത്തിക്കേണ്ടത് മേൽ സ്ഥാപനങ്ങളുടെ ധാർമ്മികമായ ഒരു ബാധ്യതയായി മാറിയാൽ മേൽ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും ഇതര സ്ക്കൂളുകളിലെ അദ്ധ്യാപകർക്കും വിദ്യ പകർന്നു കൊടുക്കുന്നതിലെ കൃതകൃത്യത ലഭിക്കുകയും വിദ്യാർത്ഥികൾക്ക് അനുഗ്രഹമായി മാറുകയും ചെയ്യും എന്നതിൽ എതിരഭിപ്രയമുണ്ടാകാൻ സാദ്ധ്യതയില്ല.

ഒരു സ്ക്കൂളിൻെറ നിലവാരത്തിൽ മാത്രം ശ്രദ്ധിക്കാതെ, ചുരുങ്ങിയ പക്ഷം പഞ്ചായത്തിലെ സ്ക്കൂളുകളുടെയെങ്കിലും മൊത്തം നിലവാരത്തെ ലക്ഷ്യമാക്കുമ്പോഴാണ് ഒരു ഷെയറിംഗ് (പകുത്തു കൊടുക്കൽ) സമ്പ്രദായത്തിൻെറ ആവശ്യകത ഉയർന്നു വരുന്നത്. കലാകായിക ഉപകരണങ്ങളുടേയും പഠനോപകരണങ്ങളുടേയും അദ്ധ്യാപകരുടേയും കാര്യത്തിൽ എല്ലാ സ്ക്കൂളുകളും ഒരേ പോലെ സ്വയം പര്യാപ്തങ്ങളല്ല എന്ന് അന്തിമവിശകലനത്തിൽ നമുക്ക് കാണാം. ഈ വക സൗകര്യങ്ങൾ ഉള്ള സ്ക്കൂളുകളിൽ നിന്നും ഇല്ലാത്ത സ്ക്കൂളുകളിലേക്ക് അത്യാവശ്യം വേണ്ടുന്ന മുഹൂർത്തങ്ങളിൽ കൈമാറാനുള്ള സന്നദ്ധത പരസ്പരം പ്രകടിപ്പിച്ച് പര്യാപ്തത കൈവരിക്കാനും അതുവഴി പൊതു വിദ്യാഭ്യാസത്തിൻെറ നിലവാരം മെച്ചപ്പെടുത്താനും കഴിയും.

പ്രീപ്രൈമറി തലത്തിലുള്ള പഠനങ്ങളേയും പഠന സൗകര്യങ്ങളേയും മെച്ചപ്പെടുത്താൻ പഞ്ചായത്തു തലത്തിൽ ഇതിനൊരു ഏകോപന സമിതി ഉണ്ടാക്കണം. എല്ലാ സ്ക്കൂളുകളിലേയും രക്ഷാകർത്തൃ സംഘടനകളെ ഏകോപിച്ചുകൊണ്ട് ഈ രംഗത്തും പഞ്ചായത്ത് തലത്തിൽ ഏകോപന സമിതിയുണ്ടാകണം. പൊതുവിൽ പഞ്ചായത്തിലെ പഠന നിലവാരത്തേയും സൗകര്യങ്ങളേയും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകാനും നടപ്പാക്കാനും സഹകരിക്കാൻ ഈ സമിതിക്ക് കഴിയും.

ഹൈസ്ക്കൂൾ നിലവാരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടുന്ന ലാബോറട്ടറിയും വായനശാലയുമൊക്കേ, കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള സജ്ജീകരണങ്ങൾ ഉണ്ടാകണം. ലാബോറട്ടറികളിൽ ഇന്നുള്ള പരിമിതമായ സൗകര്യങ്ങൾ വിപുലീകരിക്കാൻ വേണ്ടുന്ന അളവിൽ എത്തിക്കാനും കഴിയണം. വായനശാലയിൽ വേണ്ടുന്ന അളവിൽ പുസ്തകങ്ങളില്ല; പുസ്തകങ്ങളുണ്ടെങ്കിൽ പ്രവർത്തന ക്ഷമമല്ല എന്ന സ്ഥിതി മാറ്റി, നിലവാരമുള്ള പുസ്തകങ്ങൾ ചേർത്ത് ലൈബ്രറികൾ പ്രവർത്തനോന്മുഖമാക്കണം. പഞ്ചായത്ത് തലത്തിൽ ഒരു അക്കാദമിക്ക് സമിതി രൂപീകരിച്ച് വിദ്യാഭ്യാസ രംഗത്ത് പൊതുവിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഈ സമയത്ത് കരണീയമായിട്ടുള്ളത്. എല്ലാ രംഗങ്ങളിലും നിലവാരം കാത്തു സൂക്ഷിക്കുന്ന സ്ക്കൂളുകളെയും വിദ്യാർത്ഥികളെയും കണ്ടെത്തി അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും ഇത്തരത്തിൽ രൂപീകരിക്കപ്പെടുന്ന അക്കാദമിക് കൗൺസിൽ ശ്രദ്ധിക്കേണ്ടതാണ്.

പി. ടി. എ. യുടേയും പഞ്ചായത്തിൻെറയും നേതൃത്വത്തിൽ സ്ഥാപിക്കപ്പെടുന്ന ഏകോപന സമിതിയുടെ കീഴിൽ പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള വർക്കുഷോപ്പുകൾ നടത്തണം. പാഠ്യഭാഗങ്ങളിലെ വിഷയമായിരിക്കണം ഇതിൽ ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന പഠനോപകരണങ്ങൾ, അവയില്ലാത്ത സ്ക്കൂളുകളിലേക്ക് വിതരണം ചെയ്യണം.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പരാധീനതകളെക്കുറിച്ച് ഗ്രാമസഭകൾക്ക് വേണ്ടത്ര ബോധവും അതിൽനിന്നുളവാകുന്ന ഉത്കണ്ഠയുമുണ്ട്. വിഭാവന ചെയ്യപ്പെട്ടിരിക്കുന്ന വികാസത്തിന് പ്രേരണാ സമൃദ്ധമായ പിൻബലമെന്ന നിലയിൽ വിദ്യാഭ്യാസത്തിന് അമിതമായ പ്രാധാന്യമാണ് സിദ്ധിച്ചിരിക്കുന്നത്. മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിന് അഭികാമ്യമായിട്ടുളളത്. കഴിഞ്ഞ കാലത്തെ ഇരുണ്ട ഇടനാഴികളിൽനിന്ന് വിജ്ഞാനത്തിൻെറ നറുവെളിച്ചം വിതറുന്ന ശ്രേയസ്സുറ്റ വിശാലതകളിലേക്ക് നമ്മെ നയിക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിക്കാൻ കൂട്ടായ്മയോടെ പ്രവർത്തിക്കാനും വിജയിപ്പിക്കാനും കഴിയും എന്ന പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം.

## പ്രശ്നങ്ങൾ

മിക്ക വിദ്യാലയങ്ങളിലും ഭൗതീക സൗകര്യങ്ങളില്ല.

ഹൈസ്ക്കൂളുകളിൽ ലാബ് സൗകര്യം ഉള്ള സ്ഥലത്ത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

കൊട്ടുവള്ളിക്കാട് ഹൈസ്ക്കൂളിൽ ലാബ് സൗകര്യമില്ല.

സ്ക്കൂൾ ലൈബ്രറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

കോളേജുകൾ ഉൾപ്പെടെ ഒട്ടുമിക്ക വിദ്യാലയങ്ങളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങൾ പരിമിത

മാണ്.

സ്ക്കൂൾ സമയങ്ങളിലെ മാറ്റം അനിവാര്യമാണോ?

പഠനനിലവാരം മോശമാകുന്നു.

മാതൃഭാഷാ പഠനത്തിന് പ്രാധാന്യം കൊടുക്കുന്നില്ല.

മിനിമം ലേണിംഗ് ലവൽ പരിപാടി നടപ്പാക്കുന്നില്ല.

അദ്ധ്യാപക പുനഃപരിശീലനം നടക്കുന്നില്ല.

ശുദ്ധജലം ലഭിക്കുന്നില്ല.

പഞ്ചായത്തിൽനിന്ന് സമീപസ്ഥ നഗരത്തിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികൾ പോകുന്നത് വർദ്ധിച്ചു വരികയാണ്.

പി. ടി. എ. ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

3,5,9,12 എന്നീ വാർഡുകളിൽ വിദ്യാലയങ്ങളില്ല.

അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ/മൂത്രപ്പുര/കക്കൂസ് എന്നിവയില്ല.

അംഗൻവാടികൾ അക്ഷരപഠനകേന്ദ്രങ്ങളാക്കിമാറ്റുന്നു.

## സാദ്ധ്യതകൾ

അയൽപക്ക വിദ്യാലയ സമ്പ്രദായത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പരിപാടി.

പി. ടി. എ. കമ്മിറ്റികൾ പ്രവർത്തന ക്ഷമമാക്കൽ.

അദ്ധ്യാപക പുനഃപരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം 6-ാം വാർഡിലെ എൽ. പി. ജി. എസ്. വിദ്യാലയങ്ങൾ ഇല്ലാത്ത വാർഡുകളിൽ മാറ്റാവുന്നതാണ്.

മാതൃസംഗമങ്ങൾ ഫലപ്രദമാക്കൽ.

# സംസ്കാരം

മനുഷ്യനും ഒരു മൃഗം തന്നെയാണല്ലോ. പക്ഷേ മൃഗേതരമായ സവിശേഷതകളെ വളർത്തിയെടുക്കാൻ കഴിഞ്ഞ സാമൂഹ്യ ജീവിതം സ്വായത്തമാക്കിയിട്ടുള്ളവനാണ് മനുഷ്യൻ. അവനു ചിരിക്കാനുള്ള കഴിവുണ്ട്. ചിന്തിക്കാനുള്ള കഴിവുണ്ട്. ഭൂത-ഭാവി-വർത്തമാനങ്ങളെ ഒരേ വിതാനത്തിൽ നിറുത്താനും പരിശോധിക്കാനുമുള്ള അവൻെറ കഴിവ് മൃഗാവസ്ഥയിൽ നിന്ന് കുതറിമാറി മനുഷ്യൻ സ്വയം സൃഷ്ടിച്ചെടുക്കുന്ന ഒരു സാംസ്കാരിക ഘടനയ്ക്ക് ജന്മമേകുന്നുണ്ട്. ഈ സാംസ്കാരിക സവിശേഷതയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായിരിക്കുന്നത് സാമൂഹ്യബന്ധത്തെ ഉറപ്പിച്ചെടുക്കുന്ന ഭാഷയാണ്. അതുകൊണ്ട് ഭാഷയും ഭാഷ മാധ്യമമായിരിക്കുന്നതും ആശയവിനിമയത്തിന് ഉതകുന്ന മാധ്യമങ്ങളുള്ളതുമായ എല്ലാ കലാരൂപങ്ങളും സാംസ്കാരിക ഘടനയുടെ പ്രകടിത രൂപമായിരിക്കുന്നു. അതിനാൽ ഒരു സമൂഹത്തിൻെറ സാംസ്കാരിക ഘടനയെക്കുറിച്ച് വിലയിരിത്തുമ്പോൾ ആ സമൂഹം കൈകാര്യം ചെയ്യുന്ന ഭാഷയുടേയും കലാരൂപ ങ്ങളുടേയും വളർച്ച ആ സമൂഹത്തിൻെറ സാംസ്കാരിക ഘടനയുടെ അളവുകോലായിത്തീരുന്നു. ഭാഷ അടിസ്ഥാനമാക്കി വികസിക്കുന്ന വിദ്യാഭ്യാസ ക്രമവും അളവുകോലിൻെറ ഘടകം തന്നെ.

ഒരു പ്രദേശത്ത് വികസിപ്പിച്ചെടുത്തിട്ടുള്ള തൊഴിൽ, തൊഴിലിൽ വന്നുചേർന്നിട്ടുള്ള ക്രമികമായ വികാസ സങ്കോചങ്ങൾ ഇവയെല്ലാം സാംസ്കാരിക ഘടനയെ സ്വാധീനിക്കുന്ന സംഗതികളാണ്.

പൊതുവിൽ വടക്കേക്കരയിലെ സമൂഹം ചേരിതിരിഞ്ഞ് തമ്മിലടിക്കുന്ന ഒരു സമൂഹമല്ല. വ്യത്യസ്ത മത-ജാതി വിഭാഗങ്ങൾ ഇവിടെ നിലനിന്നു പോരുന്നുണ്ടെങ്കിലും വർഗ്ഗീയ വഴക്കുകളുടെ ചരിത്രം ഇവിടെ ഇല്ലെന്നുതന്നെ പറയാം. സവർണ്ണ ജാതി വിഭാഗങ്ങളുടെ അഭാവവും അവരുടെ സാംസ്കാരിക സ്വാധീനരാഹിത്യവും ഇതിനു കാരണമായിട്ടുണ്ടാകാം. ഈഴവരാണ് ജനസംഖ്യയിൽ കൂടുതൽ. പിന്നെ ക്രിസ്ത്യാനികളും, പരിമിതമായി മുസ്ളീങ്ങളുമുണ്ട്. മുന്നൂറിൽ താഴെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ വിരലിലെണ്ണാവുന്ന നായർ കുടുംബങ്ങൾ ആറ്റുതീരത്ത് അധിവസിക്കുന്ന കുറെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കുഞ്ഞിത്തൈ കരയിൽ മാത്രം കാണുന്ന അമ്പതിൽ താഴെ വരുന്ന കുടുംബി സമുദായക്കാർ എന്നിങ്ങനെ വിവിധ വിഭാഗം ജനങ്ങൾ പരസ്പരം സഹകരണത്തോടും സ്നേഹ വിശ്വാസങ്ങളോടും കൂടി ഇവിടെ കഴിഞ്ഞുവരികയാണ്. ജാതീയമായ അസമത്വങ്ങൾ നിലനിന്നുപോന്നിരുന്നെങ്കിലും അതിൻെറ പേരിൽ സംഘർഷങ്ങളില്ല.

പ്രധാനമായും തെങ്ങാണ് ഒരു വിളയെന്ന നിലയ്ക്ക്, ഈ വിളയുമായി ബന്ധപ്പെട്ട തൊഴിലുകൾക്കാണ് പ്രാധാന്യമുള്ളത്. കയർ, തേങ്ങ, വെളിച്ചെണ്ണ, കള്ള് എന്നിത്യാദി മേഖലകളുമായി ബന്ധപ്പെട്ടാണ് പലരും ജീവിത വ്യാഖ്യാനം നടത്തിപ്പോന്നത്. തെങ്ങിനു ബാധിച്ച രോഗവും അനുബന്ധ പ്രശ്നങ്ങളുംകൂടി മേൽ പ്രസ്താവിച്ച മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇന്നൊരു പ്രതിസന്ധിയിലാണ് ചെന്നുപെട്ടിരിക്കുന്നത്. കർഷക തൊഴിലാളികളും തെങ്ങുകയറ്റതൊഴിലാളികളും തെങ്ങുകൃഷിയെ ചുറ്റിപ്പറ്റി തന്നെ ജീവിച്ചുപോന്നവരായതുകൊണ്ട് അവരെയും ഈ പ്രതിസന്ധി വലയം ചെയ്യുന്നു.

മത്സ്യബന്ധനവും അനുബന്ധമായ വ്യവസായങ്ങളിലും ഇപ്പോൾ ഒട്ടനവധി പേർ ജാതി വ്യത്യാസമില്ലാതെ ഏർപ്പെടുന്നു. വഞ്ചികളിലും യന്ത്രവൽകൃത ബോട്ടുകളിലുമായാണ് പ്രധാനമായും മത്സ്യ ബന്ധനം നടക്കുന്നത്. നെയ്ത്തു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്.

വളരെ നേരത്തെതന്നെ വളരെ വിപുലമായ രീതിയിൽ നടത്തപ്പെട്ടിരുന്ന കയർ വ്യവസായമാണ് പഞ്ചായത്തിന്റെ സാമ്പത്തിക നിർണ്ണയത്തെ സ്വാധീനിച്ചിരുന്നത്- പ്രത്യേകിച്ചും തൊഴിലാളികളെ വ്യക്തികളുടെ ഉടമസ്ഥതയിൽ കേന്ദ്രീകൃതമല്ലാത്ത ഒരു വ്യവസ്ഥയിൽ നിന്നും സഹകരണ വ്യവസ്ഥയിലേക്ക്. ഈ വ്യവസായം വളർന്നു വന്നതിനിടയിൽ കയർ മേഖലയിലെ തൊഴിലാളികളുടെ അവകാശ സമരത്തിന്റെ ചരിത്രം ഒളിഞ്ഞുകിടക്കുന്നു. മിനിമം കൂലിക്കുവേണ്ടിയുള്ള ഐതിഹാസികമായ ചില സമരങ്ങൾ നടന്ന നാടാണ് നമ്മുടേത്. (ഇതിന്റെ കഥ ചരിത്ര പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്) അന്നു മുതൽ തന്നെ നമ്മുടെ സാംസ്കാരികതയിൽ അവകാശങ്ങളെക്കുറിച്ചുള്ള ഒരുതരം അവബോധം ലയിച്ചുചേർന്നു. ഈ സമരം പാരമ്പര്യത്തിൽ പ്രകടിപ്പിക്കപ്പെട്ട ആർജ്ജവത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അതിശക്തമായി ചുവടുറപ്പിക്കുകയായിരുന്നു.

തൊഴിൽ രംഗത്തും രാഷ്ട്രീയരംഗത്തും ഉണ്ടായ സംഘടനാശക്തി ഉറക്കുന്നതിനു മുമ്പേതന്നെ, ഈ പ്രദേശത്തിന്റെ ചരിത്രത്തിൽ അതി പ്രാധാന്യമുള്ള രണ്ട് സംഘടനകൾ ഇവിടെ രൂപം കൊണ്ടു. 1882-ൽ ആന്ധ്രാക്കാരനായ വെങ്കിടഗിരി ശാസ്ത്രികളുടെ നിർദ്ദേശങ്ങളിൽ രൂപം കൊണ്ട എച്ച്. എം. ഡി. പി. സഭയാണ് ഇതിൽ ആദ്യത്തെ സംഘടന. ഈ സംഘടനയുടെ കീഴിൽ രൂപം കൊണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ചിതറിയ വിജ്ഞാനത്തിന്റെ സ്ഫുലിംഗങ്ങളാണ് സാമ്പത്തിക രംഗത്ത് ഈ സംഘടനയ്ക്കുണ്ടായ വളർച്ചയെക്കാൾ സാംസ്കാരിക വിദ്യാർത്ഥികളുടെ ശ്രദ്ധയാകർഷിക്കുക. ഈ സംഘടനയുടെ ഉദയത്തിനു തൊട്ടു പിന്നാലെയാണ് 1887-ൽ എച്ച്. എം. വൈ. സഭാ കൊട്ടുവള്ളിക്കാട്ടിൽ സ്ഥാപിതമാകുന്നത്. ജാതിയും ജാതിക്കുള്ളിൽ ജാതികളുമായി, ഒരു സംഘടനാ ബോധത്തിന്റെ പിൻബലമില്ലാതെ ചിതറിത്തെറിച്ചിരുന്ന രണ്ടു സാമൂഹ്യ വിഭാഗങ്ങൾക്ക് ഈ സംഘടനകൾ തീർച്ചയായും അക്കാലത്ത് അത്താണിയായി വർത്തിച്ചു. ജാതി മത ചിന്തകളെ ആട്ടിപ്പായിക്കാനുള്ള ശ്രീനാരായണന്റെ അത്യുദാത്തമായ നിലപാടുകൾ രൂപപ്പെടുന്നതിനു മുന്നേ തന്നെ, സംഘടനാ രംഗത്ത് ഒരു മുന്നേറ്റം നടത്തി എന്നതാണ് ഈ പ്രദേശത്തിന്റെ സാംസ്കാരിക ചിത്രത്തിൽ ഈ സ്ഥാപനങ്ങൾക്ക് ചരിത്ര ബന്ധമുണ്ടായത്. ഇന്ന് നമ്മുടെ പഞ്ചായത്ത് എസ്സ്. എൻ. ഡി. പി. ശാഖകൾ, ധീവര സഭകൾ, വേട്ടുവ മഹാസഭാ, പുലയർ മഹാസഭാ, കുടുംബി സേവാ സംഘം, ഉണ്ണിമിശിഹാ സഹായ സംഘം എന്നിങ്ങനെ വിവിധ ജാതിക്കാരുടെ സംഘടനാരൂപങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ക്രിസ്തീയ പള്ളികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംഘടനകൾ, മുസ്ളീം ദേവാലയങ്ങളുമായി ബന്ധപ്പെട്ട സംഘടനകൾ ഇവയൊക്കെത്തന്നെ പ്രവർത്തിക്കുന്നു. മരണാനന്തര സഹായ സംഘങ്ങൾ-ജാതിതിരിച്ചും അല്ലാതെയും വിവിധ പേരുകളിൽ ഇവിടെ പ്രവർത്തിക്കുന്നു. സംഘടനയുടെ പിൻബലമോ, ജാതീയമായ കെട്ടുറപ്പോ, അന്യജാതിക്കാരന്റെ നിലനിൽപിനെ അപകടപ്പെടുത്താനുള്ള ഉപാധിയായികാണാതെ, സഹിഷ്ണുതയോടെ കഴിയുന്നു എന്നതാണ് ഒരു സാംസ്കരിക സവിശേഷത.

ഏതൊരു പ്രദേശത്തിന്റെയും സംസ്കാരത്തെ രൂപപ്പെടുത്തുന്ന പ്രധാന മൂശയാണല്ലോ വിദ്യാഭ്യാസം. വിദ്യാഭ്യാസ സൗകര്യത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഇതര പഞ്ചായത്തുകൾക്കില്ലാത്ത അനുഗ്രഹം സിദ്ധിച്ച പ്രദേശമാണ് വടക്കേക്കര പഞ്ചായത്ത്. 9 എൽ. പി. സ്ക്കൂളുകൾ, 2 യു. പി. സ്ക്കൂളുകൾ, 2 ഹൈസ്ക്കൂളുകൾ, ഒരു കോളേജ്, ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം, ഒരു ബി. എഡ്. കോളേജ് എന്നിങ്ങനെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു വൻ നിരതന്നെ ഈ പഞ്ചായത്തിലുണ്ട്. ആവശ്യവും ഉള്ള അളവും തമ്മിൽ പൊരുത്തക്കേട് അനുഭവപ്പെടുന്നുവെങ്കിലും പല സ്ഥലങ്ങളിലും ഇല്ലാത്ത ഒരു സാംസ്കാരിക ഘടനയാണിത്. ഇവയുടെ സാമീപ്യം കൊണ്ട് വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ ഉയർന്നുവന്നവർ ചില്ലറയല്ല. മൂത്തകുന്നം, കൊട്ടുവള്ളിക്കാട്, മാല്യങ്കര വാർഡുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളോട്, വടക്കേക്കര പഞ്ചായത്തിന്റെ സംസ്കാര ധാരയ്ക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഴിഞ്ഞാൽ നമ്മുടെ സംസ്കാരത്തെ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് വായനശാലകൾ. മൂത്തകുന്നത്ത് ഏറെകൊല്ലങ്ങൾക്കു മുമ്പുതന്നെ സ്ഥാപിക്കപ്പെട്ട ഒരു ലൈബ്രറിയുണ്ട്-ആശാൻ സ്മാരക വായനശാല.കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിൽ അതിപ്രധാനമായ പങ്കുവഹിച്ച കുമാരനാശാന്റെ സ്മരണികയായി നിൽക്കുന്ന ഈ വായനശാല നവോത്ഥാന ചിന്തകളെ ഈ പഞ്ചായത്തിൽ പ്രചരിപ്പിച്ചതിൽ ഒരു പ്രമുഖമായ പങ്ക് വഹിച്ചിട്ടുണ്ട്. പക്ഷെ പഞ്ചായത്തിന്റെ മൊത്തം കണക്ക് പരിശോധിക്കുമ്പോൾ, വളരെ പ്രധാനമായ വായനശാലകളുടെ അഭാവം ഗണ്യമായി അനുഭവപ്പെടുന്നു. ഏതാണ്ട് എല്ലാ വാർഡുകളിലും പല കാലങ്ങളിലായി വായനശാലകൾ സ്ഥാപിക്കാൻ യത്നം നടത്തുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പലതും ഫലപ്രദമായില്ല.ഇപ്പോൾ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന വായനശാലകളുടെ ലിസ്റ്റാണ് താഴെ ചേർക്കുന്നത്.

| വായനശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ആശാൻ മെമ്മോറിയൽ വായനശാല, മൂത്തകുന്നം | 1957 | A | 13638 | 1250 | 32 | ഡാൻസ് പഠിപ്പിക്കുന്നുണ്ട്. പ്രീപ്രൈമറി സ്കൂൾ നടത്തുന്നുണ്ട്. |
| ഗുരുദേവ മെമ്മോറിയൽ വായനശാല, വാവക്കാട് | 1955 | A | 11475 | 1000 | 9 ദിനപത്രങ്ങൾ 6 വാരികകൾ 2 മാസികകൾ | സംഗീതം, ചിത്രരചന ക്ളാസ്സുകൾ നടത്തുന്നു. സഞ്ചരിക്കുന്ന ലൈബ്രറി പ്രവർത്തിപ്പിക്കുന്നു |
| നാഷണൽ ലൈബ്രറി, തുരുത്തിപ്പുറം | 1950 | | | | | |

വായനശാലകളുടെ പ്രവർത്തനം സാംസ്കാരിക നിലവാരത്തിന് അനിവാര്യമെങ്കിലും പല കാരണങ്ങൾ കൊണ്ട് അവയുടെ പ്രവർത്തനം മെച്ചപ്പെട്ടു വരുന്നില്ല. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ, പ്രത്യേകിച്ച് ടി. വി. യുടെ സാന്നിദ്ധ്യം വായനശാലയെ തളർത്തുന്നു. നിത്യതൊഴിൽ നടത്തി ഉപജീവനം നടത്തുന്നവരാണ് പതിവു വായനക്കാർ എന്നതുകൊണ്ട് വിശ്രമസമയങ്ങളിൽ അവർ ടി. വി.യുടെ മുമ്പിൽ തമ്പടിക്കുന്നു. 3-ാം കിട പ്രസാധകരുടെ കമ്മീഷൻ കൂടുതൽ ലഭിക്കുന്ന പുസ്തകങ്ങളാണ് ഇന്ന് വായനശാലകളിൽ കൂടുതലായെത്തുന്നത്. വനിതകളും സാധാരണക്കാരും വലിയ മൂല്യമുള്ള പുസ്തകങ്ങൾ വായിക്കാൻ അധികം അഭിരുചി കാണിക്കുന്നുമില്ല. വായനശാലയിലെ വായനക്കാരുടെ എണ്ണം കുറഞ്ഞു കണ്ടതിനാൽ ഗുരുദേവാ മെമ്മോറിയൽ വായനശാലാ അധികൃതർ ''സഞ്ചരിക്കുന്ന വായനശാല'' എന്ന നയം ആവിഷ്കരിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പുസ്തകങ്ങൾ വീട്ടിൽ എത്തിച്ചുകൊടുക്കുക എന്നതാണ് ഈ നയത്തിൻെറ പ്രത്യേകത. ഒതുങ്ങിക്കൂടുന്ന വീട്ടമ്മമാരുടെയും സ്ത്രീകളുടേയും അരികത്തേക്ക് വായിക്കാനുള്ള ഉരുപ്പടികൾ എത്തിച്ച് അവരിൽ അഭിരുചി ജനിപ്പിക്കാനും നിലനിർത്താനും കഴിയുന്ന ഒരുപാധിയെന്ന നിലയിൽ ഇതു വൻവിജയമാണ്.

പുസ്തകങ്ങൾ വാങ്ങാൻ സംസ്ഥാന ലൈബ്രറി കൗൺസിലിൽനിന്നും ലഭിക്കുന്ന ഗ്രാൻറ് തീർത്തും അപര്യാപ്തമാണ്. നാമമാത്രമായി മാത്രം ഗ്രാൻറ് ലഭിക്കുന്നതുകൊണ്ട് നിലവാരം കുറഞ്ഞ പുസ്തകങ്ങൾ വാങ്ങാൻ നിർബ്ബന്ധിതരാകുന്നു. ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ ഇതുകൊണ്ടുതന്നെ കഴിയുന്നില്ല. ദൂരദർശൻെറ വ്യാപകമായ സാന്നിദ്ധ്യം വായനാശീലത്തെ തളർത്തുന്നു. യുവാക്കളുടെ ഗ്രൂപ്പുകളിൽ പോലും വായനശീലത്തെപ്പറ്റി സജീവമായി ചർച്ച ചെയ്യപ്പെടുന്നില്ല. ഈ ദുരവസ്ഥയെ വീണ്ടും വലുതാക്കുന്ന തരത്തിലാണ് സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനശൈലി. വളരെ നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന, പുസ്തക ശേഖരമുള്ള സ്കൂൾ ലൈബ്രറി (മൂത്തകുന്നം സ്കൂൾ) പ്രവർത്തന ക്ഷമമല്ല. മറ്റു ചില സ്ഥലങ്ങളിൽ (കൊട്ടുവള്ളിക്കാട്) നല്ല ലൈബ്രറികളുമില്ല. ചൊട്ടയിലെ ശീലം ചുടല വരെ എന്ന പ്രമാണത്തിൽ കഴമ്പുണ്ടെങ്കിൽ എൽ. പി. സ്കൂൾ തലം മുതൽ വായനാശീലത്തെ പരിപോഷിപ്പിക്കണം. എൽ. പി. സ്കൂളിൽ വ്യാപകമായി വിതരണം ചെയ്ത 'സയൻസ് കിറ്റ്' പോലും സ്കൂൾ കുട്ടികളിൽ കാണാൻ ഇടയില്ലെന്ന അറിവ് നമ്മെ അമ്പരിപ്പിക്കുന്നു. ബാലസാഹിത്യ കൃതികളിലൂടെ എൽ. പി. തലത്തിൽ നിന്നുതന്നെ വായനാശീലം വളർത്തിയെടുത്താൽ നമ്മുടെ സാംസ്കാരിക നിലവാരം ഉയർന്നുവരും എന്നതിൽ തർക്കമില്ല. പഞ്ചായത്തിന് പുതുതായി ആർജ്ജിച്ച അധികാരങ്ങൾ ഉപയോഗിച്ച് ഈ ദിശയിൽ പ്രവർത്തനങ്ങൾ നടത്തണം.

ടി. വി. മാധ്യമങ്ങളുടെ പ്രക്ഷേപണ സമയങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ട്. പഠനവിഷയങ്ങളുമായി, പ്രത്യേകിച്ച് പ്രതീക്ഷ അടുക്കുന്ന നാളുകളിൽ, ബന്ധമുള്ള പരിപാടികൾ ഈ മാധ്യമത്തിലൂടെ അവതരിപ്പിക്കണം. ചിത്രഗീതം, സീരിയലുകൾപോലുള്ള പരിപാടികളുടെ പ്രക്ഷേപണസമയം അദ്ധ്യയന സമയങ്ങളിൽ നിന്നും മാറ്റണം.

ക്ഷേത്രങ്ങളും പള്ളികളുമായി ബന്ധപ്പെട്ടുവരുന്ന ഉത്സവങ്ങളും പെരുന്നാളുകളുമാണ് ഈ പ്രദേശത്തെ പ്രധാനപ്പെട്ട ആഘോഷങ്ങൾ. മൂത്തകുന്നം, ചക്കുമരശ്ശേരി, കൊട്ടുവള്ളിക്കാട്, കുഞ്ഞിത്തൈ എന്നീ പ്രദേശങ്ങളിലെ അമ്പലങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് ധാരാളം കലാപരിപാടികൾ അരങ്ങേറുന്നു. അന്യസ്ഥലങ്ങളിൽനിന്നും ബന്ധുക്കളും സുഹൃത്തുക്കളും ഉത്സവസമയങ്ങളിൽ ഈ പ്രദേശത്ത് എത്തിച്ചേരാറുണ്ട്. വിഭാഗീയമായ ചിന്തകൾ കൈവെടിഞ്ഞ് ഒത്തുകൂടാനുള്ള ഒരു വേദിയായും ഇതു രൂപപ്പെടുന്നു. ചെട്ടിക്കാട്, തുരുത്തിപ്പുറം, കുഞ്ഞിത്തൈ, മാല്യങ്കര, മടപ്ളാതുരുത്ത് എന്നീ കരകളിലെ പള്ളിപ്പെരുന്നാളുകളും ആഘോഷത്തോടെ കൊണ്ടാടുന്നു. കലാവിരുന്നുകൾ ഇവിടത്തെയും പ്രത്യേകതയാണ്. മണ്ഡലകാലത്ത് ചിറപ്പു മഹോത്സവങ്ങളും പതിവായി നടന്നു വരുന്നു.

കായിക-കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് യാഥാർത്ഥ്യത്തിൽ ചുക്കാൻ പിടിക്കുന്ന പ്രസ്ഥാനങ്ങൾ അതതു പ്രദേശത്തു പ്രവർത്തിക്കുന്ന കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറായി ഒരുപാടു സംഘടനകൾ തള്ളി കയറുന്നെങ്കിലും സ്ഥായിയായി, ഈടുറ്റ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ലെന്നു തന്നെ പറയാം. താഴെ കൊടുക്കുന്ന ചാർട്ട് ഇതു നമ്മെ ബോദ്ധ്യപ്പെടുത്തും.

## കലാകായിക സമിതികളുടെ പ്രവർത്തനം

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമിയിൽ അഫിലിയേഷൻ വേണോ | കെട്ടിടം ലഭ്യമാണോ | റേഡിയോ ടി. വി. ഉണ്ടോ? | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ശ്രുതി കലാസാംസ്കാരിക വേദി , ചെട്ടിക്കാട് | 1993 | 45 | ഇല്ല | ഇല്ല | ഇല്ല | - |
| യുവശ്രീ കലാസാംസ്കാരിക വേദി ചെട്ടിക്കാട് | 1994 | 15 | ഇല്ല | ഇല്ല | ഇല്ല | വർഷത്തിൽ ഒരിക്കൽ കലാ കായിക മത്സരങ്ങൾ |
| ഗുരുദേവ ആർട്സ് ക്ളബ്ബ്, വാവക്കാട് | 1982 | 28 | ആർട്സ് അഫിലിയേഷൻ | ഇല്ല | ഇല്ല | വോളിബോളിൽ പരിശീലനം |
| ഗ്രാമത , മാല്യങ്കര | 1993 | 30 | ഇല്ല N. Y. K. അഫിലിയേഷൻ | ഉണ്ട് | ഇല്ല | സന്നദ്ധപ്രവർത്തനങ്ങൾ അദ്ധ്വാനം ആരോഗ്യപ്രശ്നങ്ങളിൽ ഇടപെടും |
| കൂത്തമ്പലം , മടപ്ളാത്തുരുത്ത് | 1987 | 21 | ഉണ്ട് | ഇല്ല | | കലാരംഗം |
| കൾച്ചറൽ സൊസൈറ്റി മാല്യങ്കര | | | | ഉണ്ട് | | റീഡിംഗ് റൂം പുസ്തകം വിലകുറച്ചു വിതരണം അവാർഡ്ദാനം |
| നിള കൊട്ടുവള്ളിക്കാട് | 1994 | | ഇല്ല | ഇല്ല | ഇല്ല | |
| ചിലമ്പ് ഗ്രൂപ്പ് കൊട്ടുവള്ളിക്കാട് | 1992 | | | | | കലാമത്സരങ്ങൾ കായിക മത്സരങ്ങൾ എൽ. പി. സ്ക്കൂൾ മതിൽ കെട്ടി |
| സർഗ്ഗം മൂത്തകുന്നം | 1990 | Regn. ഉണ്ട് | ഇല്ല | ഇല്ല | | കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം മത്സരങ്ങൾ |
| ഹരിശ്രീ കുഞ്ഞിത്തൈ | 1988 | | ഇല്ല | ഇല്ല | ഇല്ല | സന്നദ്ധ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |
| ബോധി സത്താർ ഐലൻറ് | | ഇല്ല | ഇല്ല | ഇല്ല | | കവിയരങ്ങുകൾ കവിതാ പഠന ക്ളാസ്സുകൾ നടത്തുന്നു |
| ഹരിശ്രീ വാവക്കാട് | 1991 | | ഇല്ല | ഇല്ല | ഇല്ല | |
| ഉദയസംഗമം അണ്ടിപ്പിള്ളിക്കാവ് | 1991 | | ഇല്ല | ഇല്ല | ഇല്ല | വോളിബോൾ പരിശീലനം കലാമത്സരങ്ങൾ |
| മാസ്സ് മൂത്തകുന്നം | | | ഉണ്ട് | ഇല്ല | ഇല്ല | വോളിബോൾ നല്ല നിലയിൽ പരിശീലിപ്പിക്കുന്നു. |
| സൗഹൃദവേദി വാവക്കാട് | 1994 | 18 | ഇല്ല | ഇല്ല | ഇല്ല | സന്നദ്ധപ്രവർത്തനം വിദ്യാഭ്യാസ പ്രവർത്തനം സാംസ്കാരിക പ്രവർത്തനം |
| സാക്സ് കട്ടതുരുത്ത് | 1988 | 10 | ഇല്ല | ഇല്ല | ഇല്ല | കലാപ്രവർത്തനങ്ങൾ |

കലാസമിതികളുടെ പ്രവർത്തനം ദുർബല മാണെങ്കിലും നാടക അഭിനയത്തിൽ സംസ്ഥാന അവാർഡ് ലഭിച്ച ഉണ്ണി സത്താർ ഈ പഞ്ചായത്തിന്റെ ഒരഭിമാനമാണ്. വളരെ നേരത്തെ, ചവിട്ടു നാടകം, നാടകം പോലുള്ള കലാരൂപങ്ങൾ നിലവിലിരുന്നെങ്കിലും ഇന്നു പ്രാദേശികമായി പ്രത്യേക കലാരൂപങ്ങളൊന്നും തന്നെ നിലവിലില്ല. ഉടുക്കുകൊട്ടു് അങ്ങിങ്ങ് ചില യാളുകൾ നടത്തുന്നു എങ്കിലും ഈ കലയും ഇന്ന് അന്യം നിന്നു വരുന്നു.

## പ്രശ്നങ്ങൾ

കലാ-കായിക പരിശീലനങ്ങൾക്ക് പരിശീലനം ലഭ്യമാക്കാനുള്ള കളിസ്ഥലങ്ങളുടേയും കേന്ദ്രങ്ങളുടേയും അഭാവം.

ഈ രംഗങ്ങളിൽ മികവു പുലർത്തുന്നതിന് പര്യാപ്തമായ വിധത്തിൽ ഒരു കർമ്മ പദ്ധതിയില്ല.

കലാ-കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള സംവിധാനമില്ലായ്മ.

ഈ രംഗത്തു പ്രവർത്തിക്കുന്ന ക്ളബ്ബുകളേയും സംഘടനകളേയും ഏകോപിപ്പിക്കുന്നതിനുള്ള സാദ്ധ്യത ക്കുറവ്. എല്ലാ വാർഡുകളിലും വായനശാലകളില്ല. വിദ്യാഭ്യാസത്തെ ബാധിക്കുന്ന തരത്തിലുള്ള ടി. വി. പ്രോഗ്രാമുകളുടെ പ്രക്ഷേപണം. നിലവാരം കുറഞ്ഞ ടി. വി. പരിപാടികൾ മതപരവും ജാതിപരവുമായ അസമത്വങ്ങൾ സൃഷ്ടിക്കുകയും സംഘർഷങ്ങൾ വളർത്തുകയും ചെയ്യുന്നതിനെതിരായ നിരന്തരമായ ബോധവൽക്കരണം.

## സാദ്ധ്യതകൾ

പഞ്ചായത്തു തലത്തിലെങ്കിലും വിശാലമായ കളിക്കളങ്ങൾ ഉണ്ടാക്കുക. അവിടങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങളും. എല്ലാ സാംസ്കാരിക സംഘടനകളും പരിപാടികളും പഞ്ചായത്തു തലത്തിൽ ഏകോപിപ്പി ക്കുകയും കൃത്യത പുലർത്തുകയും ചെയ്യുന്നതിനുതകുന്ന കർമ്മ പദ്ധതി തയ്യാറാക്കുക.

കായിക-കലാ പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ.

നിലവിലുള്ള വായനശാലകളുടെ പ്രവർത്തന ങ്ങളെ ചിട്ടപ്പെടുത്തുക.

എല്ലാ വാർഡുകളിലും വായനശാലകളുണ്ടാക്കുക.

ടി. വി. പ്രോഗ്രാമുകളുടെ സമയം പുനർ ക്രമീകരിക്കുക. പരിപാടികളുടെ നിലവാരമുയർത്തുക, സാമൂഹ്യ സമത്വത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരി ക്കുകയും സംഘർഷങ്ങളില്ലാതിരിക്കുന്നതിനുള്ള ബോധ വൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്യുക.

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

വടക്കേക്കരയിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഏതാണ്ട് എല്ലാ വാർഡുകളിലുമായി ചിതറിക്കിടക്കുന്നു. ഇവരിൽ ഏറ്റവും കൂടുതലുള്ള തെങ്ങുകയറ്റക്കാരും (വെട്ടുവർ) പിന്നെ വരുന്നത് കർഷകത്തൊഴിലാളികളും (പുലയർ) ആണ്. വേലന്മാർ, കുറവന്മാർ, ഉള്ളാടർ എന്നീ വിഭാഗങ്ങൾ വളരെ കുറഞ്ഞ എണ്ണം കുടുംബങ്ങളായി ഉണ്ട്. മൊത്തം കുടുംബ സംഖ്യ 287 ആണ്. കുഞ്ഞിത്തൈ, തുരുത്തിപ്പുറം, അണ്ടിപ്പിള്ളിക്കാവ് എന്നീ വാർഡുകളിൽ ഹരിജൻ കോളനികൾ നിലവിലുണ്ട്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടു പോരുന്നവരാണധികം. (തെങ്ങുകയറ്റം, കാർഷിക വൃത്തി) സർക്കാർ സർവ്വീസിൽ 30 ഓളം പേർ ഉണ്ട്. ഒരാൾ ഗൾഫിലുണ്ട്. സ്ത്രീകൾ സർക്കാർ സർവ്വീസിൽ അഞ്ചുപേർ ഉണ്ട്. പൊതുവിൽ വിദ്യാഭ്യാസ കാര്യത്തിൽ വളരെ പിന്നോക്കമാണ്. അതുകൊണ്ട് ഉയർന്ന ഉദ്യോഗങ്ങളിൽ ഒരാൾ മാത്രമേ എത്തിയിട്ടുള്ളു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ആരുമില്ല എന്ന അവസ്ഥയുണ്ട്. വ്യാവസായിക സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരുമില്ല.

പൊതുവിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സ്ഥാനം പഴയ കാലഘട്ടത്തേതിൽ നിന്ന് ഏറെയൊന്നും ഉയർന്നിട്ടില്ല എന്നാണ് വസ്തുതകൾ കാണിക്കുന്നത്. മറ്റു വിഭാഗക്കാരുമായുള്ള ഇടപെടലിൽ ഗുണപരമായ മാറ്റങ്ങൾ, വമ്പിച്ച തോതിൽ തന്നെ ഉണ്ടായിട്ടുണ്ടെന്നതു ശരിതന്നെയാണ്. പദ്ധതിയുടെ അടങ്കൽ തുകയിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിന് ആനുപാതികമായ ഭാഗം വകയിരുത്തണമെന്ന നിർദ്ദേശം ശുഭോദർക്കമാണ് എങ്കിലും ജനവിഭാഗങ്ങളിൽ നിന്ന് സ്വയം ഒരു ഉണർവ്വ് ഉണ്ടാകുന്നില്ല എന്ന വസ്തുതയുണ്ട്. വിപുലമായ ഒരു ബോധവൽക്കരണത്തിന്റെ ആവശ്യമാണ് ഇതു വെളിവാക്കുന്നത്, വ്യാവസായിക വികസനത്തിന്റെ ഈ കാലഘട്ടത്തിൽ ആ രംഗത്തേക്ക് കടന്നുവരുന്നതിന് പട്ടികജാതി-പട്ടിക വർഗ്ഗക്കാരെ പ്രാപ്ത രാക്കുന്ന ഒരു സമീപനം ആസൂത്രണത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഈ വിഭാഗത്തിന് പ്രത്യേകമായി ഉണ്ടാകുന്ന കോളനി, മറ്റ് വിഭാഗങ്ങളുമായിട്ടുള്ള ബന്ധത്തിൽ നിഷേധാത്മകമായ ഫലമുളവാക്കുമെന്ന് ശക്തമായ ഒരു അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. അതിലൊരു സാമൂഹ്യ ബഹിഷ്കരണഘടകം ഉണ്ടെന്നാണ് സൂചന.

ഒരു പട്ടികജാതി- പട്ടിക വർഗ്ഗ വിവിധോദ്ദേശ സംഘം പഞ്ചായത്തിലുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളൊഴികെ പൊതു സീറ്റുകളിൽ ഈ വിഭാഗക്കാർ കടന്നുവരുന്നില്ല എന്നത് മറ്റു വിഭാഗക്കാരുമായുള്ള വേർതിരിവിനെയാണ് കാണിക്കുന്നത്. പൊതുവിൽ അപൂർവ്വമായി സാമൂഹ്യ സംഘടനകളുടെ നേതൃസ്ഥാനങ്ങളിൽ കടന്നു വന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല.

2. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ അവസ്ഥ മിക്ക വാർഡുകളിലും മെച്ചപ്പെട്ടതല്ല.

3. 10-ാം ക്ളാസ്സിന് മേൽ വിദ്യാഭ്യാസം തൃപ്തികരമല്ല.

4. ഈ വിഭാഗത്തിൽപ്പെട്ടവർ പരമ്പരാഗത തൊഴിലിൽനിന്നും മറ്റ് ഇതര തൊഴിലുകളിൽ കടന്നു വരുന്നില്ല.

5. സാക്ഷരത ആവശ്യമുണ്ട്.

6. ഭവനങ്ങൾ എല്ലാവർക്കും ലഭിച്ചിട്ടില്ല.

7. ബഹുജന പ്രസ്ഥാനങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ടവർ കുറവാണ്.

8. സാമൂഹ്യ പദവിയിൽ പിന്നോക്കമാണ്.

9. ജാതീയമായ ഉച്ചനീചത്വം ഇപ്പോഴും നിലനിൽക്കുന്നു. (വാർഡ് 10)

10. ഹരിജൻ ഗിരിജൻ കോളനികളിൽ ശുദ്ധജലവും വൈദ്യുതിയും എത്തിയിട്ടില്ല.

11. വ്യവസായ മേഖലയിൽ ഈ വിഭാഗത്തിൽ നിന്ന് ആരും തന്നെ ഇല്ല.

12. ദാരിദ്രം, പട്ടിണി

13. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമല്ല.

## സാദ്ധ്യതകൾ

ജലസേചനം, ഗ്രാമീണറോഡുകൾ, വൈദ്യുതീകരണ മുതലായ വികസനത്തിനായിട്ടുള്ള പുതിയ സ്കീമുകൾ രൂപപ്പെടുത്തുക.

ബോധവൽക്കരണ പ്രവർത്തനങ്ങൾ.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ.

ബഹുജന പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ.

ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഉയർത്തിക്കൊണ്ടുവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ.

തൊഴിലിൽ പുതിയ സ്കീം രൂപപ്പെടുത്തൽ.

# വനിതാക്ഷേമം

സൗന്ദര്യമത്സരത്തിന്റെ വേലിയേറ്റത്തിൽ വിമാന അപകടം പോലും അവഗണിക്കപ്പെടുന്ന ഒരു സമൂഹത്തിലാണ് നാമിന്നു ജീവിച്ചിരിക്കുന്നത്. വർത്തമാനകാലസദാചാരബോധത്തിൽ സൗന്ദര്യം കേവലം ആസ്വാദനത്തിന്റെ നിലയിലല്ല അളക്കപ്പെടുന്നത്, മറിച്ച് കംബോളവത്കരണത്തിന്റെ കണ്ണുകളിൽ ആസക്തിയാണ് നിറയുന്നത്. സ്ത്രീകൾ ഭൂരിപക്ഷം പുലർത്തുന്ന കേരളത്തിൽ സമൂഹത്തിന്റെ പുനർനിർമ്മാണത്തിൽ അവളെന്ത് പങ്കാണ് വഹിക്കേണ്ടതെന്ന് തിരിച്ചറിയുക അത്യന്താപേക്ഷിതമാണ്.

പുരുഷമേധാവിത്വത്തിൽ അധിഷ്ഠിതമായ ഒരു കാലഘട്ടമാണ് നമ്മുടേത്. കൗമാരത്തിൽ പിതാവും, യൗവനത്തിൽ ഭർത്താവും, വാർദ്ധക്യത്തിൽ മകനും സ്ത്രീയെ സംരക്ഷിക്കുമെന്ന് രേഖപ്പെടുത്തികൊണ്ട് സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ല എന്ന് പ്രഖ്യാപിച്ച പരംബരാഗത സമൂഹവും കടന്ന്, ആധുനിക കാലഘട്ടത്തിൽ എത്തിയിട്ടും അവൾക്ക് ഇതുവരെ സ്വാതന്ത്ര്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യം എന്ന് പറയുംബോൾ ഏതെങ്കിലും വ്യക്തിയിൽ നിന്നോ സമൂഹത്തിൽ നിന്നോ ഉള്ള സ്വാതന്ത്ര്യം എന്ന് അർത്ഥമാക്കേണ്ടതില്ല. അവൾക്ക് നിർഭയമായി സഞ്ചരിക്കുവാനും, പ്രവർത്തിക്കുവാനും, ജീവിക്കാനുമുള്ള അടിസ്ഥാനപരമായ അർത്ഥത്തിൽമാത്രം അതിനെ വിവക്ഷിച്ചാൽ മതി.

സാമൂഹ്യ-സാംബത്തിക പ്രത്യേകതയനുസരിച്ച് ആദ്യകാലത്ത് മാതൃമേധാവിത്വ കുടുംബങ്ങളാണുണ്ടായിരുന്നത്. പിതാവ് എന്നത് ഒരു സങ്കൽപവും, മാതാവ് എന്നത് ഒരു സത്യവും എന്ന ആശയമായിരിക്കാം ഇതിന് പിന്നിലെന്ന് മനശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുകയുണ്ടായി. ഒരു തറവാടിന്റെ സംബത്ത് വികേന്ദ്രീകരിച്ച് പോകാതിരിക്കുക എന്ന സാംബത്തികമായ ലക്ഷ്യവും മാതൃമേധാവിത്വ കുടുംബങ്ങളെ സ്വാധീനിച്ചിരുന്നു. പിന്നീട് കാലത്തിന്റെ യാന്ത്രിക പ്രത്യേകതയനുസരിച്ച് സ്ത്രീ അബലയാണ് എന്ന മിഥ്യാ ബോധം സമൂഹത്തിൽ വേരുറക്കുകയും പുരുഷ മേധാവിത്വത്തിൽ അധിഷ്ഠിതമായ ഒരു സാഹചര്യത്തിലേക്ക് ചരിത്രം നീങ്ങുകയും ചെയ്തു.

മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ വിദ്യാഭ്യാസമുള്ളവരാണ് കേരളത്തിലെ സ്ത്രീകൾ. 100 ശതമാനം സാക്ഷരത കൈവരിച്ച മലയാളനാട്ടിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്ന സാഹചര്യം നിലവിലുള്ളപ്പോൾ ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലെ സ്ഥിതി നമുക്ക് ഊഹിക്കാവുന്നതാണ്. ഇന്നത്തെ നമ്മുടെ കേരള സമൂഹത്തിൽ തൊഴിലിന്റേയും, സാംസ്കാരിക രാഷ്ട്രീയ സേവന പ്രവർത്തനങ്ങളുടേയും കാര്യത്തിൽ വെറും രണ്ടാം തരക്കാരായാണ് സ്ത്രീകൾ പരിഗണിക്കപ്പെടുന്നത്. പുരുഷൻമാരെ അപേക്ഷിച്ച് കൂലിയുടെ കാര്യത്തിലും ഈ വേർതിരിവ് പ്രകടമാണ്. സ്ത്രീകൾക്ക് അർഹതപ്പെട്ട അവകാശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, താഴ്ന്ന-ജാതി വിഭാഗങ്ങളിലെ സ്ത്രീകൾ സാമൂഹ്യപരമായ അവഗണന കൂടി സഹിക്കേണ്ടിവരുന്നു.

വടക്കേക്കര പഞ്ചായത്തിന്റെ പൊതുചിത്രം പരിശോധിച്ചാൽ തൊഴിൽ സേവന മേഖലകളിൽ സ്ത്രീകൾ കൂടുതലായി ഉൾപ്പെട്ടിരിക്കുന്നത് കാണാം. ഇന്ന് നമ്മുടെ പ്രദേശത്ത് കയർ, കൈത്തറി, ഖാദി, മത്സ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ സ്ത്രീകൾ ജോലി ചെയ്തു വരുന്നു. കയർ, കൈത്തറി, ഖാദി എന്നീ തൊഴിൽ മണ്ഡലങ്ങളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ഈ പരംബരാഗത മേഖലകളുടെ പൊതു സ്വഭാവമനുസരിച്ച് ഒരു സാമൂഹ്യപരമായ നവോത്ഥാനം വനിതകൾക്കിടയിൽ ഉയർന്ന് വന്നിട്ടില്ല. വടക്കേക്കര പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് നിർമ്മാണമേഖലയിലേക്ക് പോലും വനിതകൾ ഇന്ന് കടന്നിട്ടുണ്ട്.

ഇത്തരം സാദ്ധ്യതകൾ വിലയിരുത്തുംബോൾ തന്നെ സമൂഹം സ്ത്രീകളെ പല വിധത്തിൽ ചൂഷണം ചെയ്യുന്നത് നമ്മൾ കാണാതിരുന്നു കൂടാ! ഓരോ തൊഴിൽ മേഖലയുടേയും പ്രത്യേകതകളനുസരിച്ച് ചൂഷണങ്ങളുടെ മാനദണ്ഡങ്ങൾ വ്യത്യസ്തമാണെന്ന് മാത്രം. കയർ മേഖലയിൽ വരുമാന ശരാശരിയിൽ പുരുഷനെ അപേക്ഷിച്ച് ഏറെ താഴെയാണ് സ്ത്രീയുടെ സ്ഥാനം. ഖാദി മേഖലയിലാകട്ടെ ഗൗരവതരമായ രോഗങ്ങൾ അവളെ പിടികൂടുന്നു. കൃത്യമായ ആരോഗ്യപരിശോധന അധികൃതർ ലഭ്യമാകാത്തതു മൂലം ശ്വാസകോശസംബന്ധമായ അസുഖങ്ങൾക്ക് സാദ്ധ്യതയേറുന്നു. പീലിംഗ് ഷെഡുകളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങളോ, ജോലി സുരക്ഷിതത്വമോ, സ്ത്രീകൾക്ക് ലഭ്യമാകുന്നില്ല.

തൊഴിൽ സേവന മേഖലകളിൽ വടക്കേക്കര പഞ്ചായത്തിൽ സ്ത്രീകൾ മുന്നിൽ നിൽക്കുന്നുവെങ്കിലും, നമ്മുടെ പ്രദേശത്തെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ അവൾക്ക് അർഹിക്കുന്ന പ്രാധാന്യം ലഭിച്ചിട്ടുണ്ടോ എന്നത് അടിയന്തിര ശ്രദ്ധ അർഹിക്കുന്ന കാര്യമാണ്. അടുത്ത കാലത്ത് പഞ്ചായത്ത്-നഗരപാലികാ നിയമം നിലവിൽവന്നതോടെയാണ് സംവരണത്തിന്റെ കച്ചിത്തുരുംബിൽ പിടിച്ച് വനിതകൾ അധികാര സ്ഥാപനങ്ങളിലേക്ക് എത്തുന്നത്. അതിൽ തന്നെ വിരോധാഭാസമായി ഒരു സംഗതി കേരളത്തിന്റെ ജനസംഖ്യയെടുത്ത് പരിശോധിച്ചാൽ 50 ശതമാനത്തിലധികമുള്ള സ്ത്രീകൾക്ക് വെറും 33% മാത്രമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. സാക്ഷരകേരളത്തിന്റെ നിയമസഭാചരിത്രത്തിലൂടെ കടന്നുപോയാൽ ഒരു കാര്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കും, അവിടെയും വനിതകൾക്ക് അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. ആകെയുള്ള അംഗങ്ങളിൽ പത്തിലൊന്നുപോലും തികയാതെ(13) സ്ത്രീസമത്വമെന്ന ആശയം നിയമസഭയിൽ മുട്ടിലിഴയുന്നു. പാർലിമെൻറിൽ സ്ത്രീകൾക്ക് 30% സംവരണം ഏർപ്പെടുത്തണം എന്ന മൗലീകമായ പ്രശ്നം ഉയർന്നുവന്നപ്പോൾ, പല രാഷ്ട്രീയ പാർട്ടികളുടേയും സ്ത്രീ വിരുദ്ധ മനോഭാവം പ്രത്യക്ഷമായും പ്രകടമായി.

വർത്തമാനപത്രങ്ങളിൽ പ്രമുഖ സ്ഥാനത്ത് വനിതകൾക്ക് നേരെയുള്ള അക്രമങ്ങളും, അതിക്രമങ്ങളും ദിനംപ്രതി നമ്മൾ കണ്ടുവരുന്നു. സ്ത്രീകൾക്ക് നേരെയുള്ള ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത് നമ്മുടെ സാമൂഹ്യസദാചാരബോധം എത്രമാത്രം ഇരുണ്ടുപോയിരിക്കുന്നു എന്നതാണ്. പീഡനത്തിനുള്ള ഒരു ഉപകരണമായി സ്ത്രീയെ കരുതാൻ മാത്രം സമൂഹ മനസ്സാക്ഷി അധഃപതിച്ചിരിക്കുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ച് കൊണ്ടും, വ്യക്തമായ ബോധവത്കരണപദ്ധതിയിലൂടെ അവളെ മാന്യസ്ഥാനത്തേക്ക് ഉയർത്താനും സമൂഹത്തിന് ബാദ്ധ്യതയുണ്ട് എന്ന കാര്യം മറന്നുകൂടാ.

ഒന്നോ രണ്ടോ പെൺമക്കളുള്ള മാതാപിതാക്കൾ അവരെ കെട്ടിച്ചയയ്ക്കാൻ കുടുംബംപോലും പണയപ്പെടുത്തേണ്ട അവസ്ഥയിലേക്ക് താഴ്ന്നുപോയിരിക്കുന്നു. എത്ര കൂടുതൽ സ്ത്രീധനം വാങ്ങുന്നുവോ, അത്രയും ഉയരത്തിൽ സാമൂഹ്യപദവി ഉയരുമെന്ന മിഥ്യാബോധം ഇതിൻെറ പിന്നിലുണ്ട്. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള അവസരമൊരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്ത്രീധന പീഡനത്തിനെതിരെ പൊതുമനസ്സാക്ഷിയെ ഉയർത്താൻ കഴിയണം.

പുരുഷന് ആധിപത്യമുള്ള തൊഴിൽമേഖലകളിൽ കടന്നുകയറാൻ ഇതുവരെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. പുരുഷൻെറ എല്ലാ പ്രവർത്തനങ്ങളുടേയും ഭാരം അന്തിമമായി വന്നു ചേരുന്നത് സ്ത്രീകളിലാണ്. പിതാവിൻെറ,സഹോദരൻെറ, ഭർത്താവിൻെറ, മകൻെറ അങ്ങനെയങ്ങനെ പുരുഷൻെറ മദ്യപാനാസക്തി കൊണ്ടുണ്ടാകുന്ന എല്ലാ ദുരിതങ്ങളും അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. അതുകൊണ്ട് പൂർണ്ണ മദ്യനിരോധനം സ്ത്രീകളുടെ മുഖ്യ ആവശ്യമായി ഉയർന്നുവരുന്നു.

കേരളത്തിൻെറ സാഹിത്യരംഗത്ത് വളരെകുറച്ച് മാത്രം സ്ത്രീകൾ ശ്രദ്ധിക്കപ്പെടുന്ന സ്ഥാനം മാത്രമാണ് ഇന്നുള്ളത്. പ്രകൃതിയനുകൂല സാഹിത്യം എന്ന പേരിൽ ലോക സാഹിത്യത്തിനകത്ത് ഒരു പുതിയ രൂപകം ഇന്ന് വളർന്ന് വന്നിട്ടുണ്ട്. പീഡന വർഗ്ഗത്തിന് വേണ്ടിയും പ്രകൃതിക്കെതിരായ പ്രവർത്തികൾക്കെതിരെയും നിലകൊള്ളുന്ന സാഹിത്യമെന്നാണ് അതിൻെറ ലോക സംജ്ഞ. പക്ഷേ, അത് കേരളത്തിൽ നിരൂപകർക്കിടയിൽ എത്തിച്ചേരുംബോൾ വെറും 'പെണ്ണെഴുത്ത്' മാത്രമായി ഒതുങ്ങിപ്പോകുന്നു. സ്ത്രീകൾക്കെതിരെയുള്ള പീഡനം പ്രകൃതിയ്ക്കെതിരെ കൂടി ഉള്ളതാണെന്ന ബോധം നമ്മുടെ സമൂഹത്തിന് ഇതുവരെ കൈവന്നിട്ടില്ല.

കുടുംബ സാഹചര്യങ്ങളിൽ സ്ത്രീകളോട് മാന്യമായ സഹകരണം ഉണ്ടായാൽ മാത്രമെ, അവൾ ആദരിക്കപ്പെടേണ്ട വ്യക്തിയാണെന്ന ബോധം കുട്ടികളുടെ മനസ്സിലുണ്ടാകൂ. വനിതകൾക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ വ്യാപകമായി ആരംഭിക്കണം. തുല്യജോലിക്ക് തുല്യ വേതനം ഉറപ്പ് വരുത്തണം. കേരളത്തിനകത്തും, പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തിനകത്തും മഹിളാ സംഘടനകളുടെ പ്രവർത്തനം ഏകീകരിച്ചുകൊണ്ട് സ്ത്രീകളുടെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി സമരരംഗത്തേക്കിറങ്ങണം, എന്നിവ കാലഘട്ടം ആവശ്യപ്പെടുന്ന പ്രത്യേകതകളാണ്.

ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ ചൂണ്ടികാട്ടുംബോൾ തന്നെ വർഗ്ഗപരമായ സ്വയം വിമർശനം സ്ത്രീകൾ നടത്തേണ്ടതുണ്ട്. സ്ത്രീപീഡനത്തിന് ഇരയാകുന്നതും, അവസരമൊരുക്കുന്നതും പലപ്പോഴും അവൾ തന്നെയാണെന്ന വിരോധാഭാസമായ സംഗതി നമ്മൾ കാണാതിരുന്നുകൂടാ. മകളായും, ഭാര്യയായും, അമ്മായിയമ്മയായും ജീവിതത്തിൻെറ പല ദശാസന്ധികളിലൂടെയും അവൾക്ക് കടന്നുപോകേണ്ടതുണ്ട്. ഇത്തരം ഓരോ സന്ദർഭത്തിലും താൻ സ്ത്രീയാണെന്നും, സമൂഹത്തെ മാറ്റേണ്ടവളാണെന്നുമുള്ള ഉറച്ച ബോധം അവളുടെ മനസ്സിലുണ്ടായാൽ മാത്രമെ, വർഗ്ഗപരമായ ഒരുയർത്തെഴുന്നേൽപ്പിന് സാദ്ധ്യതയുള്ളൂ. വാർഡ്തോറും മഹിളാ സംഘടനകളുടെ പ്രവർത്തനം ശക്തമാക്കുക എന്നതാണ് ഇതിനുള്ള ഏക പോംവഴി.

## പ്രശ്നങ്ങൾ

സ്ത്രീകളുടെ തൊഴിലില്ലായ്മ.
തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ.
സ്ത്രീതൊഴിലാളികൾക്ക് കൂലിക്കുറവ്.
പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
സ്ത്രീധന പീഡനം.
അനാചാരങ്ങൾ.
പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.
സ്ത്രീകളുടെ നിയന്ത്രണത്തിൽ പൊതു സ്ഥാപനങ്ങൾ ഇല്ല.
സാമൂഹ്യരംഗങ്ങളിൽ ഇടപെടാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

പരംബരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുംബോൾ സ്ത്രീകൾക്കു മുൻഗണന.

പുരയിട കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.

കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ.

സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ.

പ്രാഥമിക സൗകര്യങ്ങൾ പൊതു സ്ഥലങ്ങളിൽ ഉറപ്പുവരുത്തൽ.

സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന.

സ്ത്രീധന നിരോധനം ഉറപ്പുവരുത്തൽ.

സ്ത്രീ പീഡനങ്ങൾക്കെതിരെ പ്രതികരണം ശക്തമാക്കൽ.

# സഹകരണം

ഓരോരുത്തരും എല്ലാവർക്കും വേണ്ടി, എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന ആശയം ഉണർത്തി കൊണ്ടാണ് ലോകത്ത് സഹകരണ പ്രസ്ഥാനം വളർന്നു വന്നിട്ടുള്ളത്. ഈ പ്രസ്ഥാനത്തിന്റെ ഔദ്യോഗികമായ ചരിത്രം ആരംഭിക്കുന്നത് 1828 -ൽ ബ്രിട്ടണിൽ 25 ചണമിൽ തൊഴിലാളികൾ ചേർന്ന് ഒരു സഹകരണ പ്രസ്ഥാനം ആരംഭിച്ചതോടെയാണ്. പിന്നീട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് തൊഴിലാളികളുടെ കൂട്ടായ്മയിലൂടെ സഹകരണ പ്രസ്ഥാനം പടർന്നു കയറി. ഏതാണ്ട് 1909-ഓട് കൂടിയാണ് ഇന്ത്യയിൽ സഹകരണ സംഘത്തിന്റെ തുടക്കം കുറിക്കപ്പെട്ടത്. ജർമ്മനിയിലെ കർഷകർക്കിടയിൽ സഹകരണ പ്രസ്ഥാനം ചെലുത്തിയ സ്വാധീനം തന്നെയാണ് ഇന്ത്യയിലുണ്ടായതും. സ്വാതന്ത്ര്യത്തിനുമുൻപ് വരെ ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം മുട്ടിലിഴയുകയായിരുന്നു.

വടക്കേക്കര പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചിത്രം ചരിത്രത്തിലേക്ക് നീണ്ടു പോകുന്നു. ഇവിടെ പ്രസ്ഥാവിക്കേണ്ട ഒരു പ്രധാന കാര്യം 1924-ൽ ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കപ്പെട്ടു എന്നതാണ്. അക്കാലം മുതൽ തന്നെ ഈ പ്രദേശത്തെ ജനങ്ങൾക്കിടയിൽ രെു സംഘബോധം വളർന്ന് വന്നിരിന്നു എന്നതാണ് ഇക്കാര്യം തെളിയിക്കുന്നത്. ഇന്ന് വടക്കേക്കര പഞ്ചായത്തിൽ 14 സഹകരണ സംഘങ്ങളുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ സംരഷിക്കുന്നതിന് വേണ്ടി രൂപികരിക്കപ്പെട്ട സഹകരണ സംഘങ്ങൾ ഇന്ന് വൻ പ്രതിസന്ധിയിലൂടെ കടന്ന് പോയ് കൊണ്ടിരിക്കുകയാണ്.

അധികാരം ജനങ്ങളിലേക്ക് എന്ന ആശയമുയർത്തികൊണ്ട് കടന്നുവരുന്ന 9-ാം പദ്ധതിയുടെ വിജയത്തിന് വേണ്ടി സഹകരണ പ്രസ്ഥാനങ്ങളെ ഉപയോഗിക്കാൻ കഴിയും. ഇതിനുള്ള ഏറ്റവും അടിസ്ഥാനപരമായ കാര്യം സഹകരണസംഘങ്ങൾ കീഴ്തട്ടിൽ ജനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുഎന്നുള്ളതാണ്. ജനകീയാസൂത്രണത്തിന്റെ പാശ്ചാതലത്തിൽ നമുക്ക് ഇന്ന് നിലവിലുള്ള സഹകരണ സംഘങ്ങളിലൂടെ ഒന്ന് കടന്ന് പോകാം.

നാളിതുവരെയായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

<u>സർവ്വീസ് സഹകരണ സംഘങ്ങൾ</u>

ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നംപർ-851

പൊതുജന സഹകരണ സംഘം, കുഞ്ഞിത്തൈ ക്ളിപ്തം നംപർ-1937

<u>വ്യവസായസംഘങ്ങൾ</u>

വടക്കേക്കര തുരുത്തിപ്പുറം കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -468

കുര്യാപ്പിള്ളി കൈത്തറി നെയ്ത് (ഉൽപാദനവിക്രയ) സഹകരണ സംഘം ക്ളിപ്തം നംപർ-3476

മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -51

ചെട്ടിക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -173

മാല്യങ്കര കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -212

വാവക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -145

മടപ്ളാതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ - 409

പാല്യത്തുരുത്ത് കയർവ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ -E 666

ഹരിജൻ വിവിദോദ്ദേശ സഹകരണസംഘം ക്ളിപ്തം നംപർ -

<u>സ്ക്കൂൾ സഹകരണ സംഘങ്ങൾ</u>

1. ശ്രീനാരായണമംഗലം ഹൈസ്ക്കൂൾ മൂത്തകുന്നം. HMYSHS കൊട്ടുവള്ളിക്കാട്

ശ്രീനാരായണമംഗലം കോളേജ് മാല്യങ്കര

ഈ സഹകരണ സ്ഥാപനങ്ങൾ വടക്കേക്കര പഞ്ചായത്തിലെ സാമൂഹ്യ, സാംസ്ക്കാരിക, സാംബത്തിക മണ്ഡലങ്ങളെ ഏതു വിധത്തിലൊക്കെയാണ് സ്വാധീനിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടത് ചരിത്രപരമായ ഒരാവശ്യമാണ്

ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നംപർ - 851

സ്വാതന്ത്ര്യത്തിന് മുൻപ് കൃത്യമായി പറഞ്ഞാൽ മലയാളവർഷം 4-7-1100ലാണ് ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. 72 വർഷങ്ങൾക്ക് മുൻപ് (1924) രൂപീകരിക്കപ്പെട്ട ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളെപറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല.

സർവ്വീസ് സഹകരണ സംഘം ആയി സ്ഥാപിക്കപ്പെട്ട ഈ സ്ഥാപനം അടുത്തകാലത്താണ് സർവ്വീസ് സഹകരണ ബാങ്കായിമാറിയത്. ഇന്ന് ഈ ബാങ്കിൽ മെംബർ മാരായിട്ടുള്ളവരുടെ എണ്ണം 4421 ആണ്. ഒരു ഓഹരിക്ക് 10 രൂപ വിലയനുസരിച്ച് 25 ലക്ഷം രൂപയാണ് അംഗീകൃത ഓഹരി മൂലധനം.

72 വർഷത്തിന്റെ പ്രായോഗിക അനുഭവം കൈമുതലുള്ള ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ഇന്ന് വിവിധ രീതിയിലുള്ള വായ്പകൾ നൽകാവുന്ന വിധത്തിൽ വളർന്ന് വന്നിട്ടുണ്ട്. വടക്കേക്കര പഞ്ചായത്തിലെ 4 വാർഡുകളിൽ ചെട്ടിക്കാട്, കൊട്ടുവള്ളിക്കാട്, മാല്യങ്കര, വാവക്കാട് എന്നീ പ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനിന്ന് പ്രവർത്തിച്ചുകൊണ്ടാണ് ഇത്ര വലിയ ഒരു സ്ഥാപനമായി വളർന്നുവന്നതെന്ന കാര്യം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്.

സാധാരണക്കാരിൽ സാധാരണക്കാരന്റെഅത്താണിയായി വളർന്നുവന്നിരിക്കുന്ന ഈ പ്രസ്ഥാനം വിവിധ രീതിയിൽ ജനങ്ങളുമായി അടുത്തിടപഴകുന്നു. ഹൃസ്വ

കാല, മധ്യകാല വായ്പാ, കെട്ടുതെങ്ങ് നിക്ഷേപങ്ങൾ, സ്വർണ്ണപ്പണയ വായ്പകൾ, കെട്ടിട നിർമ്മാണ വായ്പകൾ, സ്വയം തൊഴിൽ വായ്പകൾ എന്നിങ്ങനെ വിവിധതരം വായ്പകളിലൂടെ സാധാരണക്കാരൻെറ ഹൃദയത്തിലേക്ക് ഈ ബാങ്ക് ഇറങ്ങിചെന്നിരിക്കുന്നു.

ജനങ്ങളുടെ മുഴുവൻ വിശ്വാസകേന്ദ്രമായിമാറിയിട്ടുളള ഈ സ്ഥാപനം കാലഘട്ടത്തിൻെറ ബാധ്യതകൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് വികസനത്തിൻെറ പുതിയ മണ്ഡലങ്ങൾ തേടിപോകേണ്ടതുണ്ട്. കാർഷികമേഖലയായ ഈ പ്രദേശത്തെ പ്രധാന നാണ്യ വിള എന്ന നിലയിൽ നാളികേരം സംഭരിച്ച് വ്യവസായികാടിസ്ഥാനത്തിൽ വിവിധ സംസ്കരണ പരിപാടികൾകൂടി ആരംഭിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് ആശ്വാസവും, അതിലേറെ തൊഴിൽ രഹിതർക്ക് അനുഗ്രഹവുമായിരിക്കും. ഒരു ക്രെഡിറ്റ് സഹകരണ ബാങ്ക് എന്ന ഇത്തിരിവട്ടത്തിനപ്പുറം ഇനിയും ഒരുപാടൊരുപാട് ദൂരം സഞ്ചരിക്കാൻ ഈ ബാങ്കിനുകഴിഞ്ഞാൽ അതിനപ്പുറം മനോഹരമായ സംഗതിമറ്റൊന്നില്ല.

**പൊതു ജനസഹകരണ സംഘം കുഞ്ഞിത്തൈ - ക്ളിപ്തം നമ്പർ -1937**

വടക്കേക്കര പഞ്ചായത്തിലെ കയർ തൊഴിലാളികളുടെ ചരിത്രം കൂട്ടായ്മയുടേയും സംഘബോധത്തിൻേറയും ചരിത്രമാണ്. 1950ന് ശേഷമാണ് ഈ പ്രദേശത്ത് കയർവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. ഇടത്തട്ടുകാരുടേയും മുതലാളിമാരുടേയും ചൂഷണം കൊണ്ട് പൊറുതിമുട്ടിയ തൊഴിലാളികൾ സ്വന്തം അധ്വാനത്തിൻേറയും വിയർപ്പിൻേറയും മേലെയാണ് സഹകരണ പ്രസ്ഥാനം പടുത്തുയർത്തിയത്. ഇന്ന് വടക്കേക്കര പഞ്ചായത്തിൻെറ പരിധിയിൽ 7 കയർ വ്യവസായ സഹകരണ സംഘങ്ങളുണ്ട്.

**മൂത്തകുന്നം കയർ വ്യവസായ സഹകരണ സാംഘം**

വടക്കേക്കര പഞ്ചായത്തിൽ ഇന്ന് നിലവിലുളള സഹകരണ സംഘങ്ങളിൽ വച്ച് ഏറ്റവും പഴക്കമേറിയതാണ് മൂത്തകുന്നം കയർവ്യവസായ സഹകരണസംഘം. മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം. മൂത്തകുന്നം കയർവ്യവസായ സഹകരണ സംഘത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡൻറ് സി. വി. പരമേശ്വരൻ ആയിരിന്നു. ഈ സഹകരണ സംഘത്തിൻെറ പ്രവർത്തന മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് മൂത്തകുന്നം, കൊട്ടുവളളിക്കാട്, മാല്യങ്കര, ചെട്ടിക്കാട്, മടപ്ളാതുരുത്ത് എന്നീ പ്രദേശങ്ങൾ ഉൾപെടുത്തിയാണ്. 1954-ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിൽ ഇന്ന് ആകെ 1802 അംഗങ്ങളുണ്ട്. ഈ സഹകരണ സംഘത്തിനു കീഴിൽ ഉല്പാദനം നടത്തുന്നതിനു വേണ്ടി 60 കൂട്ടുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

**വാവക്കാട് കയർ വ്യവസായ സഹകരണ സാംഘം**

കയർ മേഖലയിൽ കേരളത്തിലെ ഏറ്റവും വലിയ സഹകരണ സംഘമാണ് വാവക്കാട് കയർ വ്യവസായ സഹകരണ സംഘം

മിനിമം വേജസ് സമരത്തെ തുടർന്ന് 1954-ലാണ് തൊഴിലാളികൾ മുൻകൈയെടുത്തു കൊണ്ട് കയർ സഹകരണ സംഘം രൂപീകരിച്ചത്. വാവക്കാട്, കട്ടത്തുരുത്ത്, ഒറവൻതുരുത്ത്, കുഞ്ഞിതൈ എന്നീ പ്രദേശങ്ങൾ പ്രവർത്തന പരിധിയിലാക്കികൊണ്ട് വളർന്നുവന്ന ഈ സംഘത്തിൽ ഇന്ന് 3000-ത്തിൽപരം അംഗങ്ങളും. 130 കൂട്ടും ഉല്പാദനത്തിനു വേണ്ടി പ്രവർത്തിക്കുന്നു.

**ചെട്ടിക്കാട് കയർ വ്യവസായ സഹകരണ സംഘം**

1957-ലാണ് ചെട്ടിക്കാട് പ്രദേശത്ത് കയർ വ്യവസായ സംഘം രൂപീകരിക്കപ്പെടുന്നതും വളർച്ച പ്രാപിക്കുന്നതും. ചെട്ടിക്കാട്, കൊട്ടുവളളിക്കാട് എന്നീ പ്രദേശങ്ങൾ ഈ സംഘത്തിൻെറ പരിധിയിൽ വരുന്നു. 741-അംഗങ്ങളാണ് ചെട്ടിക്കാട് സംഘത്തിൻെറ കീഴിൽ ഇന്ന് നിലവിലുളളത്.

**തുരുത്തിപ്പുറം കയർ വ്യവസായ സഹകരണ സംഘം**

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഏറെ വൈകി, 1970-ലാണ് തുരുത്തിപ്പുറത്ത് കയർ വ്യവസായ സഹകരണ സംഘം നിലവിൽ വന്നത്. കട്ടത്തുരുത്ത്, തുരുത്തിപ്പുറം, പരുവത്തുരുത്ത് എന്നീ പ്രദേശങ്ങൾ പ്രവർത്തന പരിധിയായി നിശ്ചയിച്ച് കൊണ്ടാണ് ഈ സഹകരണ സംഘം വളർന്നുവന്നിട്ടുളളത് 672 അംഗങ്ങളാണ് ഇതുവരെ ഈ സ്ഥാപനത്തിൽ മെംബർമാരായിട്ടുളളത്.

**മാല്യങ്കര കയർ വ്യവസായ സഹകരണ സംഘം**

1955-ലാണ് ഈ സഹകരണ സംഘം രൂപീകരിക്കപ്പെട്ടത്. കൊട്ടുവളളീക്കാട്, മാല്യങ്കര, പളളിപ്പുറം എന്നീ പ്രദേശങ്ങൾ ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിൽവരുന്നു.

**മടപ്ളാതുരുത്ത് കയർ വ്യവസായ സഹകരണ സംഘം**

മടപ്ളാതുരുത്ത് കര പ്രവർത്തന പരിധിയായി നിശ്ചയിച്ച് കൊണ്ടാണ് മടപ്ളാതുരുത്ത് (4ഉം-12ഉം വാർഡുകൾ)കയർ വ്യവസായ സഹകരണ സംഘം രൂപീകൃതമായി. 1963-ൽ സ്ഥാപിക്കപ്പെട്ട ഈ സഹകരണ സംഘത്തിൽ ഇന്ന് 679 അംഗങ്ങളുണ്ട്.

**പാല്യതുരുത്ത് കയർ വ്യവസായ സഹകരണ സംഘം**

വടക്കേക്കര പഞ്ചായത്തിൽ ഏറ്റവും അവസാനമായി രൂപീകരിക്കപ്പെട്ട സംഘമാണ് പാല്യത്തുരുത്ത് കയർ വ്യവസായ സഹകരണ സംഘം. പാല്യത്തുരുത്ത് കര പ്രവർത്തന പരിധിയായി നിശ്ചയിച്ചിട്ടുളള ഈ സഹകരണ സംഘം സ്ഥാപിക്കപ്പെട്ടത് 1979-ലാണ്. ഇതുവരെ ഈ സ്ഥാപനത്തിൽ അംഗങ്ങളായിട്ടുളളവരുടെ എണ്ണം 436-ആണ്. ഏറ്റവും ഒടുവിൽ കുഞ്ഞിത്തൈ പ്രദേശവും ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ ചേർത്തു.

**പരിഷ്കൃത യന്ത്രവൽക്കരണ യൂണിറ്റുകൾ**

വടക്കേക്കര പഞ്ചായത്തിലെ ആകെയുളള 7 കയർ വ്യവസായ സഹകരണ സംഘങ്ങളിൽ 6 എണ്ണത്തിൽ പരിഷ്കൃതയന്ത്രവൽക്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുളള അനുവാദം ലഭിച്ചിട്ടുണ്ട്. ഇതുവരെ 5 സംഘങ്ങളിൽ വാവക്കാട്, മൂത്തകുന്നം, മടപ്ളാതുരുത്ത് എന്നീ സംഘങ്ങളുടെ കീഴിൽ യന്ത്രവത്കൃത കയർ പിരിആരംഭിച്ചിട്ടുണ്ട്. മാല്യങ്കര, ചെട്ടിക്കാട് എന്നീ പ്രദേശങ്ങളിൽ ഇതിൻെറ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. പാല്യതുരുത്തിൽ യൂണിറ്റ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അതിൻെറ മറ്റ് നടപടികൾ പൂർത്തിയായിട്ടില്ല. യന്ത്രവൽകൃത കയർ നിർമാണത്തിലൂടെ പൂർണ്ണമായും തൊഴിൽ ലഭിക്കുന്നത് സ്ത്രീകൾക്കാണ്.

## പ്രശ്നങ്ങൾ

വടക്കേക്കര പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ, വ്യവസായമേഖലമായ കയർ ഇന്ന് വൻ പ്രതിസന്ധികളിലൂടെ കടന്ന് പോവുകയാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 7 കയർ വ്യവസായ സഹകരണ സംഘങ്ങളും ഇന്ന് സാംബത്തിക നഷ്ട്ടത്തിലാണ്. ഉൽപാദന ചിലവിനനുസൃതമായി ഉൽപന്നത്തിന് വില ലഭിക്കാത്തത് സാംബിക നഷ്ടത്തിൻെറ ആഴംകൂട്ടുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. തൊഴിൽ സമയത്തിൻെറ ദൈർഘ്യത്തിനനുസരിച്ച് വരുമാനമില്ലാത്തത് മൂലം തൊഴിലാളികൾ വൻതോതിൽ ഈ വ്യവസായത്തിൽ നിന്ന് ഒഴിഞ്ഞ് പോകുന്നുണ്ട്. ഓരോ കയർ വ്യവസായ സംഘവും ഉൽപാദനക്ഷമതയുടെ കര്യത്തിൽ വളരെ പിന്നിലാണ്.

കേരളത്തിൻെറ അഭ്യന്തര ബാഹ്യവിപണികളെ സ്വാധീനിക്കാൻ കഴിയുന്ന സ്ഥാപനമായി കയർഫെഡ് ഇന്ന് ഉയർന്ന്

വന്നിട്ടുണ്ട്. കയർഫെഡിൻെറ പ്രവർത്തനം കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് വളരെ സഹായകരമാണ്. കാര്യക്ഷമത വർദ്ധിപ്പിച്ച് കൊണ്ടും, ഉൽപാദനചെലവിനനുസൃതമായി വിലലഭ്യമാക്കികൊണ്ടും മാത്രമെ ഈ വ്യവസായത്തെ നമുക്ക് സംരക്ഷിക്കാൻ കഴിയു.

കുര്യാപ്പിള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം

വടക്കേക്കര പഞ്ചായത്തിലെ ഏക കൈത്തറി നെയ്ത്ത് സംഘമാണിത്. 1954-ൽ പ്രവർത്തനം ആരംഭിക്കപ്പെട്ട ഈ സംഘത്തിൽ ഇന്ന് 447 അംഗങ്ങളാണുള്ളത്. ഏതാണ്ട് പഞ്ചായത്തിൻെറ പകുതിയോളം പ്രദേശത്തായി കൈത്തറി സംഘത്തിൻെറ പ്രവർത്തന പരിധി വ്യാപിച്ച് കിടക്കുന്നു. വേഷ്ടി മാത്രം ഉൽപാദിപ്പിക്കുക എന്നതിനപ്പുറം വസ്ത്രനിർമ്മാണത്തിൻെറ വിവധ മേഖലകളിലൂടെ കടന്ന് പോകാൻ കഴിഞ്ഞാൽ മാത്രമെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയു.

സ്ക്കൂൾ സഹകരണ സംഘങ്ങൾ

S.N.M.H.S മൂത്തകുന്നം, H.M.Y.H.S കൊട്ടുവള്ളിക്കാട്, S.N.M.കോളേജ് മാല്യങ്കര എന്നീവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്ന കോ-ഓപ്പറേറ്റീവ് സ്റ്റോർ എന്നതിനപ്പുറം ഇത് വികസിച്ചിട്ടില്ല.

നശിച്ചു പോയ സഹകരണ സംഘങ്ങൾ

സഹകരണ പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കും തളർച്ചക്കും സാക്ഷ്യം വഹിച്ച ഒരു പ്രദേശമാണ് വടക്കേക്കര പഞ്ചായത്ത്. ഏതാണ്ട് നാലോളം സഹകരണ സംഘങ്ങളാണ് ഈ പ്രദേശത്ത് നശിച്ചുപോയിട്ടുള്ളത്. വടക്കേക്കര പഞ്ചായത്തിലെ ആദ്യ കയർ വ്യവസായ സഹകരണ സംഘം നംപർ 3068ആണ് വളർച്ചയുടെ പടവുകളിൽ കുഴഞ്ഞു വീണ് പോയത്. ഒന്നാം വാർഡ് മുറവൻതുരുത്തായിരുന്നു അതിൻെറ പ്രവർത്തനരംഗം. മാല്യങ്കരയിൽ രൂപീകരിക്കപ്പെട്ടതുകൊണ്ട് വ്യവസായ സഹകരണ സംഘവും ഈ പട്ടികയിൽ പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള ഏകവ്യവസായ സ്ഥാപനമായിരിന്നു അത്. മാനേജ്മെൻറിൻെറ അലംഭാവവും, അംഗങ്ങളുടെ ഇടയിൽ നിന്ന് വ്യക്തമായ ഇടപെടൽ ഉണ്ടാകാതിരിക്കുകയും ചെയ്താണ് ഈ സംഘങ്ങളുടെ നാശത്തിന് കാരണമായത്.

12 -ാം വാർഡിലെ കക്ക വ്യവസായസഹകരണ സംഘം, കൊട്ടുവള്ളിക്കാട്ടിലേയും ,കുഞ്ഞിത്തൈയിലേയും മത്സ്യ വ്യവസായ സഹകരണ സംഘം എന്നീ സംഘങ്ങൾ കൂടിയാണ് കാലഘട്ടത്തിൻെറ വെല്ലു വിളികൾ മറികടക്കാൻ കഴിയാതെ തകർന്ന് പോയത്. മാല്യങ്കരയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ബേക്കറി സഹകരണ സംഘം തുടക്കത്തിൽ തന്നെ തകർന്നു പോയി.

സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ട മേഖലകൾ

വടക്കേക്കര പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള സഹകരണ സംഘങ്ങളുടെ അനുഭവങ്ങളേയും, പരിമിതികളേയും മനസ്സിലാക്കികൊണ്ട് മാത്രമെ പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കണമെന്ന ആവശ്യത്തിലേക്ക് നമുക്ക് കടന്ന് വരാൻകഴിയു.

കയറിൽ നിന്നും ഉപോത്പന്നങ്ങൾ ഉണ്ടാക്കണമെന്ന ആവശ്യം ഈ പഞ്ചായത്തിൽ ഇന്ന് പൊതുവിൽ ഉയർന്നു വന്നിട്ടുണ്ട്. രണ്ടോ മൂന്നോ വാർഡുകൾ പ്രവർത്തന പരിധിയായി നിശ്ചയിച്ച് കൊണ്ട് വടക്കേക്കര പഞ്ചായത്തിനുള്ളിൽ ഒന്നിലധികം കയർ സഹകരണ ഫാക്ടറികൾ സ്ഥാപിക്കാൻ നമുക്ക് കഴിയും. ഇതിലൂടെ കയർ മേഖലയെ വികസിപ്പിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നമുക്ക് കഴിയും.

കാർഷിക വികസന വ്യവസായ സഹകരണ സംഘം രൂപീകരിക്കണമെന്ന ആവശ്യം വെറും ഉപഭോക്താവ് എന്ന നിലയിൽ നിന്നും ഉൽപാദകരായി വളരേണ്ടതുണ്ടെന്ന തിരിച്ചറിവിനെയാണ് സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ തെങ്ങ് കർഷകരെമാത്രമല്ല എല്ലാ കർഷകരേയും ഉൾപ്പെടുത്തികൊണ്ട് ഒരു സഹകരണ സംഘം രൂപീകരിക്കാൻ നമുക്ക് കഴിയും. അത് സാമൂഹ്യ സാംസ്കാരിക സ്ഥിതിഗതികളെ മാറ്റി മറിക്കും എന്ന കാര്യത്തിൽ ഒരുസംശയവുമില്ല. നാളികേരം ശേഖരിക്കുന്നത് മുതൽ വെളിച്ചെണ്ണ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്താവുന്ന വ്യവസായങ്ങൾ ഇതിൻെറ പരിധിയിൽ കൊണ്ടവരുവാൻ സാധിക്കും. കവുങ്ങ് കൃഷിയോട് ബന്ധപ്പെടുത്തി അടയ്ക്ക, പൈങ്ങ, എന്നിവയുടെ ശേഖരണവും സംസ്ക്കരണവും കാർഷിക വികസന വ്യവസായ സഹകരണ സംഘത്തിന് ലക്ഷ്യം വയ്ക്കാവുന്നതാണ്. കുറ്റി മുല്ല, ബുഷ്പെപ്പർ എന്നിവയും കാർഷിക വികസന വ്യവസായ സഹകരണ സൊസൈറ്റിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ക്ഷീര വ്യവസായത്തിൻെറ സ്ഥാപനത്തിലും വികസനത്തിലും വളരെ ശ്രദ്ധയുള്ള വടക്കേക്കര പഞ്ചായത്തിലെ ജനങ്ങൾ, ഈ മേഖല സഹകരണ സംഘത്തിൻെറ പരിധിയിൽ വരണമെന്നാഗ്രഹിക്കുന്നവരാണ്.

ഏറ്റവും ശ്രദ്ധേയമായ ആവശ്യമായി ഉയർന്ന് വന്നിട്ടുള്ളത് വടക്കേക്കര പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഷോപ്പ് സ്ഥാപിക്കണമെന്നത്. സ്വകാര്യ മെഡിക്കൽ ഷോപ്പിൽ നിന്നുള്ള തിക്താനുഭവങ്ങളിൽ നിന്നാണ് ഇത്തരത്തിലുള്ള അഭിപ്രായം ഉയർന്ന് വന്നതെന്ന കാര്യം അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

ചെറുകിട വ്യവസായത്തിലെ വളരെയധികം ഉൽപന്നങ്ങളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം വടക്കേക്കര പഞ്ചായത്തിൽ മെത്തത്തിലുള്ളതാണ്. വനിതകൾക്ക് കൂടുതലായി തൊഴിലവസരം സൃഷ്ടിക്കാൻ ഇതിലൂടെ കഴിയുമെന്ന് എടുത്തു പറയേണ്ട ഒരു സംഗതിയാണ്.

റെഡിമെയ്ഡ് വസ്ത്രങ്ങൾ, കരകൗശലവസ്തുക്കൾ, സിമൻറിൽ നിന്നുമുൽപ്പാദിപ്പിക്കാവുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ, ഫർണീച്ചറുകൾ, ചെരുപ്പുകൾ, ചന്ദനത്തിരികൾ, അച്ചാറുകൾ, കുടകൾ, നോട്ട്ബുക്ക്, ബേക്കറി എന്നിവയുടെ നിർമ്മാണം സഹകരണമേഖലയുടെ പരിധിയിൽ കൊണ്ട് വന്ന് സംഘങ്ങൾ രൂപീകരിക്കുക എന്നത് നമ്മുടെ പ്രദേശത്തിന് യോജിച്ച ഒരു സംഗതിയാണ്. കോഴി താറാവ്, മുയൽ, പന്നി എന്നിവ വളർത്തുന്നവരേയും, വളർത്തുവാൻ ആഗ്രഹിക്കുന്ന വരേയും ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കഴിഞ്ഞാൽ വടക്കേക്കര പഞ്ചായത്തിൻെറ സ്വഭാവത്തെ തന്നെ മാറ്റാൻ കഴിയുമെന്ന ശ്രദ്ധേയമായ ആവശ്യവും ഉയർന്ന് വന്നിട്ടുണ്ട്.

ഒരു സഹകരണ യൂണിറ്റ് നമ്മൾ സ്ഥാപിക്കുംബോൾ ഏറ്റവും ആദ്യം ശ്രദ്ധിക്കേണ്ട കാര്യം നമ്മുടെ ഉൽപന്നത്തിന് വിപണന സാദ്ധ്യതയുണ്ടോ എന്നതാണ്. വിപണിയുടെ അതിർ വരംബുകൾ കണ്ടെത്താതെ ഒരു വ്യവസായത്തിനും വിജയിക്കാൻ കഴിയില്ല. ഇത്തരം സാദ്ധ്യതകൾ വിലയിരുത്തിയതിന് ശേഷം നമ്മൾ പരിഗണിക്കേണ്ടത് അസംസ്കൃത വസ്തുവിൻെറ ലഭ്യതയും, ഉൽപാദന രീതിയിലെ പ്രത്യേകതകളുമാണ്. ആവശ്യമായ സാംബത്തീകവും, ഷെയറുകളും കണ്ടെത്തുക എന്നത് ഏറ്റവും അടിയന്തിരപ്രശ്നമാണ്. സാങ്കേതിക മേന്മയുള്ള തൊഴിലാളിയുടെ അഭാവം ഇത്തരത്തിലുള്ള സഹകരണ വ്യവസായ സഹകരണ സംഘങ്ങളുടെ തകർച്ചക്ക് ഒരുകാരണമാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങളും, പരിമിതികളും പരിഹരിച്ചാൽ മാത്രമെ ഒരു വ്യവസായ സഹകരണ സംഘം നമുക്ക് ലാഭത്തിലാക്കാൻ സാധിക്കൂ.

**വടക്കേക്കര പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ - വിശദ വിവരം**

| സഹകരണ സംഘങ്ങളുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭം നഷ്ടം |
|---|---|---|---|---|---|---|
| 1. ചെട്ടിക്കാട് സർവ്വീസ് സഹകരണ ബാങ്ക്, ക്ളിപ്തം നംപർ -815 | 1924 | 4421 | | 25ലക്ഷം | | ലാഭം |
| 2. പൊതുജന സഹകരണ സംഘം, കുഞ്ഞിത്തൈ, ക്ളിപ്തം നംപർ- 1937 | | | | | | |
| 3. തുരുത്തിപ്പുറം കയർ വ്യവസായ സഹകരണ സംഘം, ക്ളിപ്തം നംപർ -468 | 1970 | 672 | | 5,00,000 | | നഷ്ടം |
| 4. മൂത്തകുന്നം കയർ വ്യവസായ സഹകരണസംഘം, ക്ളിപ്തം-51 | 1954 | 1802 | | 25,000,00 | | നഷ്ടം |
| 5. ചെട്ടിക്കാട് കയർ വ്യവസായ സഹകരണ സംഘം, നംപർ നംപർ -173 | 1957 | 741 | | 10,000,00 | | നഷ്ടം |
| 6. മാല്യങ്കര കയർ വ്യവസായ സഹകരണ സംഘം നംപർ- 212 | | | | | | |
| 7. വാവക്കാട് കയർ വ്യവസായ സഹകരണ സംഘം ക്ളിപ്തം നംപർ-145 | 1954 | 2400 | | | | നഷ്ടം |
| 8. മടപ്ളാതുരുത്ത് കയർ വ്യവസായ സഹകരണ സംഘം നംപർ -409 | 1963 | 679 | | 5,00,000 | | നഷ്ടം |
| 9. പാല്യത്തുരുത്ത് കയർ വ്യവസായ സഹകരണ സംഘം നംപർ -666 | 1979 | 436 | | 8,00,000 | | നഷ്ടം |
| 10.കുര്യാപ്പിള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം നംപർ-3476 | 1954 | 447 | | 2,00,000 | | |
| 11.ഹരിജന വിവദോദ്ദേശ സഹകരണ സംഘം നംപർ- | | | | | | |
| 12.S.N.M.H.S മൂത്തകുന്നം സഹകരണ സംഘം നംപർ | | | | | | |
| 13.H.M.Y.S.H.S കൊട്ടുവള്ളിക്കാട് സഹകരണ സംഘം നംപർ - | | | | | | |
| 14.S.N.M.കോളേജ് മാല്യങ്കര സഹകരണ സംഘം | | | | | | |

## പ്രശ്നങ്ങൾ

തൊഴിലാളികളുടെ പങ്കാളിത്വക്കുറവ്
സങ്കുചിതമായ കക്ഷി രാഷ്ട്രീയടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
അഴിമതി സ്വജന പക്ഷപാതം
ദുർവ്യയം.
പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നുകൂടാനുള്ള ആത്മധൈര്യമില്ലായ്മ.
സാങ്കേതിക നവീകരണത്തിന്റെ അഭാവം.
ഡിപ്പാർട്ട്മെൻറൽ മേധാവിത്വം.
മാനേജ് മെൻറ് തൊഴിലാളിബന്ധങ്ങൾ തൃപ്തികരമല്ല.
സംഘപ്രവർത്തനങ്ങൾക്ക് മൂലധനക്കുറവ്

## സാദ്ധ്യതകൾ

പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
മാനേജ് മെൻറ്- തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം.
തൊഴിലാളികൾക്ക് പ്രത്യേക പഠന ക്ളാസുകൾ.
നിലവിലുള്ള ഉൽപാദന സഹകരണ സംഘങ്ങളുടെഉൽപാദനക്ഷമത ഉയർത്താനുള്ള പ്രവർത്തനങ്ങൾ. സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.
സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.
ജനറൽ ബോഡികൾ ചടങ്ങാകാതെ പങ്കാളിത്വം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.
പുതിയ തൊഴിൽ സംരക്ഷക സഹകരണ സംഘങ്ങൾ രൂപീകരിക്കൽ.

# വിഭവസമാഹരണം

അധികാരം ജനങ്ങൾക്ക് കൈമാറുന്ന ഒൻപതാം പദ്ധതി മുഖ്യമായും ലക്ഷ്യമാക്കുന്നത് ആസൂത്രണത്തിൽ അധിഷ്ഠിതമായ ഒരു വികസന സംസ്കാരത്തെയാണ്. പരംബരാഗത ആസൂത്രണത്തിൻ പദ്ധതിയുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ ജനങ്ങൾക്ക് ക്രിയാത്മകമായ യാതൊരു പങ്കുമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഒരു പ്രദേശത്തിൻെറ വികസനത്തിന് സ്ഥലവാസികളുടെ പരിപൂർണ്ണ സഹകരണം ആവശ്യമാണെന്ന ബോധം ഉയർന്നുവന്നിരിക്കുന്നു. സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ് കൊണ്ടും, പരിമിതികളെ മനസ്സിലാക്കികൊണ്ടും നാടിൻെറ വികസനത്തിൽ ഇഴുകിചേരാൻകഴിവുള്ള ഒരു മനസ്സാക്ഷിയെ സൃഷ്ടിക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയും എന്ന ഉറച്ച വിശ്വാസമുള്ളപ്പോൾ വിഭവസമാഹരണം ഒരു വലിയ വിഷയമായി മാറില്ല.

നിലവിലുള്ള ആധുനിക സംജ്ഞ അനുസരിച്ച് വിഭവത്തെ മനുഷ്യാദ്ധ്വാനം, സാംബത്തികം, സാങ്കേതികം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്. സന്നദ്ധ, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക സംഭാവനകളെല്ലാംതന്നെ മുകളിൽ പറഞ്ഞതരം തിരിക്കലിൻെറ അവാന്തരവിഭവങ്ങളായി പരിഗണിക്കാവുന്നതാണ്. വിഭവസമാഹരണത്തിൻെറ ഏറ്റവും പ്രധാന മേഖലയായി മനുഷ്യപ്രവർത്തനം ഉയർന്നുവരുന്നത്, മനുഷ്യൻ ഒരു സമൂഹജീവി എന്നതിനാലാണ്.

വടക്കേക്കര പഞ്ചായത്തിൻെറ സാംബത്തിക സ്ഥിതി മനസ്സിലാക്കിയാൽ മാത്രമെ, വിഭവസമാഹരണത്തിൻെറ ആവശ്യകത പൂർണ്ണമായും നമുക്ക് മനസ്സിലാക്കാൻ സാധിക്കൂം.

**വടക്കേക്കര പഞ്ചായത്ത് 1995 -1996**
**വരവ്**

| ഇനം | വരവ് |
|---|---|
| കെട്ടിടനികുതി | 344364.00 |
| തൊഴിൽനികുതി | 239780.00 |
| വാഹനനികുതി | 428.00 |
| വിനോദനികുതി | 15259.09 |
| അഡി: വിനോദനികുതി | 10165.46 |
| പ്രദർശനനികുതി | 2986.00 |
| പ്രദർശനനികുതിയിൻമേലുള്ള സർചാർജ്ജ് | 748.50 |
| ചന്തവരവ് | 7565.00 |
| ലൈസൻസ് ഫീസ് | 14337.00 |
| വസ്തുകൈമാറ്റനികുതി75% | 235841.00 |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റ് വരവുകൾ | 134756.70 |
| ഡെപ്പോസിറ്റ് | 25056.25 |
| ലൈബ്രറിസെസ്സ് | 18534.80 |
| വസ്തുകൈമാറ്റനികുതി 25% | 50000.00 |
| ആകെ | 1093010.70 |

വടക്കേക്കര പഞ്ചായത്തിൻെറ സാംബത്തിക വരുമാനത്തിൻെറ ചിത്രമാണ് മുകളിൽ കൊടുത്തത്. പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൽ 60% തുക ഭരണപരമായ ചെലവുകൾക്കാണ് ഉപയോഗിക്കപ്പെടുന്നത്. ബാക്കിയുള്ള 40% തുകയാണ് പഞ്ചായത്തിൻെറ ഉൽപാദന വ്യവസായമേഖലകളിലേക്ക് തിരിച്ചുവിടുന്നത്. ഇത്തരം പരിമിതിയിൽ നിന്നാണ് വിഭവസമാഹരണത്തിൻെറ അടിയന്തിര പ്രാധാന്യത്തിലേക്ക് നമ്മൾ തിരിയേണ്ടത്. സാംബത്തിക മേഖലയിൽ വരുമാനം ഏതൊക്കെ വിധത്തിൽ വർദ്ധിപ്പിക്കാമെന്ന് നമുക്കൊന്നു പരിശോധിക്കാം.

## സാദ്ധ്യതകൾ

പഞ്ചായത്ത് നഗരപാലികാ നിയമത്തിന് ശേഷം, പുതിയ നികുതികൾ കണ്ടെത്താനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ ആഡംബരകെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. ഇത്തരം കെട്ടിടങ്ങൾക്ക് മേൽ 'ലക്ഷ്വറി ടാക്സ്' ഏർപ്പെടുത്താവുന്നതാണ്. മത്സ്യബന്ധന മേഖല എന്ന നിലയിൽ ഒട്ടേറെ ഫിഷിംഗ് ബോട്ടുകൾ വടക്കേക്കര പഞ്ചായത്തിലുണ്ട്. ബോട്ടുകളുടെ മേൽ ഒരു നിശ്ചിത നികുതി ചുമത്താവുന്നതാണ്. കാർഷികേതര ആവശ്യങ്ങൾക്ക് വേണ്ടി വളർത്തുന്ന മൃഗങ്ങൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തിയാൽ നല്ല വരുമാന മാർഗ്ഗമായിരിക്കും.

പഞ്ചായത്ത് അതിർത്തിയിലുള്ള പ്രദേശത്ത് ജോലി ചെയ്യുന്നവരുടെ മുഖ്യ പങ്കാളിത്വത്തോടെ ഒരു 'നിക്ഷേപം' സ്വരൂപിച്ച് പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം. പഞ്ചായത്തടിസ്ഥാനത്തിൽ കൂടുതലായി പച്ചക്കറി, മത്സ്യ മാർക്കറ്റുകൾ തുടങ്ങി, അതിൻെറ ഉപയോഗം ലേലം ചെയ്ത് കൊടുത്ത് വരുമാനമുണ്ടാക്കാവുന്നതാണ്. വടക്കേക്കര പഞ്ചായത്തിനുള്ളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്കും, പരസ്യ ബോർഡുകൾക്കും പ്രത്യേക നികുതി ഏർപ്പെടുത്താവുന്നതാണ്.

പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപം പൂർണ്ണമായും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ തന്നെ ഉപയോഗപ്പെടുത്തണം. ഓട്ടോ, ടാക്സി സ്റ്റാൻറുകൾ സ്ഥാപിച്ച് വാടക ഈടാക്കാവുന്നതാണ്. വടക്കേക്കര പഞ്ചായത്തിൻെറ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മാല്യങ്കര-പള്ളിപ്പുറം ഫെറി സർവ്വീസിൽ നിന്ന് നമുക്ക് വരുമാനം ലഭിക്കേണ്ടത് പഞ്ചായത്തിൻെറ പൊതു ആവശ്യമാണ്. ഭരണപരമായ ചെലവുകൾ കുറച്ചുകൊണ്ടും പഞ്ചായത്തിന് വരുമാനം ലാഭിക്കാവുന്നതാണ്.

## സാംബത്തിക സ്ഥാപനങ്ങൾ

ബാങ്ക് ഓഫ് ഇന്ത്യയും, കാത്തലിക് സിറിയൻ ബാങ്കുമാണ് വടക്കേക്കര പഞ്ചായത്തിനുള്ളിലെ പൊതു മേഖലാ ബാങ്കുകൾ. കേരളത്തിൽനിന്ന് ലഭിക്കുന്ന ഡെപ്പോസിറ്റ് പൂർണ്ണമായും നമുക്ക് ലഭ്യമാക്കാതെ അന്യസംസ്ഥാനങ്ങളിലേക്ക് വായ്പയായി നൽകുന്ന ഒരു പൊതുസ്വഭാവമാണ് പൊതുമേഖലാ ബാങ്കുകൾക്കുള്ള

ത്. സാധാരണക്കാർക്കിടയിൽ സംബാദ്യശീലം വളർത്തുക എന്നതിനപ്പുറം പഞ്ചായത്തിൻെറ വികസന സ്വഭാവത്തിന് മാറ്റം വരുത്താൻ ഇത്തരം ബാങ്കുകൾക്കായിട്ടില്ല.

ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് വടക്കേക്കര പഞ്ചായത്തിലുണ്ട്. സന്നദ്ധ, സേവന മേഖലകളിൽ സഹകരണബാങ്കുകൾ മറ്റുള്ളവയ്ക്ക് മാതൃകകളാണ്. പൊതുമേഖലാ ബാങ്കുകളെ അപേക്ഷിച്ച് മൂത്തകുന്നം ബ്രാഞ്ച് വളരെ തൃപ്തികരമായ പ്രവർത്തനമാണ് ഉൽപാദന, വ്യവസായ സഹകരണമേഖലകളയിൽ കാഴ്ച വയ്ക്കുന്നത്.

ചെട്ടിക്കാട് സഹകരണ ബാങ്കും, കുഞ്ഞിത്തൈ പൊതുജന സേവാസംഘവും നമ്മുടെ പഞ്ചായത്തിനുള്ളിലെ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. അംഗങ്ങൾക്ക് പൂർണ്ണമായ തൃപ്തി നൽകുന്ന തരത്തിലാണ് ഈ രണ്ടു സ്ഥാപനങ്ങളും പ്രവർത്തിച്ചുപോരുന്നത്. ഉൽപാദന വ്യവസായ മേഖലകളിൽ നേരിട്ട് ഇടപെടുന്നില്ലാ എന്നത് ഇവയുടെ പോരായ്മയായി എടുത്തു പറയേണ്ടതാണ്. പക്ഷെ, പ്രാദേശിക വിഭവസമാഹരണത്തിൻെറ കാര്യത്തിൽ ഒൻപതാം പദ്ധതിയെ സഹായിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയും.

വടക്കേക്കര പഞ്ചായത്തിനുളളിലെ പ്രമുഖ സാംബത്തിക സ്ഥാപനങ്ങളായ മൂത്തകുന്നം, എച്ച്. എം. ഡി. പി. സഭ, കൊട്ടുവളളിക്കാട് ഹിന്ദുമതയോഗക്ഷേമസഭ, അണ്ടിപ്പിളളിക്കാവിലെ എച്ച്. ഡി. പി. വൈ. സഭ, വാവക്കാട്ടേയും, പാലത്തുരുത്തിലേയും എസ്. എൻ. ഡി. പി. കൾ, തുരുത്തിപ്പുറത്തെ മരണാനന്തരസഹായസംഘം എന്നിവ വിഭവസമാഹരണത്തിന് സാദ്ധ്യതയൊരുക്കാവുന്നവയാണ്. ഓരോ പ്രദേശത്തിൻേറയും പ്രാദേശിക പ്രത്യേകതകളനുസരിച്ച് വികസനത്തിന് ഈ സ്ഥാപനങ്ങൾ ഇപ്പോഴും സാംബത്തിക സഹായം ചെയ്ത് വരുന്നുണ്ട്. മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ പഞ്ചായത്തിനുളളിൽ 20-ന് മേൽ ധനകാര്യ സ്ഥാപനങ്ങൾ കൂടിയുണ്ട്. അംഗങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുക എന്ന പരമമായ ലക്ഷ്യത്തിനപ്പുറം പ്രാദേശിക വികസനത്തിന് അവയും സാംബത്തിക സഹായം ചെയ്തുവരുന്നുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ആവശ്യകതയെക്കുറിച്ച് പൂർണ്ണമായി ബോധ്യപ്പെട്ടു കഴിഞ്ഞാൽ ധനസഹായത്തിൻെറ കാര്യത്തിൽ ഈ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങുക തന്നെ ചെയ്യും.

മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിനുളളിൽ നിന്ന് വിദേശങ്ങളിൽ പോയിട്ടുളളവർ വളരെ ചുരുക്കമാണ്. അതുകൊണ്ട് ഒറ്റപ്പെട്ട സഹായങ്ങൾ ഉണ്ടാകാം എന്നതൊഴിച്ചാൽ കൂട്ടായ സാംബത്തിക സഹായം ഗൾഫ് മലയാളികളിൽനിന്ന് വടക്കേക്കര പഞ്ചായത്തിനുളളിൽ പ്രതീക്ഷിക്കേണ്ടതില്ല. ഓരോ ഗ്രാമത്തിനുളളിലും നിരവധി സ്വകാര്യവ്യക്തികൾ ധനകാര്യ പ്രവർത്തനം നടത്തുന്നുണ്ട്. കൂടിയ പലിശയും, കുറഞ്ഞ കാലദൈർഘ്യവും മൂലം ഇത്തരം വ്യക്തികളെ വിഭവസമാഹരണത്തിന് ഉപയോഗിക്കാൻ കഴിയില്ല.

സാംബത്തികത്തിൻെറ മേഖലയെക്കാൾ ഏറെ പ്രധാനപ്പെട്ട മനുഷ്യവിഭവത്തിൻേറയും, സാങ്കേതിക വിഭവത്തിൻേറയും സാദ്ധ്യതകളാണ് ഇനി പരശോധിക്കേണ്ടത്.

## മനുഷ്യ വിഭവം

വിഭവസമാഹരണത്തിൻെറ കാര്യത്തിൽ, ജനകീയാസൂത്രണത്തിൻ മുഖ്യമായ വിഭവമായി പരിഗണിച്ചിട്ടുളളത് മനുഷ്യപ്രയത്നമാണ്. കേരളത്തിലെ ഉയർന്ന സാക്ഷരതാനിരക്കും സാമൂഹ്യപ്രയത്നങ്ങളിൽ ഇടപെടാനുളള മാസനികമായ താത്പര്യവുമാണ് മനുഷ്യവിഭവത്തിൻെറ ആധാരശില. ഓരോ പ്രദേശത്തിൻെറയും വികസന സംസ്കാരത്തിന് ആവശ്യമായ മനുഷ്യപ്രയത്നം സംഭാവന ചെയ്യാമെന്ന കാര്യം പഞ്ചായത്തിനുളളിലെ ഗ്രാമസഭകളിൽ പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്.

തൊഴിൽരഹിതരെ മുൻ നിർത്തികൊണ്ടും, കുട്ടികളും വൃദ്ധൻമാരും ഒഴിച്ച് പഞ്ചായത്തിലെ എല്ലാ വ്യക്തികളേയും ഉൾപ്പെടുത്തികൊണ്ടും, പാഴായി പോകുന്ന അദ്ധ്വാനശേഷി പ്രയോജനപ്പെടുത്തികൊണ്ടും ഒരു പുതിയ വികസന സംസ്കാരത്തെ കരുപിടിപ്പിക്കാൻ വടക്കേക്കര പഞ്ചായത്തിന് കഴിയും. വ്യക്തമായ ബോധവത്കരണ പദ്ധതികളിലൂടെ നാട്ടുകാരെ നാടിനെ സ്നേഹിക്കുന്നവരാക്കി മാറ്റി വികസന പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാൻ സാധിക്കണം.

## സാങ്കേതിക വിഭവം

കേരളത്തിലെ ഓരോ പഞ്ചായത്തിലും വളരെയധികം വിദഗ്ദ്ധൻമാരുണ്ട്. വടക്കേക്കര പഞ്ചായത്തിനുളളിൽ താമസിക്കുന്ന സാങ്കേതിക വിദഗ്ദ്ധൻമാരുടെ കഴിവ് പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കും. വിവിധ വകുപ്പുകളിൽനിന്ന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ, ജോലിയിൽ തുടരുന്നവർ, സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയവർ എന്നിവരെ പൂർണ്ണമായി ഉപയോഗപ്പെടുത്തികൊണ്ട് വികസന സംസ്കാരത്തിന് വ്യക്തമായ ദിശാബോധം നൽകാൻ നമുക്ക് കഴിയണം.സാങ്കേതിക വിഭവത്തിൻെറ കണക്കെടുത്ത് പരിശോധിച്ചാൽ അക്കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സ്വയംപര്യാപ്തമാണ്.

ഓരോ വ്യക്തിയുടേയും, വ്യക്തിപരമായ താത്പര്യങ്ങളെ മുൻ നിർത്താതെ, സമൂഹത്തിൻെറ പുനർ നിർമ്മാണത്തിൽ ജനങ്ങളെ ഒന്നിച്ചണിനിരത്തുക എന്നതാണ് ജനകീയാസൂത്രണത്തിൻെറ അത്യന്തികമായ ലക്ഷ്യം.

### പ്രശ്നങ്ങൾ

പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ.
ഭരണ ചെലവിലെ വർദ്ധനവ്.
കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭം.
ധന്യകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുന്നതിനുളള തടസ്സങ്ങൾ.
വായ്പകളുടെ ലക്ഷ്യം വിട്ടുളള വിനിയോഗം.
സന്നദ്ധപ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.
സുതാര്യതകുറവ്.

### സാദ്ധ്യതകൾ

നികുതി പിരിവ് കാര്യക്ഷമമാക്കൽ.
വെട്ടിപ്പ് തടയൽ.
നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുളള നടപടികൾ.
ഭരണച്ചെലവ് കുറക്കൽ.
പഞ്ചായത്തിൻെറ ചെലവുകൾ സുതാര്യമാക്കാൻ നടപടികൾ (ഉദാ: കണക്കുകൾ അച്ചടിച്ച് പ്രസിദ്ധികരിക്കുക, ഗ്രാമസഭകളിൽ അവതരിപ്പിക്കുക.)
മനുഷ്യ വിഭവം നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുക.

വലിയ കെട്ടിടങ്ങളിൽ നിന്നും വൻനികുതി ഈടാക്കൽ. പഞ്ചായത്തിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപം പഞ്ചായത്തിൻെറ വികസനത്തിന് ഉപയോഗിക്കുക. സന്നദ്ധ സംഘടനകൾക്കായുളള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുളള പരിപാടി.